CIIL Intermediate Course Series-1

An Intermediate Course in Malayalam

B. SYAMALA KUMARI

CENTRAL INSTITUTE OF INDIAN LANGUAGES
Manasagangotri, Mysore 570 006

AN INTERMEDIATE COURSE IN MALAYALAM

CIIL Intermediate Course Series—1

An Intermediate Course in Malayalam

B. SYAMALA KUMARI

CENTRAL INSTITUTE OF INDIAN LANGUAGES
Manasagangotri, Mysore 570 006

CENTRAL INSTITUTE OF INDIAN LANGUAGES

INTERMEDIATE COURSE SERIES

1

Editor

M. S. THIRUMALAI

No part of this book should be reproduced in any manner without written permission from the Publisher.

FOREWORD

The Regional Language Centres of the Institute teach 13 major Indian languages to aid the meaningful implementation of the Three Language Formula throughout the country. They have prepared their own teaching materials for this purpose, taking into account the commonness between Indian languages and shared cultural experiences of Indian learners. The course, divided into three terms, has a package of learning materials including audio-visual materials, supplementary materials for different language skills and teaching aids, such as language games. The courses, running for ten months is intensive with 5½ hours of instruction every day. These materials have been used in the classroom for more than a decade and are modified on the basis of experience with different batches of teacher trainees.

The Intermediate course follows the Basic course and it covers a period of three months. It brings gradually more of the written language. This is to be used after the Intensive course material, already published.

Major changes are taking place in the theory and methodology of Second Language teaching. The emphasis has shifted from structure to communication. These changes go along with the shifts in linguistic theories and interests. While it is necessary to keep up these changes and do experiments to bring out new teaching materials, it is also necessary to maintain continuity of language teaching in the Regional Language Centres. The materials produced by the Institute have taken the good points in many theories and methods of language teaching and have tried to work out a synthesis whose success is evaluated more on the performance in the classroom. we have found this material performing well in our classrooms.

An Intermediate Course in Malayalam

B. Syamala Kumari

First Published: March 1985
Caitra 1907

Reprinted: January 2012
Margashira1933

© *Central Institute of Indian Languages, Mysore 2012*
This material may not be reproduced or transmitted in any form or by any means, electronic, or mechanical, including photocopy, recording, or any information storage and retrieval system, without permission in writing from:

The Director
Central Institute of Indian Languages
Manasagangotri, Mysore – 570 006, INDIA

Phone: 0091-821-2515820 (Director)
E-mail:ada@ciil.stpmy.soft.net

Fax: 0091-821-2515032
PABX: 0091/821-2345000
Website: http://www.ciil.org

For further information contact:
Dr.K. Kapfo
Head, Press & Publications
E-mail: kapfo@ciil.stpmy.soft.net

Price: ₹ 90/-

Printed at
CIIL Printing Press,
Manasagangotri,
Mysore-570 006, India

Cover Design: Manohar H

EDITOR'S NOTE

Each language learning manual in the *Intensive Course Series* of the CIIL covers the 'basic' structures of that language used for certain identified topics of common interest. The emphasis is on speaking and listening skills and the language introduced is the spoken language. Lessons are generally presented in the form of conversations and grouped under various units. A learning manual in the *Intermediate Course Series* covers the manipulation in various ways of the structures both 'basic' and 'advanced'. Topics covered are generally culture-oriented, matters of scientific interest, poetry, usually of the modern times, general essays, and news items etc. The *Intermediate Course* is a bridge between the spoken and the written forms of the language and generally focuses upon the written language. The lessons are not strictly graded structurewise and contentwise. However, each lesson is followed by a number of exercises focusing on the various components of the language from spelling and sandhi to word formation to sentence construction and sentence transformation. Paragraph writing is also attempted. At times open-ended questions which would demand short compositions are also given, in addition to exercises for translation from the concerned language into English or another Indian language known to the learner. The rationale for the choice of topics, their sequential presentation, and exercises are presented in the introduction to the volume by the authors concerned.

An Intermediate Course in Malayalam is an extension, thus, of the previously published *An Intensive Course in Malayalam*. Learners who have mastered *An Intensive Course in Malayalam* would find this volume extremely useful to attain reading and writing skills of a semi-advanced level in Malayalam.

M. S. THIRUMALAI

We will be happy to learn how this performs in other language teaching contexts. We will also be happy if this course contributes towards the development of a special sub-discipline of teaching of Indian languages as Second Language. The ultimate success of this course will be when it helps more Indians become bilingual in another language of this country.

E. ANNAMALAI
Director

Central Institute of Indian Languages
14th March 1985

ACKNOWLEDGEMENT

I am grateful to the following authors/copyright holders for their generous permission to include their copyrighted materials in this book.

1. Sri V. Anandakkuttan Nair — maḍakku kaṭṭil
2. Sri V. Balakrishnan — pakṣiyuḍe coodyam
3. Sri Chemmanam Chacko — meḷukutiri
4. Sri V. M. Francis — marunnallaatta marunnu
5. Smt. C. Mallika — ende bhāṣa
6. Sri C. R. Raja Raja Varma — adhyāpakande ātmakatha
7. Kerala Kaumudi (Daily) Management — pañcāyattukāruḍe paṇimuḍakku
8. Government of Kerala — a. antarīkṣatte malinamākkarutē
   b. ōmanē nīyuRannu

I am thankful to the authorities of the CIIL for assigning this work to me, and to my colleagues of the SRLC for using these materials for their teaching purposes at the Centre.

I am greatly indebted to Dr. M. S. Thirumalai, Professor-cum-Deputy Director, CIIL, who has edited this work. But for his guidance and supervision I would not have been able to complete this and bring it into this shape.

I also wish to record my sense of gratitude to the several batches of my Malayalam students at the SRLC of the CIIL on whom the different versions of these materials were tried out.

I am also grateful to Dr. L. Vimala, my colleague in CIIL, for reading the proofs of this book and to the Publication Unit of the CIIL and the staff of Vijnanamudranam Press, State Institute of Languages, Kerala, for seeing this book through the press.

INTRODUCTION

This book, *An Intermediate Course in Malayalam*, is intended for the second language learners of Malayalam who would have successfully completed the previous book *An Intensive Course in Malayalam* or some such similar Courses which enable the learners to achieve the mastery of the use of basic structures of Malayalam. As its predecessor, this book is also primarily meant for the second language learners of the Southern Regional Language Centre of the Central Institute of Indian Languages, and is the prescribed text book for the second phase of the training programme, namely, the Intermediate Course which runs for 12 weeks. This book is administered after the learners' successful completion of the Basic Course for which the primary material used is *An Intensive Course in Malayalam*. After this Intermediate Course, the learners in this stream would go on to the next stage, namely, the Advanced Course. Thus, *An Intermediate Course in Malayalam* functions as a bridge between the Basic Course which has the primary emphasis on the spoken language and the Advanced Course which has its focus on the exposure to literary pieces and preparation of second language teachers.

The objectives of the Intermediate Course, for which this book is the prescribed text, are as follows:

At the end of the course the trainees will be able to

1. Converse with the teachers, fellow trainees and native speakers on a variety of topics which are not controlled with limited vocabulary.

2. Read with comprehension the materials presented in the standard written language. These materials include smal story books, newspapers, selected prose and poetry pieces appearing in current magazines and weeklies.

I owe a deep sense of gratitude to my husband Sri K. V. Srinivasan, Reader in Linguistics, Maharaja's College, University of Mysore, for his suggestions for the preparation of this reader from the point of view of a linguist and also as a second language learner of Malayalam.

B. SYAMALA KUMARI

5. Malayalam-Malayalam-English-Hindi Dictionary — V. Balakrishnan, R. Leela Devi
6. Sreedevi Malayalam-English Nighaṇṭu — V. Karunakara Menon
7. Lakhunighaṇṭu (Malayalam śabdakośam) — M. Parameswaran Pilla
8. Sarala Malayalam-Hindi Dictionary — A. Abdulla
9. Abhinava Malayalam Nighaṇṭu — C. Madhavan Pillai
10. English-Malayalam Nighaṇṭu — C. Madhavan Pillai
11. Nalanda English-Malayalam Nighaṇṭu — N. C. Pillai
12. Hindi-Malayalam Nighaṇṭu — Abhaya Dev

The lessons contain both objective and open-ended types of exercises. They provide exercises for reading and writing skills as well as translation. The exercises focus on the various levels of language such as spelling, sandhi, word formation, sentence structure and discourse. Exercises on discourse level consist of guided and free compositions and passages for translation. The following types of exercises are employed in this book.

1. Choose and rewrite the correct words.
2. Fill up the gaps choosing appropriate letters from the given set and rewrite the words.
3. Fill up the gaps and rewrite the words.
4. Rearrange the order of letters appropriately and rewrite the words
5. Split the given forms.
6. Combine the given forms.
7. Write the numerals in words.
8. Following the model, form new words from the given set of words.

3. (a) Write guided compositions.
   (b) Write free compositions on a variety of topics in the form of descriptions, stories, biographical sketches, etc.

Of the above objectives, this book does not concentrate on the materials for objective No. 1, to attain which other supplementary materials are used in the classroom. In order to accomplish other two major objectives, this book presents a combination of lessons written by the present author and a selection of writings by a few others from published sources. Both, the lessons written by the present author and the selections, have been so done as to present a variety of the complexities of linguistic structures and the content. Though there is no strict linguistic structural gradation adopted in writing or selecting the pieces, there is a steady progression from lesson 1 to lesson 20 based on sentence complexity, length of the sentences, familiarity of the content and style.

The lessons in this book centre on various cultural, historic, geographical, literary, social and political aspects of Kerala, its language Malayalam and the people who live in Kerala. There are stories, poems, biographical sketches and short essays. Each lesson has a body, vocabulary, notes (wherever necessary) and exercises. *An Intermediate Course in Malayalam* employs a wide variety of functional, conceptual and cultural vocabulary under varying syntactice and semantic contexts. Unlike the pattern adopted in *An Intensive Course in Malayalam*, this *Course* uses new words not occurring in the lessons in its exercises part, more so especially in the pieces for translation. However, the vocabulary items used in the book are not listed separately in the form of an index at the end of this book. At this stage the learners are expected to cultivate the practice of referring to both bilingual and monolingual dictionaries. For this purpose the following dictionaries can be used.

1. Malayalam Lexicon — University of Kerala
2. Sabdatāravali — Srikanteswaram
3. Gundert Nighaṇṭu — Rev. H. Gundert
4. N. B. S. Malayalam-English Nighaṇṭu — C. Madhavan Pillai

ഉള്ളടക്കം

	Foreword	...	v
	Editor's Note	...	vii
	Acknowledgement	...	ix
	Indroduction	...	xi
1.	കേരളം	...	1
2.	ഒരു നടൻകഥ—പക്ഷിയുടെ ചോദ്യം	...	9
3.	അധ്യാപകന്റെ ആത്മകഥ—ബാല്യം	...	15
4.	ഭാരതപ്പുഴ	...	21
5.	എന്റെ ഭാഷ	...	28
6.	സ്വാതിതിരുനാൾ മഹാരാജാവ്	...	33
7.	വടക്കൻ പാട്ടുകൾ	...	39
8.	ഓണം	...	48
9.	അന്തരീക്ഷത്തെ മലിനമാക്കരുതേ	...	57
10.	ശ്രീശങ്കരാചാര്യർ	...	65
11.	ഒരു പത്രാധിപക്കുറിപ്പ്	...	74
12.	മരുന്നല്ലാത്ത മരുന്ന്	...	81
13.	പൂക്കാലം	...	90
14	കഥകളി	...	95
15.	മലയാളം	...	103
16.	ശ്രീനാരായണഗുരു	...	113
17.	ഓമനേ നീയുറങ്ങ്	...	122
18.	സ്വദേശാഭിമാനി രാമകൃഷ്ണപിള്ള	...	128
19.	മടക്കകെട്ടിൽ	...	140
20.	മെഴുകുതിരി	...	153

9. Fill up the gaps and rewrite the given sentences.
10. Match the given sets appropriately.
11. Split the given sentence to simpler sentences.
12. Join the given sentences to form single sentences.
13. Rewrite the sentences on the basis of the model given.
14. Convert the given phrases to sentences.
15. Convert the given sentences to phrases.
16. Rewrite the given sentences using other structures without changing the meaning.
17. Write sentences following the model given.
18. Rewrite as directed.
19. Following the given models explain the relationship between the words in nominal compounds.
20. Use the given words in sentences.
21. Answer the given questions relating to the body of the lesson.
22. Guided compositions.
23. Free compositions.
24. Passages for translation from Malayalam to English or mother tongue and from English to Malayalam.

B. SYAMALA KUMARI

പാഠം 1

കേരളം

മലയാളികളുടെ ജന്മദേശമാണ് കേരളം. പതിനയ്യായിരം ചതുരശ്രമൈൽ മാത്രം വിസ്തീർണമുള്ള ഈ കൊച്ചു സംസ്ഥാനം ഭാരതത്തിന്റെ തെക്കു പടിഞ്ഞാറേ കോണിൽ സ്ഥിതിചെയ്യുന്നു. സഹ്യപർവതത്തിനും അറബിക്കടലിനും മധ്യേ കിടക്കുന്ന കേരളം പ്രകൃതിസുന്ദരമാണ്. കിഴക്കു ഭാഗത്തു തഴച്ചു വളർന്നിരിക്കുന്ന വൻവനങ്ങളും പടിഞ്ഞാറ് ഇരമ്പിക്കൊണ്ടിരിക്കുന്ന കടലും നടുക്കു് നദികളും കായലുകളും അരുവികളും തോടുകളും ഗ്രാമങ്ങളും പട്ടണങ്ങളും നെൽവയലുകളും തെങ്ങിൻതോപ്പുകളും നിറഞ്ഞ ഈ ഭൂവിഭാഗം സഞ്ചാരികളുടെ സ്വർഗമാണ്; നാട്ടുകാരുടെ അഭിമാനമാണ്.

രണ്ടു വൻപ്രകൃതിശക്തികളുടെ മധ്യത്തിൽ നിലകൊള്ളുന്ന ഈ കേരളത്തിനെ ഭൂപ്രകൃതി അനുസരിച്ച് മലനാട്, ഇടനാട്, സമതലം എന്നു മൂന്നായി വിഭജിക്കാം. മലനാട്ടിൽ റബ്ബർ, തേയില, കാപ്പി, ഏലം എന്നിവ കൃഷി ചെയ്യുന്നു. ഇടനാട്ടിലെ പ്രധാന വിളകൾ ഇഞ്ചിയും മഞ്ഞളും കുരുമുളകും മരച്ചീനിയും ആണ്. സമതലത്തിൽ തെങ്ങും നെല്ലുമാണ് കൃഷി ചെയ്യുന്നതു്. കേരളത്തിലെ സുഗന്ധദ്രവ്യങ്ങൾ അതിപ്രാചീനകാലം മുതൽ തന്നെ വിദേശീയരെ ആകർഷിച്ചിരുന്നു. യവനന്മാരും, അറബികളും, ചീനക്കാരുമായി കേരളീയർക്കു വാണിജ്യബന്ധം ഉണ്ടായിരുന്നു. ഭാരതത്തിന്റെ പടിഞ്ഞാറൻ തീരത്തു് ആദ്യമായി പാശ്ചാത്യനാടുമായി ബന്ധം സ്ഥാപിച്ചതും ഈ നാട്ടുകാരായിരുന്നു.

നാടിനു സൗന്ദര്യവും നാട്ടുകാർക്കു ഐശ്വര്യവും നൽകുന്ന തെങ്ങ് കേരളീയരുടെ കല്പവൃക്ഷമാണ്. തെങ്ങിന്റെ എല്ലാ ഭാഗങ്ങളും അവർ ഉപയോഗിക്കുന്നു. തെങ്ങിൻതടി വീടുവയ്ക്കാനും തേങ്ങ ആഹാരത്തിനും ഓല കൂരമേയാനും അവർക്കു് ഉപകരിക്കുന്നു. ചിരട്ട, ചകിരി മുതലായവകൊണ്ടു് പല അലങ്കാരവസ്തുക്കളും കേരളീയർ ഉണ്ടാക്കുന്നു. തേങ്ങയുടെ ചകിരിയിൽ നിന്നാണ് അവർ കയറുണ്ടാക്കുന്നതു്.

ഇതര ഭാരതീയരെപ്പോലെ കേരളീയരുടെ പ്രധാന തൊഴിലും കൃഷിയാണ്. കയറുപിരിക്കൽ, മീൻപിടിത്തം, കളിമൺപാത്രനിർമാണം എന്നിവയാണ് ഇവരുടെ വ്യവസായങ്ങൾ. ദന്തം, ചിരട്ട, കയർ, കളിമണ്ണ്, പുല്ല് മുതലായവ കൊണ്ടു് കേരളീയർ ഉണ്ടാക്കുന്ന കൗതുകവസ്തുക്കൾക്കു്

നാട്ടിനകത്തും, നാട്ടിനു വെളിയിലും വലിയ മതിപ്പുണ്ട്. വിദ്യാഭ്യാസ രംഗത്തും കേരളം മുൻപന്തിയിലാണ്. ഭാരതീയരിൽ സാക്ഷരതാ ശതമാനം കൂടുതലായിട്ടുള്ള പ്രദേശങ്ങളിലൊന്നാണ് ഇതു്.

ഭൂരിപക്ഷം കേരളീയരും മലയാളമാണ് സംസാരിക്കുന്നതു്. എന്നാൽ തമിഴ്, തുളു, കൊങ്ങിണി, കന്നഡ, തെലുങ്ക് തുടങ്ങിയ ഭാഷകൾ മാതൃഭാഷയായിട്ടുള്ള കേരളീയരും കുറവല്ല വസ്ത്രധാരണരീതിയിൽ കേരളത്തിലുള്ളവർക്ക് ആഡംബരഭ്രമം കുറവാണ്. കാലാവസ്ഥയ്ക്ക് അനുയോജ്യമായ അവരുടെ വേഷവിധാനത്തിൽ കലയുണ്ട്, സൗന്ദര്യമുണ്ട്; വൃത്തിയും വെടിപ്പുമുണ്ട്. സാധാരണക്കാരായ മലയാളികൾ പൊതുവെ ഇഷ്ടപ്പെടുന്ന ആഹാര സാധനങ്ങൾ ചോറും, മരച്ചീനിയും, മീനുമൊക്കെയാണ്. സാമ്പത്തിക നിലയിൽ പിന്നോക്കമായിട്ടുള്ളവർക്ക് മരച്ചീനി ഒരനുഗ്രഹം തന്നെയാണ്. കേരളത്തിൽ അങ്ങോളമിങ്ങോളം മരച്ചീനിക്കൃഷി കാണാവുന്നതാണ്.

കേരളം കലകളുടെ നാടാണ്. കേരളീയ കഥാരൂപമായ കഥകളി ഇപ്പോൾ ലോകപ്രസിദ്ധി നേടിയിരിക്കുന്നു. അതു കൂടാതെ ഓട്ടംതുള്ളൽ, മോഹിനിയാട്ടം, കൂടിയാട്ടം, ചാക്യാർക്കൂത്ത് എന്നിങ്ങനെ പല കലകളും കേരളത്തിലുണ്ട്. ഈ നാട്ടുകാരുടെ ഏററവും വലിയ ഉത്സവം ഓണമാണ്. മലയാളവർഷത്തിലെ ആദ്യമാസമായ ചിങ്ങത്തിൽ തിരുവോണം നക്ഷത്രദിവസമാണ് ഓണം ആഘോഷിക്കുന്നതു്. ദീപാവലി, വിഷു, ക്രിസ്തുമസ്സ്, റംസാൻ, ബക്രീദ് എന്നിവയും കേരളത്തിൽ വിശേഷദിവസങ്ങളാണ്.

ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസൽമാന്മാരും ഒരുമയോടെ ജീവിച്ചുവരുന്ന ഒരു നാടാണ് കേരളം. യഹൂദമതവിശ്വാസികളും കേരളത്തിലുണ്ട്. ഭാരതത്തിന്റെ മറേറതു ഭാഗത്തുള്ളതിനെക്കാളും സാംസ്കാരിക പാരമ്പര്യം ഇവിടത്തെ ക്രിസ്ത്യാനികൾക്കുണ്ട്. ക്രിസ്തുമതം പ്രചരിപ്പിക്കാനായി കേരളത്തിൽ വന്നെത്തിയ പാശ്ചാത്യ മിഷനറിമാർ മലയാളഭാഷയ്ക്കു നൽകിയ സേവനം മറക്കാവുന്നതല്ല. അവരിൽ പ്രമുഖനായ ജർമൻ മിഷനറി ഹെർമൻ ഗുണ്ടർട്ടിന്റെ മലയാള ഭാഷാ നിഘണ്ടുവും വ്യാകരണവും കൈരളിക്കു കിട്ടിയിട്ടുള്ള അമൂല്യ നിധികളാണ്.

പദപരിചയം

ജന്മദേശം 'birthplace'	ചതുരശ്രമൈൽ 'square mile'
വിസ്തീർണം 'area'	തഴയ്ക്കു് 'prosper, grow luxuriously'
വനം = കാട് 'forest'	ഇരമ്പു് 'roar, resound'
നദി 'river'	അരുവി 'stream'
തോട് 'canal'	തോപ്പ് 'grove'

ഭൂവിഭാഗം 'part of the globe' നിലകൊള്ളു 'exist'
മല 'mountain' ഇടനാടു് 'interland'
സമതലം 'plain' തേയില 'tea'
ഏലം 'cardamom' വിള 'crop'
ഇഞ്ചി 'ginger' മഞ്ഞൾ 'turmeric'
അതിപ്രാചീനകാലം 'very ancient period'
വിദേശീയർ 'foreigners' യവനന്മാർ 'greeks'
അറബികൾ 'Arabs' ചീനക്കാർ 'Chinese'
വാണിജ്യം 'trade, commerce' സ്ഥാപിക്കു് 'establish'
കല്പവൃക്ഷം 'a tree which give us what we desire—a tree whose all parts are useful'
തടി 'timber, stem, wood, fatness'
കൂര 'roof' മേയു് 'thatch, graze'
അലങ്കാരം 'decoration' വസ്തു 'thing, matter'
ചകിരി 'coconut fibre' കയർ പിരിക്കൽ 'rope making'
മീൻപിടിത്തം 'fishing' കളിമൺപാത്രം 'porcelin vessel'
കളിമണ്ണു് 'clay soil' വ്യവസായം 'industry'
ദന്തം 'ivory' ചിരട്ട 'coconut shell'
പുല്ലു് 'grass' കൗതുകവസ്തുക്കൾ 'curios/ fancy things'
കൗതുകം 'curiosity, interest'
മതിപ്പു് 'demand, price, respect, prestige'
പന്തി 'row' സാക്ഷരത 'literacy'
ശതമാനം 'percentage' ആഡംബരം 'pomp and luxury'
ഭ്രമം 'excessive interest, infatuation'
കാലാവസ്ഥ 'climate' അനുയോജ്യം 'suitable'
വിധാനം = രീതി 'manner' വൃത്തി 'cleanliness'
വെടിപ്പു് 'neatness' പൊതുവെ 'generally'
സാമ്പത്തികം 'financial' നില 'condition, position'
പിന്നോക്കം 'backward' ഒരുമ = യോജിപ്പു്
ഐക്യത 'unity' യഹൂദം 'Jewish'
സാംസ്കാരികം 'cultural' പാരമ്പര്യം 'tradition'
പാശ്ചാത്യം = പടിഞ്ഞാറൻ 'western'

സേവനം 'service'	പ്രമുഖൻ 'important person'
വ്യാകരണം 'grammar'	കൈരളി = മലയാള ഭാഷ
അമൂല്യം 'precious'	നിധി 'treasure'

ഓട്ടംതുള്ളൽ

നടന്മാർ തന്നെ ആടുകയും പാടുകയും ചെയ്യുന്ന ഒരു നൃത്തരൂപം ഏററു പാടാനും പാട്ടുകാർ ഉണ്ട്. പുരാണകഥകളെ അടിസ്ഥാനമാക്കിയാണ് നൃത്തം. കുഞ്ചൻ നമ്പ്യാർ എന്ന സരസകവിയാണ് ഈ കല തുടങ്ങിയത് എന്നു പറയപ്പെടുന്നു.

മോഹിനിയാട്ടം

ദേവപ്രീതിക്കും, രാജപ്രീതിക്കും വേണ്ടി പണ്ടു അവിവാഹിതകളായ സുന്ദരിസ്ത്രീകൾ നടത്താറുണ്ടായിരുന്ന നൃത്തമാണിത്. അന്നൊക്കെ അതിനു ദാസിയാട്ടം എന്നു പേരു പറഞ്ഞിരുന്നു. ഭരതനാട്യ മുദ്രകളും സംഗീതവുമായി വളരെ ബന്ധമുണ്ട്. അതിൻേറതായ പ്രത്യേക വേഷവിധാനവും ഉണ്ട്. ഇപ്പോൾ ജനസമ്മതി നേടിക്കഴിഞ്ഞ ഒരു കലയാണ്. മററു കലകൾക്കെന്നപോലെ കേരളത്തിൽ പലയിടത്തും മോഹിനിയാട്ടത്തിനും ഇന്നു പരിശീലനസ്കൂളുകൾ ഉണ്ട്.

കൂടിയാട്ടം

സംസ്കൃതനാടകങ്ങളും കേരളത്തിലെ അഭിനയരീതികളുമായി സമ്മേളിച്ചുണ്ടായ ഒരു ദൃശ്യകല. കഥകളിപോലെതന്നെ കൂടിയാട്ടം ആസ്വദിക്കുന്നതിനും പ്രത്യേക അഭിരുചിയും, അറിവും ഉണ്ടായിരിക്കണം. കൂടിയാട്ടം തുടങ്ങിയ കലകൾ നടത്തിയിരുന്ന സ്ഥലത്തിന് കൂത്തമ്പലം എന്നു പറയുന്നു.

ചാക്യാർകൂത്ത്

നാടകാഭിനയരീതിയിലും കഥാപ്രസംഗരീതിയിലും പുരാണകഥകളെ ആധാരമാക്കി നടത്തുന്ന കല. ഇതും ഒരു ക്ഷേത്രകലയായിട്ടു തന്നെയാണ് നടത്തിയിരുന്നത്. കൂത്തു പറയാനും അഭിനയിക്കാനും ചാക്യാർ, കൊട്ടുവാൻ നമ്പ്യാർ. പാടുവാൻ നങ്ങ്യാർ എന്നിങ്ങനെയാണ് കൂത്തിൻെറ രീതി. പുരാണകഥകൾ ആടുമ്പോഴും സന്ദർഭത്തിന് അനുയോജ്യമായി സാമൂഹ്യസ്ഥിതിയെ വിമർശിക്കാനും, പരിഹാസം അർഹിക്കുന്നവരെ പരിഹസിക്കാനും ചാക്യാർ തൻെറ കഴിവനുസരിച്ച് വേണ്ടത്ര അവസരം ഉണ്ടാക്കിയിരുന്നു.

മലയാളവർഷം

എ. ഡി. 825 ൽ ആരംഭിച്ച കേരളീയ വർഷഗണനാപദ്ധതി. കേരളത്തിലെ കൊല്ലം പട്ടണത്തിൽ വച്ചാണ് ഈ വർഷം തുടങ്ങാനുള്ള നിശ്ചയം

എടുത്തതെന്നു പറയപ്പെടുന്നു. കൊല്ലവർഷം എന്നാണ് ഇതറിയപ്പെടുന്നത്. ഇതിന്റെ ഉത്ഭവത്തെപ്പററി ചരിത്രവസ്തുതകളെക്കാൾ കൂടുതൽ കെട്ടുകഥകളാണുള്ളത്. കൊല്ലവർഷത്തിന്റെ പന്ത്രണ്ടുമാസങ്ങൾ ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം, മേടം, ഇടവം, മിഥുനം, കർക്കിടകം എന്നിവയാണ്. ആഗസ്ററു—സെപ്ററംബറിലാണ് ചിങ്ങമാസം. ചിങ്ങമാസം ഒന്നാം തീയതിയാണ് കേരളത്തിൽ പൊതുവെ ആണ്ടുപിറപ്പ്.

അഭ്യാസം

I വിട്ടുപോയ അക്ഷരങ്ങൾ തെരഞ്ഞെടുത്ത് വാക്കുകൾ എടുത്തെഴുതുക.

1. ഭ—കൃതി (പ്ര, പ്ല)
2. —മതലം (ഷ, സ)
3. ചതുര—മൈൽ (ശ്ര, സ്ര)
4. കയ— (ര്, റ്)
5. മുൻപ—ി (ത, ന്ത)
6. കാലാവ— (സ്ഥ, സ്ഥ)
7. അല—ാരവസ്ത്ര (ങ്ങ, ങ്ക)
8. പാര—ര്യം (മ്പ, ന്ന)
9. അനുയോ—ം (ജ്യ, ച്യ)
10. വി—ാനം (ധ, ദ)
11. വിശേ—ം (ശ, ഷ)
12. —ാകരണം (വ്യ, പ്യ)

II വിട്ടുപോയ അക്ഷരങ്ങൾ ചേർത്ത് വാക്കുകൾ എടുത്തെഴുതുക.

1. ഇര—ിക്കൊ—ിരിക്കുന്ന
2. വിദ്യാ—സം
3. ഇടനാ—ിലെ
4. കു—മു—ക്
5. സുഗ—ദ്ര—ങ്ങൾ
6. പാ—ാത്യനാട്
7. —ാപിച്ചത്
8. —ാക്ഷരത
9. —വിഭാ—ം
10. വ—ധാരണരീതി
11. ചാ—ർക്കു—
12. ആ—ാഷിക്കുന്നത്

III അക്ഷരങ്ങൾ ശരിയായ ക്രമത്തിലാക്കി വാക്കുകൾ എടുത്തെഴുതുക.

1. ബിടലിറനുംഅക്ക
2. ളംപ്പുതോക
3. കൊനിള്ളലന്ന
4. മാശതനം
5. കൊണിങ്ങി
6. മളികണ്ണ്
7. നഹംഅഗ്ര
8. മാനർഷമിറി
9. യാടിക്കുട്ടം
10. കരിന്ന്യാസം
11. കരിഞ്ചാസം
12. നിരിമച്ചി

IV പിരിച്ചെഴുതുക

1. ജന്മദേശമാണ്
2. വിസ്തീർണ്ണമുള്ള
3. സുഗന്ധദ്രവ്യങ്ങൾ
4. നാട്ടുകാരായിരുന്നു
5. പ്രദേശങ്ങളിലൊന്നാണ്
6. വിദേശീയരൊക്കെയും
7. പിന്നോക്കമായിട്ടുള്ള
8. ഒരനുഗ്രഹം
9. ഒരുമയോടെ
10. നിഘണ്ടുവും
11. നടുക്കുള്ള
12. ഉപകരിക്കുന്നെങ്കിൽ

V ചേർത്തെഴുതുക

1. വേഷം + വിധാനം
2. തൊഴിൽ + ഇല്ലാത്തവർ
3. അറബി + കടൽ
4. ചതുരശ്രമൈൽ + ഓളം
5. സുന്ദരം + ആണ് + എങ്കിലും
6. സ്ഥാപിച്ചത് + ഉം + ആയിരുന്നു
7. മലയാളം + ഇൽ
8. മതിപ്പ് + ഉം
9. പ്രസിദ്ധി + ഇല്ലായിരുന്നു
10. കേരളീയർക്ക് + എല്ലാം
11. നിഘണ്ടു + ഒന്ന്
12. വെടിപ്പ് + ഉം + ഉണ്ടായി + കഴിഞ്ഞു

VI സംഖ്യകൾ അക്ഷരത്തിലെഴുതുക

a. 17000
b. 5555
c. 76543
d. 13842
e. 2345
f. 50000

VII വിട്ടുപോയ വാക്കുകൾ ചേർത്ത് വാക്യങ്ങൾ പൂരിപ്പിക്കുക.

1. കേരളം പ്രാചീനകാലം മുതലേ വിദേശീയരെ—.
2. മലയാളഭാഷയെ സേവിച്ച മിഷനറിമാരിൽ—ഹെർമ്മൻ ഗുണ്ടർട്ട് ആണ്.
3. നാട്ടിനകത്തും നാട്ടിനു—നമ്മുടെ കുതുകവസ്തുക്കൾക്കു നല്ല മതിപ്പുണ്ട്.
4. ചിങ്ങമാസം തിരുവോണം നാളാണ് മലയാളികൾ ഓണം —
5. എല്ലാ മതക്കാരും കേരളത്തിൽ—ജീവിച്ചു വരുന്നു
6. കേരളീയരുടെ വസ്ത്ര—രീതി ലളിതമാണ്.
7. മലയാളികൾക്ക്—ആഹാരസാധനങ്ങളിൽ ഒന്നാണ് മരച്ചീനി.

VIII തന്നിരിക്കുന്ന വാക്യഭാഗങ്ങൾ, മാതൃകയനുസരിച്ച്, പൂർണവാക്യങ്ങളാക്കി എടുത്തെഴുതുക.

(a) കിഴക്കു ഭാഗത്തു തഴച്ചു വളർന്നിരിക്കുന്ന വനങ്ങൾ
കിഴക്കു ഭാഗത്തു വനങ്ങൾ തഴച്ചു വളർന്നിരിക്കുന്നു.

1. പ്രകൃതിശക്തികളുടെ മധ്യത്തിൽ നിലകൊള്ളുന്ന നാട്
2. പാശ്ചാത്യരുമായി വാണിജ്യബന്ധം പുലർത്തിയ കേരളീയർ
3. എല്ലായിടത്തും കാണാൻ സാധിക്കുന്ന മരച്ചീനി
4. ആഡംബരത്തോടെ ഓണം ആഘോഷിച്ച ആളുകൾ
5. ലോകപ്രസിദ്ധി നേടിയിട്ടുള്ള കഥകളി
6. കേരളത്തിൽ വന്നെത്തിയ മിഷനറി
7. വൃത്തിയും വെടിപ്പുമുള്ള മലയാളികൾ
8. മലയാളഭാഷയെ സേവിച്ച പണ്ഡിതന്മാർ
9. മരച്ചീനിയും മീനും കഴിക്കുന്ന മലയാളികൾ
10. മോഹിനിയാട്ടം പഠിച്ച പെൺകുട്ടികൾ

IX ചെറിയ വാക്യങ്ങളാക്കി പിരിച്ചെഴുതുക.

1. മലയാളിയല്ലാത്ത ഒലീവിയ കേരളത്തിൽ വന്ന് ഓട്ടംതുള്ളലും കഥകളിയും പഠിച്ച് കേരളീയരെ ആകർഷിക്കുന്ന രീതിയിൽ ഓണാഘോഷസമയത്ത് തൻെറ നൃത്തം കാണിച്ചു.
2. തെങ്ങിൻ തോപ്പുകളും നെൽവയലുകളും ഉള്ള കേരളം പ്രകൃതിസുന്ദരമായ നാടാണെന്ന് അദ്ദേഹം എഴുതുന്ന കവിതകളിലെല്ലാം പറയുന്നു.
3. ക്രിസ്തുമതം പ്രചരിപ്പിക്കാൻ കേരളത്തിൽ വന്നെത്തിയ മിഷനറിമാർ മലയാളഭാഷയ്ക്കു നൽകിയ സേവനം ഒരു മലയാളിക്കും മറക്കാൻ സാധ്യമല്ല എന്നാണ് എല്ലാവരുടേയും അഭിപ്രായം.

X സ്വന്തം വാക്യങ്ങളിൽ പ്രയോഗിക്കുക.

(a) 1. നിലകൊള്ളുക
2. തഴച്ചുവളരുക
3. ആകർഷിക്കുക
4. ആഘോഷിക്കുക

(b) 1. മതിപ്പ്
2. വെടിപ്പ്
3. ആഡംബരഭ്രമം
4. വിശേഷദിവസം

XI താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

1. കേരളം സഞ്ചാരികളുടെ സ്വർഗവും, മലയാളികളുടെ അഭിമാനവുമായിരിക്കുന്നതെങ്ങനെ?

2. കേരളത്തിലെ കൃഷിവിളകളെപ്പററി എന്തറിയാം?

3. കേരളീയരുടെ കല, വിദ്യാഭ്യാസം, വസ്ത്രധാരണരീതി, ഉത്സവങ്ങൾ എന്നിവയെക്കുറിച്ച് ചുരുക്കിയെഴുതുക.

4. കേരളത്തിൻെറ മതപാരമ്പര്യത്തെക്കുറിച്ച് എന്തു മനസ്സിലായി?

XII ഈ പാഠത്തിൻെറ മാതൃകയിൽ നിങ്ങളുടെ സംസ്ഥാനത്തെക്കുറിച്ച് രണ്ടു പേജിൽ കവിയാതെ ഒരു ലേഖനമെഴുതുക.

പാഠം 2

ഒരു നാടൻ കഥ–പക്ഷിയുടെ ചോദ്യം

പണ്ടു പണ്ടു് ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൊട്ടാരത്തിനടുത്തു് ഒരിക്കൽ ഒരു പക്ഷി വന്നു. സന്ധ്യയ്ക്കു് അതിരുന്നു പാട്ടു പാടി. പല ദിവസമായപ്പോൾ രാജാവു് ഈ ഗാനം ശ്രദ്ധിച്ചു. അതിൽ പ്രശ്നം അടങ്ങിയിരിക്കുന്നു എന്നു രാജാവു മനസ്സിലാക്കി. അതു് അദ്ദേഹം കുറിച്ചെടുത്തു.

"ഉണ്ണിവായേതിൽ ഞാൻ പാലു നൽകും?"

"ഇതുവരെയും ഞാൻ കണ്ടില്ല."

"തലയിലെഴുത്തിൻ താഴോടും!"

"ബ്രാഹ്മണരെല്ലാം മുടിയട്ടെ."

ഈ പ്രശ്നത്തെപ്പററി ഉത്തരം പറയാൻ രാജാവു് പുരോഹിതനോടു് ആവശ്യപ്പെട്ടു. പുരോഹിതൻ കുഴപ്പത്തിലായി. അദ്ദേഹത്തിനു പ്രശ്നം മനസ്സിലായില്ല. ആലോചിച്ചു പറയാം എന്നു പറഞ്ഞു രാജാവിന്റെ മുന്നിൽ നിന്നും പോന്നു.

ഭർത്താവു് ദുഃഖത്തോടെ വീട്ടിൽ വന്നപ്പോൾ ഭാര്യ കാര്യം തിരക്കി പക്ഷിപ്രശ്നത്തിന്റെ കാര്യം അദ്ദേഹം ഭാര്യയോടു പറഞ്ഞു. ഉത്തരം പറഞ്ഞില്ലെങ്കിൽ ഉദ്യോഗവും നഷ്ടപ്പെടാം. പ്രശ്നം എന്താണെന്നും പറഞ്ഞു.

ഭാര്യ ചിന്തിച്ചിട്ടു പറഞ്ഞു. "ഇതു പേടിക്കാനില്ല. ഉത്തരം ഞാൻ പറഞ്ഞു തരാം."

ഇതു കേട്ടപ്പോൾ സമാധാനമായി. ഭാര്യയുമായി ആലോചിച്ചു് പുരോഹിതൻ രാജസന്നിധിയിൽ ചെന്നു. രാജാവു് പക്ഷിപ്രശ്നത്തിനു് ഉത്തരം ആവശ്യപ്പെട്ടു. പുരോഹിതനപ്പോൾ പറഞ്ഞു: തിരുമേനീ, ഞാൻ തന്നെ വേണമെന്നുണ്ടോ? എന്റെ ഭാര്യയ്ക്കു് ഒരു ആളെ അയച്ചാൽ അവൾ വന്നു പറയും."

"ശരി. എന്നാൽ അങ്ങനെ."

പുരോഹിതപത്നിയെ ആളയച്ചു വരുത്തി. അവർ രാജസഭയിൽ ഹാജരായി. രാജാവു പക്ഷിയുടെ ആദ്യപ്രശ്നം ചൊല്ലാൻ പറഞ്ഞു:

''ഉണ്ണിവായേതിൽ ഞാൻ പാലു നൽകും?''

''ബ്രാഹ്മണി,'' രാജാവു ചോദിച്ചു: ''എന്താണിതിനു് ഉത്തരം?''

''പക്ഷി ഒരു മുറിശ്ശോകക്കാരനാണു്.'' ബ്രാഹ്മണി പറഞ്ഞു.

''എന്നാൽ മുഴവനാക്കു.'' രാജാവു കല്പിച്ചു.

ബ്രാഹ്മണി മുഴവനാക്കിച്ചൊല്ലി:

''ലങ്കയിൽ പത്തു തലയുടയോ—
നരനെപ്പെതൽ വന്നു പിറന്നു പണ്ടു്.
അമ്മയെടുത്തു മടിയിൽ വെച്ചു
തിണ്ണം മുകർന്നു പറഞ്ഞ തേവം:
''ഉണ്ണിവായേതിൽ ഞാൻ പാലു നൽകും?''

പക്ഷിയുടെ രണ്ടാമത്തെ പ്രശ്നം ഉന്നയിച്ചു:

''ഇതുവരെയും ഞാൻ കണ്ടില്ല.''

ബ്രാഹ്മണി ഉടനെ അതു പൂരിപ്പിച്ചു

''ചിന്തകളില്ലാത്തൊരു നരനുണ്ടോ?
എന്നറിവാനായിന്നോളം
ഭുവനം മുഴവൻ തേടിനടന്നി—
ട്ടിതുവരെയും ഞാൻ കണ്ടില്ല.''

മൂന്നാമത്തെ പ്രശ്നം വായിച്ചു:

''തലയിലെഴുത്തിൻ തായാട്ടം!''

ബ്രാഹ്മണി ഉടനെ ബാക്കി പൂരിപ്പിച്ചു:

''മധുരപ്പതിനേഴഴകിൻ ഒകാടിയാരം—
ക്കറുപതുകാരൻ മണവാളൻ
പഴതേയെന്തിനു തറുതല പറവൂ
തലയിലെഴുത്തിൻ തായാട്ടം.''

രാജാവും സാമന്തജികന്മാരും ഉത്തരങ്ങൾ കേട്ടു് ആഹ്ലാദിച്ചു. നാലാമത്തെ പ്രശ്നവും ചോദിച്ചു.

''ബ്രാഹ്മണരെല്ലാം മുടിയട്ടെ''

ബ്രാഹ്മണി അതിനും ഉത്തരം പറഞ്ഞു:

''കളിയും ജപവും ഓത്തും മുറയും
വിധി പോലൊന്നും ചെയ്യാതെ

മധുവും മാംസവുമായിക്കഴിയും
ബ്രാഹ്മണരെല്ലാം മുടിയട്ടെ.''

പുരോഹിതപത്നിയുടെ പക്ഷിപ്രശ്നം കേട്ട രാജാവ് സന്തോഷിച്ചു. ബ്രാഹ്മണിക്കു ധാരാളം സമ്മാനം നൽകി യാത്രയാക്കി.

ബാലകഥാസാഗരം *വി. ബാലകൃഷ്ണൻ*

പദപരിചയം

കൊട്ടാരം 'palace' പക്ഷി 'bird'
ശ്രദ്ധിക്ക് 'listen, pay attention to'
അടങ്ങ് 'include, be supressed/polite/
കുറിച്ചെടുക്കു് 'note down, take note of'
മുടിയ് 'get destroyed, came to an end'
പുരോഹിതൻ 'priest' മുന്നിൽ = മുമ്പിൽ
തിരക്കു് 'search, enquire, find out' സന്നിധി 'presence'
തിരുമേനി 'holy/revered person—an address term to men of atmost importanee'
പത്നി = ഭാര്യ രാജസഭ 'kings court'
ബ്രാഹ്മണി 'Brahmine lady' ചൊല്ല് 'recite'
മുറി 'broken, cut' ശ്ലോകം 'stanza'
മുഴുവനാക്കു് 'complete' ഉടയോൻ = ഉടമസ്ഥൻ
പിറക്കു് = ജനിക്ക്് മടി 'lap, laziness'
മുകരു് = ഉമ്മ വയ്ക്കു് ഏവം = ഇപ്രകാരം
ഉന്നയിക്ക് = മുമ്പോട്ടു വയ്ക്കു് 'put forward'
നരൻ = മനുഷ്യൻ ഭുവനം = ഭൂമി
തേട് 'search' കൊടിയാൾ = പെൺകുട്ടി
മണവാളൻ = വരൻ 'bridegroom'
പഴുതേ = വെറുതെ തറുതല 'counter argument'
തായാട്ട് = കളിക്കു്, കസ്തൂരി കാണിക്ക്, വിളയാട്ട്
സാമാജികന്മാർ 'courtiers' ആഹ്ളാദിക്ക് 'rejoice'
ഓതു് = വേദം ചൊല്ലൽ വിധി = ക്രമം 'order, verdict'
മധു 'liquor, honey' യാത്രയാക്കു് 'send off'

അഭ്യാസം

I ശരിയായ വാക്കുകൾ എടുത്തെഴുതുക.

1. ബ്രാഹ്മണി — ബ്രാഹ്മണി
2. തിറക്കുന്നു — തിരക്കുന്നു
3. ഉത്യോഗം — ഉദ്യോഗം
4. സമാധാനം — സമാതാനം
5. ചിന്തകൾ — ചിന്ദകൾ
6. ഭൂവനം — ഭുവനം
7. അഴകു് — അളകു്
8. പുരോഹിതൻ — പൗരോഹിതൻ
9. തായാട്ടു് — തായാഡ്ഡു്
10. കോട്ടാരം — കൊട്ടാരം

II വിട്ടുപോയ അക്ഷരങ്ങൾ ചേർത്തു വാക്കുകൾ എടുത്തെഴുതുക.

1. കൊ—ാരത്തി—ടുത്തു്
2. ആവ—പ്പെട്ടു്
3. അട—ിയിരിച്ചു—
4. പു—ാഹിത—
5. രാ—സന്നി—യിൽ
6. ന—നുണ്ടോ
7. ത—യിലെ—ത്തു്
8. —ദ്ധിച്ചു
9. ഉ—യിച്ചു
10. ആഹ്ളാ—ിച്ചു

III പിരിച്ചെഴുതുക.

1. കുറിച്ചെടുത്തു
2. തലയിലെഴുത്തു്
3. കുഴപ്പത്തിലായി
4. ഉദ്യോഗവും
5. സമാധാനമായി
6. പുരോഹിതനപ്പോൾ
7. തലയുടയോൻ
8. നരനുണ്ടായിരുന്നെങ്കിൽ
9. അറിവാനായിന്നോളം
10. യാത്രയാക്കി

IV ചേർത്തെഴുതുക.

1. ആൾ + അയച്ചു
2. എന്തു് + ആണു് + ഇങ്ങനെ + എന്നു്
3. കൊട്ടാരത്തിനു് + അടുത്തു്
4. രാജാവു് + ഉണ്ടായിരുന്നു
5. പക്ഷി + കൂട്ടം
6. കേട്ടു് + ആഹ്ളാദിച്ചു
7. വേണം + എന്നു് + ഉണ്ടോ
8. ചോദ്യം + ഇല്ല + അല്ലോ
9. അടങ്ങി + ഓ
10. പറഞ്ഞു + ഇല്ലായിരുന്നു

V വിട്ടുപോയ വാക്കുകൾ ചേർത്തു് വാക്യങ്ങൾ പൂരിപ്പിക്കുക.

1. രാജാവു് പലപ്പോഴും ആ ഗാനം— .
2. പ്രശ്നത്തിനു് ഉത്തരം പറയാൻ—രാജാവു്— .

3. ഭാര്യ — കേട്ടപ്പോൾ പുരോഹിതനു സമാധാനമായി.
4. പുരോഹിതനു വലിയ ദുഃഖവും — തോന്നി.
5. പുരോഹിതന്റെ —, ജീവനും രാജാവിന്റെ കയ്യിലായിരുന്നു.
6. ബ്രാഹ്മണി ഭർത്താവിന്റെ പ്രശ്നങ്ങൾക്ക് — കൊടുക്കാം എന്നു —
7. മധുവും, — മാംസവും ആയി — ബ്രാഹ്മണരെല്ലാം മുടിയട്ടെ,
8. ബ്രാഹ്മണിയുടെ ഉത്തരം കേട്ട് രാജാവും — വളരെ —,
9. ചിന്തകൾ — ഒരു നരനും ഭൂമിയിൽ ഇല്ല.
10. പക്ഷി ഒരു — ആണ് എന്നു ബ്രാഹ്മണി അഭിപ്രായപ്പെട്ടു.

VI മാതൃക അനുസരിച്ച് വാക്യങ്ങൾ മാററിയെഴുതുക

a ദുഃഖത്തോടെ വീട്ടിൽ വന്ന ഭർത്താവിനെ ഭാര്യ ആശ്വസിപ്പിച്ചു.
ഭർത്താവ് വീട്ടിൽ വന്നപ്പോൾ ഭാര്യ അയാളെ ആശ്വസിപ്പിച്ചു.

1. സമ്മാനം വാങ്ങിയ മകളെ അമ്മ പുകഴ്ത്തി.
2. പരീക്ഷ ജയിച്ച കുട്ടികൾക്കു ടീച്ചർ സമ്മാനം വാങ്ങിക്കൊടുത്തു.
3. ശരിയായ ഉത്തരം എഴുതിയ കേശവനു ടീച്ചർ ഒന്നാം സ്ഥാനം നൽകി.
4. ഉറക്കെ കരഞ്ഞ കുഞ്ഞിനു അമ്മ പാൽ കൊടുത്തു.
5. പണം മോഷ്ടിച്ചെടുത്ത കള്ളനെ പോലീസുകാർ ഓടിച്ചിട്ടു പിടിച്ചു.

VII തന്നിരിക്കുന്ന ചെറിയ വാക്യങ്ങൾ കൂട്ടിച്ചേർത്ത് ഒററ വാക്യങ്ങളാക്കി മാററി എഴുതുക.

1. കൊട്ടാരത്തിനടുത്ത് ഒരു മരമുണ്ടായിരുന്നു. ആ മരത്തിൽ ഒരു പക്ഷിക്കൂട് ഉണ്ടായിരുന്നു. ആ പക്ഷിക്കൂട്ടിൽ നിന്ന് എന്നും സന്ധ്യയ്ക്ക് ഓരോ ശ്ലോകം കേട്ടിരുന്നു. അതു പാടിയിരുന്നത് ഒരു മുറിശ്ലോകക്കാരൻ പക്ഷിയായിരുന്നു. അതിന്റെ ശ്ലോകം രാജാവ് ശ്രദ്ധയോടെ കേട്ടിരുന്നു. പക്ഷേ അതിന്റെ അർഥം അദ്ദേഹത്തിനു മനസ്സിലായിരുന്നില്ല.

2. പുരോഹിതൻ സങ്കടത്തോടെ വീട്ടിൽ എത്തി. ഭാര്യ സങ്കടകാരണം ചോദിച്ചു. അയാൾ രാജാവിന്റെ പ്രശ്നങ്ങളെപ്പററി പറഞ്ഞു. അതു കേട്ട് ഭാര്യ പറഞ്ഞു "ഇത്രയേ ഉള്ളോ പേടിക്കേണ്ടതു, എല്ലാ ചോദ്യങ്ങൾക്കും ഉള്ള ഉത്തരം ഞാൻ തന്നെ കൊട്ടാരത്തിൽ വന്നു പറയാം."

VIII താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

1. പുരോഹിതന്റെ സങ്കടത്തിനു കാരണം എന്തായിരുന്നു?
2. അയാൾക്കു സമാധാനമായതെങ്ങനെ?
3. പക്ഷിയുടെ ഒന്നാമത്തെ ചോദ്യം ബ്രാഹ്മണി പൂരിപ്പിച്ചതെങ്ങനെ?

4. ''ഇതു വരെയും ഞാൻ കണ്ടിട്ടില്ല!'' എന്താണു കാണാത്തതു്?

5. പക്ഷിയുടെ ശ്ലോകമനുസരിച്ചു് എങ്ങനെയുള്ള ബ്രാഹ്മണരാണു് മുടിഞ്ഞുപോകേണ്ടതു്?

IX വിട്ടുപോയ വാക്കുകൾ ചേർത്തു ഖണ്ഡിക പൂരിപ്പിക്കുക.

രഘുമഹാരാജാവു് യാഗം നടത്തി എല്ലാം ദാനം—, അതുകൊണ്ടു് അദ്ദേഹത്തിന്റെ അടുത്തു് —ഉണ്ടായിരുന്നില്ല. അപ്പോൾ കൗത്സവ മഹർഷി ദാനം—അവിടെ എത്തി. രാജാവിന്റെ—കണ്ടു മഹർഷിക്കു —തോന്നി. അദ്ദേഹം പറഞ്ഞു ''മഹാനായ രാജാവേ, അങ്ങു് — ദാനം ചെയ്തു. എനിക്കു—തരുവാൻ അങ്ങയുടെ പക്കൽ—ഇല്ലല്ലോ. ഇങ്ങനെയുള്ള ഒരു — വന്നുപോയതിൽ ഞാൻ ദുഃഖിക്കുന്നു. ഞാൻ അങ്ങയേയും കൂടി—ക്ഷമിക്കണം. ഞാൻ വേറെ — രാജാവിനെ സമീപിക്കാം.'' അതു കേട്ടു് രഘുമഹാരാജാവു് പറഞ്ഞു. ''ആചാര്യരെ, ദാനം — വന്നവരെ വെറും കയ്യോടെ അയക്കുന്ന പതിവു് ഞങ്ങളുടെ—ഇല്ല. രണ്ടു മൂന്നു ദിവസം—. അതിനുള്ളിൽ അങ്ങേയ്ക്കു വേണ്ട ധനം ഞാൻ—.'' മഹർഷിക്കു വേണ്ട ധനം സമ്പാദിക്കാനായി രാജാവു് ധനദേവനായ കുബേരനെ ആക്രമിക്കുവാൻ—. സൈന്യത്തെ ഒക്കെ തയ്യാറാക്കി. അപ്പോൾ ദൂതൻ വന്നറിയിച്ചു. രാജാവിന്റെ ഭണ്ഡാരത്തിനു സമീപം സ്വർണമഴ — എന്നു്. രഘുമഹാരാജാവു് യുദ്ധത്തിനു—എന്നറിഞ്ഞു കുബേരൻ പെയ്യിച്ചതായിരുന്നു ആ —, മഹാരാജാവിനു സന്തോഷമായി. സ്വർണം മുഴുവൻ കൗത്സവമഹർഷിക്കു നൽകി അദ്ദേഹത്തെ—.

പാഠം 3

അധ്യാപകന്റെ ആത്മകഥ

ബാല്യം

എന്റെ ജനനം കൊല്ലവർഷം 1083 ചിങ്ങമാസത്തിൽ രേവതി നക്ഷത്രത്തിലായിരുന്നു. അച്ഛൻ മുൻകൊച്ചിയിൽ തൃപ്രയാറടുത്തു് പെരിങ്ങോട്ടുകരയ്ൽ ചെറുമുക്കീല്ലത്തു് കെ. സി. അച്യുതൻനമ്പൂതിരിയും, അമ്മ കിളിമാനൂർ കൊട്ടാരത്തിൽ ആയില്യംതിരുനാൾ തമ്പുരാട്ടിയും ആയിരുന്നു. അച്ഛന് സംസ്കൃതത്തിൽ അപാരമായ അറിവുണ്ടായിരുന്നു. അദ്ദേഹം വേദങ്ങൾ, കാവ്യങ്ങൾ, അഷ്ടാംഗഹൃദയം, ജ്യോതിഷം, മന്ത്രവാദം മുതലായവയിൽ വിദഗ്ധനായിരുന്നു. മലയാളത്തിലും, സംസ്കൃതത്തിലും അന്നുണ്ടായിരുന്ന മിക്ക പുസ്തകങ്ങളും വായിക്കുക മാത്രമല്ല, നല്ലൊരു പുസ്തകശേഖരമുണ്ടാക്കുകയും ചെയ്തിരുന്നു. ചില തമിഴ് ഗ്രന്ഥങ്ങളും അച്ഛന്റെ ലൈബ്രറിയിൽ ഉണ്ടായിരുന്നു. ലൈബ്രറിയിലുണ്ടായിരുന്ന എല്ലാ പുസ്തകങ്ങളും അച്ഛൻ നല്ലപോലെ വായിച്ച് കാര്യം ഗ്രഹിച്ചിരുന്നു. അച്ഛനോളം പാണ്ഡിത്യമുണ്ടായിരുന്നില്ലെങ്കിലും അമ്മയും അന്നത്തെ രീതിയിൽ മലയാളവും സംസ്കൃതവും പഠിച്ചിരുന്നു. ഈ സാഹചര്യത്തിൽ എനിക്ക് അപാരമായ പാണ്ഡിത്യം ലഭിക്കാനായിരുന്നു. അച്ഛന്റെ ഏററവും വലിയ ആഗ്രഹവും ആയിരുന്നു. എന്നാൽ സംഭവിച്ചതു മറിച്ചാണ്.

നാലാം വയസ്സിൽ എന്നെ എഴുത്തിനിരുത്തി. നവരാത്രി ദിവസങ്ങളിലെ പൂജ പൂർണമാക്കിയിട്ട് വിജയദശമി ദിവസം ഓതിക്കോൻ നമ്പൂതിരി സ്വർണമോതിരം കൊണ്ട് നാക്കിൽ മന്ത്രം എഴുതി. വെള്ളിത്തളികയിൽ ഉണക്കലരി നിരത്തി വിളക്കിനു സമീപം വച്ച് അതിൽ ''ഹരി ശ്രീ ഗണപതയെ നമഃ'' എന്നു് വിരൽ പിടിച്ച് എഴുതിച്ചു. എല്ലാ അക്ഷരങ്ങളും എഴുതിക്കുകയും, ചൊല്ലിക്കുകയും ചെയ്തു. തുടർന്നുള്ള രണ്ടു ദിവസങ്ങളിലും ഇതേ അരിയിൽത്തന്നെ എഴുതിച്ചിട്ട് ആ അരി പായസം വച്ച് തന്നു. ആ പായസത്തിന്റെ മാധുര്യം പഠിത്തം തുടങ്ങുന്നതിനു പ്രോത്സാഹനം നൽകി.

അഞ്ചാം വയസ്സായിട്ടേ സ്കൂളിൽ ചേർത്തുള്ളൂ. അതുവരെ അച്ഛൻ സിദ്ധരൂപവും അമരകോശവും സംസ്കൃതത്തിലെ ശ്രീരാമോദന്തം എന്ന കാവ്യവും

പഠിപ്പിക്കാൻ നല്ല ശ്രമം നടത്തി. കുറെയൊക്കെ അച്ഛൻ അതിൽ ജയിച്ചു എന്നു പറയാം. എന്റെ ശ്രമമെല്ലാം പഠിത്തത്തിൽ നിന്നു് ഒഴിഞ്ഞുമാറുന്നതിനായിരുന്നു. ഒളിച്ചിരിക്കുക, കൂട്ടുകാരുമായി കളിക്കാൻ പോവുക, സുഖക്കേടഭിനയിക്കുക മുതലായി അന്നറിയാവുന്ന എല്ലാ സമരമുറകളും ഞാൻ പ്രയോഗിച്ചിട്ടുണ്ടു്. അച്ഛനു് വർക്കല ജനാർദ്ദനസ്വാമി ക്ഷേത്രം മുതലായ പല മേജർ ക്ഷേത്രങ്ങളിലും തന്ത്രിയെന്ന നിലയ്ക്കു് പോകേണ്ടതുണ്ടായിരുന്നു കൂടാതെ അച്ഛന്റെ ഇല്ലംവക ഭരണച്ചുമതലകളും ഉണ്ടായിരുന്നു. അതിനാൽ കുറച്ചു സമയം മാത്രമേ എന്റെ പഠിത്തത്തിൽ നേരിട്ടു മേൽനോട്ടം വഹിക്കുവാൻ സാധിച്ചിരുന്നുള്ളൂ. അച്ഛന്റെ അസാന്നിധ്യത്തിൽ എന്റെ പഠിത്തം നടത്തുന്നതിനു് ഒരു വൈദ്യൻ തീരുമുൽപ്പാടിനെ അച്ഛൻ ഏർപ്പാടുചെയ്തിരുന്നു. ആ ഗുരുനാഥനെ കബളിപ്പിക്കാൻ എനിയ്ക്കു നല്ല സാമർത്ഥ്യമുണ്ടായിരുന്നതിനാൽ എന്റെ സംസ്കൃതപഠനം അച്ഛന്റെ പ്രതീക്ഷയ്ക്കൊത്തു് മുന്നോട്ടു പോയില്ല.

ഇങ്ങനെ അവതാളത്തിലുള്ള സംസ്കൃത പഠിത്തത്തിനിടയ്ക്കാണു് എന്നെ കിളിമാനൂർ സ്പെഷ്യൽ എൽ. പി. എസ്സിൽ ഒന്നാം ക്ലാസിൽ ചേർത്തതു്. നാലുമണിക്കു് സ്കൂളിൽ നിന്നു വന്നാൽ സംസ്കൃതം പഠിക്കണമെന്ന മട്ടായി. സ്കൂളിൽ നിന്നു വന്നു് കൂട്ടുകാരെല്ലാം കളിക്കാൻ പോകുന്ന സമയത്തു് സംസ്കൃതം പഠിക്കണമെന്നതു് അസഹനീയമായ ഒരു ശിക്ഷയായി എനിക്കു തോന്നി. എങ്കിലും ചിലതെല്ലാം പഠിച്ചു. അന്നു നേരെ സംസ്കൃതം പഠിക്കാത്തതിന്റെ അപരാധബോധം ഇന്നും എനിക്കുണ്ടു്. അഞ്ചോ ആറോ വയസ്സു മാത്രം പ്രായമുള്ള ഒരു ബാലനു് സ്കൂൾ വിട്ടാൽ വീണ്ടും ഉടൻതന്നെ താല്പര്യപൂർവം പഠിക്കാൻ സാധിക്കയില്ലെന്ന കാര്യം അച്ഛനറിഞ്ഞുകൂടായിരുന്നുവെന്നു പറയുന്നതിനെക്കാൾ എന്നെ ഒരു വലിയ പണ്ഡിതനാക്കണമെന്ന ആഗ്രഹം അച്ഛനു് അത്രത്തോളം ഉണ്ടായിരുന്നുവെന്നു് പറയുന്നതായിരിക്കും ശരി. വിദ്യാഭ്യാസമണ്ഡലത്തിൽ പ്രവർത്തിക്കുന്ന എനിയ്ക്കു് അന്നത്തെ അധ്യാപനരീതി വിദ്യാഭ്യാസപരമായും മനശ്ശാസ്ത്രപരമായും ശരിയായിരുന്നില്ല എന്നു് ഇന്നറിയാം. എങ്കിലും സംസ്കൃതത്തിൽ എനിക്കു് അന്നു ലഭിച്ച പഠനം എന്റെ സ്കൂൾ വിദ്യാഭ്യാസകാലത്തും കോളേജുവിദ്യാഭ്യാസകാലത്തും വളരെ സഹായം ചെയ്തിട്ടുണ്ടു് എന്നതു് വിസ്മരിക്കത്തക്കതല്ല.

പദപരിചയം

ആത്മകഥ 'autobiography'
അപാരമായ = ധാരാളം 'unlimited'
വിദഗ്ധൻ = മിടുക്കൻ
ശേഖരം = 'collection'
ഗ്രഹിക്കുക 'grasp'
പാണ്ഡിത്യം 'scholarship'
സാഹചര്യം 'circumstance, situation'
ഉണക്കലരി 'raw rice'
ചൊല്ലിക്കുക 'make recite'
വെള്ളി 'silver'
നിരത്തുക 'spread, present'
മാധുര്യം = ഇനിപ്പ് 'sweetness'
പ്രോത്സാഹനം 'encouragement'
ഒഴിഞ്ഞുമാറുക 'evade, avoid'
പ്രയോഗിക്കുക 'use'
തന്ത്രി = പൂജാരി 'head of a religious ceremony'
മേൽനോട്ടം 'supervision'
വഹിക്കുക 'bear'
അസാന്നിധ്യം = 'absence'
കബളിപ്പിക്കുക 'cheat'
അവതാളം = തെററ് 'disorder, out of tune'
മട്ട് = രീതി
അസഹനീയം = സഹിക്കാൻ പററാത്തത്
അപരാധം = 'guilt, crime'
ബോധം 'sense, conscience'
മണ്ഡലം 'field'
അധ്യാപനം 'teaching'
മനശ്ശാസ്ത്രപരം 'psychological'

എഴുത്തിനിരുത്തു

കുട്ടികളെ ആദ്യമായി അക്ഷരാഭ്യാസത്തിനു തയ്യാറാക്കുമ്പോൾ ഉള്ള ഒരു ചടങ്ങ്. സാധാരണ നവരാത്രി കഴിഞ്ഞു് വിജയദശമി ദിവസം സരസ്വതീ ദേവിയെ പൂജിച്ചതിനു ശേഷം ഗുരുക്കന്മാരോ അച്ഛനോ അപ്പൂപ്പനോ അമ്മാവനോ അതുപോലെ ബഹുമാന്യരായ ആരെങ്കിലുമായിരിക്കും കുട്ടികളെ എഴുത്തിനിരുത്തുന്നത്.

ഓതിക്കാൻ നമ്പൂതിരി

വേദങ്ങൾ ചൊല്ലിക്കൊടുക്കാൻ അർഹതയുള്ള നമ്പൂതിരിമാരെ ഇങ്ങനെ വിളിക്കുന്നു.

തിരുനാൾ തമ്പുരാട്ടി

ക്ഷത്രിയവംശത്തിൽ ജനിച്ചവരുടെ പേരിനു മുൻപ് അവരുടെ ജന്മനക്ഷത്രം കൂടി ചേർത്തു ഉപയോഗിക്കുന്നതു് പതിവാണ്. തമ്പുരാൻ എന്നു് ആണുങ്ങൾക്കും തമ്പുരാട്ടി എന്നു് പെണ്ണുങ്ങൾക്കും സ്ഥാനപ്പേരു്. രണ്ടു കൂട്ടർക്കും അവരുടെ ജന്മനക്ഷത്രത്തിനു പിറകെ തിരുനാൾ എന്നു ചേർത്തു പറയും.

അഭ്യാസം

I ശരിയായ വാക്കുകൾ തെരഞ്ഞെടുത്തെഴുതുക.

1. പാണ്ഡിത്യം — പാണ്ഡിത്യം
2. ശേഘരം — ശേഖരം
3. അറിവ് — അരിവ്
4. ചിങ്ങം — ചിംഗം
5. സംഭവം — സംബവം
6. വിദ്യാഭ്യാസം —വിധ്യാബ്യാസം
7. തമ്പുരാട്ടി — തമ്പുറാട്ടി

II വിട്ടുപോയ അക്ഷരങ്ങൾ ചേർത്ത് വാക്കുകൾ എടുത്തെഴുതുക.

1. ലൈബ്ര —ി
2. ത—രാട്ടി
3. കൊ—ാരത്തിൽ
4. ചുമ—ലകൾ
5. താല്പ—്യം
6. ജനർ—നൻ
7. അ—ഹനീയം
8. സംസ്കൃ—ം
9. അപരാ—ം
10. ജ്യോ —ിഷം

III പിരിച്ചെഴുതുക.

1. വെള്ളിത്തളിക
2. കുട്ടിക്കളി
3. മറിച്ചാണ്
4. അപാരമായ
5. കുറെയൊക്കെ
6. പോകേണ്ടതുണ്ട്
7. അന്നറിയാവുന്ന
8. ഉണക്കലരി
9. എഴുതിത്തന്നു
10. കൂട്ടുകാർക്കെല്ലാം

IV ചേർത്തെഴുതുക.

1. ഗ്രന്ഥങ്ങൾക്ക് + ഒക്കെ
2. അച്ഛനെ + കാരണം
3. എഴുത്തിന് + ഇരുത്തി
4. മിടുക്കൻ + ആയിരുന്നു
5. തമ്പുരാട്ടി + കുട്ടി
6. പുസ്തകം + ശേഖരം
7. പഠനം + ഇല്ലായിരുന്നു
8. ശിക്ഷ + ആയി
9. സ്വർണ്ണം + മോതിരം
10. വയസ്സ് + ഇല്ലായിരുന്നു

V മാതൃക അനുസരിച്ച് വാക്യങ്ങൾ മാററിയെഴുതുക.

(a) എന്റെ ജനനം കൊല്ലവർഷം 1083-ൽ ആയിരുന്നു.
ഞാൻ ജനിച്ചതു കൊല്ലവർഷം 1083-ൽ ആയിരുന്നു.

1. ആ വീട്ടിലായിരുന്നു എന്റെ താമസം.
2. മലയാളത്തിലായിരുന്നു ഗീതയുടെ പാട്ട്.

3. അദ്ദേഹത്തിന്റെ ആദ്യത്തെ അഭ്യാസം മന്ത്രവാദത്തിലായിരുന്നു.
4. അഞ്ചാമത്തെ വയസ്സിലായിരുന്നു സ്കൂളിൽ പോക്കു്.
5. കൊച്ചിയിൽ വച്ചായിരുന്നു അവരുടെ മരണം.
6. വർക്കല ക്ഷേത്രത്തിലായിരുന്നു രഘുവിന്റെ പൂജ.
7. എന്നെ സംസ്കൃതം പഠിപ്പിക്കാനായിരുന്നു അച്ഛന്റെ ശ്രമം.
8. അതായിരുന്നു സംഭവം.
9. എന്റെ പഠനത്തെപ്പററി അമ്മയുടെ ആഗ്രഹം അതല്ലായിരുന്നു.
10. അന്നത്തെക്കാലത്തു് അങ്ങനെയായിരുന്നു അവരുടെ നടത്തിപ്പു്.

(b) അഞ്ചര വയസ്സായപ്പോൾ സ്കൂളിൽ ചേർത്തു.
അഞ്ചര വയസ്സായിട്ടേ സ്കൂളിൽ ചേർത്തുള്ളു.

1. അച്ഛൻ വന്നപ്പോൾ സംസ്കൃതം പഠിച്ചു.
2. അമ്മ പറഞ്ഞപ്പോൾ അനുസരിച്ചു.
3. കൂട്ടുകാർ എഴുതിയപ്പോൾ മറുപടി അയച്ചു.
4. ചേട്ടൻ അപേക്ഷിച്ചപ്പോൾ മേൽനോട്ടം വഹിച്ചു.
5. അദ്ദേഹം എത്തിയപ്പോൾ ഏർപ്പാടു ചെയ്തു.
6. ശിക്ഷ കിട്ടിയപ്പോൾ സത്യം പറഞ്ഞു.
7. മൂന്നാമത്തെ പ്രാവശ്യവും പരീക്ഷയിൽ തോററപ്പോൾ പഠിത്തത്തിൽ ശ്രദ്ധയിരുത്താൻ നിശ്ചയിച്ചു.
8. അടി കിട്ടിയപ്പോൾ കാര്യം മനസ്സിലാക്കി.
9. അവസരം വന്നപ്പോൾ മുമ്പോട്ടു വന്നു.
10. അമ്മ പത്തുപ്രാവശ്യം വിളിച്ചപ്പോൾ വിളി കേട്ടു.

VI വിട്ടുപോയ വാക്കുകൾ ചേർത്തു വാക്യങ്ങൾ പൂരിപ്പിക്കുക.

1. അച്ഛനു സംസ്കൃതത്തിൽ — അറിവുണ്ടായിരുന്നു.
2. എന്റെ — മറിച്ചായിരുന്നു സംഭവിച്ചതു്.
3. പഠിത്തത്തിൽ നിന്നു — ഞാൻ ശ്രമിച്ചു.
4. അച്ഛന്റെ — എന്റെ പഠിത്തം നടത്തിയതു് വൈദ്യൻ ആയിരുന്നു.
5. എന്നെ കാവ്യങ്ങൾ പഠിപ്പിക്കാൻ അദ്ദേഹം നല്ല — നടത്തി.
6. വെള്ളിത്തളികയിൽ ഉണക്കലരി — അതിൽ അക്ഷരങ്ങൾ എഴുതിച്ചു.
7. അന്നു നേരെ — അപരാധബോധം ഇന്നുമെനിക്കുണ്ടു്.
8. സ്കൂളിൽ നിന്നു വീട്ടിൽ — സംസ്കൃതം പഠിക്കണമായിരുന്നു.

VII തന്നിരിക്കുന്ന ചെറിയ വാക്യങ്ങൾ കൂട്ടിച്ചേർത്ത് ഒററവാക്യങ്ങളാക്കി മാററിയെഴുതുക

1. ഞാൻ അന്നു സ്കൂളിൽ പോയി. അപ്പോൾ അവിടെ എൻെറ സംസ്കൃതം അധ്യാപകനെ കണ്ടു. അദ്ദേഹം എന്നോടു വീട്ടുകാര്യങ്ങളെക്കുറിച്ചു ചോദിച്ചു. ഞാൻ ഉത്തരം ഒന്നും പറഞ്ഞില്ല.

2. കുട്ടിക്കാലത്ത് എനിക്ക് ധാരാളം കൂട്ടുകാർ ഉണ്ടായിരുന്നു. അവരൊക്കെ എന്നെ പഠിത്തത്തിൽ സഹായിച്ചിരുന്നു. എങ്കിലും ഞാൻ മിടുക്കന്മാരുടെ കൂട്ടത്തിൽ ഒരിക്കലും എത്തിയിരുന്നില്ല.

3. ആ അധ്യാപകർ ഞങ്ങളെ സംസ്കൃതം പഠിപ്പിച്ചു. അദ്ദേഹം തന്നെ ഞങ്ങളെ മലയാളവും പഠിപ്പിച്ചു. അദ്ദേഹത്തിനു വലിയ ശമ്പളമൊന്നും ഇല്ലായിരുന്നു. എന്നിട്ടും അദ്ദേഹത്തിൻെറ ആത്മാർഥതയ്ക്ക് ഒരു കുറവുമില്ലായിരുന്നു.

VIII തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

1. അധ്യാപകൻെറ അച്ഛനമ്മമാരെപ്പററി നിങ്ങൾക്കു ലഭിക്കുന്ന വിവരങ്ങളെന്തെല്ലാം?

2. അദ്ദേഹത്തിൻെറ ആദ്യകാല വിദ്യാഭ്യാസത്തെപ്പററി നിങ്ങൾക്കെന്തു മനസ്സിലായി?

IX മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

ഒട്ടും വിചാരിക്കാതെയാണ് ഞാൻ എൻെറ ആ പഴയ കൂട്ടുകാരനെ കണ്ടത്. വാസ്തവം പറയുകയാണെങ്കിൽ എനിക്ക് അയാളെ കണ്ടപ്പോൾ ഒട്ടുംതന്നെ മനസ്സിലായില്ല. പക്ഷെ അയാൾക്ക് എന്നെ തിരിച്ചറിയാൻ ഒരു പ്രയാസവും ഉണ്ടായില്ല. ഞാൻ സേട്ടുവിൻെറ പുസ്തകക്കടയിൽ നിന്നും ഉറൂബിൻെറ തിരഞ്ഞെടുത്ത കഥകളും വാങ്ങിച്ചു കൊണ്ടു് ഇറങ്ങുകയായിരുന്നു. പണം കൊടുത്തു ബില്ല് വാങ്ങി തിരിഞ്ഞപ്പോൾ സുഹൃത്തേ എന്നു വിളിച്ചുകൊണ്ട് അയാൾ എൻെറ കയ്യിൽ കേറി പിടിച്ചു. ഞാൻ പെട്ടെന്ന് അത്ഭുതപ്പെട്ടുപോയി. ഒരു ചെറിയ പേടിയും തോന്നാതെയിരുന്നില്ല. കണ്ണുകളിൽ അത്ഭുതം കണ്ടാവാം അയാൾ ചോദിച്ചു ''എന്തെടോ മിടുക്കാ, എന്നെ കണ്ടിട്ടു മനസ്സിലായില്ലേ? കുട്ടിക്കാലത്തെ കൂട്ടുകാരെയൊക്കെ വലിയ ബിസിനസ്സുകാരനായപ്പോൾ മറന്നു കളഞ്ഞോ?'' ശബ്ദം കേട്ടിട്ടും എനിക്ക് അയാൾ ആരാണെന്ന് ഒരു പിടിയും കിട്ടിയില്ല.

X മുകളിൽ കൊടുത്തിരിക്കുന്ന ഖണ്ഡിക ഒരിക്കൽ കൂടി വായിച്ച് അതിനു യോജിക്കുന്ന വിധത്തിൽ ഒരു ഖണ്ഡിക കൂടി എഴുതുക.

XI നിങ്ങളുടെ കുട്ടിക്കാലത്തെപ്പററി ഒരു ചെറിയ ലേഖനമെഴുതുക.

പാഠം 4

ഭാരതപ്പുഴ

പ്രാചീനകാലം മുതൽ വലിയ സംസ്കാരങ്ങൾ രൂപം കൊണ്ടുവന്നതു് നദീതടങ്ങളിലായിരുന്നു. ഇതിനു് ഉദാഹരണങ്ങളാണു് നൈൽനദീതടസംസ്കാരം, സിന്ധുനദീതടസംസ്കാരം, യൂഫ്രട്ടീസ്, ടൈഗ്രീസ്നദീതടസംസ്കാരം തുടങ്ങിയവ. ഒരു രാജ്യത്തിന്റെ സമ്പദ്സമൃദ്ധിയും ഐശ്വര്യവും വളരെയധികം അവിടത്തെ നദികളെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യർക്കു് കുടിക്കാനും കൃഷിക്കും വേണ്ട ശുദ്ധജലം നദികളിൽ നിന്നു ലഭിക്കുന്നു എന്നു മാത്രമല്ല അവരുടെ വാണിജ്യം, ഗതാഗതം എന്നിവ നിയന്ത്രിക്കുന്നതിനും നദികൾക്കു ഗണ്യമായ ഒരു പങ്കുണ്ടു്.

നദികളുടെ കാര്യത്തിൽ കേരളം അനുഗ്രഹീതയാണു്. ചെറുതും വലുതുമായി നാല്പതിലധികം നദികൾ കേരളത്തിലുണ്ടു്. പശ്ചിമഘട്ടത്തിലെ മലകളിൽ നിന്നാണു് ഇവയെല്ലാം ഉത്ഭവിക്കുന്നതു്. മൂന്നെണ്ണം ഒഴിച്ചു് ബാക്കിയുള്ളവയെല്ലാം അറബിക്കടലിലാണു് പതിക്കുന്നതും. മേല്പറഞ്ഞ നദികളിൽ ഏററവും വലുതാണു് ഭാരതപ്പുഴ. ഇരുന്നൂററി അമ്പതു കിലോമീററിലധികം നീളമുള്ള ഈ നദിക്കു് നിളയെന്നും പേരാറെന്നും പൊന്നാനിപ്പുഴയെന്നും പേരുകളുണ്ടു്. ഗായത്രിപ്പുഴ, കണ്ണാടിപ്പുഴ, കല്പാത്തിപ്പുഴ എന്നിവയാണു് ഭാരതപ്പുഴയുടെ പ്രധാന പോഷകനദികൾ.

പശ്ചിമഘട്ടത്തിലെ ആനമലയാണു് ഭാരതപ്പുഴയുടെ ഉത്ഭവസ്ഥാനം. അവിടെനിന്നും ഒഴുകിത്തുടങ്ങുന്ന ഈ നദി പൊന്നാനി എന്ന സ്ഥലത്തുവച്ചു് അറബിക്കടലിൽ പതിക്കുന്നതിനു മുൻപ് വൻകാടുകളും ചെറുഗ്രാമങ്ങളും പട്ടണങ്ങളും കടക്കുന്നു. ഇതിന്റെ തീരത്തുള്ള പട്ടണങ്ങളിൽ പ്രധാനപ്പെട്ടവ പാലക്കാട്, ഒലവക്കോട്, ഷൊർണ്ണൂർ എന്നിവയാണു്. പോരാറിന്റെ തീരപ്രദേശങ്ങളെല്ലാം പണ്ടുമുതലേ ജനബഹുലമായിരുന്നു. അവിടെ വസിക്കുന്നവരുടെ പ്രധാനതൊഴിൽ കൃഷിയാണെങ്കിലും ഓട്ടുകമ്പനികൾ, മൺപാത്രം, തീപ്പെട്ടി, ബീഡി എന്നിവയുടെ നിർമാണം, കാർഷികോപകരണ വ്യവസായം മുതലായവയും അവിടങ്ങളിൽ കാണാം. അവിടത്തെ കൃഷിവിളകളിൽ പ്രധാനം നെല്ല്, മരച്ചീനി, മധുരക്കിഴങ്ങ്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, വെററില എന്നിവയാണു്.

മഴക്കാലത്തു ഭാരതപ്പുഴ കവിഞ്ഞൊഴുകും. വേനൽക്കാലത്തു് അതു് വററി ത്തുടങ്ങും. അതുകൊണ്ടു് വർഷകാലത്തു് വെള്ളം കെട്ടിനിർത്തി വേനൽക്കാ ലത്തു് ഉപയോഗിക്കുന്നു. അതിനായി ഭാരതപ്പുഴയുടെ പോഷകനദികളിലും ഉപനദികളിലുമെല്ലാം വലുതും ചെറുതുമായ പല ജലസേചനപദ്ധതികളുമുണ്ടു്. അവയിൽ പ്രധാനം മലമ്പുഴ അണക്കെട്ടാണു്. കേരളത്തിലെ ജലസേചന പദ്ധതികളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണിതു്. വലിയ അണക്കെട്ടു് എന്നതിനു പുറമെ മലമ്പുഴയെ സഞ്ചാരികളുടെ സ്വർഗം എന്നും വിശേഷി പ്പിക്കാം. അവിടത്തെ പ്രകൃതിസൗന്ദര്യം മാത്രമല്ല, മനുഷ്യനിർമിതമായ ഉദ്യാനവും മത്സ്യാലയവും എല്ലാം തന്നെ സഞ്ചാരികളുടെ കണ്ണുകൾക്കു കുളിർമ നൽകുന്നവയാണു്.

ഭാരതപ്പുഴയുടെ തീരത്തു് പല മഹാക്ഷേത്രങ്ങളും ഉണ്ടു്. അവയിൽ പ്രധാന പ്പെട്ടവ തിരുനാവായ, തൃത്താല, തൃക്കണ്ടിയൂർ, തൃക്കാവു്, ചക്രവട്ടം മുതലായ വയാണു്. തിരുനാവായ ക്ഷേത്രത്തിനു ചരിത്രപരമായ പ്രാധാന്യം ഉണ്ടു്. ഈ ക്ഷേത്രപരിസരങ്ങളിൽ വച്ചായിരുന്നു പ്രാചീന കേരളത്തിലെ മഹോത്സ വമായിരുന്ന മാമാങ്കം കൊണ്ടാടിയിരുന്നതു്. മാഘമാസത്തിലെ മകമാണു് ഉത്സവത്തിലെ പ്രധാന ദിനം. മാഘമകം പിന്നെ മാമാങ്കമായിത്തീർന്നു. മല യാളമാസം മകരത്തിലെ അമാവാസി മുതൽ കുംഭമാസം അമാവാസി വരെ ഒരു മാസക്കാലം നീണ്ടുനിന്ന ഈ ഉത്സവത്തിൽ വച്ചാണു് അന്നത്തെ കേരളത്തിന്റെ പരമാധികാരിയെ നിശ്ചയിച്ചിരുന്നതു്. കേരളത്തിലെ പ്രധാനക്ഷേത്രങ്ങളിൽ നിന്നെല്ലാം ദേവീദേവന്മാരെ മാമാങ്ക ഉത്സവത്തിനു് തിരുനാവായിലേക്കു് എഴു ന്നെള്ളിച്ചു കൊണ്ടുവരുകയും, രാമനാട്ടം, കൃഷ്ണനാട്ടം, കൂടിയാട്ടം തുടങ്ങിയ സാംസ്കാരിക കലാപരിപാടികൾ ഏർപ്പെടുത്തുകയും ചെയ്യുമായിരുന്നു. ഇതൊക്കെ കാണാനും, ആഘോഷങ്ങളിൽ പങ്കുകൊള്ളാനും വേണ്ടി ആയിരക്കണ ക്കിനാളുകൾ തിരുനാവായ മണൽപ്പുറത്തു തടിച്ചുകൂടിയിരുന്നു.

കേരളചരിത്രത്തേയും സംസ്കാരത്തേയും സ്വാധീനിച്ചതുപോലെ മലയാള സാഹിത്യത്തേയും ഭാരതപ്പുഴ സ്വാധീനിച്ചിട്ടുണ്ടു്. മലയാളത്തിലെ മഹാ കവികളായ വള്ളത്തോൾ നാരായണമേനോനും പി. കുഞ്ഞിരാമൻനായർക്കു മൊക്കെ എന്നെന്നും പ്രചോദനം നൽകിയ ഒരു ശക്തിയായിരുന്നു ഈ നദി.

പദപരിചയം

രൂപം കൊള്ളു് 'take shape' നദീതടം 'river bank'

സമ്പദ് സമൃദ്ധി = സമ്പത്തും സമൃദ്ധിയും

സമൃദ്ധി 'plentiness' ആശ്രയിക്കു് 'depend upon'

ഗതാഗതം 'transport' നിയന്ത്രിക്കു് 'control'

ഗണ്യം 'that which is to be counted / considered'

പങ്ക് 'share'

പശ്ചിമഘട്ടം 'western ghats'

പതിക്ക് 'fall'

തീരം 'bank, shore'

വസിക്കുന്നവർ = താമസിക്കുന്നവർ

ഓട് 'tile'

മണ്ണ് 'soil'

നിർമാണം 'manufacture'

കാർഷികോപകരണം 'agricultural implements'

മധുരക്കിഴങ്ങ് 'sweet potato'

കവിഞ്ഞൊഴുക് 'overflow'

വററ് 'get drived up'

കെട്ടിനിർത്തു് 'stores, stagnate'

ജലസേചനം 'irrigation'

അണക്കെട്ട് 'dam'

മനുഷ്യനിർമിതം 'made by human beings'

ഉദ്യാനം 'flower garden'

കണ്ണുകുളിക്ക് കളിർമ നൽക് 'soothen the eye, feast the eye'

കളിർമ 'coolness'

തടിച്ചുകൂട് 'gather up, crowd up'

അനുഗ്രഹീത 'blessed one'

ഉത്ഭവിക്ക് 'originate'

പോഷകനദി 'tributary'

ജനബഹുലം 'full of people'

ഓട്ടുകമ്പനി 'tile factory'

മൺപാത്രം 'earthern vessel'

തീപ്പെട്ടി 'match box'

മുതലായ 'betel leaf'

വേനൽ 'summer'

വർഷകാലം 'rainy season'

ഉപനദി 'branch of the river'

പദ്ധതി 'project, plan'

എഴുന്നെള്ളിക്ക് 'bring in a procession'

പ്രചോദനം 'inspiration'

രാമനാട്ടം

ശ്രീരാമന്റെ കഥയെ ആസ്പദമാക്കി കളിച്ചിരുന്ന നൃത്തനാടകരൂപം. ഇതാണ് പിൽക്കാലത്തു് കഥകളി ആയി രൂപപ്പെട്ടതെന്നു പറയപ്പെടുന്നു.

കൃഷ്ണനാട്ടം

കൃഷ്ണന്റെ കഥയെ ആസ്പദമാക്കി കളിക്കുന്ന നൃത്തനാടകരൂപം. ഇപ്പോഴും ഗുരുവായൂർ മുതലായ ക്ഷേത്രങ്ങളിൽ പതിവായി കൃഷ്ണനാട്ടം നടത്തുന്നുണ്ട്.

അഭ്യാസം

I ശരിയായ വാക്കുകൾ എടുത്തെഴുതുക.

1. സമ്ദ്ധി — സമർധി
2. പശ്ചിമഘട്ടം — പശ്ചിമഗട്ടം
3. നിയൻദ്രണം — നിയന്ത്രണം
4. ഗതാഘതം — ഗതാഗതം
5. പദ്ദതി — പദ്ധതി
6. മഞ്ഞരം — മഞ്ചരം
7. ജനബഹുലം — ജനഭഹുലം
8. പോഷകനദി — പോശകനദി
9. ഉത്ഭവം — ഉൽപവം
10. മനൽ — മണൽ

II അക്ഷരങ്ങൾ ശരിയായ ക്രമത്തിലാക്കി വാക്കുകൾ എടുത്തെഴുതുക.

1. ദീർഘടനതങ്ങ
2. ഴടികപ്പുണ്ണാ
3. അടക്കബിറൽ
4. ജശ്രുലംദ്ധ
5. മനആല
6. ക്കാനൽവേലം
7. അസിമാവാ
8. വിഹാകമ
9. സംയാമലളമാ
10. ദചോപ്രനം

III വിട്ടുപോയ അക്ഷരങ്ങൾ ചേർത്ത് പദങ്ങൾ എടുത്തെഴുതുക.

1. ചെ—തും
2. മധുര —ിഴങ്ങ്
3. നി—ത്തി
4. —ണക്കെ —
5. വി —മിക്ക്
6. ഉദ്യാ—ം
7. ക—ിർ—
8. മലമ്പ—
9. കാർ—ികോ—കരണം
10. ജനബ—ലം

IV മാതൃക അനുസരിച്ച് തന്നിരിക്കുന്ന വാക്കുകളിൽ നിന്നും പുതിയ വാക്കുകൾ ഉണ്ടാക്കുക.

(a) അനുഭവിക്കുക് — അനുഭവം

1. ആശ്രയിക്കുക്
2. വിശ്രമിക്കുക്
3. പരിചയിക്കുക്
4. ഉത്ഭവിക്കുക്
5. രസിക്കുക്
6. ഉപദേശിക്കുക്
7. അനുഗ്രഹിക്കുക്

V പിരിച്ചെഴുതുക.

1. കവിഞ്ഞൊഴുകുന്നുണ്ട്
2. അനുഗ്രഹീതയാണ്
3. പൊന്നാനിപ്പുഴ
4. സമ്പദ്സമൃദ്ധിയുള്ളതാണെങ്കിൽ
5. കേരളീയർക്കെല്ലാംകൂടി
6. ഓണാഘോഷച്ചടങ്ങ്

VI ചേർത്തെഴുതുക

1. മഹാ + ഉത്സവം
2. ഉത്സവം + ആഘോഷം
3. കണ്ണാടി + പുഴ
4. മധുരം + കിഴങ്ങ്
5. വററി + തുടങ്ങും
6. പരമം + അധികാരി

VII മാതൃക അനുസരിച്ച് വാക്യങ്ങൾ മാററിയെഴുതുക.

(a) മനുഷ്യസംസ്കാരങ്ങൾ നദീതടങ്ങളിൽ രൂപംകൊള്ളുന്നു.
മനുഷ്യസംസ്കാരങ്ങൾ നദീതടങ്ങളിലാണ് രൂപം കൊള്ളുന്നത്.

1. ഭാരതപ്പുഴ ആനമലയിൽ നിന്ന് ഉത്ഭവിക്കുന്നു.
2. മിക്കവാറും എല്ലാ കേരളീയനദികളും അറബിക്കടലിൽ പതിക്കുന്നു.
3. കേരളീയർ മരച്ചീനിയും മധുരക്കിഴങ്ങും കൃഷിചെയ്യുന്നു.
4. വേനൽക്കാലത്തു നദി വററിത്തുടങ്ങുന്നു.
5. മലമ്പുഴയെ സഞ്ചാരികളുടെ സ്വർഗം എന്നു വിളിക്കുന്നു.
6. മനുഷ്യർ ഉദ്യാനവും മത്സ്യാലയവും നിർമിക്കുന്നു.
7. മണൽപ്പുറങ്ങളിൽ ആളുകൾ ഉത്സവമാഘോഷിക്കുന്നു.
8. പ്രകൃതിശക്തികൾ കവികളെ സ്വാധീനിക്കുന്നു.
9. അവർ കലാപരിപാടികൾ ഏർപ്പെടുത്തുന്നു.
10. മനുഷ്യർ ചിലപ്പോൾ ആഹാരത്തിന് മൃഗങ്ങളെ ആശ്രയിക്കുന്നു.

VIII തന്നിരിക്കുന്ന ചെറിയ വാക്യങ്ങൾ കൂട്ടിച്ചേർത്ത് ഒററ വാക്യങ്ങളാക്കി മാററിയെഴുതുക.

1. ഞങ്ങൾ അന്ന് ഒരു ഉത്സവം നടത്തി. അതിന് കൃഷ്ണനാട്ടം കളിക്കാൻ കലാമണ്ഡലത്തിൽ നിന്ന് കളിക്കാർ വന്നു. അവർ നല്ല അഭിനയം കാഴ്ച വച്ചു. അതു ധാരാളം ആളുകൾ കണ്ടു. അവർ സന്തോഷിച്ചു. അവർ കളിക്കാർക്ക് പല സമ്മാനങ്ങളും നൽകി.

2. ഭാരതപ്പുഴ ആനമലയിൽനിന്ന് ഉത്ഭവിക്കുന്നു. അതു് ആദ്യം കാടുകളിൽക്കൂടി ഒഴുകുന്നു. പിന്നെ അതു് ഗ്രാമങ്ങളും പട്ടണങ്ങളും കടക്കുന്നു. അവസാനം അതു് അറബിക്കടലിൽ പതിക്കുന്നു.

3. കുട്ടി സ്കൂളിൽനിന്നും വന്നു. അവൻ അമ്മയെ വിളിച്ചു. അമ്മ വിളി കേട്ടില്ല. അവൻ അടുക്കളയിലേക്കു പോയി. അവിടെ അമ്മ മകനു മധുരപലഹാരം ഉണ്ടാക്കുകയായിരുന്നു. അതു കണ്ട് അവൻ ഓടിച്ചെന്നു. അമ്മ അവനെ കണ്ടു, അവനെ അവർ വാരിയെടുത്തു.

IX മാതൃക അനുസരിച്ച് തന്നിരിക്കുന്ന പൂർണവാക്യങ്ങൾ വാക്യഘടകങ്ങളാക്കി മാററി, അവ സ്വന്തം വാക്യങ്ങളിൽ പ്രയോഗിക്കുക.

(a) നദികൾ വാണിജ്യം നിയന്ത്രിക്കുന്നു.
വാണിജ്യം നിയന്ത്രിക്കുന്ന നദികൾ എല്ലാ രാജ്യങ്ങളിലും ഇല്ല.

1. ഭാരതപ്പുഴ അറബിക്കടലിൽ പതിക്കുന്നു.
2. ഞാൻ ഗ്രാമങ്ങളും പട്ടണങ്ങളും അമ്പലങ്ങളും ആശ്രമങ്ങളും കണ്ടു.
3. അദ്ദേഹം സ്വന്തം കാര്യത്തിനു് ആരേയും ആശ്രയിക്കുന്നില്ല.
4. മാമാങ്കത്തിൽ വച്ചു പരമാധികാരിയെ തെരഞ്ഞെടുത്തിരുന്നു.
5. മൈതാനത്തിൽ ആയിരക്കണക്കിനാളുകൾ തടിച്ചുകൂടി.
6. ഉത്സവസമയത്തു് കലാപരിപാടികൾ നടത്തിയിരുന്നു.
7. ഭാരതപ്പുഴയുടെ കരയിൽ തീപ്പെട്ടിക്കമ്പനികളും ഓട്ടുകമ്പനികളും ഉണ്ടു്.
8. മിക്ക നദികളിലും വേനൽക്കാലത്തു വെള്ളം വററുന്നു.
9. രാജാരാമൻ കേരളചരിത്രം തിരുത്തി എഴുതാൻ ശ്രമിക്കുന്നു.
10. മിഷനറിമാർ മലയാളഭാഷയ്ക്കു് വലിയ സേവനം നൽകി.

X തന്നിട്ടുള്ള ചോദ്യങ്ങൾക്കു് ഉത്തരം നൽകുക.

1. നദികളുടെ പ്രാധാന്യം എന്താണു്?
2. ഭാരതപ്പുഴയുടെ തീരപ്രദേശങ്ങളെപ്പററി എന്തു മനസ്സിലായി?
3. മാമാങ്കം എന്ന ഉത്സവത്തെപ്പററി ഒരു കുറിപ്പെഴുതുക.

XI മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

നമ്മളെപ്പോലെ തന്നെ ഒരു സാമൂഹ്യ ജീവിയാണു് എറുമ്പും. ഒററപ്പിരിഞ്ഞുള്ള ജീവിതം അതിനും ഇഷ്ടമില്ല. തേനീച്ചയെപ്പോലെ കൂട്ടുകുടുംബമായിട്ടാണു് അവനും ജീവിക്കുന്നതു്. എറുമ്പിൻെറ കുടുംബത്തിൽ ഒരു അമ്മ റാണിയും റാണിയാകേണ്ട കുറച്ചു രാജകുമാരിമാരും മടിയന്മാരായ കുറെ രാജകുമാരന്മാരും പരിശ്രമികളായ അനേകം വേലക്കാരും ഉണ്ടു്. വേലക്കാർ എറുമ്പുകൾ പെണ്ണെറുമ്പുകളാണു്. വംശവർദ്ധനവിനു് പകരം ആഹാരസമ്പാദനവും കുടുംബസംരക്ഷണവും ആണു് അവയുടെ ജീവിതോദ്ദേശ്യം. മററുള്ളവർക്കുവേണ്ടി ജീവിക്കുന്ന അവ ത്യാഗജീവികളാണു്. വിശ്രമമില്ലാതെ പണിയെടുക്കുന്നതാണു് അവയുടെ സ്വഭാവം. മററുള്ളവർക്കു് ആഹാരം കൊടുത്തു് അവരെ നന്നായി പോററി

വളർത്തുന്നതാണ് തങ്ങളുടെ ധർമം എന്ന രീതിയിൽ അവ ജോലിചെയ്യുന്നു. രാപകൽ വ്യത്യാസമില്ലാതെ അമ്മ റാണിക്കും കൊച്ചുറാണിമാർക്കും രാജകുമാരന്മാർക്കുംപ്രഞ്ചാരസ്വാതന്ത്ര്യം ഇല്ല. അവരെയാക്കെ പ്രത്യേകം കൂടുകളിലാക്കി സൂക്ഷിക്കുന്നതു വേലക്കാരായ എറുമ്പുകളാണ്. ഒരു കൂട്ടിലുള്ള എറുമ്പുകളെല്ലാം തന്നെ റാണിയുടെ മക്കളാണ്.

എറുമ്പുകളുടെ ആഹാരത്തെപ്പററി പറയുകയാണെങ്കിൽ എറുമ്പു തിന്നാത്തതു് എന്താണെന്നാണ് ചോദിക്കേണ്ടിവരിക. ആഹാരസാധനം ശേഖരിക്കുന്നതിൽ അവയ്ക്കുള്ള സാമർത്ഥ്യവും അതു് സൂക്ഷിക്കുന്നതിൽ അവ കാണിക്കുന്ന ശ്രദ്ധയും നമ്മൾ കണ്ടുപഠിക്കേണ്ടതാണ്. അതുപോലെ തന്നെ അവയുടെ സഹകരണ മനോഭാവവും. ഒരെറുമ്പിനു തന്റെയൊപ്പമോ തന്നെക്കാൾ വലുതോആയ ആഹാര സാധനം ചുമക്കാൻ കഴിയും. തനിച്ചു ചുമക്കാൻ വയ്യാത്ത ഭാരം അനവധി പേർ ഒത്തുചേർന്നു് ചുമന്നു കൊണ്ടുപോകുന്നതു് കാണാം.

പാഠം 5

എന്റെ ഭാഷ

മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം—
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം,
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതെന്നാമതായ്?
മററുള്ള ഭാഷകൾ കേവലം ധാരിമാ!
മർത്ത്യനു പെററമ്മ തൻഭാഷ താൻ.
മാതാവിൻ വാത്സല്യദുഗ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ;
അമ്മ താൻ തന്നേ പകർന്നു തരുമ്പൊഴേ
നമ്മൾക്കമൃതുമമൃതായ്തോന്നൂ!
ഏതോരു വേദവുമേതോരു ശാസ്ത്രവു-
മേതോരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം

സാഹിത്യമഞ്ജരി ഏഴാം ഭാഗം *വള്ളത്തോൾ നാരായണ മേനോൻ*

വള്ളത്തോൾ നാരായണമേനോൻ (1878-1958)

പ്രാചീന കാവ്യരീതിയിൽ നിന്നും ആധുനിക കവിതാരീതിയിലേയ്ക്ക് മലയാളം വളർന്നു തുടങ്ങിയ കാലഘട്ടത്തിൽ മലയാളകവിതയ്ക്ക് പുതിയ രൂപവും പുതുജീവനും നൽകിയ മൂന്നു മഹാകവികളെ മലയാളകവിത്രയം എന്നു പറഞ്ഞുവരുന്നുണ്ട്. അവരാണ് ശ്രീ കുമാരനാശാൻ, ഉള്ളൂർ പരമേശ്വരയ്യർ, വള്ളത്തോൾ നാരായണമേനോൻ എന്നിവർ. കുമാരനാശാനെ ആശയഗംഭീരനെന്നും, ഉള്ളൂരിനെ ഉജ്ജ്വലശബ്ദാഢ്യനെന്നും വള്ളത്തോളിനെ ശബ്ദസുന്ദരനെന്നും നിരൂപകർ വിശേഷിപ്പിച്ചിട്ടുണ്ട്.

ഭാവഗീതങ്ങൾ, നീണ്ട കവിതകൾ, ഖണ്ഡകാവ്യങ്ങൾ, ദേശഭക്തിഗാനങ്ങൾ, മഹാകാവ്യങ്ങൾ (രചനയും, തർജ്ജമയും) എന്നിങ്ങനെ പദ്യസാഹിത്യത്തിലെ എല്ലാ ശാഖകളിലും വള്ളത്തോൾ അദ്ദേഹത്തിന്റേതായ സംഭാവന നൽകിയിട്ടുണ്ട്. അർത്ഥപൂർണ്ണവും ലളിതസുന്ദരവും ആണ് അദ്ദേഹത്തിന്റെ കവിതകൾ. വള്ളത്തോളിന്റെ ഭാവഗീതങ്ങളും ഖണ്ഡകാവ്യങ്ങളും ദേശഭക്തിഗാനങ്ങളും അത്യന്തം ജനപ്രീതി നേടിയിട്ടുള്ളവയാണ്. ബധിരവിലാപം, ബന്ധനസ്ഥനായ അനിരുദ്ധൻ, സാഹിത്യമഞ്ജരി ഏഴുഭാഗങ്ങൾ എന്നിങ്ങനെ അനേകം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

സാഹിത്യമഞ്ജരി ഏഴാം ഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള എന്റെ ഭാഷ എന്ന നീണ്ട കവിതയിൽ നിന്നും എടുത്തിട്ടുള്ളതാണ് പ്രസ്തുത കവിതഭാഗം. മാതൃഭാഷയായ മലയാളഭാഷയോട് കവിക്കുള്ള സ്നേഹവും ഭക്തിയും ആദരവും നിറഞ്ഞുതുളുമ്പുന്നതാണ് ആ കവിത. അതിൽ നിന്ന് മാതൃഭാഷയുടെ മഹത്മ്യം വർണ്ണിക്കുന്ന പതിനാലു വരികളാണ് പാഠഭാഗമായി തെരഞ്ഞെടുത്തിട്ടുള്ളത്.

പദപരിചയം

പിഞ്ചിളം = പിഞ്ച് + ഇളം 'tender and young'

ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം = ചുണ്ടിൽ + മേൽ + അമ്മിഞ്ഞ + പാൽ + ഓട് + ഒപ്പം
= ചുണ്ടിൽ ഉള്ള അമ്മിഞ്ഞപ്പാലിന്റെ കൂടെ

ചുണ്ട് 'lip'

അമ്മിഞ്ഞപ്പാൽ = മുലപ്പാൽ 'breast milk'

സമ്മേളിച്ചീടുന്നത് = സമ്മേളിക്കുന്നത്

സമ്മേളിക്കുന്നത് = ഒരുമിക്കുന്നത് 'come together, assemble'

ഒന്നാമേതായ് = ആദ്യമായി

ധാത്രി = വളർത്തമ്മ 'nurse, foster mother'

മർത്ത്യൻ = മനുഷ്യൻ

പെററമ്മ = പ്രസവിച്ച അമ്മ

മാതാവിൻ = മാതാവിന്റെ = അമ്മയുടെ

വാത്സല്യം 'affection'

ദുഗ്ധം = പാൽ

നുകരുക് = 'drink with relish/appreciation, enjoy'

പൈതങ്ങൾ = കുഞ്ഞുങ്ങൾ

വളർച്ച 'growth'

പകരുക് = 'get transferred, serve'

പതിയേണം = പതിയണം 'should get imprinted'

അമൃത് = 'nectar'

വക്ത്രം = മുഖം

അഭ്യാസം

I വിട്ടുപോയ അക്ഷരങ്ങൾ ചേർത്തു വാക്കുകൾ എഴുത്തെഴുതുക.

1. ദ:—ം
2. നക—ന്നാലേ
3. —ന്ത്രിമാർ
4. വള—ച്ച
5. —ക്ത്രം
6. —ന്ത്രം
7. വത്സ—്യം
8. സ—ളിക്കുന്നു
9. കേ—ലം
10. അ—ത്ത്

II പിരിച്ചെഴുതുക.

1. മിണ്ടിത്തുടങ്ങാൻ
2. വാത്സല്യദുഗ്ധം
3. രണ്ടക്ഷരം
4. പിഞ്ചിളം
5. കമ്പിന്മേൽ
6. നമ്മുടെക്കുത്തും
7. വേദവുമേതൊന്നു
8. പൈതങ്ങൾക്കായി
9. അമ്മയെന്നുള്ള
10. അമ്മിഞ്ഞപ്പാൽ

III ചേർത്തെഴുതുക

1. അമ്മത്ത് + ഉം + അമ്മത്ത് + ആയി
2. ഭാഷ + രീതി
3. ഏത്ത് + ഒരു + ആൾക്ക് + ഉം
4. എഴുതി + തീർത്തു
5. മർത്യൻ + ആയി
6. കട്ടി + കളി
7. തമ്മിൽ + തമ്മിൽ
8. അങ്ങനെ + ആണ് + ഓ
9. പതിയില്ല + അല്ലോ
10. അനേകം + ആയിരം

IV വിട്ടുപോയ പദങ്ങൾ ചേർത്തു വാക്യങ്ങൾ പൂരിപ്പിക്കുക.

1. മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന കുഞ്ഞുങ്ങളുടെ — ആദ്യമായി വരുന്ന ശബ്ദം അമ്മ എന്നതാണ്.

2. പെററമ്മമാരെപ്പോലെ ധാത്രിമാർക്ക് — വളർത്താൻ സാധിക്കില്ല.

3. മാതൃഭാഷ — ആണ്; മററു ഭാഷകൾ വളർത്തമ്മമാരും.

4. എത്ര പ്രയാസമുള്ള കാര്യവും നമ്മുടെ മാതൃഭാഷയിൽ - നമുക്ക വേഗം മനസ്സിലാകും.

5. അമ്മിഞ്ഞപ്പാലിനു തുല്യമാണ് — വാക്കുകളും.

6. അമ്മമാരുടെ പാലു കുടിച്ചാലേ കുഞ്ഞുങ്ങൾ പൂർണ — നേടൂ.

7. ഏതു കാര്യവും —പഠിയണമെങ്കിൽ—ഭാഷയിൽത്തന്നെ കേൾക്കണം.

8. അമൃതിൻെറ സ്വാദും ശരിയായി — അമ്മ തന്നെ വിളമ്പിത്തരണം.

9. മാതാവിനു — ആണു മാതൃഭാഷയും.

10. മാതൃഭാഷയോടു കവികളുള്ള സ്നേഹം ഈ കവിതയിലൂടെ നമുക്ക—

V പദ്യത്തിൻെറ അർഥം സ്വന്തം വാക്കുകളിലെഴുതുക.

VI മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

ജപ്പാൻകാർ ലോകത്തിലെ ഏററവും വലിയ പ്രയത്നശാലികളാണ്. വിശാലമായ കൃഷിസ്ഥലങ്ങൾ അധികമില്ലെങ്കിലും പർവതപ്രദേശങ്ങളിൽപ്പോലും അവർ കഠിന പ്രയത്നം കൊണ്ടും അനേകം ജലസേചന പദ്ധതികൾ കൊണ്ടും ശാസ്ത്രീയമായ കൃഷിരീതികൾ കൊണ്ടും കൃഷി ചെയ്തു വലിയ വിളവ് ഉണ്ടാക്കുന്നു. വ്യവസായരംഗത്താണെങ്കിൽ ഏതു രാജ്യക്കാരേയും പിന്നിലാക്കുന്നുള്ള സാമർഥ്യം ജപ്പാൻകാർക്കുണ്ട്. തുണിനെയ്ത്ത്, പട്ടുനിർമാണം, കളിമൺപാത്രനിർമാണം, കമ്പിളിവസ്ത്രം ഉണ്ടാക്കൽ, ഇലക്ട്രോണിക് സാധനങ്ങൾ തയ്യാറാക്കൽ എന്നിവയാണ് അവരുടെ പ്രധാന വ്യവസായങ്ങൾ. പുഷ്പാലങ്കാരകലയിൽ ജപ്പാൻകാരെ വെല്ലുവിളിക്കാൻ ആരുംതന്നെയില്ല എന്നു പറയാം. അഗ്നിപർവതങ്ങളുടേയും ഭൂകമ്പങ്ങളുടേയും നാടാണ് ജപ്പാൻ. അവയിൽ നിന്ന് അവർക്ക് അടിക്കടി വമ്പിച്ച നഷ്ടങ്ങൾ സംഭവിക്കുന്നു. പക്ഷെ കഠിനപ്രയത്നം കൊണ്ട് വളരെ ചുരുങ്ങിയ കാലഘട്ടത്തിൽത്തന്നെ അവർ ആ നഷ്ടങ്ങൾ നികത്തുന്നു. അവരുടെ പരിശ്രമശീലത്തിനു തക്ക തെളിവ് രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അവർ നേടിയ വ്യാവസായിക പുരോഗതിയാണ്. പക്ഷെ കഠിനപ്രയത്നം കൊണ്ട് വളരെ ചുരുങ്ങിയ കാലഘട്ടത്തിൽ തന്നെ അവർ ആ നഷ്ടങ്ങൾ നികത്തുന്നു. അവരുടെ പരിശ്രമശീലത്തിനു തക്ക തെളിവ് രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം അവർ നേടിയ വ്യാവസായികപുരോഗതിയാണ്. യുദ്ധത്തിൽ പരാ

ജയം സംഭവിച്ചപ്പോൾ നിരാശരാകാതെ അവിരാമം പ്രയത്നിച്ചതുകൊണ്ടാണ് ചരിത്രം കണ്ടിട്ടില്ലാത്ത സുന്ദരമായ രൂപം തങ്ങളുടെ രാജ്യത്തിനു നൽകാൻ അവർക്കു കഴിഞ്ഞതു്.

VII മലയാളത്തിലേക്കു തർജ്ജമ ചെയ്യുക.

He lost his mother when he was hardly two years old. His father got married to a young girl after an year or so. Father did not want to keep his son with the second wife. So he sent the boy to his grandmother. He grew up there. It was only when he started going to school he came to know that he did not have his mother. He had taken his grandmother to be his own mother. The information that he had lost his mother at his second year did not make him sad; but he started feeling that he missed something. His grandmother liked him very much. She was always attending to all his needs. She never got angry with him and never did she scold him or beat him even once. All his friends' mothers beat them and scolded them and loved them. So he also started feeling that his grandmother also should scold and beat him if she had to be his mother.

പാഠം 6

സ്വാതിതിരുനാൾ മഹാരാജാവ്

ഇന്നത്തെ കേരളം മൂന്നു നാട്ടുരാജ്യങ്ങൾ ചേർന്നുണ്ടായതാണ്. തിരുവിതാംകൂറും കൊച്ചിയും മലബാറുമാണ് ആ മൂന്നു രാജ്യങ്ങൾ. ഈ ചെറിയ രാജ്യങ്ങളോരോന്നും വേറെ വേറെ രാജകുടുംബക്കാർ ഭരിച്ചിരുന്നു. പ്രസ്തുത രാജ്യങ്ങളിൽ ഏററവും വലുതും തെക്കുഭാഗത്തുള്ളതുമാണ് തിരുവിതാംകൂർ. ഇതിന്റെ സ്ഥാപകൻ മാർത്താണ്ഡവർമ്മ മഹാരാജാവായിരുന്നു. മാർത്താണ്ഡവർമ്മയ്ക്കുശേഷവും അനേകം രാജാക്കന്മാർ തിരുവിതാംകൂർ ഭരിച്ചിരുന്നു. അവരിൽ ഏററവും പ്രശസ്തനായ മഹാരാജാവ് സ്വാതിതിരുനാൾ രാമവർമയാണ്. കവികളിൽ രാജാവെന്നും, രാജാക്കന്മാരിൽ കവി എന്നും അദ്ദേഹത്തെ ആളുകൾ വിശേഷിപ്പിക്കുന്നു. ദക്ഷിണ ഭോജരാജാവ് എന്നൊരു പേരും സ്വാതിതിരുനാളിനുണ്ട്.

ആയിരത്തിഎണ്ണൂററിപതിമൂന്നിലായിരുന്നു സ്വാതിതിരുനാളിന്റെ ജനനം. ജനിക്കുന്നതിനു മുമ്പു തന്നെ അദ്ദേഹം രാജ്യാവകാശിയായിത്തീർന്നിരുന്നു. കാരണം അദ്ദേഹത്തിന്റെ ജനനസമയത്ത് രാജകുടുംബത്തിൽ പുരുഷപ്രജ ഇല്ലായിരുന്നു. സ്വാതിതിരുനാളിന്റെ മാതാവായ റാണി ലക്ഷ്മീഭായി രാജ്യം ഭരിച്ചിരുന്നു. അങ്ങനെ അമ്മയുടെ ഗർഭത്തിലായിരിക്കുമ്പോൾത്തന്നെ രാജാധികാരം ലഭിച്ചതുകൊണ്ടു 'ഗർഭശ്രീമാൻ' എന്നൊരു ബിരുദവും നാട്ടുകാർ സ്വാതിതിരുനാളിനു നല്കിയിരുന്നു.

സ്വാതിതിരുനാളിന്റെ പിതാവ് വിദ്വാനായ രാജരാജവർമ്മ കോയിത്തമ്പുരാൻ ആയിരുന്നു. പണ്ഡിതനായ അദ്ദേഹത്തിന്റെ പരിശീലനം കുട്ടിക്കാലത്തു സ്വാതിതിരുനാളിനു വേണ്ടുവോളം ലഭിച്ചിരുന്നു. ജനിച്ച് അധികം താമസിയാതെതന്നെ സ്വാതിതിരുനാൾ രാജാവായി വിളംബരം ചെയ്യപ്പെട്ടുവെങ്കിലും അദ്ദേഹത്തിന്റെ അമ്മ തന്നെ പിന്നീടും കുറച്ചുകാലം റീജന്റായി ഭരണം തുടർന്നു. മഹാരാജാവ് കുട്ടി ആയിരിക്കുമ്പോൾത്തന്നെ അമ്മമഹാറാണി നാടുനീങ്ങി. അതിനുശേഷം അച്ഛന്റേയും കൊച്ചമ്മയായ പാർവതീറാണിയുടേയും സംരക്ഷണയിലാണു സ്വാതിതിരുനാൾ വളർന്നത്. അദ്ദേഹത്തിനു പതിനാറു വയസ്സാകുന്നതുവരെ പാർവതീറാണി രാജ്യം ഭരിച്ചിരുന്നു. പതിനാറ

ാമത്തെ വയസ്സ് പൂർത്തിയായതിനുശേഷം സ്വാതിതിരുനാൾ രാജ്യഭാരം കയ്യേററ.

കുട്ടിക്കാലം മുതൽതന്നെ രാജാവിനു പ്രശസ്തമായ വിദ്യാഭ്യാസവും പരിശീലനവും ലഭിച്ചിരുന്നു. മലയാളം, തമിഴ്, കർണാടകം, തെലുങ്ക്, ഹിന്ദുസ്ഥാനി, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ അദ്ദേഹം അഗാധമായ പാണ്ഡിത്യം നേടി. കൂടാതെ ചെറുപ്പത്തിൽ തന്നെ സാഹിത്യത്തിലും സംഗീതത്തിലും അസൂയാർഹമായ അഭിരുചി സ്വാതിതിരുനാളിനുണ്ടായിരുന്നു.

പതിനെട്ടു വർഷമാണ് സ്വാതിതിരുനാൾ തിരുവിതാംകൂർ വാണിരുന്നത്. ആ കാലയളവിനുള്ളിൽ നാട്ടിനും നാട്ടുകാർക്കും വേണ്ടി അദ്ദേഹം പലതും ചെയ്തു. തിരുവിതാംകൂറിൽ ആദ്യമായി ഇംഗ്ലീഷ് പള്ളിക്കൂടം സ്ഥാപിച്ചതു് ഇദ്ദേഹമായിരുന്നു. മുൻസിഫ് കോടതികൾ സ്ഥാപിച്ച് നിയമങ്ങൾ എഴുതിച്ചു പ്രസിദ്ധപ്പെടുത്തി. രാജധാനിയായ തിരുവനന്തപുരത്തുള്ള നക്ഷത്രബംഗ്ലാവും സർക്കാർ അച്ചുക്കൂടവും ഒക്കെ അദ്ദേഹത്തിന്റെ നേട്ടങ്ങളാണ്. ഇതിനു പുറമെ രാജ്യത്തു് എൻജിനീയറിംഗ് വിഭാഗം ഏർപ്പെടുത്തിയതും ധർമാശുപത്രികൾ സ്ഥാപിച്ചതും വസ്തുക്കളും പുരയിടങ്ങളും അളന്നു തിട്ടപ്പെടുത്തി തുടങ്ങിയതും സ്വാതിതിരുനാളിന്റെ കാലത്തായിരുന്നു.

ജനനന്മയ്ക്കു വേണ്ടി ജീവിച്ച മഹാരാജാവായിരുന്നെങ്കിലും, ഭരണകാലത്തിന്റെ അവസാനകാലം സ്വാതിതിരുനാളിനു സുഖകരമായിരുന്നില്ല. അന്ന് തിരുവിതാംകൂറിൽ ബ്രിട്ടീഷ് റസിഡന്റായിരുന്ന കല്ലനുമായി പല അഭിപ്രായവ്യത്യാസങ്ങളും തിരുനാളിനുണ്ടായിരുന്നു. റസിഡന്റ് അനാവശ്യമായി ഭരണകാര്യങ്ങളിൽ ഇടപെട്ടുതുടങ്ങിയതു് രാജാവിന്റെ മനസ്സമാധാനം നശിപ്പിച്ചു. ക്രമേണ രാജ്യഭാരത്തിലുള്ള ഉത്സാഹം നശിച്ച മഹാരാജാവു് ഈശ്വരഭജനത്തിലും സംഗീതത്തിലും സാഹിത്യത്തിലും സമാധാനം കണ്ടെത്തി.

സംഗീതത്തിലും സാഹിത്യത്തിലും സ്വാതിതിരുനാളിനുണ്ടായിരുന്ന താല്പര്യം അളവററതായിരുന്നു. അദ്ദേഹത്തെ ആശ്രയിച്ച് നാട്ടിനകത്തു നിന്നും പുറനാടുകളിൽ നിന്നും അനേകം കവികളും സംഗീതവിദ്വാന്മാരും തിരുവനന്തപുരത്തു വന്നു താമസം ഉറപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രോത്സാഹനം ലഭിച്ചിരുന്നവരിൽ ഇരയിമ്മൻ തമ്പി, വിദ്വാൻ കോയിത്തമ്പുരാൻ തുടങ്ങിയ മലയാളകവികളും വടിവേലുപൊന്നയ്യ, ചിന്നയ്യ, മേരുസ്വാമി തുടങ്ങിയ കർണാടക സംഗീതവിദ്വാന്മാരും ഉൾപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ കാലത്തു തന്നെയായിരുന്നു ഗാനഗന്ധർവനെന്നു കരുതപ്പെടുന്ന ഷട്കാലഗോവിന്ദമാരാരും ജീവിച്ചിരുന്നതു്

സ്വാതിതിരുനാൾ സംസ്കൃതത്തിലും മലയാളത്തിലും ഗദ്യ പദ്യഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ അമൂല്യമായ സംഭാവന സംഗീതകലയ്ക്കായിരുന്നു. സംസ്കൃതം, കർണാടകം, തെലുങ്ക്, ഹിന്ദുസ്ഥാനി എന്നീ ഭാഷകളിൽ അദ്ദേഹം അനേകം കീർത്തനങ്ങൾ രചിച്ചു. ആ കീർത്തനങ്ങൾ ഇന്നും ശാസ്ത്രീയ സംഗീതരംഗത്ത് ആരാധിക്കപ്പെടുന്നവയാണ്. സംഗീതവും സാഹിത്യവും മാത്രമല്ല അദ്ദേഹം ലാളിച്ചു സംരക്ഷിച്ചത്. ചിത്രമെഴുത്ത്, നൃത്തം, കൊത്തുപണി തുടങ്ങിയ ഇതര കലകളിൽ നിപുണരേയും അദ്ദേഹം പ്രോത്സാഹിപ്പിച്ച് ആദരിച്ചിരുന്നു. ചുരുക്കത്തിൽ തിരുവിതാംകൂറിൽ ലളിതകലകളുടെ സുവർണകാലമായിരുന്നു സ്വാതിതിരുനാളിന്റെ ഭരണകാലം എന്ന് നിസ്സംശയം പറയാവുന്നതാണ്. പ്രജാക്ഷേമതല്പരനായ രാജാവ് എന്നു നാട്ടുകാർ കരുതുമ്പോൾ, കലാപ്രിയനും സംഗീതവിദ്വാനുമായിട്ടാണ് സ്വാതിതിരുനാൾ പരദേശത്ത് അറിയപ്പെടുന്നത്.

തലമുറകൾകൊണ്ടു മാത്രം ചെയ്തുതീർക്കാൻ കഴിയുന്നതാണ്, സ്വാതിതിരുനാൾ കലകളുടെ വളർച്ചയ്ക്കായി വെറും മുപ്പത്തിനാലു വർഷംകൊണ്ടു പൂർത്തിയാക്കിയത്. സംഗീതത്തിന് അദ്ദേഹം ചെയ്തിട്ടുള്ള സേവനത്തിന്റെ സ്മരണയ്ക്കായി തിരുവനന്തപുരത്ത്, അദ്ദേഹത്തിന്റെ കാലശേഷം ഒരു സംഗീതകലാലയം സ്ഥാപിക്കപ്പെട്ടു. അതാണു സ്വാതിതിരുനാൾ സംഗീതകലാലയം എന്ന പേരിൽ ഇപ്പോഴും പ്രവർത്തിക്കുന്നത്.

പദപരിചയം

നാട്ടുരാജ്യം 'country state'
സ്ഥാപകൻ 'founder'
വിശേഷിപ്പിക്കുക 'qualify'
രാജ്യാവകാശി 'heir to the throne'
പുരുഷപ്രജ 'male progeny'
ഗർഭം 'pregnancy'
ബിരുദം 'title, degree'
വിളംബരം ചെയ് 'proclaim'
നാടുനീങ്ങുക 'pass away, die (used in referring to the death of very important persons)
കയ്യേല്ക്കുക 'take charge'
അഗാധം 'deep'
സംഗീതം 'music'
അസൂയാർഹം 'enviable'
അഭിരുചി 'talent, inclination, taste'
വാഴ് 'rule over, live'
പ്രസിദ്ധപ്പെടുത്തുക 'publish'
അച്ചുക്കൂടം 'printing press'
നേട്ടം 'achievement'
ഏർപ്പെടുത്തുക 'establish, make arrangement'

ധർമാശുപത്രി 'free hospital'

അളക്കുക് 'measure'

തീട്ടപ്പെടുത്തുക് 'assess, fix'

അനാവശ്യമായി 'unnecessarily'

ഇടപെടുക് 'interfere'

രാജ്യഭാരം 'burden of ruling over the kingdom'

ഉത്സാഹം 'enthusiasm, interest'

അളവററത്തു് 'limitless'

ഉറപ്പിക്കുക് 'confirm, fix'

താമസം ഉറപ്പിക്കുക് 'settle down'

പ്രോത്സാഹനം 'encouragement'

ഉൾപ്പെടുക് 'be included / contained'

രചിക്കുക് 'compose'

ആരാധിക്കുക് 'worship'

ലാളിക്കുക് 'pet'

സംരക്ഷിക്കുക് 'protect, look after'

ചിത്രമെഴുത്തു് 'painting'

നൃത്തം 'dance'

കൊത്തുപണി 'sculpture'

നിപുണർ 'experts'

സുവർണം 'golden'

പ്രജാക്ഷേമം = ജനനന്മ

ക്ഷേമം 'welfare'

പരദേശം 'foreign land'

സ്മരണ 'memory'

അഭ്യാസം

I ശരിയായ വാക്കുകൾ തെരഞ്ഞെടുത്തെഴുതുക.

1.	മലബാർ	— മളബാർ	6.	വിളംബരം	— വീളംബരം
2.	പുരുഷൻ	— പുറുഷൻ	7.	ബിരുദം	— ബിരുധം
3.	ബരണം	— ഭരണം	8.	സംരക്ഷണ	— സംരഷണ
4.	പേരു്	— പെരു്	9.	കോടതി	— കോട്ടതി
5.	നീങ്ങു്	— നിങ്ങു്	10.	പുരയിടം	— പുറയിടം

II വിട്ടുപോയ അക്ഷരങ്ങൾ ചേർത്തെഴുതുക.

1. പ്ര—സ്ഥൻ
2. സ്വാതി—ത്രനാ—
3. പ്ര—ാക്ഷേമം
4. —ാപകൻ
5. പരി—ീല—വും
6. താ—ര്യം
7. േ—ണ്ടുവോളം
8. ഗർ—ത്തിൽ
9. രാ—കുട്ടം—ാ
10. തിരുവി—ാം—ർ

III ചേരുംപടി ചേർക്കുക.

1. മാർത്താണ്ഡവർമ	a സ്വാതിതിരുനാൾ
2. റാണി ലക്ഷ്മീഭായി	b സ്വാതിതിരുനാളിന്റെ കൊച്ചമ്മ
3. ഗർഭശ്രീമാൻ	c ബ്രിട്ടീഷ് റസിഡൻറ്
4. സംഗീതവിദ്വാൻ	d സ്വാതിതിരുനാളിന്റെ അമ്മ
5. കല്ലൻ	e മലയാളകവി
6. ഇരയിമ്മൻ തമ്പി	f മേരുസ്വാമി
7. പാർവതീ റാണി	g തിരുവിതാംകൂർ സ്ഥാപകൻ

IV പിരിച്ചെഴുതുക.

1. ചേർന്നുണ്ടായതാണ്	6. ചെയ്തിട്ടുള്ളതെല്ലാം
2. രാജ്യാവകാശി	7. ഭരിച്ചിരുന്നെങ്കിലും
3. കുട്ടിയായിരിക്കുമ്പോൾ	8. ഗർഭത്തിലായിരിക്കുമ്പോൾത്തന്നെ
4. സുഖകരമായിരുന്നില്ല	9. വയസ്സാകുന്നതുവരെയേ
5. അളവറ്റതായിരുന്നില്ല	10. തിരുനാളിനുണ്ടായിരുന്നു

V വിട്ടുപോയ വാക്കുകൾ ചേർത്തു വാക്യങ്ങൾ പൂരിപ്പിക്കുക.

1. മാർത്താണ്ഡവർമയ്ക്കു—അനേകം രാജാക്കന്മാർ തിരുവിതാംകൂർ —
2. സ്വാതിതിരുനാളിനെ ദക്ഷിണഭോജരാജാവ്—ജനങ്ങൾ വിളിക്കാറുണ്ട്.
3. അപ്പോൾ രാജകുടുംബത്തിൽ പുരുഷപ്രജ—
4. —തന്നെ അദ്ദേഹത്തിനു സംഗീതത്തിലും സാഹിത്യത്തിലും —ഉണ്ടായിരുന്നു.
5. പല ഭാഷകളിലും അദ്ദേഹം കീർത്തനങ്ങൾ—
6. പരദേശികൾ സ്വാതിതിരുനാളിനെ—സംഗീതവിദ്വാനുമായിട്ടാണു അറിയുന്നതു്
7. സംഗീതത്തിലും സാഹിത്യത്തിലും—അഭിരുചി സ്വാതിതിരുനാളിനുണ്ടായിരുന്നു.
8. റസിഡൻറ് കല്ലൻ ഭരണകാര്യങ്ങളിൽ—സ്വാതിതിരുനാളിന്റെ മനസ്സമാധാനം നശിപ്പിച്ചു.
9. തിരുവനന്തപുരത്തു സർക്കാർ അച്ചുക്കൂടവും നക്ഷത്രബംഗ്ലാവും ഒക്കെ —സ്വാതിതിരുനാൾ—
10. സ്വാതിതിരുനാളിന്റെ ലാളനയിൽ ലളിതകലകൾ—വളർന്നു

VI താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ അർഥവ്യത്യാസം വരുത്താതെ വേറെ ഏതെങ്കിലും ഘടനയിൽ മാററിയെഴുതുക.

1. സ്വാതിതിരുനാളിൻെറ കാലത്തു ലളിതകലകൾ തഴച്ചുവളർന്നു
2. തിരുവിതാംകൂറിൻെറ സ്ഥാപകൻ മാർത്താണ്ഡവർമ ആയിരുന്നു
3. ഗർഭശ്രീമാൻ എന്നൊരു ബിരുദവും ജനങ്ങൾ സ്വാതിതിരുനാളിനു നല്കിയിരുന്നു
4. അമ്മയുടെ മരണശേഷം കൊച്ചമ്മയുടെ സംരക്ഷണയിൽ അദ്ദേഹം വളർന്നുവന്നു
5. രാജാവായപ്പോൾ പതിനാറുവയസ്സേ സ്വാതിതിരുനാളിനുണ്ടായിരുന്നുള്ളു.

VII താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം നല്കുക.

1. സ്വാതിതിരുനാൾ ആരായിരുന്നു ?
2. അദ്ദേഹത്തിനു ഗർഭശ്രീമാൻ എന്ന പേരു കിട്ടിയതെങ്ങനെ ?
3. സ്വാതിതിരുനാളിൻെറ ബാല്യത്തെപ്പററി നിങ്ങൾക്കെന്തു മനസ്സിലായി
4. പ്രജാക്ഷേമതല്പരൻ എന്നു ജനങ്ങൾ സ്വതിതിരുനാളിനെ വിളിക്കാൻ കാരണമെന്താണ്?
5. സ്വാതിതിരുനാളിൻെറ രാജസദസ്സിനെപ്പററി ഒരു ചെറുവിവരണം നല്കുക.
6. അദ്ദേഹം പരദേശങ്ങളിൽ അറിയപ്പെട്ടതു എങ്ങനെയാണ്? എന്തായിരുന്നു അതിനു കാരണം?
7. സ്വാതിതിരുനാളിൻെറ അവസാനകാലത്തെപ്പററി ഒരു കുറിപ്പെഴുതുക.

VIII മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

ഫ്ളോറൻസ് നൈററിംഗേൽ എന്ന മഹതിയാണ് ജനസേവനത്തിനു വേണ്ടി സ്ത്രീകളെ ലോകരുടെ മുമ്പിൽ കൊണ്ടുവന്നതു്. ഉന്നതകുല ജാതയായിരുന്ന ഈ ഇംഗ്ലീഷുവനിത ഇററലിയിലെ ഫ്ളോറൻസ് നഗരത്തിൽ ജനിച്ചു. ചെറുപ്പം മുതൽ തന്നെ കഷ്ടപ്പെടുന്നവരോടും അവശതയനുഭവിക്കുന്നവരോടും ഫ്ളോറൻസിനു ദയ തോന്നിയിരുന്നു. അവരെ സഹായിക്കാൻ അവൾ കഴിയുന്നത്ര ശ്രമിച്ചിരുന്നു. യുവതിയായപ്പോൾ ഒരു നേഴ്സായി ജീവിതം നയിക്കണമെന്ന തൻെറ ആഗ്രഹം അവൾ മാതാപിതാക്കന്മാരെ അറിയിച്ചു. വലിയ കുടുംബത്തിൽപ്പെട്ട മഹിളകൾ ആ ജോലിക്കുപോകുന്നതു വലിയ കുറച്ചിലായി കരുതിയിരുന്നു. അതുകൊണ്ടു് അവർ മകളുടെ ആഗ്രഹം എതിർത്തു. പക്ഷെ മനുഷ്യസേവനമാണ് തൻെറ ജീവിതലക്ഷ്യം എന്നു കരുതിയ ഫ്ളോറൻസിനെ തടയാൻ ആർക്കും കഴിഞ്ഞില്ല. ആഗ്രഹിച്ചതു

പോലെ അവർ ഒരു നേഴ്സായിത്തീരുക തന്നെ ചെയ്തു. തൊണ്ണൂറാമത്തെ വയസ്സുവരെ അവർ അവിരാമം പ്രയത്നിച്ചു. പൊതുവെ ആശുപത്രികൾക്കു ഒരു പുതിയ രൂപം നൽകാൻ അവർക്കു കഴിഞ്ഞിരുന്നു. സേവനസന്നദ്ധതയുള്ള സ്ത്രീകൾക്കു വേണ്ടി ഒരു പരിശീലനസ്കൂളും അവർ സ്ഥാപിച്ചിരുന്നു. അങ്ങനെ രോഗശുശ്രൂഷയ്ക്ക് ഒരു പുതിയ വഴി തുറന്നു കാട്ടിയ ഈ മഹതിയോട് മനുഷ്യരാശി കടപ്പെട്ടിരിക്കുന്നു.

IX മലയാളത്തിലേക്കു തർജ്ജമ ചെയ്യുക

Trivandrum is the capital of Kerala. It is a small beautiful city. Even when the Maharajas were ruling Trivandrum was their capital. It was king Marthandavarma the founder of Travancore who made Trivandrum the capital of his kingdom. Before that the town of Padmanabhapuram which is now in the Kanyakumari district of Tamilnadu was the capital. Trivandaum has the beauty of a village and the facilities of a city. The temple of Lord Sree Padmanabha Swamy is situated in the heart of this city. It is this temple which gave the city its name. From Sree Ananthapuram English rulers mad it Trivandrum. Trivandrum is a city of tourist importance also. It has a beautiful internationally famous beach, an observatory, an art gallery, zoo, acquarium etc. It is the southern most city of our Subcontinent. Though it is a capital city it is not at all an industrial city. Civil officers and cultural institutions adorn the city and not factories or mills.

പാഠം 7

വടക്കൻ പാട്ടുകൾ

മനുഷ്യർ ഒരിക്കലും മറ്റുപിരിഞ്ഞുള്ള ജീവിതം ഇഷ്ടപ്പെട്ടിരുന്നില്ല. പണ്ടു കാലം മുതൽക്കേ കൂട്ടംകൂടിയായിരുന്നു അവർ ജീവിച്ചുപോന്നിരുന്നതു്. അങ്ങനെ ഒരുമിച്ചു കഴിഞ്ഞുവന്ന മനുഷ്യർ അവരുടെ ജീവിതാഭ്യാസം തീർത്തിരുന്നതു് പാട്ടുപാടിയും കഥകൾ പറഞ്ഞുമായിരുന്നു. തങ്ങളുടെ ദിനകൃത്യങ്ങൾ വിവരിച്ചും ഇഷ്ടദേവതകളെ സ്തുതിച്ചും ഉത്സവാഘോഷങ്ങൾ വർണിച്ചും തങ്ങളിൽ വലിയവരെ പുകഴ്ത്തിയും അവർ പാട്ടുകൾ പാടി; കഥകൾ പറഞ്ഞു. ആ പാട്ടുകളും കഥകളും അവർ വായ്മൊഴിയിലൂടെ തലമുറകളിലേക്കു് പകർന്നു. അങ്ങനെയാണു് എല്ലാ ഭാഷകളിലും നാടൻപാട്ടുകളും കഥകളും ഉണ്ടായതു്. ഇത്തരം "ഏട്ടിലെഴുതാപ്പാട്ടുകൾ" ആണു് വായനയും എഴുത്തും നിലവിൽവന്നശേഷം ആളുകളെ സാഹിത്യരചനയ്ക്കു് പ്രേരിപ്പിച്ചതു്.

മലയാളഭാഷയ്ക്കും നാടൻപാട്ടുകളുടെ വലിയ ഒരു സമ്പത്തുണ്ടു്. ദേവീദേവന്മാരെപ്പോല്പിയുള്ളവ, വീരപുരുഷന്മാരെയും വീരാംഗനമാരെയും പ്രകീർത്തിക്കുന്നവ, നിത്യജീവിതാനുഭവങ്ങൾ വിവരിക്കുന്നവ എന്നിങ്ങനെ അവയെ തരംതിരിക്കാം. ഇവയിൽ വീരഗാഥകളുടെ കൂട്ടത്തിൽ പെടുന്നവയാണു് കേരളത്തിലെ വടക്കൻപാട്ടുകൾ.

വടക്കേ മലബാറിലുള്ള കോലത്തുനാടു്, കടത്തനാടു്, വയനാടു് എന്നീ വിടങ്ങളിലായാണു് വടക്കൻപാട്ടുകളിലെ കഥാപാത്രങ്ങൾ ജീവിച്ചിരുന്നതെന്നു് കരുതപ്പെടുന്നു. ജാതിമതഭേദമില്ലാതെ വടക്കേമലബാറിലെ പല വീരവ്യക്തികളെയും പററി പാടുന്നുണ്ടെങ്കിലും പ്രധാനമായും തച്ചോളി മാണിക്കോത്തു് എന്ന നായർതറവാട്ടിലേയും പുത്തൂരംവീടു് എന്ന തീയഗൃഹത്തിലേയും വീരന്മാരുടേയും വീരതരുണികളുടേയും കഥകളാണു് വടക്കൻ പാട്ടുകൾക്കു പ്രധാന വിഷയം. അവരിൽത്തന്നെ കൂടുതൽ പാട്ടുകളുള്ളതു് തച്ചോളി ഒതേനനേയും പുത്തൂരം ആരോമൽച്ചേകവരേയും കുറിച്ചാണു്.

അന്യായം കണ്ടാൽ അതില്ലാതാക്കുകയും പിന്തുണ ആവശ്യമുള്ളവർക്കു് അതു നൽകുകയും വീട്ടിന്റേയും നാട്ടിന്റേയും മാനം കാക്കാൻ വേണ്ടി ആരോടും പൊരുതുകയും ചെയ്യുന്നവനായിരുന്നു തച്ചോളി ഒതേനക്കുറുപ്പു്. കുട്ടിക്കാലം മുതൽ ആയുധാഭ്യാസത്തിൽ ഒതേനൻ മിടുക്കനായിരുന്നു. ഗുരുക്കന്മാർക്കു് അയാളെ വലിയ കാര്യമായിരുന്നു. ഒതേനന്റെ പേരു പുറത്തറിഞ്ഞു തുടങ്ങി

യതു് വയനാടൻ ചിങ്ങൻ നമ്പ്യാർ എന്ന പോരാളിയുമായുള്ള പടവെട്ടോടു കൂടിയായിരുന്നു. അതിനുശേഷം പല പോരുകളും അയാൾ ജയിച്ചു. ലോകനാർ കാവിൽ ഭഗവതിയായിരുന്നു ഒതേനന്റെ ഇഷ്ടദേവത. ഭഗവതിയെക്കണ്ടു് അനുഗ്രഹം വാങ്ങിയിട്ടേ അയാൾ ഏതു പടയ്ക്കും പോയിരുന്നുള്ളു. കാവിൽ ചാത്തോത്തു് കുങ്കി എന്ന ചീരുവിനെയായിരുന്നു ഒതേനൻ വിവാഹം കഴിച്ചിരുന്നതു്. അവളെക്കൂടാതെ വേറെ പല ഭാര്യമാരും അയാൾക്കുണ്ടായിരുന്നു. നാട്ടിലെ പല സുന്ദരിമാരും ഒതേനനെ കിനാവു കണ്ടു നാൾ കഴിച്ചിരുന്നുവത്രെ. അത്രയ്ക്കു വീരനും ശൂരനും പരാക്രമിയും ആയിരുന്നു അയാൾ. ഓരോ സുന്ദരിയെ പാട്ടിലാക്കിയതിന്റെ പിന്നിലും ഓരോ കഥയുണ്ടുപോലും. അയാളുടെ അന്ത്യത്തിനും കാരണക്കാരി ഒരു സ്ത്രീ തന്നെയായിരുന്നു — കുഞ്ഞിത്തേയി. മുപ്പത്തിരണ്ടാമത്തെ വയസ്സിൽ അറുപത്തിയഞ്ചാമത്തെ പടയ്ക്കു പോയപ്പോഴായിരുന്നു അതു സംഭവിച്ചതു്. ഒതേനന്റെ ശത്രുക്കളുടെ വാക്കുകളിൽ മയങ്ങിപ്പോയ കുഞ്ഞിത്തേയി അയാൾ പടയ്ക്കു പോകുന്നതിനു മുൻപു് 'വെടി വച്ചാൽ കൊള്ളാതിരിക്കാനുള്ള രക്ഷ' അഴിച്ചെടുത്തിട്ടാണു് അയാളെ യാത്രയാക്കിയതു്. അങ്കത്തിൽ ഒതേനൻ എതിരാളിയായ മതിലൂർ ഗുരുക്കളെ പരാജയപ്പെടുത്തിയെങ്കിലും, അങ്കക്കളം വിടുമ്പോൾ തന്റെ ആയുധം എടുക്കാൻ മറന്നുപോയി. അതെടുക്കാൻ തിരിച്ചുപോയ ഒതേനനെ മതിലൂർ ഗുരുക്കളുടെ ശിഷ്യൻ മായൻകുട്ടി ഒളിച്ചുനിന്നു വെടിവച്ചു. ഒളിവെടിയേററ ഒതേനൻ വീട്ടിലെത്തി അധികം താമസിയാതെ മരണമടഞ്ഞു.

പുത്തൂരംവീട്ടിലെ നായകനായ ആരോമൽച്ചേകവരും അയാളുടെ സഹോദരി ആറുമ്മണമ്മേൽ ഉണ്ണിയാർച്ചയും ഉണ്ണിയാർച്ചയുടെ പുത്രൻ ആരോമലുണ്ണിയുമാണു് പുത്തൂരംപാട്ടുകളിൽ നിറഞ്ഞുനില്ക്കുന്നതു്. ആരോമൽച്ചേകവരെപ്പററിയുള്ള പാട്ടുകളിൽ അയാൾ പകിടകളിക്കു പോയതും പുത്തരിഅങ്കം വെട്ടുന്നതുമായ കഥകളാണു് പറയുന്നതു്. ചൂതുകളിയിൽ വിദഗ്ധനായ അമ്മാവന്റെ അടുക്കൽ ആ വിദ്യ പഠിക്കാനായി ആരോമൽച്ചേകവർ എത്തുന്നു. അയാളെ അമ്മായി സല്ക്കരിച്ചിരുത്തുന്നു. ആ സമയത്താണു് അമ്മാവന്റെ മകൾ തുമ്പോലാർച്ചയുടെ വരവു്. കുളികഴിഞ്ഞു വരുന്ന അവളെ കണ്ടമാത്രയിൽ ചേകവർക്കു് അവളോടു് അനുരാഗം തോന്നുന്നു. ആ അനുരാഗം അവരുടെ വിവാഹത്തിൽ എത്തിക്കുന്നു. പുത്തരിയങ്കം വെട്ടാൻ പോയി എതിരാളിയെ തോല്പിച്ചുവെങ്കിലും ശത്രുക്കളുടെ ചതിപ്രയോഗത്താൽ ചേകവർ ദയനീയമായ വിധത്തിൽ കൊല്ലപ്പെടുകയാണുണ്ടായതു്. അപ്പോൾ അയാൾക്കു് ഇരുപത്തിരണ്ടാമത്തെ വയസ്സായിരുന്നു. അതിനകം തികഞ്ഞ പോരാളി എന്ന പേർ ചേകവർ നേടിയിരുന്നു.

വടക്കേ മലബാറിന്റെ ലളിതസുന്ദരമായ അഴകററ സംസാരശൈലിയിലാണു് ഈ പാട്ടുകളെല്ലാം നെയ്തെടുത്തിരിക്കുന്നതു്. ക്രി. പി. പതിനാലും പതിനഞ്ചും നൂററാണ്ടുകളിലായിരിക്കണം വടക്കൻപാട്ടുകൾ രചിച്ചിട്ടുള്ളതെന്നാണു് ഗവേഷകരുടെ അഭിപ്രായം. വടക്കേ മലബാറിൽ അക്കാലത്തു

നിലവിലിരുന്ന സാമുദായികവും സാമൂഹ്യവും ആയ സ്ഥിതിഗതികളെപ്പററിയുള്ള ധാരാളം സൂചനകൾ വടക്കൻപാട്ടുകളിൽ ഉടനീളം കാണാം. പാട്ടുകളുടെ തുടക്കവും ഒടുക്കവും ഒക്കെ മനംകവരുന്ന രീത യിലാണ്. അനാവശ്യമായ ചുററിക്കെട്ടലൊന്നും കൂടാതെ നേരിട്ട കഥാവസ്തുവിലേക്കു പ്രവേശിക്കുന്നതാണ് വടക്കൻപാട്ടുകളുടെ മട്ട്. ഉദാഹരണത്തിന് ആരോമൽച്ചേകവർ തുമ്പോലാർച്ചയെ കാണുന്നിടം നോക്കുക.

''മാറത്തു കിണ്ണം കമഴ്ത്തിക്കൊണ്ടു—പടിയും പടിപ്പുര കടന്നുവന്നു
ഒളിമിന്നൽ പോലങ്ങു കണ്ടു ചേകോൻ
ദൃഷ്ടി മറച്ചങ്ങു നോക്കി ചേകോൻ—പുഞ്ചിരിക്കൊണ്ടു ചിരിച്ചു പെണ്ണും.''

ഒരു നോട്ടം! ഒരു പുഞ്ചിരി! അവർ ഒന്നായിത്തീർന്നു.

നായികാനായകന്മാരുടെ സൗന്ദര്യത്തേയും അവരുടെ അഭ്യാസപ്രകടനത്തേയും വർണിക്കുന്ന രീതിയും വളരെ മനോഹരമാണ്. തച്ചോളി ഒതേനന്റെ അനന്തരവനായ തച്ചോളിച്ചന്തുവിന്റെ ഭാര്യ മാതുക്കുട്ടിയുടെ സൗന്ദര്യം കണ്ട് തുളനാടൻകോട്ടയുടെ അധിപനായ കണ്ടർമേനോൻ എന്നൊരു പ്രമാണി അന്ധാളിക്കുകയാണ്!

''ഈവകപ്പെണ്ണുങ്ങൾ ഭൂമിലുണ്ടോ! മാനത്തിന്നെങ്ങാനും പൊട്ടിവീണോ!
ഭൂമിന്നു തനിയെ മുളച്ചുവന്നോ! എന്തു നിറമെന്നു ചൊല്ലേണ്ടു ഞാൻ!
കുന്നത്തു കൊന്നയും പൂത്തപോലെ, ഇളമാവിൻ തയ്യ് തളിർത്തപോലെ
കരുത്തോലയായതിൻ വർണം പോലെ, വയനാടൻ മഞ്ഞൾ
മുറിച്ചപോലെ.''

ഇനി വീരപുരുഷന്റെ അഭ്യാസപ്രകടനമൊന്നു കാണാം. ആരോമൽച്ചേകവർ പുത്തരിയങ്കംവെട്ടിനു പോയി അങ്കത്തട്ടിൽ കയറി അങ്കത്തിനു മുമ്പു നടത്തിയ ഒരു പയററുമുറ—

''അവിടുന്നെഴുന്നേററു ആരോമരും, പീഠം വലിച്ചങ്ങു വച്ചു ചേകോൻ
പാവാട തന്നെ വിരിക്കുന്നുണ്ട്; പാവാട തന്നിൽ തളിക വച്ചു;
തളിക നിറയോളം വെള്ളരിയും; വെള്ളരി മീതൊരു നാളികേരം
നാളികേരത്തിന്മേൽ ചെമ്പഴക്കം; പഴക്കം മുകളിലൊരു കോഴിമുട്ട;
കോഴിമുട്ടമേൽ സൂചി നാട്ടി; സൂചിമുനമേൽ ചുരിക നാട്ടി;
ചുരികമുനമേൽ മറിഞ്ഞുനിന്നു നൃത്തങ്ങളേഴും കഴിച്ചവനും.''

ഇങ്ങനെ പണ്ഡിതർക്കും, പാമരർക്കും ഒരുപോലെ എത്രകേട്ടാലും മതിവരാത്തവയാണ്, മലയാളസാഹിത്യത്തിന്റെ മാററുകൂട്ടുന്ന വടക്കൻപാട്ടുകൾ.

പദപരിചയം

ഒററ പിരിയ് 'get isolated, get separated'
കൂട്ടം കൂട് 'crowd together, form groups'
ജീവിതായാസം 'burden of life' ആയാസം 'difficulty, effort'
ദിനകൃത്യം 'daily routine' ഇഷ്ടദേവത 'favourite deity'
സ്തുതിക്കു് = പുകഴ്ത്തു് 'praise'
വർണിക്കു് 'describe' വായ്മൊഴി 'spoken language'
മൊഴി 'speech, statement'
ഏട്ടിലെഴുതാപ്പാട്ട് = ഏട്ടിൽ എഴുതാത്ത പാട്ട്
ഏട് = പുറം, പേജ് രചന 'composition'
വീരാംഗന 'brave lady' അംഗന 'woman'
പ്രകീർത്തിക്കു് = സ്തുതിക്കു് തരം തിരിക്കു് 'sort out'
ഗാഥ = പാട്ട് പ്രാർത്ഥന = സഹായം
മാനം കാക്കു് 'keep up the prestige'
പൊരുതു് 'fight, war' പോരു് = പൊരുതു് = യുദ്ധം
പട 'army' നാൾ = ദിവസം, ജന്മനക്ഷത്രം
നാൾ കഴിക്കു് 'spend the days' വീരൻ 'hero'
ശൂരൻ 'valiant person' പരാക്രമി 'man of gallantry'
പാട്ടിലാക്കു് 'win over, bring to one's side'
മയങ്ങിപ്പോകു് 'get intoxicated'
അഴിച്ചെടുക്കു് 'remove, loosen and take away'
അങ്കം = പോരു് എതിരാളി 'rival'
പരാജയപ്പെടുത്തു് 'defeat' അങ്കക്കളം 'battle field'
വെടിവയ്ക്കു് 'shoot (fire)' മരണമടയ് 'die'
നിറഞ്ഞുനിൽക്കു് 'be full, be dominant'
പകിടകളി 'gambling with dice'
അങ്കംവെട്ട് 'fight' ചൂതുകളി 'gambling'
സല്ക്കരിക്കു് 'treat an honoured guest'
അനുരാഗം = സ്നേഹം 'love between a man and an woman'
ചതിപ്രയോഗം 'a deceitful trick'
തികഞ്ഞ 'perfect' തികയ് 'be complete'
അഴകുററ = സൗന്ദര്യം നിറഞ്ഞ

ഭാഷാഗവേഷകർ 'researchers in language'
നിലവിലിരിക്കു് 'be in existence, be prevalent'
സ്ഥിതിഗതികൾ 'situations, circumstances'
മനം കവരു് 'rob the heart'
ചുററിക്കെട്ടൽ 'beating round the bush'
നേരിട്ടു് 'directly'
കഥാവസ്തു 'gist of the story'
പ്രവേശിക്കു് 'enter'
ഉദാഹരണം 'example'
മാറത്തു് 'on the chest'
കിണ്ണം 'metal cup'
പടിപ്പുര 'sheltered gate—an entrance to the house which has a roof'
ഒളി = ശോഭ 'beauty, brightness'
മിന്നൽ 'lightning'
ദൃഷ്ടി = കണ്ണു്
മറച്ചു് = ഒളിച്ചു് 'hidden'
പുഞ്ചിരിക്കൊള്ളു് 'smile'
പ്രകടനം 'expression'
മനോഹരം = സുന്ദരം
അധിപൻ 'overlord'
പ്രമാണി 'important person'
അന്ധാളിക്കു് 'be astonished'
മാനം = ആകാശം
പൊട്ടിവീഴു് 'burst off'
മുളയ്ക്കു് 'sprout up'
ചൊല്ലു് = പറയു്
തയ്യു് 'young plant'
തളിർക്കു് 'ptants getting the tender leaves'
കരത്തോല 'tender palm leaf'
പയററുമുറ 'feat of fighting skill'
പീഠം 'stool'
പാവാട 'skirt'
വിരിക്കു് 'spread'
മീതെ = മുകളിൽ
നാളികേരം = തേങ്ങ
ചെമ്പഴുക്ക = ചെമന്ന അടയ്ക്ക
സൂചി 'needle'
ചുരിക 'a double edged sword'
പാമരൻ = പഠിപ്പും അറിവും ഇല്ലാത്തവൻ

അഭ്യാസം

I അക്ഷരങ്ങൾ ശരിയായ ക്രമത്തിലാക്കി വാക്കുകളെടുത്തെഴുതുക.

1. കളുആളെ
2. ഇദേഷ്ടവത
3. തിഗവഭ
4. ദ്ധളികേനാ
5. തിന്നസ്തുക്ക
6. ഒടിവെളി
7. വാടപാ
8. ദനാവിഗ്ധയ

II വിട്ടുപോയ അക്ഷരങ്ങൾ ചേർത്തു വാക്കുകൾ എടുത്തെഴുതുക.

1. ത — മ — കൾ
2. ദ — ാരാളി
3. താ — സി — ുതെ
4. — മാണി
5. അ — ാളിക്കുക
6. ഗ — നാട —
7. ക — ാപ്പ — ങ്ങൾ
8. തദ — ാളിദ — നൻ

III പിരിച്ചെഴുതുക.

1. ഭാഷകളിലെല്ലാം
2. ഉത്സവാഘോഷങ്ങൾ
3. അതില്ലാതാക്കുകയാണെങ്കിൽ
4. അഴിച്ചെടുത്തുവെങ്കിലും
5. പാടിക്കാനായിട്ടാണല്ലോ
6. ജീവിതായാസം
7. രീതിയിലായതിനാൽ
8. മയങ്ങിപ്പോയത്
9. പ്രവേശിക്കരുതല്ലോ
10. സംസാരശൈലിയൊന്ന്

IV ചേർത്തെഴുതുക.

1. ജീവിതം + അനുഭവം
2. വീര + അംഗന
3. പാട്ടിൽ + ആക്കുക + എന്നത്
4. ഭാഷ + ഗവേഷകർ + എല്ലാം
5. പടി + പുര
6. മരണം + അടഞ്ഞു + അല്ലേ
7. തോന്നുന്നു + എങ്കിൽ + ഉം
8. സൂചനകൾ + ആണ് + അവ
9. ചാറി + കെട്ടലിന് + ഒപ്പം
10. നൂററാണ്ടുകളിൽ + ആയി

V വിട്ടുപോയ വാക്കുകൾ ചേർത്തു വാക്യങ്ങൾ പൂരിപ്പിക്കുക.

1. വടക്കൻപാട്ടുകളുടെ ശൈലി — ആണ്.
2. ഒതേനൻ — എതിരാളിയെ പരാജയപ്പെടുത്തി.
3. അറുപത്തിയഞ്ചാമത്തെ പാട്ടു പോയപ്പോഴായിരുന്നു അതു — .
4. മാതുവിനെ — മാനത്തിന്നു പൊട്ടിവീണോ എന്നു മേനോൻ — .
5. നായികമാരുടെ — വർണിക്കുന്ന രീതി മനോഹരമാണ്.
6. കോഴിമുട്ടമേൽ സൂചി —, സൂചിമുനമേൽ ചുരിക നാട്ടി അതിന്മേൽ നൃത്തം — ,

7. അനാവശ്യമായ — ഒന്നും കൂടാതെ നേരിട്ടു കഥ പറയുന്ന — ആണ് വടക്കൻപാട്ടുകളുടേതു്.

8. ഇരുപത്തിരണ്ടാമത്തെ വയസ്സിൽ ആരോമൽച്ചേവകർ — പോരാളി എന്ന പേരു — .

9. തലമുറകളിൽ നിന്നു — വായ്മൊഴിയായി പകർന്നുവന്നതാണു വടക്കൻപാട്ടുകൾ.

10. ഒളിവെടി — ഒതേനൻ വീട്ടിലെത്തി അധികം — മരണമടഞ്ഞു.

VI മാതൃക അനുസരിച്ച്, താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ അർഥം മാറാതെ വാക്യഘടന മാററിയെഴുതുക.

a. മനുഷ്യർ കൂട്ടം കൂടാതെയുള്ള ജീവിതം ഇഷ്ടപ്പെട്ടിരുന്നില്ല.
മനുഷ്യർ കൂട്ടംകൂടിയുള്ള ജീവിതം ഇഷ്ടപ്പെട്ടിരുന്നു.

1. വടക്കൻപാട്ടുകൾ ഇഷ്ടമില്ലാത്ത മലയാളികളില്ല.

2. വീരന്മാരേയും വീരാംഗനമാരേയും സ്തുതിക്കാൻ ആർക്കും സമയം ഇല്ലാതെയില്ല.

3. കഷ്ടപ്പെടാതെ ആയുധാഭ്യാസം നേടാൻ സാധിക്കുമായിരുന്നില്ല.

4. ഭഗവതിയുടെ അനുഗ്രഹം ഇല്ലാതെ ഒരു പടയ്ക്കും പോയിരുന്നില്ല.

5. ഒതേനന്റെ രക്ഷ അഴിച്ചെടുക്കാതെ അയാളെ അവർ വിട്ടില്ല.

VII മാതൃക അനുസരിച്ച്, താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളുടെ ചോദ്യരൂപം മാററി അർഥം വിശദീകരിക്കുന്ന രീതിയിൽ എടുത്തെഴുതുക.

a. പാട്ടുകേൾക്കാൻ ഇഷ്ടമില്ലാത്തവരുണ്ടോ?
പാട്ടുകേൾക്കാൻ ഇഷ്ടമില്ലാത്തവരില്ല.

1. അവളെ കണ്ടാൽ ആഗ്രഹിക്കാത്തവരുണ്ടോ?

2 ജീവിതാനുഭവങ്ങൾ വർണിക്കാത്ത പാട്ട് പാട്ടാണോ?

3. ഇഷ്ടദേവതയെ കാണാതെ അയാൾ പടയ്ക്കു പോകുമോ?

4. എതിരാളിയെ പരാജയപ്പെടുത്താത്തവന് നല്ല പോരാളി എന്ന പേരു കിട്ടുമോ?

5. പരസ്പരസ്നേഹമില്ലാതെ സന്തോഷമായി നാൾ കഴിക്കുവാൻ പററുമോ?

VIII സ്വന്തം വാക്യങ്ങളിൽ പ്രയോഗിക്കുക.

1. പകരു്
2. പുകഴ്ത്തു്
3. നാൾ കഴിക്കു്
4. കൂട്ടുകൂടു്
5. പടവെട്ടു്
6. പരാജയപ്പെടുത്തു്

7. നിറഞ്ഞുനിൽക്കു് 8. സൽക്കരിക്കു്

9. അന്ധാളിക്കു് 10. പ്രേരിപ്പിക്കു്

IX താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കു് ഉത്തരം നൽകുക.

1. നാടൻപാട്ടുകളെങ്ങനെ ഉണ്ടായി?
2. കേരളത്തിലെ നാടൻപാട്ടുകളെ എങ്ങനെ തരംതിരിക്കാം?
3. വടക്കൻപാട്ടുകളുടെ പ്രധാന വിഷയം എന്താണു്?
4. തച്ചോളി ഒതേനനെപ്പററി ഒരു കുറിപ്പെഴുതുക.
5. മാതുവിൻെറ സൗന്ദര്യം കണ്ടു് മേനോൻ അന്ധാളിക്കുന്നതു് സ്വന്തം വാക്കുകളിൽ വർണിക്കുക.
6. വടക്കൻപാട്ടുകളുടെ പ്രത്യേകത എന്താണു്?

X മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

നമുക്കു് കടൽക്കരയിലേക്കു് ഒന്നു പോകാം. എത്ര മനോഹരമായ ഒരു കാഴ്ച! നോക്കുന്നിടത്തെല്ലാം മനംകവരുന്ന സൗന്ദര്യം. നീലപ്പട്ടിൽ കളിക്കുന്ന തിരമാലകളുടെ കുന്നുകൾ! പഞ്ചസാര പോലത്തെ മണൽ കൂമ്പാരങ്ങൾ! മണലിലും വെള്ളത്തിലും ഓടി നടന്നു കളിക്കുന്ന കുട്ടികളും അവർ ഉണ്ടാക്കുന്ന മണൽക്കോട്ടകളും! ചെറുതോണികളിലും വൻവള്ളങ്ങളിലും കടലമ്മയുടെ പ്രസാദമായ മത്സ്യം പിടിക്കുവാൻ മുക്കുവന്മാർ പോകുന്നു. വിശന്നുവലയുന്ന അനേകായിരം പേരുടെ വിശപ്പു തീർക്കാൻ അതുപകരിക്കുന്നു. ആളുകളെയും അവരുടെ സാമാനങ്ങളെയും വഹിച്ചുകൊണ്ടുള്ള കപ്പലുകൾ സഞ്ചരിക്കുന്നതും കടൽപ്പരപ്പിൽത്തന്നെ.

നമ്മുടെ മനംകവരുന്ന ഈ കടൽ വെറുമൊരു കാഴ്ചവസ്തുവാണോ? അല്ല. അതു നിറയെ അത്ഭുതങ്ങളാണു്. അതിൻെറ അഗാധതയിൽ കുന്നുകളും സമതലങ്ങളും അഗ്നിപർവതങ്ങളും ഒക്കെ ഉണ്ടത്രേ. നമുക്കു് ആഹാരത്തിനും വ്യവസായത്തിനും അലങ്കാരത്തിനും പ്രയോജനപ്പെടുന്ന അനേകായിരം വസ്തുക്കൾ നമുക്കു കടലിൽ നിന്നു ലഭിക്കുന്നു. പ്രകൃതിയുടെ ഈ അനുഗ്രഹത്തിനു മുൻപിൽ നാം നന്ദിയോടെ തല കുനിക്കണം.

പാഠം 8

ഓണം

കേരളത്തിനകത്തും പുറത്തുമുള്ള മലയാളികൾക്ക് വളരെ വിശേഷപ്പെട്ട ഒരു ദിവസമാണ് മലയാളമാസം ചിങ്ങത്തിലെ തിരുവോണനാൾ. അന്നാണ് അവരുടെ ദേശീയോത്സവമായ ഓണം. അതു തന്നെയാണ് കേരളീയരുടെ ഏററവും വലിയ ഉത്സവവും. ഒരു തരത്തിൽ പറഞ്ഞാൽ മലയാളികളുടെ ആണ്ടു പിറപ്പുത്സവവും വിളവെടുപ്പുത്സവവും വസന്തോത്സവവും ഒക്കെ ഓണമാണ്.

പ്രകൃതിയും ആളുകളും ഒരുമിച്ച് സന്തോഷിച്ചുകഴിയുന്ന ഒരു സമയമാണ് പൊന്നോണക്കാലം. കേരളത്തിൽ അപ്പോൾ പൂക്കാലമാണ്. പൊന്നിൻ ചിങ്ങമാസത്തിൽ കേരളത്തിലേക്ക് ഒന്നു പോകൂ; എവിടെ നോക്കിയാലും പ്രകൃതീദേവിയുടെ പുഞ്ചിരിയായ പൂക്കളേയും അവ ശേഖരിക്കാൻ പൂക്കൂടകളുമായി ഓണപ്പൂടവ ചുററിയിറങ്ങുന്ന ഓമൽക്കിടാങ്ങളേയും നിങ്ങൾക്കു കാണാം. മാവേലിത്തമ്പുരാനെ എതിരേൽക്കാൻ പൂക്കളം തയ്യാറാക്കുന്ന തിരക്കാണ് അവർക്ക്. ആരാണ് ഈ മാവേലി എന്നറിയാമോ? അദ്ദേഹമാണ് പണ്ടു പണ്ട്, എന്നുവച്ചാൽ ആയിരമായിരം വർഷങ്ങൾക്കു മുൻപ് കേരളം ഭരിച്ചിരുന്ന മഹാബലി ചക്രവർത്തി. ഓണത്തിൻെറ പിന്നിലുള്ള കഥയും ഈ മഹാബലിയെ ചുററിപ്പററിയാണ്. പുരാണങ്ങളിൽ പറയുന്ന വാമനാവതാരവുമായും ആ കഥയ്ക്ക് ബന്ധമുണ്ട്. ആ കഥ ഇങ്ങനെ പോകുന്നു.

ഒരു അസുരചക്രവർത്തിയായ മഹാബലി സ്വർഗവും ഭൂമിയും പാതാളവും അടക്കി ധർമിഷ്ഠയോടെ നാടുവാണിരുന്നു. അക്കാലത്ത് നാട്ടിലെങ്ങും ദാരിദ്ര്യമോ അസമാധാനമോ ദുഃഖമോ ഉണ്ടായിരുന്നില്ല; ഐശ്വര്യസമ്പൂർണമായിരുന്നു. ചക്രവർത്തിയുടെ രാജ്യം. അന്നത്തെ സമൃദ്ധിയെ വിളിച്ചറിയിക്കുന്ന പല ഓണപ്പാട്ടുകളും ഉണ്ട്. അതിലൊന്നു കേട്ടോളൂ.

മാവേലി നാടു വാണീടും കാലം
മാനുഷരെല്ലാരും ഒന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തുങ്ങളാർക്കുമൊട്ടില്ലതാനും.
കള്ളവുമില്ല, ചതിയുമില്ല
എള്ളോളമില്ല പൊളിവചനം
കള്ളപ്പറയും, ചെറുനാഴിയും
കള്ളത്തരങ്ങളും മറെറാന്നുമില്ല.

ഇങ്ങനെ നാട്ടിൽ അനാചാരങ്ങളൊന്നും ഇല്ലാതെ നാടുനീളെ സന്തുഷ്ടിയും സുഭിക്ഷതയും നിറഞ്ഞിരുന്നു. ഇതു കണ്ട ദേവന്മാർ അസൂയാലുക്കളായി. പക്ഷെ ധർമയുദ്ധത്തിൽ മഹാബലിയെ ജയിക്കാൻ അവർക്കു കഴിയുമായിരുന്നില്ല. അതുകൊണ്ടു് അവർ മഹാവിഷ്ണുവിനെ അഭയം പ്രാപിച്ചു. അദ്ദേഹം വാമനനായി അവതരിച്ചു് മൂന്നു ലോകങ്ങളും കരസ്ഥമാക്കാൻ തീർച്ചയാക്കി.

ഭൂമിയിൽ അവതരിച്ച ആ വാമനൻ ദാനശീലനായ മഹാബലിയുടെ സന്നിധിയിൽ ചെന്നു് തനിക്കു് തപസ്സു ചെയ്യാൻ മൂന്നടി സ്ഥലം വേണമെന്നു് യാചിച്ചു. ഉദാരനായ മഹാബലി വാമനന്റെ യഥാർഥ ഉദ്ദേശ്യം മനസ്സിലാക്കിയിട്ടും ഭൂമി അളന്നെടുക്കാൻ അനുവദിച്ചു. ഉടനെതന്നെ ആകാശം മുട്ടെ വളർന്ന ഭീമാകാരനായ ആ വാമനമൂർത്തി ത്രിലോകങ്ങളും രണ്ടടികൊണ്ടു് അളന്നെടുത്തിട്ടു് മൂന്നാമത്തെ അടിക്കു് സ്ഥലം എവിടെ എന്നു ചോദിച്ചു. അപ്പോൾ മഹാബലി വാമനനു് തന്റെ തല കുനിച്ചുകാണിച്ചുകൊടുത്തു. വാമനൻ മഹാബലിയുടെ തലയിൽ കാൽവച്ചു് അദ്ദേഹത്തെ പാതാളത്തിലോട്ടു് അയച്ചു. ആ സന്ദർഭത്തിൽ മഹാബലി വാമനനോടു് ഒരു വരം അപേക്ഷിച്ചു. താൻ വാത്സല്യത്തോടെ ഭരിച്ചിരുന്ന തന്നെ സ്നേഹിച്ചു് തന്നിൽ വിശ്വാസം അർപ്പിച്ച പ്രജകളെ ആണ്ടിൽ ഒരു തവണ വന്നു കാണുവാൻ അനുവദിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ അപേക്ഷ. മഹാവിഷ്ണുവായിരുന്ന വാമനൻ അതനുവദിച്ചു. ഇതനുസരിച്ചു് ആണ്ടുതോറും ചിങ്ങമാസത്തിലെ തിരുവോണനാൾ മഹാബലി നാടുകാണാൻ വരുന്നു എന്നാണു് സങ്കല്പം. കേരളീയർ ആ സമയം പണ്ടുണ്ടായിരുന്ന സമൃദ്ധിയും സന്തുഷ്ടിയും പ്രദർശിപ്പിച്ചു് അദ്ദേഹത്തെ സൽക്കരിക്കാനായി തിരുവോണം ആഘോഷിക്കുന്നു.

ഉല്ലാസനിർഭരമാണു് ഓണനാളുകൾ. പണ്ടൊക്കെ ജനങ്ങൾ കൊയ്ത്തു കഴിഞ്ഞ ഈ പൊന്നിൻ ചിങ്ങമാസക്കാലം മുഴുവൻ ഉണ്ടും തിന്നും ആടിയും പാടിയും കളിച്ചുല്ലസിച്ചു് കഴിഞ്ഞിരുന്നു. കുട്ടികൾക്കും ചെറുപ്പക്കാർക്കും വയസ്സന്മാർക്കും വിനോദത്തിനും വ്യായാമത്തിനും ഉതകിയ കളികൾ ഉണ്ടായിരുന്നു. കെങ്കേമമായ ഓണസ്സദ്യ എല്ലാ വീടുകളിലും നടത്തിയിരുന്നു. വീട്ടുമുറ്റങ്ങൾ പൂക്കളങ്ങളാൽ അലങ്കരിക്കപ്പെട്ടിരുന്നു. ഓണക്കോടികളുടുത്തു് ആബാലവൃദ്ധം ജനങ്ങളും ആർത്തുല്ലസിച്ചിരുന്നു. ഓണത്തല്ലും തുമ്പിതുള്ളലും വള്ളംകളിയും ഊഞ്ഞാലാട്ടവും കേരളീയജനതയുടെ ഓണക്കാല വിനോദങ്ങളായിരുന്നു.

ഇതൊക്കെ പഴയ കഥ. ജനസംഖ്യയും ജീവിതച്ചെലവും വർധിച്ച ഈ യന്ത്രയുഗത്തിൽ ഏതുത്സവമായാലും അത്രയൊക്കെ വിപുലമായ രീതിയിൽ ആഘോഷിക്കാൻ സാധിക്കുമോ? എങ്കിലും മാവേലി മന്നനെ സ്വീകരിക്കാനുള്ള അത്തപ്പൂക്കളം ഒരുക്കാനും കുട്ടികൾക്കാടിപ്പാടി രസിക്കാൻ ഊഞ്ഞാലിടാനും, കഴിയുന്നവിധത്തിൽ വിഭവസമൃദ്ധമായ ഒരു സദ്യ തിരുവോണദിവസം നടത്താനും മലയാളികൾ ഒരിക്കലും മടി കാണിക്കുകയില്ല. എന്നു മാത്രമല്ല

വളരെ ഉത്സാഹത്തോടുകൂടി അതിനു ശ്രമിക്കുകയും ചെയ്യും. പുറനാടുകളിലുള്ള മലയാളികൾ നാട്ടിൽ വരുവാനുള്ള അവസരം ഓണക്കാലത്തേക്ക് നീക്കി വച്ചിരിക്കും. ഏതെങ്കിലും കാരണവശാൽ ഓണത്തിനു് നാട്ടിൽ വരാൻ തരപ്പെടാത്തവർ തങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിൽ സമൂഹസദ്യയും വിവിധ കലാപരിപാടികളും സംഘടിപ്പിച്ചു തൃപ്തിപ്പെടുന്നു. ഇതിനൊക്കെ പുറമെ സർക്കാരിന്റെ വകയായ ഓണാഘോഷവും ഇക്കാലത്തു കാണാം. സംസ്ഥാനമെങ്ങും നാടൻ കലാപരിപാടികൾ സംഘടിപ്പിക്കുക, തിരുവോണദിവസം ജില്ലാ തലസ്ഥാനങ്ങളിലൊക്കെ നിറപ്പകിട്ടാർന്ന ഘോഷയാത്ര ഒരുക്കുക, വിവിധ വിനോദകലാമത്സരങ്ങൾ നടത്തുക എന്നിങ്ങനെയുള്ള പരിപാടികൾ സർക്കാരിന്റെ ഓണാഘോഷച്ചടങ്ങുകളിലുൾപ്പെടുന്നു.

പരിതസ്ഥിതികളുടെ സമ്മർദംമൂലം പഴയ പല ഉത്സവങ്ങളും ആചാരങ്ങളും കൈവിടാൻ നിർബന്ധിതരായെങ്കിലും ഓരോ മലയാളിക്കും 'ഓണം' എന്ന പദം ഈ യന്ത്രയുഗത്തിലും എന്തോ മന്ത്രശക്തിയുള്ളതാണ്.

പദപരിചയം

വിശേഷപ്പെട്ട 'special, important' ദേശീയോത്സവം 'state festival'
ആണ്ട് 'year' പിറപ്പ് 'birth'
വിളവെടുപ്പ് 'harvest' വസന്തോത്സവം 'spring festival'
ശേഖരിക്കുക 'collect, gather' പൂക്കൂട 'flower basket'
ചുററ് 'wear, go around' ഓമൽക്കിടാങ്ങൾ = ഓമനയായ കുട്ടികൾ
ഓമൽ = പ്രിയപ്പെട്ട എതിരേൽക്കുക 'welcome'
ചുററിപ്പററി 'surrounding'
അടക്കുക 'bring under, conquer, control'
ധർമനിഷ്ഠ 'righteousness' അസമാധാനം 'peacelessness'
ആപത്ത് 'calamity' വസിക്കുക = താമസിക്കുക, ജീവിക്കുക
ചതി 'deceit' എള്ള് 'seasm seed'
പൊളി 'lie, falsehood' വചനം 'words'
പറ 'a measure for liquids and solids approximately about 10 kgs'
നാഴി 'a measure about one fourth of a kg'
കള്ളത്തരം 'falsehood' അനാചാരം 'improper convention'
സന്തുഷ്ടി 'delight' സുഭിക്ഷത 'plentiness'
അസൂയാലു 'jealous person' ധർമയുദ്ധം 'righteous war'
യാചിക്കുക 'beg' ഉദാരൻ 'generous person'

അളന്നെടുക്കു് 'measure out' മുട്ടെ 'touching'
ആകാരം 'shape' വരം 'boon'
അർപ്പിക്കു് 'dedicate' സങ്കല്പം 'imagination'
പ്രദർശിപ്പിക്കു് 'exhibit' നിർഭരം = നിറഞ്ഞതു്
കൊയ്ത്തു് 'harvest' ഉതകിയ = യോജിച്ച
ഉതകു് 'come into use, apt'
ആബാലവൃദ്ധം = ബാലൻ മുതൽ വൃദ്ധൻ വരെ 'people of all age'
ആർത്തുല്ലസിക്കു് 'shout and enjoy' ജനത 'folk'
അവതരിക്കു് 'incarnate' അഭയം പ്രാപിക്കു് 'seek shelter'
വിഭവം 'resource, riches, item' കരസ്ഥമാക്കു് 'obtain'
മടി 'hesitation, leziness' തരപ്പെടു് 'be convenient'
സംഘടിപ്പിക്കു് 'organize' ജില്ല 'district'
യന്ത്രം 'machine' യുഗം 'age'
നിറപ്പകിട്ടാർന്ന 'colourful' പകിട്ടു് 'glamour'
ആർന്ന 'that which has' ചടങ്ങു് 'ceremony'
പരിതസ്ഥിതി 'situation, circumstance'
സമ്മർദം 'preasure' നിർബന്ധിതർ 'those who are forced'
മന്ത്രശക്തി 'majical power'

ഓണത്തല്ലു്

യുവാക്കന്മാരും ആരോഗ്യവാന്മാരായ മധ്യവയസ്കരും ശാരീരികബലം പ്രദർശിപ്പിക്കാൻ കളിച്ചിരുന്ന ഒരു കളി യുദ്ധമുറകളിൽ പരിശീലനം നേടിയവർക്കു മാത്രമേ കളിയുടെ വിവിധമുറകൾ അറിയുകയുള്ളു. ആയുധം ഒന്നുംകൂടാതെ നിയമങ്ങൾ അനുസരിച്ചു് കൈ പരത്തി വച്ചുംകൊണ്ടു് അന്യോന്യം അടിച്ചു ബലപരീക്ഷണം നടത്തുന്നതായിരുന്നു രീതി. രണ്ടു ചേരികളായി തിരിഞ്ഞു് ഓരോ ഭാഗത്തു നിന്നും ഓരോരുത്തർ മറു ഭാഗത്തുള്ളവരെ വെല്ലുവിളിച്ചു കൊണ്ടു കളി തുടങ്ങുന്നു. കളി നിയന്ത്രിക്കുവാൻ പ്രത്യേകം പരിശീലനം നേടിയിട്ടുള്ള വിദഗ്ധരും ഉണ്ടു്. കളിക്കാർ മുറ തെററിക്കാതെയും നിയമങ്ങൾ ലംഘിക്കാതെയും നോക്കേണ്ടതു് അവരുടെ ചുമതലയാണു്.

തുമ്പിതുള്ളൽ

ഓണക്കാലത്തു പെൺകുട്ടികളുടെ ഒരു വിനോദമാണിതു്. വീട്ടിനകത്തും മുററത്തും ഈ കളി നടത്താം. കുളിച്ചു ശുദ്ധവസ്ത്രങ്ങളും ധരിച്ചു് പെൺകുട്ടികൾ കളിക്കു തയ്യാറാകുന്നു. ഏതെങ്കിലും ഒരു പെൺകുട്ടി തുമ്പിയായി തിരഞ്ഞെടു

ക്കപ്പെടുന്നു (തുമ്പി എന്നു വച്ചാൽ ഒരു ചെറിയ ഷട്പദം ആണ്. അതിന് കണ്ണാടിപോലെയുള്ള ചിറകുകൾ ഉണ്ട്). ആ പെൺകുട്ടിയെ നടുക്കിരുത്തി തുണിയോ പൂക്കളോ ഇലകളോ കൊണ്ടുമൂടി ചുററും മററുള്ളവർ നിന്നു പാട്ടുകൾ പാടി ആർത്തുവിളിക്കുന്നു. ഈ ബഹളമൊക്കെ വർധിച്ചു വരുന്തോറും തുമ്പിയായിരിക്കുന്ന പെൺകുട്ടിക്ക് ഉത്സാഹം വർധിക്കുകയും അവൾ തുള്ളിത്തുടങ്ങുകയും ചെയ്യുന്നു. ചിലപ്പോൾ തുമ്പി ബോധംകെട്ടുവീഴുകയും ചെയ്യാറുണ്ട്. തുമ്പിതുള്ളലിനു പല പാട്ടുകളും ഉണ്ട്. ഉദാഹരണത്തിന് ഒന്നിതാ:—

"ഒന്നാമൻ കൊച്ചുതുമ്പീ—നീ കൂടെ പോരവേണം
കളിപ്പാൻ ഞാൻ കളം തരാം—കളിപ്പാൻ ഞാൻ കളം തരാം
വെച്ചണ്ണാൻ ചിററുരുളി —വരേക കോരിക ഞാൻ തരുവൻ
എന്താ തുമ്പീ നീ തുള്ളാത്തു — എന്താ തുമ്പീ തുള്ളാത്തു
'നാണോം മാനോള്ള' 'തുമ്പിയാണേൽ ആടിപ്പാടിത്തുള്ളിക്കോ''

അഭ്യാസം

I അക്ഷരങ്ങൾ ശരിയായ ക്രമത്തിലാക്കി വാക്കുകൾ എടുത്തെഴുതുക.

1. ദംനോവി
2. കടുനാറൾപ
3. ഹദ്യസമൂസ
4. തിരിതപസ്ഥി
5. അനംധാമാസ
6. വസഭമ്പുവിദ്ധം
7. കിട്ട്പ
8. ഘടിക്കപ്പിൽസം
9. ഓങ്ങൽമടാക്കിറം
10. ണംരുതിവോ

II വിട്ടുപോയ അക്ഷരങ്ങൾ ചേർത്തു വാക്കുകൾ എടുത്തെഴുതുക.

1. പ്രകൃ—ീദേവി
2. ച—വ—ത്തി
3. പ—ണ—ം
4. വസ—ാൽസ—ം
5. ച—ങ്ങു—ം
6. പാതാ—വും
7. കെ—മ—ായ
8. യന്ത്ര—ഗം
9. കലാ_ രി—ാടി
10. വി —ിച്ച—ിയിക്കുന്ന

III പിരിച്ചെഴുതുക.

1. പൊന്നോണക്കാലം
2. പുത്തരിയുൽസവം
3. ഓണാഘോഷപരിപാടികൾ
4. പൂക്കാലമെല്ലാം
5. മാവേലിത്തമ്പുരാനാണ്
6. ആണ്ടുപിറപ്പുൽസവം
7. ഏതുത്സവമായാലും
8. അളന്നെടുത്തു
9. ആഘോഷച്ചടങ്ങ്
10. സമൂഹസദ്യ

IV ചേർത്തെഴുതുക

1. പൂ + കുട
2. ഓണം + പുടവ
3. വസന്തം + ഉത്സവം
4. കളിച്ച് + ഉല്ലസിച്ച്
5. അത്തം + പൂവ്
6. സ്വീകരിക്കാൻ + ഉള്ള
7. നിർബന്ധിതർ + ആയിരുന്നു + എങ്കിൽ
8. വ്യത്യാസം + ഒന്നും + ഇല്ലാതെ
9. മന്ത്രം + ശക്തി + ഉണ്ടെങ്കിൽ
10. വിഭവം + സമൃദ്ധി + ഉണ്ട്

V വിട്ടുപോയ വാക്കുകൾ ചേർത്ത് വാക്യങ്ങൾ പൂരിപ്പിക്കുക.

1. മഹാബലിയാണ്— —എന്നു വച്ചാൽ, ആയിരമായിരം — മുൻപ് കേരളം ഭരിച്ചിരുന്നതത്രേ.
2. അദ്ദേഹത്തെ—ആണ് ഓണത്തെപ്പററിയുള്ള കഥ.
3. മഹാബലി മൂന്നു ലോകങ്ങളും — ധർമനിഷ്ഠയോടെ വാണിരുന്നു.
4. —സമ്പൂർണമായിരുന്നു മഹാബലിയുടെ രാജ്യം.
5. സ്ഥലം ചോദിച്ച വാമനന് മഹാബലി തന്റെ തല—കാണിച്ചു കൊടുത്തു.
6. ഓണക്കാലത്ത് കേരളത്തിൽ—പുഞ്ചിരിക്കുന്ന പൂക്കളെ കാണാം.
7. പണ്ടുണ്ടായിരുന്ന സമൃദ്ധിയും — പ്രദർശിപ്പിക്കാൻ ഓണം കൊണ്ടാടുന്നു.
8. ദേവന്മാർക്ക് — മഹാബലിയെ ജയിക്കാൻ കഴിയുമായിരുന്നില്ല.
9. ചെറുപ്പക്കാർക്കും — വിനോദത്തിനും — വേണ്ട കളികൾ പണ്ടുണ്ടായിരുന്നു.
10. തിരുവോണദിവസം മലയാളികൾ തങ്ങൾക്കു—വിധത്തിൽ ഒരു — നടത്തുന്നു.

VI ചേരുംപടി ചേർക്കുക.

1.	പറ	(a)	ആണ്ടുപിറപ്പ്
2.	കള്ളം	(b)	വാമനൻ
3.	സമൃദ്ധി	(c)	ഓണത്തല്ല്
4.	ഭൂമി	(d)	ചതി

5.	കുട്ടികൾ	(e)	വ്യായാമം
6	മഹാവിഷ്ണു	(f)	സന്തുഷ്ടി
7.	തുമ്പിതുള്ളൽ	(g)	മാവേലിത്തമ്പുരാൻ
8.	വിനോദം	(h)	ഓണപ്പൂടവ
9.	വിളവെടുപ്പ്	(i)	നാഴി
10.	പൂക്കളം	(j)	പാതാളം

VII സ്വന്തം വാക്യങ്ങളിൽ പ്രയോഗിക്കുക.

(a)

1.	അഭയം പ്രാപിക്കുക	2.	കരസ്ഥമാക്കുക
3.	എതിരേൽക്കുക	4.	വിളിച്ചറിയിക്കുക
5.	അടക്കിഭരിക്കുക	6.	സംഘടിപ്പിക്കുക
7.	ശേഖരിക്കുക	8.	അനുവദിക്കുക
9.	ആഘോഷിക്കുക	10.	കൊണ്ടാടുക

(b)

1.	അസൂയാലു	2.	ഉരുകിയ
3.	കെങ്കേമമായ	4,	കലാപരിപാടികൾ
5.	പരിതസ്ഥിതികൾ	6.	നിറപ്പകിട്ടാർന്ന
7.	ചുററിപ്പററി	8.	വിളവെടുപ്പ്
9.	സന്നിധി	10.	ജീവിതച്ചെലവ്

VIII താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കു് ഉത്തരം നൽകുക.

1. ചിങ്ങമാസത്തിലെ തിരുവോണംനക്ഷത്രത്തിൻെറ പ്രാധാന്യമെന്താണു്?
2. പൊന്നിൻ ചിങ്ങമാസം കേരളത്തിൽ പോകുന്നവർ കാണുന്ന കാഴ്ച എന്താണു്?
3. മഹാബലി ആരായിരുന്നു? അദ്ദേഹത്തെ ആളുകൾ ഇഷ്ടപ്പെടാനുള്ള കാരണം എന്തായിരുന്നു?
4. മഹാവിഷ്ണു വാമനനായി ഭൂമിയിൽ ജനിച്ചതെന്തിനായിരുന്നു?
5. വാമനാവതാരത്തിൻെറ ഫലം എന്തായിരുന്നു?
6. ഓണം ആഘോഷിക്കുന്നതെന്തിനാണു്?
7. പണ്ടൊക്കെ കേരളീയർ എങ്ങനെ ഓണം ആഘോഷിച്ചിരുന്നു?
8. ഈ യന്ത്രയുഗത്തിൽ മലയാളികൾ എങ്ങനെ ഓണം കൊണ്ടാടുന്നു?

IX മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

രാമപുരം
1-5-82

പ്രിയപ്പെട്ട കുഞ്ഞുമോൾക്ക്,

നിന്റെ എഴുത്തു കിട്ടി. വായിച്ചു. വളരെ സന്തോഷമായി. അക്ഷരത്തെറ്റുകൾ അധികമില്ല. ഇനിയും ശ്രദ്ധിച്ചാൽ നിനക്ക് വളരെ നന്നായി എഴുതാൻ കഴിയും.

മുൻപൊരിക്കൽ ഞാൻ നിനക്ക് പഞ്ചസാര ഉണ്ടാക്കുന്നതിനെപ്പററിയും കരിമ്പുകൃഷിയെപ്പററിയും പറഞ്ഞുതന്നതു് നിനക്കോർമയുണ്ടോ? അപ്പോൾ എനിക്ക് തിരുവല്ലായിലായിരുന്നു ജോലി. കരിമ്പുകൃഷി ധാരാളമുള്ള ഒരു സ്ഥലമാണല്ലോ തിരുവല്ല ഇപ്പോൾ ഞാൻ താമസിക്കുന്ന ഈ നീലഗിരി എന്തിനാണ് പ്രസിദ്ധം എന്ന് നിനക്കറിയാമോ? തേയിലത്തോട്ടങ്ങൾക്ക്. വളരെയധികം ആളുകൾക്ക് പ്രിയപ്പെട്ട ഒരു പാനീയമാണ് തേയില അഥവാ ചായ. പഞ്ചസാരയില്ലാതെ വെറും തേയില കുടിക്കുന്ന ചീനക്കാരെപ്പററിയും ജപ്പാൻകാരെപ്പററിയും ഇനി ഒരിക്കൽ ഞാൻ പറഞ്ഞുതരാം. വെറും ചായയിൽ നാരങ്ങാനീരു ചേർത്തു കുടിക്കുന്നവരുമുണ്ട്. അങ്ങനെ ജനങ്ങൾക്ക് വളരെ അധികം ഇഷ്ടപ്പെട്ട ഈ പാനീയം എന്തിൽനിന്നുണ്ടാക്കുന്നു, എങ്ങനെ ഉണ്ടാക്കുന്നു എന്നൊക്കെ അറിയാൻ നിനക്ക് ആഗ്രഹമില്ലേ? ഈ വരുന്ന അവധിക്കാലത്ത് നീയും അനിയനും കൂടി എന്റെ കൂടെ വന്നു താമസിക്കണം. ഒക്കെ നേരിൽ കണ്ടു മനസ്സിലാക്കാം. അതിനുപുറമെ അവധിക്കാലം നമുക്കൊരുമിച്ചു രസകരമായി ചെലവഴിക്കുകയും ചെയ്യാം.

എന്ന്,
സ്നേഹത്തോടെ,
ഉണ്ണിമാമൻ

X മലയാളത്തിലേക്കു തർജ്ജമ ചെയ്യുക.

Let us go for an Onam feast to our Malayali friends house. What do you see there? You will not find varieties of sweets served on plates arranged on a dining table. There in his house all of us have to sit on the floor and have the meals. There may be small carpets or mats for you to sit on the floor. In front of the mats are placed fresh green banana leaves which serve as the plates. We will have to wash our hands and feet before we enter the dining hall and take our seat on the mat. On the banana leaf one finds various kinds of vegetable dishes, ripe bananas and raw banana chips, with big pappadams.

The vegetable dishes are of various types namely aviyal, tooran, kichadi, pachadi, oolan, kaalan, erisseri etc. There will be varieties of pickles made out of mango, lemon and types of gooseberries.

Once we have adjusted ourselves and ready to start the rice is served· First serving is Parippu with ghee on rice. We can have it with Pappadam. The second come is rice and sambar. Then comes payasam. Malayalis are very fond of payasam and they make more than forty varieties of payasams. The payasam which milk and sugar is called paalppayasam. After the payasam again rice is served with pulisseri made out of curds. Then comes rice and rasam followed by rice and curds. The butter milk spiced with salt green chillies coriander leaves, ginger, kari leaves etc. is called sambharam. It is a refreshing drink. You can drink it or add with rice and eat. Thus rice and vegetables are the main items for a Malayali feast.

പാഠം 9

അന്തരീക്ഷത്തെ മലിനമാക്കരുതേ!

ജീവസന്ധാരണത്തിന് ആദ്യമായി വേണ്ടതു് വായുവാണു്. ഭക്ഷണ കൂടാതെ അഞ്ചാഴ്ചയും വെള്ളമില്ലാതെ അഞ്ചു ദിവസവും മനുഷ്യനു കഴിച്ചു കൂട്ടാം. വായുവില്ലാതെ അഞ്ചു നിമിഷം പോലും അവനു ജീവിക്കുക സാധ്യമല്ല. 24 മണിക്കൂറിനുള്ളിൽ ഒരു മനുഷ്യനു് ശരാശരി ഒരു കിലോഗ്രാം ഭക്ഷണവും രണ്ടു കിലോഗ്രാം വെള്ളവും വേണം. അത്രയും സമയത്തിനുള്ളിൽ അവൻ ഉള്ളിലേക്കുള്ളന്ന വായു എത്രയാണെന്നോ? പന്ത്രണ്ടു കിലോഗ്രാം! അതേ; ജഗൽ പ്രാണൻ തന്നെയാണു വായു. ആ തത്വമോർക്കാതെ മനുഷ്യൻ അതിനെ നിരന്തരം ദൂഷിപ്പിച്ചുകൊണ്ടിരിക്കുന്നു.

വ്യവസായപരമായി പുരോഗമിച്ചിട്ടുള്ള രാജ്യങ്ങളിലാണു് വായു കൂടുതൽ മലിനമായിത്തീരുന്നതു്. അമേരിക്കയിൽ കൊല്ലംതോറും ഇരുപതുകോടി ടൺ മലിനവസ്തുക്കളാണു് വായുവിലേക്കു് വിക്ഷേപിക്കപ്പെടുന്നതു്. ഫ്രാൻസിൽ, 1960-ൽ താപപ്രവർത്തനം കൊണ്ടു് വൈദ്യുതിയുല്പാദിപ്പിക്കുന്ന കേന്ദ്രങ്ങളിൽ നിന്നു മാത്രമായി ഒരു ലക്ഷം ടണ്ണിലേറെ ഗന്ധകവാതകങ്ങളും എട്ടേകാൽ കോടി ടണ്ണോളം കരിയും വായുവിലേക്കു പരക്കുകയുണ്ടായി.

രാസവ്യവസായശാലകൾ അധികമുള്ള സ്ഥലങ്ങളിൽ ഗന്ധകവാതകങ്ങളും മററു പല വിഷവായുക്കളും അന്തരീക്ഷത്തിൽ നിറയുന്നു. അങ്ങനെ ദൂഷിച്ച വായു ശ്വസിക്കുന്നവർക്കു് പലതരം വ്യാധികൾ പിടിപെടുന്നു. ഈ വിഷവാതകങ്ങൾ വായുമണ്ഡലത്തിന്റെ ഉപരിതലത്തിലേക്കു് ഉയർന്നുപോകാതെ താഴത്തുതന്നെ തങ്ങിനിൽക്കുമ്പോഴാണു് കൂടുതൽ ആപത്തുണ്ടാകുന്നതു്. കാററില്ലാതെ വായു സ്തംഭിച്ചുനിൽക്കുമ്പോഴും കട്ടികൂടിയ മൂടൽമഞ്ഞുകൊണ്ടു് അന്തരീക്ഷം ആവൃതമാകുമ്പോഴും ഇതിനിടയാകുന്നു. 1952-ലെ മഞ്ഞുകാലത്തു് ഇങ്ങനെ വിഷവാതകങ്ങൾ തങ്ങി മലിനമായിത്തീർന്ന വായു ശ്വസിച്ചതിന്റെ ഫലമായി ബ്രിട്ടനിൽ നാലായിരത്തോളം ആളുകൾ മരിച്ചു. രോഗികളെ കൊണ്ടു് ആശുപത്രികൾ നിറഞ്ഞു. 1963-ൽ ന്യൂയോർക്കിൽ വായു മലിനീകരണത്താൽ അനേകശതം ആളുകൾ മരിക്കാനിടയായി.

ഓക്സിജനും നൈട്രജനുമാണു് വായുമണ്ഡലത്തിന്റെ പ്രധാന ഘടകങ്ങൾ. കാർബൺഡൈഓക്സൈഡ്, നീരാവി തുടങ്ങിയ ഏതാനും ഇതര വാതകങ്ങളും ചുരുങ്ങിയതോതിൽ അതിലുണ്ടു്. ഒരു നിശ്ചിത തോതിലാണു് വായുമണ്ഡലത്തിലെ വിവിധ ഘടകങ്ങളെ പ്രകൃതി മേളിപ്പിച്ചിരിക്കുന്നതു്. ആ ഘടനയ്ക്കു

മററം വന്നാൽ അതു് ജീവജാലങ്ങളെ—സസ്യങ്ങളേയും ജന്തുക്കളേയും—ബാധിക്കും. ഒരു വഴിക്കു നഷ്ടപ്പെടുന്ന വാതകങ്ങൾ വേറൊരു വഴിക്കു തിരിച്ചു വന്നു വായുമണ്ഡലത്തിന്റെ ഘടനയ്ക്കു മാററമൊന്നും വരുത്താതെ സൂക്ഷിക്കുന്നു. ഇതാണു് പ്രകൃതി ചെയ്തിട്ടുള്ള വ്യവസ്ഥ. ശ്വസിക്കുന്ന വായുവിൽ നിന്നു മനുഷ്യരും മററു ജന്തുക്കളും ഓക്സിജനെ ഉൾക്കൊണ്ടു് കാർബൺഡൈഓക്സൈഡിനെ പുറന്തള്ളുന്നു. സസ്യങ്ങളാകട്ടെ അവയുടെ ആഹാരം പാകംചെയ്യുമ്പോൾ കാർബൺഡൈഓക്സൈഡിനെ ഉൾക്കൊണ്ടു്, ഓക്സിജനെ പുറത്തേക്കു വിടുന്നു. ഇങ്ങനെ പരസ്പരം ഉപകാരികളായി, ജന്തുക്കളും സസ്യങ്ങളും പ്രകൃതിയുടെ നിയമത്തിനു വിധേയരായി ജീവിച്ചിരുന്ന കാലത്തു് വായുമലിനീകരണം സംഭവിച്ചില്ല. എന്നാൽ നഗരങ്ങളുടെ വികാസത്തിനുവേണ്ടി മരങ്ങൾ മുറിച്ചുനീക്കുകയും എങ്ങും വ്യവസായശാലകൾ നിറയുകയും ചെയ്തതോടുകൂടി വായു മലിനീകരണത്തിനു വഴി തെളിഞ്ഞു. ഉരുക്കു ഫാക്ടറികൾ, കടലാസു മില്ലുകൾ, ചൂളകൾ, എണ്ണ ശുദ്ധീകരണശാലകൾ, രാസവസ്തുക്കൾ നിർമിക്കുന്ന ഫാക്ടറികൾ, റബ്ബർ ഫാക്ടറികൾ മുതലായവയിൽ നിന്നു പൊങ്ങുന്ന പലതരം വിഷവാതകങ്ങൾ അന്തരീക്ഷത്തെ ദിനംപ്രതി അധികമധികം ദുഷിപ്പിക്കുന്നു. കീടനാശിനികൾ കീടങ്ങളെ നശിപ്പിക്കുമെങ്കിലും അതോടൊപ്പം അന്തരീക്ഷത്തെ ദുഷിപ്പിച്ചു് മനുഷ്യനും മററു ജീവികൾക്കും സസ്യലോകത്തിനും കാലക്രമത്തിൽ വിനാശം വരുത്തിവയ്ക്കും.

വായുവിനെ മലിനപ്പെടുത്തുന്നതിൽ മോട്ടോർവാഹനങ്ങൾക്കുള്ള പങ്കു് ഓർക്കുമ്പോൾ അവ മനുഷ്യവർഗത്തിന്റെ ശത്രുക്കളിൽ ഒന്നാംസ്ഥാനത്തു നിൽക്കുന്നതായി കരുതേണ്ടിവരും. അവയിൽ നിന്നു പുറത്തുവരുന്ന പുകയിൽ കാർബൺ മോണോക്സൈഡ് എന്ന വിഷവാതകവും, കാരീയത്തിന്റെ അംശവും ഉണ്ടു്. ഇതു രണ്ടും ആരോഗ്യത്തിനു ഹാനികരമാണു്. ടോക്കിയോയിലെ വാഹനത്തിരക്കുള്ള ഒരു മഹാവീഥിയുടെ പരിസരത്തിൽ താമസിക്കുന്നവരുടെ രക്തം പരിശോധിച്ചപ്പോൾ അതിൽ സാധാരണയിൽ കവിഞ്ഞ തോതിൽ കാരീയം കലർന്നു കണ്ടു. വിഷവാതകങ്ങളെ കഴിയുന്നത്ര നീക്കിക്കളയാനുള്ള ഏർപ്പാടു് മോട്ടോർവാഹനങ്ങളിൽ ഉണ്ടായിരിക്കണമെന്ന നിയമം ചില രാജ്യങ്ങളിൽ ഇപ്പോൾ നടപ്പിലുണ്ടു്. ഏഷ്യയിൽ നൂറുകോടി മോട്ടോർ വാഹനങ്ങൾ ഉണ്ടാവുകയാണെങ്കിൽ ലോകം നശിക്കാൻ അതുതന്നെ മതിയായ കാരണമായിത്തീരും എന്നു വിദഗ്ധന്മാർ കരുതുന്നു. ശാന്തസമുദ്രത്തിൽ നിന്നു് അമേരിക്കൻ ഐക്യനാടുകളിലേക്കു് വീശിക്കൊണ്ടിരിക്കുന്ന ശുദ്ധവായുവിനെ മലിനമാക്കാൻ അതുമാത്രം മതിയാകും. ഒടുവിൽ ഭൂമി മുഴുവൻ വിഷവാതകം കൊണ്ടു് ആവൃതമാകാനും നമ്മുടെ നാഗരികത നിശ്ശേഷം നശിച്ചുപോകാനും അതു് ഇടയാക്കും.

അണുവായുധങ്ങളുടെ സ്ഫോടനം കൊണ്ടു് അന്തരീക്ഷത്തിൽ പരക്കുന്ന വിഷധൂളികൾ പുതുതായി വന്നുചേർന്ന ആപൽക്കാരികളാണു്. എങ്കിലും അവ മുൻപേതിയിലേക്കു കുതിച്ചുകൊണ്ടിരിക്കുന്നു.

വായുമലിനീകരണം നിമിത്തം ശ്വാസകോശരോഗങ്ങൾ, ഹൃദ്രോഗം, അർബ്ബുദം, നേത്രരോഗങ്ങൾ, ത്വക്രോഗങ്ങൾ എന്നിവ വർധിച്ചുവരുന്നതായി തെളിഞ്ഞിരിക്കുന്നു. ശ്വാസകോശാർബ്ബുദം ബാധിച്ചവർ ബ്രിട്ടനിലെ നഗരങ്ങളിൽ ഏതാനും ദശകങ്ങൾക്കു മുമ്പുണ്ടായിരുന്നതിനെക്കാൾ അഞ്ചുമടങ്ങ് അധികമുണ്ടത്രേ ഇന്ന്. ഇതിനുകാരണം വായുമലിനീകരണം മാത്രമാണ്.

മനുഷ്യർ മാത്രമല്ല, മററു ജീവികളും സസ്യപ്രപഞ്ചവും ഇതുകൊണ്ടു വിഷമിക്കുകയും നശിക്കുകയും ചെയ്യുന്നു. വ്യവസായശാലകൾ നിറഞ്ഞ മഹാനഗരങ്ങളിൽ നിന്ന് അറുപതു നാഴിക അകലെയുള്ള വൻമരങ്ങളെപ്പോലും വിഷവാതകങ്ങൾ ബാധിച്ചു നശിപ്പിക്കുന്നതായി കണ്ടിരിക്കുന്നു. പഴത്തോട്ടങ്ങൾക്കും പച്ചക്കറിത്തോട്ടങ്ങൾക്കും ഇതുകൊണ്ട് വമ്പിച്ച നാശം നേരിടുന്നുണ്ട്. ഇക്കാരണത്താൽ അമേരിക്കൻ ഐക്യനാടുകളിൽ ആണ്ടുതോറും നൂററമ്പതുകോടിയിലധികം ഡോളർ വിലവരുന്ന ഉല്പന്നങ്ങൾ നശിക്കുന്നതായി കണ്ടിരിക്കുന്നു.

ഭൂമിയുടെ താപനില 1940-ന ശേഷം 30° താണിരിക്കുന്നു. ഇതിനു കാരണം വായുമണ്ഡലത്തിന്റെ ഘടനയിൽ വന്നുചേർന്ന വ്യത്യാസമാണെന്ന് ചില ശാസ്ത്രഗവേഷകന്മാർക്കഭിപ്രായമുണ്ട്. സൂര്യനും ഭൂമിക്കുമിടയിൽ മലിനവായുതങ്ങിനിന്ന് കട്ടികൂടിയ ഒരു മേലാപ്പായി പരിണമിച്ചാൽ നീരാവി അത്രയും മഞ്ഞുകട്ടയായി വീഴും. ലോകം വീണ്ടും പഴയ ഹിമയുഗത്തിലേക്കു മടങ്ങിപ്പോകേണ്ടിവരികയും ചെയ്യും.

അത്യാവശ്യത്തിനു മാത്രം ചെലവാക്കുക എന്നു പറയാറുള്ളതു പോലെ "അത്യാവശ്യമുണ്ടെങ്കിൽ മാത്രം ശ്വസിക്കുക" എന്നു പറയേണ്ട കാലവും വന്നേക്കും. അങ്ങനെ വരാതിരിക്കണമെങ്കിൽ വായുമലിനീകരണം തടയുന്നതിനുള്ള പരിശ്രമങ്ങളിലേക്കു നമ്മുടെ സത്വരശ്രദ്ധ തിരിയേണ്ടിയിരിക്കുന്നു.

കേരളപാഠാവലി 1975
(ആറാം സ്റ്റാന്റർഡ്)

പദപരിചയം

അന്തരീക്ഷം 'atmosphere'
മലിനമാക്ക് 'pollute, contaminate'
ജീവനാന്ധാരണം = ജീവന്റെ നിലനിർത്തൽ
ഉൾക്കൊള്ളു് 'inhale, take in, contain'
ജഗൽ = ജഗത് = ലോകം
ദൂഷിപ്പിക്ക് = ചീത്തയാക്ക്
തത്വം 'principle'
മലിനം = അശുദ്ധം 'impure'
പുരോഗമിക്ക് 'progress'
താപം = ചൂട്
തള്ളിവിട്ട് 'throwout, launch'
വൈദ്യുതി 'electricity'

ഗന്ധകം 'sulphur'
വാതകം 'gas'
കരി 'carbon '
പരക്കെ 'spread'
രാസവ്യവസായശാല 'chemicals factory'
പിടിപെടു 'catch hold of, get'
വ്യാധി = രോഗം
വായുമണ്ഡലം 'atmosphere'
ഉപരിതലം 'upper layer'
സ്തംഭിക്കു = അനക്കമില്ലാതെയാകു 'become still'
മൂടൽ മഞ്ഞു 'mist'
ആവൃതം = മൂടിയതു
ഇടയാക്കു = സംഭവിപ്പിക്കു, കാരണമാകു
മഞ്ഞുകാലം 'winter'
മലിനീകരണം 'contamination'
ശതം = നൂറു
നീരാവി 'water vapour'
ചുരുങ്ങിയ 'brief'
ചുരുങ്ങു 'get shrunk'
നിശ്ചിതം 'fixed'
ഘടകം 'component'
മേളിപ്പിക്കു 'assemble'
ഘടന 'composition'
ബാധിക്കു 'affect'
വിധേയർ 'those who are bound'
വികാസം 'development, extension'
ഉരുക്കു 'steel'
ശുദ്ധീകരണശാല 'refinery'
ശുദ്ധീകരണം 'purification'
വിന = ആപത്തു
കാരീയം 'lead'
അംശം 'part, bit'
ഹാനികരം 'harmful'
വാഹനം 'vehicle'
തിരക്കു 'crowd'
മഹാവീഥി = വലിയ തിരക്കുള്ള പാത
പരിശോധിക്കു 'examine'
സ്ഫോടനം = പൊട്ടിത്തെറി 'explosion'
വിഷധൂളി = വിഷംനിറഞ്ഞ പൊടി
ആപൽക്കാരി 'dangerous'
നിമിത്തം = 'കാരണം'
ശ്വാസകോശം 'lungs'
ഹൃദ്രോഗം 'heart disease'
അർബ്ബുദം 'cancer'
നേത്രം = കണ്ണു
അഞ്ചുമടങ്ങു 'five fold'
ത്വക്കു = തൊലി 'skin'
സസ്യപ്രപഞ്ചം 'world of plants'
ഉല്പന്നം 'product'
വിഷമിക്കു 'suffer'
താപനില = ചൂടിന്റെ സ്ഥിതി
ശാസ്ത്രഗവേഷകന്മാർ 'science researchers'

മേലാപ്പ് = മേൽത്തട്ടി 'canopy'

പരിണമിക്ക് = അവസാനിക്ക് 'result, end'

മഞ്ഞുകട്ട 'ice block' ഹിമയുഗം 'ice age'

മടങ്ങിപ്പോക് 'return'

സത്വരശ്രദ്ധ = അടിയന്തിര ശ്രദ്ധ 'immediate attention'

സത്വരം = ഉടനെയുള്ള

അഭ്യാസം

I വിട്ടുപോയ അക്ഷരങ്ങൾ ചേർത്ത് വാക്കുകൾ എടുത്തെഴുതുക.

1. ജീവസ — ാരണം,
2. വായു മ — ിനീകര — ം
3. ജന്തു — ം
4. സ്നേ — നം
5. ദ — ിപ്പിക്കുന്ന
6. — ്യവസ്ഥ
7. — രസ്വരം
8. പരിണാ — ം
9. ശ്വാസകോ — ം
10. വ്യവസായ — ാല

II മാതൃക അനുസരിച്ച് തന്നിരിക്കുന്ന പദങ്ങൾ തമ്മിലുള്ള ബന്ധം വിശദീകരിക്കുക.

a. ജീവസന്ധാരണം = ജീവന്റെ സന്ധാരണം

1. വായു മലിനീകരണം
2. എണ്ണശുദ്ധീകരണം
3. രോഗശുശ്രൂഷ
4. വനനശീകരണം
5. ഭൂമികുലുക്കം
6. വിജയാഘോഷം

b. വ്യവസായശാല = വ്യവസായത്തിനുള്ള ശാല

1. ശ്വാസകോശ രോഗം
2. ഫാക്ടറിക്കെട്ടിടം
3. വിത്തുഗ്രഹണം
4. കാലുറ
5. വാഹനസൗകര്യം
6. കൈപഴക്കം

c. കൈകാലുകൾ = കയ്യും കാലും

1. അച്ഛനമ്മമാർ
2. കായ്കനികൾ
3. പക്ഷിമൃഗങ്ങൾ
4. സ്ത്രീപുരുഷന്മാർ
5. ബന്ധുമിത്രം
6. ആഹാരൗഷധം

d. മലിനവസ്തു = മലിനമായ വസ്തു

1. ശുദ്ധവായു
2. ശാന്തസമുദ്രം
3. മധുരവാക്ക്
4. അദൃശ്യഹസ്തം
5. കെങ്കേമ സദ്യ
6. മനോഹര പുഷ്പം

III മാതൃക അനുസരിച്ച് വാക്യങ്ങൾ മാററി എഴുതുക.

അന്തരീക്ഷത്തെ മലിനമാക്കരുതേ !
അന്തരീക്ഷത്തെ മലിനമാക്കരുത്

1. തീ കൊണ്ടു കളിക്കരുതേ !
2. കയ്യും തലയും പുറത്തിടരുതേ !
3. ഇവിടെ പുകവലിക്കരുതേ !
4. കുട്ടികളെ വെറുതെ അടിക്കരുതേ !
5. കാടൊക്കെ വെട്ടി നശിപ്പിക്കരുതേ !
6. അനുവാദമില്ലാതെ അകത്തു കടക്കരുതേ !
7. കിട്ടിയ അവസരം പാഴാക്കരുതേ !
8. നഷ്ടപ്പെട്ട ദിനങ്ങളെ ഓർത്തു് ദുഃഖിക്കരുതേ !
9. പണം ഇഷ്ടംപോലെ ചെലവാക്കരുതേ !
10. അവളെ തനിയെ വിട്ടിട്ട് ഒരിടത്തും പോകരുതേ !

IV തന്നിരിക്കുന്ന ഓരോ വാക്യത്തിന്റെ മാതൃകയിലും മൂന്നു് വാക്യങ്ങൾ വീതം എഴുതുക:

1. അണുവായുധങ്ങളുടെ സ്ഫോടനം കൊണ്ടു് അന്തരീക്ഷത്തിൽ പരക്കുന്ന വിഷധൂളികൾ പുതുതായി വന്നുചേർന്ന ആപത്താണു്.
2. മനുഷ്യർ മാത്രമല്ല, മററു ജീവികളും സസ്യപ്രപഞ്ചവും ഇതുകൊണ്ടു വിഷമിക്കുകയും നശിക്കുകയും ചെയ്യുന്നു.
3. ജീവസന്ധാരണത്തിനു് ആദ്യമായി വേണ്ടതു് വായുവാണു്.
4. നാശം വരാതിരിക്കണമെങ്കിൽ കാടുകൾ വെട്ടിക്കളയാതെയിരിക്കണം.
5. ആ സ്ഥലവാസികളുടെ രക്തം പരിശോധിച്ചപ്പോൾ പല രോഗാണുക്കളും അതിലുണ്ടു് എന്നു കണ്ടു ഗവേഷകർ അന്ധാളിച്ചു പോയി.

V സ്വന്തം വാക്യങ്ങളിൽ പ്രയോഗിക്കുക.

a. 1. വിക്ഷേപിക്കു് 2. മലിനമാക്കു് 3. ദൂഷിപ്പിക്കു് 4. ഇടയാക്കു്
5. ഉൾക്കൊള്ളു് 6. പരിശോധിക്കു് 7. നീക്കിക്കളയു്
8. പുറംതള്ളു് 9. ശുദ്ധീകരിക്കു്

b. 1. ജീവസന്ധാരണം 2. ആവൃതം 3. സത്വരശ്രദ്ധ 4. നാഗരികത
5. സ്ഫോടനം 6. ആപൽക്കാരി 7. ദശകം 8. ശതം
9 നിശ്ചിതം

VI താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

1. വായു ജഗൽപ്രാണനാണെന്നു പറയുന്നതെന്തു കൊണ്ട് ?
2. അന്തരീക്ഷം ദൂഷിക്കുന്നതെങ്ങനെ?
3. എവിടെയാണ് വായുമണ്ഡലം വേഗം ദൂഷിക്കുന്നത്? എപ്പോഴാണ് ഈ ആപത്ത് അധികമായിത്തീരുന്നത്?
4. വായുവിന്റെ സ്ഥിരഘടന എന്ത്? പ്രകൃതി ഈ സ്ഥിരഘടനയെ നിലനിർത്താൻ ചെയ്തിട്ടുള്ള ഏർപ്പാടിനെക്കുറിച്ച് നിങ്ങൾക്കെന്തറിയാം?
5. മോട്ടോർ വാഹനങ്ങളെ മനുഷ്യവർഗത്തിന്റെ ശത്രുക്കളായി കരുതാം എന്നു പറയാനുള്ള കാരണമെന്താണ്?
6 വായുമലിനീകരണം കൊണ്ട് സസ്യപ്രപഞ്ചത്തിനും നാശം സംഭവിക്കാം എന്നു പറയുന്നതിനുള്ള തെളിവെന്താണ് ?
7. ലോകം വീണ്ടും പഴയ ഹിമയുഗത്തിലേക്കു മടങ്ങിപ്പോകേണ്ടിവരുന്നതെപ്പോഴാണ്?

VII മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളിൽ ഒന്ന് മനുഷ്യന്റെ ചിരിക്കാനുള്ള കഴിവാണ്. മനുഷ്യരോട് ഏററവുമധികം സാദൃശ്യമുള്ള കുരങ്ങുവർഗത്തിൽപ്പെട്ട വമ്പന്മാർക്കുപോലും ചിരിക്കാനാവില്ല, പല്ലിളിച്ചു കാട്ടാനേ പററൂ. ചിരി സ്വന്തമാക്കിയ ഏക ജീവി മനുഷ്യനാണ്. അങ്ങനെ ചിരി മനുഷ്യത്വത്തിന്റെ ഒരു പ്രധാന ലക്ഷണമായി വരുന്നു. അതു ശരിയാണെങ്കിൽ ഏററവും അധികം മനുഷ്യത്വം ഉള്ള വർഗം എസ്കിമോകളാണ്. അത്രയധികം ചിരിക്കുന്നവരാണത്രേ അവർ. അതിഥികളെ സ്വീകരിച്ചു സൽക്കരിക്കുന്നതിൽ എസ്കിമോകൾക്കുള്ള താല്പര്യം മററാർക്കുമില്ലെന്നാണ് പറയപ്പെടുന്നത്. സാഹസികന്മാർക്കല്ലാതെ സാധാരണക്കാർക്കു സഹിക്കാൻ വയ്യാത്ത ദുസ്സഹമായ തണുപ്പുള്ള ധ്രുവപ്രദേശങ്ങളിലാണ് ഇവർ പ്രധാനമായും താമസിക്കുന്നത്. താരതമ്യേന ചെറിയ വർഗമാണെങ്കിലും അവരുടെ വാസസ്ഥാനത്തിന്റെയും ജീവിതരീതിയുടേയും പ്രത്യേകത കാരണം മനുഷ്യവർഗങ്ങൾക്കിടയിൽ പ്രധാനപ്പെട്ട ഒരു സ്ഥാനം അവർ കരസ്ഥമാക്കിയിരിക്കുന്നു. പൊതുവെ പറഞ്ഞാൽ ആരോഗ്യവും സന്തുഷ്ടിയും ഉള്ളവരാണ് എസ്കിമോകൾ. പരിഷ്കൃതരെന്നു സ്വയം അഭിമാനിക്കുന്ന നമുക്ക് കൊടുംതണുപ്പിൽ ജീവിക്കുന്ന എസ്കിമോകളോട് സഹതാപവും അനുകമ്പയും തോന്നിയേക്കാം. പക്ഷേ സ്വന്തം നാടിനെപ്പററി അവർക്കുള്ള അഭിമാനം നമ്മെപ്പോലും ലജ്ജിപ്പിക്കുന്നതാണ്,

VIII മലയാളത്തിലേക്കു തർജ്ജമ ചെയ്യുക.

This is the age of plastics. Just look around us either at home or outside. We see different types of things made of plastic-all varieties of bags big and small, switches, utensils, shades lamp holders, show pieces, toys of inumerable sizes and designs. Even in the modern synthetic clothes we wear, plastic is one of the components that make them. In olden days as we all know, we were making the things necessary for us out of objects that are readily available in nature such as wood, stone, mud, cotton, wool, metals etc. But as the days advanced, all needs multiplied. Men wanted newer materials to make varieties of things they needed. Men did research in various fields and one such research resulted in the preparation of plastic. Today plastic is in every aspect of our life. Even artificial limbs can be made out of plastic. People have experimented with plastic building materials too. A few years later we can all have house which we can take where ever we want. They will be light easy carry, colourful and attractive. Even the cost will be less compared to other building materials. Plastic in short has brought about a revolution in our life.

പാഠം 10

ശ്രീശങ്കരാചാര്യർ

അദ്വൈത മതസ്ഥാപകനായ ശങ്കരാചാര്യരെപ്പററി കേട്ടിട്ടില്ലാത്തവർ ഇല്ലല്ലോ. വെറും മുപ്പത്തിരണ്ടു വർഷങ്ങൾ മാത്രം ജീവിച്ച് ജനങ്ങളുടെ മനോവേദന നശിപ്പിക്കുന്നതിലും അവർക്ക് ആധ്യാത്മികാരോഗ്യവും ജ്ഞാനവും നൽകുന്നതിലും വിജയിച്ച യോഗിവര്യനാണ് ശ്രീശങ്കരൻ. ഐക്യബോധം ഇല്ലാതെ തമ്മിൽത്തല്ലി കഴിഞ്ഞിരുന്ന അക്കാലത്തെ ജനങ്ങളുടെ വ്യാധിക്ക് ഏററവും പററിയ ഔഷധം അദ്വൈതജ്ഞാനം ആണെന്ന് അദ്ദേഹം നിശ്ചയിച്ചു. അദ്ദേഹത്തിന്റെ അദ്വൈതസിദ്ധാന്തം മററു മതസിദ്ധാന്തങ്ങളോട് വിരോധം പുലർത്തിയിരുന്നില്ല. മതങ്ങളുടെ പൂർണതയും ഐക്യവും ആണ് ശ്രീശങ്കരൻ ആഗ്രഹിച്ചത്.

ശങ്കരാചാര്യരുടെ ജീവചരിത്രത്തെപ്പററി ഐതിഹ്യങ്ങളാണ് കൂടുതലുള്ളത്. അവയൊക്കെ പരസ്പരവിരുദ്ധങ്ങളുമാണ്. കുറച്ചെങ്കിലും വിശ്വാസയോഗ്യമായ വിവരങ്ങൾ ലഭിക്കുന്നത് അദ്ദേഹത്തിന്റെ ശിഷ്യന്മാർ രചിച്ച 'ശ്രീശങ്കരവിജയം' എന്ന കൃതിയിൽ നിന്നാണ്.

കേരളത്തിലെ പെരിയാർ നദിയുടെ തീരത്ത് ആലുവാ പട്ടണത്തിനടുത്ത് സ്ഥിതിചെയ്യുന്ന ഒരു ചെറിയ ഗ്രാമമാണ് കാലടി. പ്രകൃതിസുന്ദരവും ശാന്തവുമായ ആ ഗ്രാമത്തിലാണ് ശങ്കരൻ ജനിച്ചത്. കൈപ്പിള്ളിഇല്ലം എന്നൊരു നമ്പൂതിരികുടുംബത്തിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. ശങ്കരന്റെ പിതാവ് ശിവഗുരുവും മാതാവ് ആര്യാംബയുമായിരുന്നു. ശങ്കരൻ ജീവിച്ചിരുന്ന കാലത്തെപ്പററി പണ്ഡിതന്മാർ തമ്മിൽ ഇനിയും ഒരു ഒത്തുതീർപ്പിലെത്തിയിട്ടില്ല. ആധുനിക പണ്ഡിതന്മാരുടെ അഭിപ്രായമനുസരിച്ച് എട്ടാം നൂററാണ്ടിലായിരുന്നു അദ്ദേഹം ജീവിച്ചിരുന്നത്.

മൂന്നാമത്തെ വയസ്സിൽ എഴുത്തിനിരുത്തിയതോടെ ശങ്കരന്റെ വിദ്യാഭ്യാസം തുടങ്ങി. അഞ്ചാമത്തെ വയസ്സിൽ ഉപനയനം കഴിഞ്ഞ സമയത്തു വേദശാസ്ത്രപുരാണങ്ങളിലൊക്കെ അഗാധമായ പാണ്ഡിത്യം അദ്ദേഹം നേടിക്കഴിഞ്ഞിരുന്നു. അപ്പോൾ മുതൽ സന്യാസിയാകാനുള്ള ആഗ്രഹം ശങ്കരൻ പ്രകടിപ്പിച്ചുവെങ്കിലും ഏകപുത്രനെ സന്യാസത്തിനയയ്ക്കുവാൻ ആര്യാംബയ്ക്കു സമ്മതമില്ലായിരുന്നു. പോരെങ്കിൽ ശങ്കരന്റെ അച്ഛൻ അപ്പോഴേക്കും കാലധർമം പ്രാപിച്ചിരുന്നു. എട്ടാമത്തെ വയസ്സിൽ പെരിയാററിൽ കുളിക്കാനിറങ്ങിയ ശങ്കരന്റെ

കാലിൽ ഒരു മുതല പിടികൂടി എന്നും സന്യസിക്കാൻ അനുവദിച്ചാലേ കുട്ടിയുടെ ജീവൻ വീണ്ടുകിട്ടൂ എന്നുമുള്ള നിലവന്നപ്പോൾ അമ്മ അനുവാദം നൽകിയെന്നുമാണ് ഐതിഹ്യം.

അമ്മയുടെ അന്ത്യകാലത്ത് താൻ അടുക്കൽ എത്തിക്കൊള്ളാമെന്ന് പ്രതിജ്ഞ നൽകിയതിനു ശേഷം എട്ടു വയസ്സായ ശങ്കരൻ സന്യാസം സ്വീകരിച്ച് ദേശാടനത്തിനു പുറപ്പെട്ടു. വീടും നാടും ത്യജിച്ചുള്ള ആ യാത്ര സദ്ഗുരുവിനെ തേടിയായിരുന്നു. നർമദാനദീതീരത്തു വച്ച് ആ ബാലസന്യാസി തന്റെ ഗുരുവിനെ കണ്ടുമുട്ടി. ആ വന്ദ്യഗുരു ശ്രീ ഗോവിന്ദഭഗവത്പാദരായിരുന്നു. അദ്ദേഹത്തിൽ നിന്നും ദീക്ഷ സ്വീകരിച്ച് ശങ്കരൻ വേദാന്ത തത്വോപദേശം ഒക്കെ മനസ്സിലാക്കി. ഗുരു ഗോവിന്ദപാദരുടെ ഉപദേശമനുസരിച്ച് അദ്ദേഹം ബ്രഹ്മസൂത്രത്തിനും ഉപനിഷത്തുകൾക്കും ഭഗവത്ഗീതയ്ക്കും വ്യാഖ്യാനങ്ങൾ എഴുതാൻ നിശ്ചയിച്ചു. അതിനായി കാശിയിൽ പോയി താമസിച്ചു. കാശിയിൽ വച്ചാണ് അദ്ദേഹം തന്റെ പ്രഥമശിഷ്യനായി പത്മപാദനെ സ്വീകരിച്ചത്.

കാശിയിലും, പിന്നെ ബദരികാശ്രമത്തിലും ശങ്കരൻ തന്റെ ജ്ഞാനസമ്പാദനാർഥം താമസിച്ചു. അതിനു പുറമെ ഭാരതം മുഴുവൻ രണ്ടു മൂന്നു പ്രാവശ്യം പര്യടനം നടത്തി. ഭാരതത്തിന്റെ തെക്കേയറ്റത്തുനിന്നും വടക്കേ അറ്റം വരെയും പടിഞ്ഞാറു നിന്നു കിഴക്കു വരെയും ശ്രീശങ്കരൻ ജ്ഞാനപ്രാപ്തിക്കിടയിൽ സഞ്ചരിച്ചു. പര്യടനത്തിനിടയിൽ പല പണ്ഡിതന്മാരേയും തർക്കത്തിൽ തോല്പിച്ച് സർവജ്ഞപീഠം കയറി. തർക്കത്തിൽ ശങ്കരാചാര്യനാൽ തോല്പിക്കപ്പെട്ട് പിന്നെ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചവരിൽ മണ്ഡനമിശ്രന്റേയും അദ്ദേഹത്തിന്റെ പത്നി ഭാരതീദേവിയുടേയും പേരുകൾ വിഖ്യാതമാണ്.

പര്യടനവേളയിൽ അമ്മയുടെ മരണസമയം അടുത്തു എന്നും തന്നെ കാണാൻ ആഗ്രഹിക്കുന്നു എന്നും ദിവ്യദൃഷ്ടികൊണ്ടറിഞ്ഞ ശങ്കരൻ സ്വഗ്രാമത്തിൽ തിരിച്ചെത്തി. അമ്മയുടെ അന്ത്യാഭിലാഷം നിറവേററി. അമ്മയുടെ ചരമക്രിയക്ക് സന്യാസിയായ മകന് അധികാരമില്ലെന്നു നമ്പൂതിരിമാർ വിധിക്കുകയും. ശങ്കരന് സഹായസഹകരണങ്ങൾ നല്കാതിരിക്കുകയും ചെയ്തു. എങ്കിലും, സർവതന്ത്രസ്വതന്ത്രനായ ശങ്കരൻ പരാശ്രയം കൂടാതെ തന്നെ ആ കർമങ്ങൾ ഒക്കെ നിർവഹിച്ചു. സ്വന്തം കൈകൾ കൊണ്ട് ചിത കൂട്ടി ഇല്ലത്തൊടിയിൽത്തന്നെയാണ് ശങ്കരൻ സ്വമാതാവിനെ സംസ്കരിച്ചത്. അതിനു ശേഷം ശിഷ്യന്മാരോടു കൂടി കേരളമെങ്ങും സഞ്ചരിക്കുകയും പുണ്യക്ഷേത്രങ്ങൾ സന്ദർശിക്കുകയും ചെയ്തു.

തന്റെ പര്യടനവേളയിൽ ശ്രീശങ്കരൻ ഭാരതത്തിലുടനീളം അനേകം വിഷ്ണു, ശിവ, ദേവീക്ഷേത്രങ്ങളും മററു ഹിന്ദുമതസ്ഥാപനങ്ങളും സ്ഥാപിച്ചു. ശ്രീശങ്കരൻ ഹിമാലയത്തിൽ നിന്നു പഞ്ചലിംഗങ്ങൾ കൊണ്ടുവന്ന് പഞ്ച

മഹാക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചുവെന്നു് വിശ്വസിക്കപ്പെടുന്നു. കേദാരത്തിലെ മുക്തിലിംഗം, നേപ്പാളിലെ പരലിംഗം, ചിദംബരത്തിലെ മോക്ഷലിംഗം, ശൃംഗേരിയിലെ ഭോഗലിംഗം, കാഞ്ചിയിലെ യോഗലിംഗം എന്നിവയാണ് ആ പഞ്ചലിംഗക്ഷേത്രങ്ങൾ. ശ്രീശങ്കരാചാര്യർ സ്ഥാപിച്ചതെന്നു കരുതപ്പെടുന്ന ആചാര്യപീഠങ്ങൾ കിഴക്കു് ജഗന്നാഥപുരിയിലെ ഗോവർധനപീഠം, പടിഞ്ഞാറു് ദ്വാരകയിലെ കാളികാപീഠം, വടക്കു് ബദരികാശ്രമത്തിലെ ജ്യോതിർമഠം, തെക്കു് ശൃംഗേരിയിലെ ശാരദാമഠം എന്നിവയാണ്. കാഞ്ചിയിലെ കാമകോടി പീഠവും ശങ്കരൻ സ്ഥാപിച്ച മഠമാണെന്നു് ചില പണ്ഡിതർ കരുതുന്നു. താൻ സ്ഥാപിച്ച മഠങ്ങളിലോരോന്നിലും ശങ്കരൻ ശിഷ്യന്മാരിലൊരാളെ മഠാധിപതിയായി നിയമിക്കുകയും തന്റെ വേദാന്തതത്വങ്ങൾ അവിടെ നിന്നു പ്രസരിക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുകയും ചെയ്തു.

ഗുരു നിർദേശമനുസരിച്ചു് ബ്രഹ്മസൂത്രത്തിനും ഉപനിഷത്തുകൾക്കും ഭഗവദ്ഗീതയ്ക്കും വ്യാഖ്യാനങ്ങൾ എഴുതിയതിനു പുറമെ അനേകം സ്വതന്ത്രകൃതികളും ശ്രീശങ്കരൻ രചിച്ചു. ഉപദേശസാഹസ്രിയും വിവേകചൂഡാമണിയും ശിവാനന്ദലഹരിയും സൗന്ദര്യലഹരിയും അദ്ദേഹത്തിന്റെ സ്വതന്ത്രകൃതികളിൽ പ്രധാനമായവയാണ്. ശ്രീശങ്കരന്റെ അദ്വൈതസിദ്ധാന്തം ചുരുക്കിപ്പറഞ്ഞാൽ ഇത്രയേ ഉള്ളൂ: ''ബ്രഹ്മം മാത്രമാണ് യാഥാർഥ്യം, ദൃശ്യമായ ജഗദ് മിഥ്യയാണ്; ജീവാത്മാവു് പരമാത്മാവല്ലാതെ മറ്റൊന്നുമല്ല.'' മനുഷ്യൻ സ്വതേ പൂർണനാണെന്നും യോഗം കൊണ്ടു് ജീവിതകാലത്തു തന്നെ മായയെ ജയിച്ചാണ് പൂർണത നേടേണ്ടതെന്നും ശങ്കരൻ ഉപദേശിച്ചു. ചുരുക്കത്തിൽ പ്രപഞ്ചം ആസകലം ഒന്നിൽ നിന്നുണ്ടായതാണെന്നും എല്ലാ ഏകവും അദ്വിതീയവുമാണെന്നും അദ്വൈതസിദ്ധാന്തം സമർഥിക്കുന്നു.

ശ്രീശങ്കരാചാര്യർ ഒരു യോഗിവര്യൻ മാത്രമായിരുന്നില്ല; നാനാത്വത്തിൽ ഏകത്വം ഭാരതത്തിന്റെ സവിശേഷതയാണെന്നു തെളിയിച്ച ദിവ്യവ്യക്തി ആയിരുന്നു. ഇന്നത്തെപ്പോലെയുള്ള യാതൊരു ഗതാഗതസൗകര്യങ്ങളും ഇല്ലാതിരുന്ന കാലത്തു്, തന്റെ മുപ്പത്തിരണ്ടു വർഷത്തെ ആയുസ്സിനുള്ളിൽ ഭാരതത്തിന്റെ മുക്കിലും മൂലയിലും സഞ്ചരിച്ചു് ഭാഷയും വേഷവും ആചാരമര്യാദകളും ഭാരതത്തിന്റെ ഐക്യത്തിനു വിഘാതമല്ലെന്നു കാണിച്ചു തന്ന മനുഷ്യസ്നേഹിയാണദ്ദേഹം.

പദപരിചയം

അദ്വൈതം = രണ്ടല്ലാത്തതു്

മതസ്ഥാപകൻ 'founder of the religion'

മനോവേദന 'mental agony'

ആധ്യാത്മികാരോഗ്യം 'spiritual health'

ജ്ഞാനം = അറിവ്
യോഗിവര്യൻ 'great sage'
സിദ്ധാന്തം 'theory, principle'
പുലർത്തു് 'maintain, keep'
പൂർണത 'perfection'
ഐതിഹ്യം 'legend'
പരസ്പരവിരുദ്ധം 'mutually contradictory'
വിശ്വാസയോഗ്യം 'trustworthy'
വിവരം 'information'
ഒത്തുതീർപ്പ് 'agreement'
നൂററാണ്ടു് 'century'
പ്രകടിപ്പിക്കു് 'express'
കാലധർമം പ്രാപിക്കു് = മരിക്കു്
ത്യജിക്കു് 'leave'
തേടു് 'search'
ദീക്ഷ 'initiation'
വ്യാഖ്യാനം 'commentary'
പര്യടനം നടത്തു് 'conduct tour'
സഞ്ചരിക്കു് 'tour, travel'
വിഖ്യാതം 'famous'
അന്ത്യാഭിലാഷം = അവസാനത്തെ ആഗ്രഹം
ചരമക്രിയ 'funeral rites'
വിധിക്കു് 'decide, prescribe, pass a verdict'
സഹായസഹകരണം 'help and co-operation'
നിർവഹിക്കു് = ചെയ്യു് 'bear the responsibility'
പരാശ്രയം 'other's help'
ഇല്ലം 'house'
സംസ്കരിക്കു് 'cremate'
സന്ദർശിക്കു് 'visit'
ഉടനീളം 'through out the length'
സ്ഥാപനം 'institution'
മഠാധിപതി 'head of the monastery'
നിയമിക്കു് 'appoint'
പ്രസരിപ്പിക്കു് 'spread'
ഏർപ്പാടുകൾ 'arrangements'
വേള = സമയം
നിർദേശം 'instruction, direction'
യാഥാർഥ്യം 'reality'
ദൃശ്യം 'visible'
മിഥ്യ 'nothingness'
മായ 'illusion'
ആസകലം 'all'
സമർഥിക്കു് 'prove'
ഏകത്വം 'unity'
സവിശേഷത 'speciality'
തെളിയിക്കു് 'prove'
ദിവ്യവ്യക്തി 'holy person'
ഗതാഗതം 'transport'
മുക്കിലും-മൂലയിലും 'knock and corner'

അഭ്യാസം

I വിട്ടുപോയ അക്ഷരങ്ങൾ ചേർത്തു് വാക്കുകളെടുത്തെഴുതുക.

1. ഐ — ബോധം
2. ജീവചരി — ം
3. ല — ിക്കുന്നതു്
4. അഭി — ായം
5. ഉപ — ശം
6. പടി — ാറു്
7. ജ്ഞാനപ്രാ — ി
8. വ്യാ — ്യാനം
9. സ്വത — ൻ
10. അദ്വി — ീയൻ

II മാതൃക അനുസരിച്ച് തന്നിരിക്കുന്ന പദങ്ങൾ തമ്മിലുള്ള ബന്ധം വിശദീകരിക്കുക.

a. ഗുരുനിർദേശം = ഗുരുവിന്റെ നിർദേശം

1. ദേവീപുത്രൻ
2. കുട്ടിക്കളി
3. ഗ്രാമദേവത
4. ജ്ഞാനമാർഗം
5. ശാരദാമന്ദിരം
6. കടൽക്കര

b. പൂനിലാവു് = പൂവുപോലെയുള്ള നിലാവു്

1. പഞ്ചാരയുമ്മ
2. പട്ടുമനസ്സു്
3. തേൻ പുഞ്ചിരി
4. താമരക്കണ്ണു്
5. ഇരുമ്പു മനസ്സു്
6. പെൻസിൽ ശരീരം

c. കാട്ടുകുരങ്ങു് = കാട്ടിലെ കുരങ്ങു്

1. നാട്ടുവൈദ്യൻ
2. വീട്ടുനായ്
3. കുളക്കോഴി
4. പുസ്തകപ്പുഴു
5. അങ്ങാടി മരുന്നു്
6. അമ്പലക്കാള

III വിട്ടുപോയ വാക്കുകൾ ചേർത്തു് വാക്യങ്ങൾ പൂരിപ്പിക്കുക.

1. ശങ്കരാചാര്യരെപ്പററി — ആരെങ്കിലും ഉണ്ടോ?
2. ജനങ്ങളുടെ — പററിയ ഔഷധം അദ്വൈതജ്ഞാനം ആണെന്നു് ശങ്കരൻ — .
3. അദ്ദേഹത്തിന്റെ ജീവചരിത്രത്തെപ്പററി കൂടുതലും — ആണു് ഉള്ളതു്.
4. വേദശാസ്ത്രപുരാണങ്ങളിൽ — പാണ്ഡിത്യം അദ്ദേഹത്തിനു് — .
5. സന്യാസത്തിനയക്കാൻ — കുട്ടിയുടെ ജീവൻ വിട്ടുകിട്ടു എന്ന നില വന്നു.

6. അപ്പോഴേക്കും ശങ്കരന്റെ അച്ഛൻ — പ്രാപിച്ചിരുന്നു.

7. ഭാരത — ഇടയിൽ അദ്ദേഹം പല പണ്ഡിതന്മാരേയും — .

8. അമ്മയുടെ മരണസമയം — കൊണ്ടു് അറിഞ്ഞ ശങ്കരൻ സ്വഗ്രാമത്തിൽ തിരിച്ചെത്തി അവരുടെ അന്ത്യാഭിലാഷം — .

9. സ്വന്തം കൈകൾ കൊണ്ടു് — കൂട്ടി ഇല്ലത്തൊടിയിൽത്തന്നെ ശങ്കരൻ അമ്മയെ — .

10. ഓരോ മഠത്തിലും ഓരോ ശിഷ്യനെ — ആയി നിയമിക്കുകയും തന്റെ വേദാന്തതത്വങ്ങൾ അവിടെ നിന്നു — ഏർപ്പാടുകൾ ഉണ്ടാക്കുകയും — .

IV തന്നിരിക്കുന്ന ഒരോ വാക്യത്തിന്റെ മാതൃകയിലും മുമ്മൂന്നു വാക്യങ്ങൾ വീതം എഴുതുക.

1. മുപ്പത്തിരണ്ടു വർഷങ്ങൾ മാത്രം ജീവിച്ചു് ജനങ്ങളുടെ മനോവേദന നശിപ്പിക്കുന്നതിലും അവർക്കു് ആധ്യാത്മികാരോഗ്യവും ജ്ഞാനവും നൽകുന്നതിലും വിജയിച്ച യോഗിവര്യനാണു് ശ്രീശങ്കരൻ.

2. കുട്ടിക്കാലം മുതൽ സന്യാസിയാകാനുള്ള ആഗ്രഹം ശങ്കരൻ പ്രകടിപ്പിച്ചുവെങ്കിലും ഏകപുത്രനെ സന്യാസത്തിനയയ്ക്കുവാൻ ആര്യാംബയ്ക്കു സമ്മതമില്ലായിരുന്നു.

V തന്നിട്ടുള്ള ചെറിയ വാക്യങ്ങൾ കൂട്ടിച്ചേർത്തു് ഒററ വാക്യങ്ങളാക്കി മാററിയെഴുതുക.

1. അമ്മയുടെ അവസാനകാലം താൻ അടുത്തെത്തിക്കൊള്ളാം എന്നു ശങ്കരൻ പ്രതിജ്ഞ ചെയ്തു. അവൻ എട്ടാമത്തെ വയസ്സിൽ സന്യാസം സ്വീകരിച്ചു. അവൻ വീടും നാടും ത്യജിച്ചു. അവൻ സദ്ഗുരുവിനെ തേടി. അവൻ ദേശാടനത്തിനു പുറപ്പെട്ടു.

2. ശങ്കരൻ ഭാരതം മുഴുവൻ രണ്ടു മൂന്നു പ്രാവശ്യം പര്യടനം നടത്തി. കിഴക്കു നിന്നു പടിഞ്ഞാറു വരെയും തെക്കേയററം മുതൽ വടക്കേയററം വരെയും അദ്ദേഹം സഞ്ചരിച്ചു. പല പണ്ഡിതന്മാരേയും അദ്ദേഹം തർക്കത്തിൽ തോല്പിച്ചു. ധാരാളം ശിഷ്യന്മാരേയും സമ്പാദിച്ചു.

3. ശ്രീശങ്കരൻ ഗുരുനിർദേശമനുസരിച്ചു് ഉപനിഷത്തുകൾക്കും ഭഗവത്ഗീതയ്ക്കും ഒക്കെ വ്യാഖ്യാനങ്ങൾ എഴുതി. അദ്ദേഹം പല സ്വതന്ത്ര കൃതികളും രചിച്ചു. അദ്ദേഹം ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ആചാര്യമഠങ്ങൾ സ്ഥാപിച്ചു. ഓരോ മഠത്തിലും ഓരോ മഠാധിപതിയേയും നിയമിച്ചു.

VI ചെറിയ വാക്യങ്ങളായി പിരിച്ചെഴുതുക.

1. ശ്രീശങ്കരന്റെ ജീവിതത്തെപ്പററി പല ഐതിഹ്യങ്ങളുണ്ടെങ്കിലും അവയൊക്കെ പരസ്പരവിരുദ്ധമായിരിക്കുന്നതിനാൽ അദ്ദേഹത്തിന്റെ ശിഷ്യന്മാർ രചിച്ച കൃതികളിൽ നിന്നാണ് അദ്ദേഹത്തിന്റെ ജീവിതത്തെപ്പററി പല കാര്യങ്ങളും നമുക്കു മനസ്സിലാക്കാൻ സാധിക്കുന്നതു് എന്നാണ് ലേഖകന്റെ അഭിപ്രായം.

2. മൂന്നാമത്തെ വയസ്സിൽ ശങ്കരനെ എഴുത്തിനിരുത്തുകയും അതോടുകൂടി അദ്ദേഹത്തിന്റെ വിദ്യാഭ്യാസം തുടങ്ങുകയും ചെയ്തു എന്നാണ് നമുക്കു ലഭിക്കുന്ന വിവരമെങ്കിലും ശങ്കരൻ അഞ്ചാമത്തെ വയസ്സിൽ ഉപനയനം കഴിഞ്ഞ സമയത്തു് വേദശാസ്ത്രപുരാണങ്ങളിലൊക്കെ അഗാധമായ പാണ്ഡിത്യം നേടി അന്യരെ അമ്പരപ്പിച്ചിരുന്നു.

3. എട്ടാമത്തെ വയസ്സിൽ ഒരിക്കൽ പെരിയാററിൽ കുളിക്കാനിറങ്ങിയ ശങ്കരനെ ഒരു മുതല പിടികൂടി എന്നും സന്യസിക്കാൻ അനുവദിച്ചാലേ കുട്ടിയുടെ ജീവൻ തിരിച്ചുകിട്ടൂ എന്നുമുള്ള നിലവന്നപ്പോൾ അമ്മ അനുവാദം നൽകി എന്നും ഐതിഹ്യങ്ങൾ പറയുന്നു.

VII മാതൃക അനുസരിച്ചു വാക്യങ്ങൾ മാററിയെഴുതുക.

a. സന്യസിക്കാൻ അനുവദിച്ചാലേ ജീവൻ വീണ്ടുകിട്ടൂ.

സന്യസിക്കാൻ അനുവദിച്ചാൽ ജീവൻ വീണ്ടു കിട്ടും.

1. ജോലി ചെയ്താലേ പ്രതിഫലം കിട്ടൂ.
2. നോക്കി നടന്നാലേ വഴി നേരെ കാണാൻ പററൂ.
3. നേരായ മാർഗത്തിലൂടെ സഞ്ചരിച്ചാലേ ലക്ഷ്യസ്ഥാനത്തെത്തൂ.
4. വെള്ളത്തിലിറങ്ങിയാലേ കുളിക്കാൻ ഒക്കൂ.
5. കൈ നനഞ്ഞാലേ മീൻ പിടിക്കാൻ പററൂ.
6. അടി കൊടുത്തു വളർത്തിയാലേ കുട്ടികൾ നന്നാകൂ.
7. അമ്മ വന്നാലേ കുഞ്ഞു കരച്ചിൽ നിർത്തൂ.
8. മരുന്നു കഴിച്ചാലേ രോഗം ഭേദപ്പെടൂ.
9. ഉപ്പു ചേർത്താലേ ആഹാരത്തിനു സ്വാദുണ്ടാകൂ.
10. തെററു ചെയ്താലേ പശ്ചാത്തപിക്കേണ്ടി വരൂ.

VIII സ്വന്തം വാക്യങ്ങളിൽ പ്രയോഗിക്കുക.

a. 1. പ്രസരിപ്പിക്കു് 2. പിടികൂടു് 3. പുലർത്തു്
4. പ്രകടിപ്പിക്കു് 5. കാലധർമം 6. പ്രാപിക്കു്
7. നിർവഹിക്കു്

b. 1. സ്ഥാപകൻ 2. നിർദേശം 3. വ്യാഖ്യാനം
4. ഐക്യബോധം 5. ഒത്തുതീർപ്പ് 6. യോഗിവര്യൻ

IX മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

ലോകം പല മഹാന്മാരേയും മഹതികളേയും കണ്ടിട്ടുണ്ട്. യേശുക്രിസ്തു, മുഹമ്മദ് നബി, ശ്രീബുദ്ധൻ, മഹാത്മാഗാന്ധി, ഫ്ളോറൻസ് നൈറ്റിംഗേൽ, മദർ തെരീസ മുതലായ മനുഷ്യസ്നേഹികളെ ആരാധിക്കാത്തവരായി ആരുണ്ട്? അവരെയൊക്കെ പോലെ ഉത്തമനായ ഒരു മനുഷ്യസ്നേഹിയായിരുന്നു സോക്രട്ടീസും. അദ്ദേഹം ക്രിസ്തുവിനു മുൻപ് ഗ്രീസിൽ ജീവിച്ചിരുന്നു. ക്രിസ്തുവിനും ബുദ്ധനും തോന്നിയതു തന്നെയാണ് സോക്രട്ടീസിനും തോന്നിയിരുന്നത്. അദ്ദേഹം ആ തത്വങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. പക്ഷെ അക്കാലത്തെ ആളുകൾ അദ്ദേഹത്തെ ഭ്രാന്തനെന്നു വിളിച്ചു. സ്വന്തം ഭാര്യപോലും അദ്ദേഹം പറഞ്ഞതു ക്ഷമയോടെ കേൾക്കാറില്ലായിരുന്നു. അവർ എപ്പോഴും അദ്ദേഹത്തിനോടു വഴക്കു കൂടാറുണ്ടായിരുന്നു. സോക്രട്ടീസ് നാടു നന്നാക്കാൻ ആഗ്രഹിച്ചു. ആദ്യം വീട്ടുകാര്യങ്ങൾ നേരെ നോക്കിനടക്കണമെന്നു ഭാര്യ അദ്ദേഹത്തെ ഉപദേശിച്ചു; അദ്ദേഹത്തിനോട് ആവശ്യപ്പെട്ടു. പക്ഷെ അതു ചെവിക്കൊള്ളാൻ അദ്ദേഹം തയ്യാറില്ലായിരുന്നു. തന്റെ ജീവിതതത്വങ്ങൾ ഗ്രീസിലെ റോഡുകളിൽക്കൂടി അദ്ദേഹം വിളിച്ചു പറഞ്ഞു കൊണ്ടു നടന്നു. ഗ്രീസിലെ ചെറുപ്പക്കാർ അദ്ദേഹത്തിന്റെ ആരാധകരായിത്തീർന്നു. പക്ഷെ അദ്ദേഹം നാട്ടിലെ ചെറുപ്പക്കാരെയൊക്കെ വഴിതെററിക്കുകയാണെന്നായിരുന്നു സർക്കാരിന്റെ തീരുമാനം. അധികാരികൾ സോക്രട്ടീസിനെ തടവിലിട്ടു. തടവിൽവച്ച് അവർ അദ്ദേഹത്തിനു വിഷം കൊടുത്തു. അങ്ങനെ ഒരു മഹാന്റെ ജീവിതം നീചമായ വിധത്തിൽ അധികാരികൾ അവസാനിപ്പിച്ചു. ക്രിസ്തുവും ഗാന്ധിയും ഒക്കെ മനുഷ്യരാൽത്തന്നെയാണല്ലോ ക്രൂരമായ വിധത്തിൽ കൊല്ലപ്പെട്ടത്. ജനങ്ങൾക്കു വേണ്ടി ജീവിച്ച മഹാന്മാരെ ജനങ്ങൾ തന്നെ കൊല്ലുന്നു എന്നാണല്ലോ ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. മനുഷ്യന്റെ സംസ്കാരസമ്പന്നതയെയല്ലേ ഇതു കാണിക്കുന്നത് എന്ന് അറിയാതെ ചോദിച്ചു പോകും.

അക്കാലത്തെ ആളുകളാൽ ഭ്രാന്താണെന്നു വിളിക്കപ്പെട്ടുവെങ്കിലും ഈ ലോകത്തിലെ പ്രസിദ്ധ തത്വചിന്തകന്മാരുടെ കൂട്ടത്തിൽ സോക്രട്ടീസിനു മഹനീയമായൊരു സ്ഥാനം ഉണ്ട്. മഹാന്മാർ തലമുറകൾക്കതീതരാണ്. ഒരു തലമുറയിൽ ശിക്ഷിക്കപ്പെട്ടവർ പിൽക്കാലത്തെ തലമുറകളാൽ ആദരിക്കപ്പെടുന്നു. ഇതും ചരിത്രസത്യം തന്നെ എന്നു നമുക്കു സമാധാനിക്കാം.

X മലയാളത്തിലേക്ക തർജ്ജമ ചെയ്യുക.

Haven't you heard about the Red Cross association? The founder of this Red Cross Society was Henry Dunant. He belonged to Switzerland. Once he was touring over Italy. During that time there was a battle. The wounded soldiers were not cared for. Their condition was miserable. Henry was very much moved by this pathetic scene. He thought that he should work to reduce their sorrow and improve their conditions. Then he decided to establish an organization which will look after the wounded soldiers in any battle. He went to many European countries, met the rulers and demanded help. He toured all over Europe for some months collected money and organized people. Later on he conducted a meeting in Geneva. Representatives from all the countries attended the meeting. There they decided to form an association to work for bettering the conditions of the wounded soldiers during wartime and to look after the orphans and the helpless in peace. This society is called as the Red Cross society. The symbol of Red Cross society is a Red Cross on white background. The slogan of the society is 'service'.

പാഠം 11

ഒരു പത്രാധിപക്കുറിപ്പ്

കേരളകൗമുദി

1983 സെപ്റ്റംബർ 11 ഞായർ

പഞ്ചായത്തു ജീവനക്കാരുടെ പണിമുടക്ക്

ജനാധിപത്യഭരണ സംവിധാനത്തിന്റെ അടിസ്ഥാനഘടകമാണ് പഞ്ചായത്തുകൾ. ജനങ്ങളുമായി ഏറ്റവുമടുത്ത സമ്പർക്കമുള്ള ജനകീയസ്ഥാപനങ്ങളുമാണവ. സംയോജിത ഗ്രാമവികസനപദ്ധതിയുടേതുൾപ്പെടെ ഗ്രാമതലത്തിൽ നടക്കേണ്ട വികസന പരിപാടികളുടെ ചുമതല പഞ്ചായത്തുകൾക്കാണ്. ജനങ്ങളുടെ ദൈനംദിനാവശ്യങ്ങൾ പലതും അവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടു നില്ക്കുന്നുമുണ്ട്. ശുചീകരണജോലികളും ആരോഗ്യസംരക്ഷണനടപടികളും അവയിൽ പ്രധാനമായ ചിലതാണ്. ജനനമരണ രജിസ്ട്രേഷൻ, വിവാഹരജിസ്ട്രേഷൻ മുതലായവ നിർവഹിക്കേണ്ടതും പഞ്ചായത്തുകൾ തന്നെ. ഗ്രാമപ്രദേശങ്ങളിൽ ഈവക കാര്യങ്ങളൊക്കെ ഒരാഴ്ചയോളമായി മുടങ്ങിക്കിടക്കുകയാണ്. പഞ്ചായത്തു ജീവനക്കാർ സംസ്ഥാനവ്യാപകമായി ആരംഭിച്ച അനിശ്ചിതകാല പണിമുടക്കിന്റെ പരിണതഫലമാണത്.

സമരം ചെയ്യാനുള്ള കൗതുകക്കൂടുതൽ കൊണ്ടല്ല പഞ്ചായത്തു ജീവനക്കാർ പണിമുടക്കിനൊരുങ്ങിയത്. നിവേദനങ്ങൾ മുഖേന നടത്തിയ നിരന്തരശ്രമങ്ങൾ വിഫലമാണെന്നു കണ്ടപ്പോഴാണ് അവർ സമരപഥത്തിലേക്കു തിരിഞ്ഞത്. മററു ചില വിഭാഗം ജീവനക്കാരെ സമരോദ്യുക്തരാക്കിയ സാഹചര്യങ്ങളുടെ താപ്പനുസരിച്ചാണെങ്കിൽ പഞ്ചായത്തു ജീവനക്കാരുടെ പണിമുടക്ക് എത്രയോ മുമ്പു നടക്കേണ്ടതായിരുന്നു. അത്രയ്ക്കു സഹതാപാർഹമാണ് അവരുടെ സേവന-വേതന വ്യവസ്ഥിതികളുടെ സ്ഥിതി. പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമിച്ച റഗുലർ വിഭാഗം ജീവനക്കാരും അല്ലാത്തുള്ള കണ്ടിൻജൻസി ജീവനക്കാരും അവരുടെ കൂട്ടത്തിലുണ്ട്. ഗവണ്മെന്റ് സർവീസിലുള്ള സദൃശവിഭാഗക്കാരുടെ കാര്യം പോകട്ടെ, നഗരസഭകളുടെ കീഴിലുള്ള സമാനവിഭാഗക്കാർക്കു ലഭിക്കുന്ന അവകാശാനുകൂല്യങ്ങൾ പോലും രണ്ടുകൂട്ടർക്കും വിലക്കപ്പെട്ടിരിക്കുകയാണ്.

റഗുലർ വിഭാഗത്തിലുള്ള ജീവനക്കാരിൽ ബഹുഭൂരിപക്ഷവും ഉദ്യോഗത്തിൽ പ്രവേശിച്ച ലാവണത്തിൽത്തന്നെ റിട്ടയർ ചെയ്യേണ്ടിവരുന്നതാണവസ്ഥ.

ഏറെക്കാലത്തെ മുറവിളിക്കുശേഷം അനുവദിച്ചു കിട്ടിയ പ്രൊമോഷൻ സൗകര്യങ്ങൾ നാമമാത്രമാണ്. അവയിൽ ചിലതാകട്ടെ അലങ്കാരത്തിന്റെ സ്വഭാവം മാത്രമുള്ളതും. മറ്റേതെങ്കിലും വകുപ്പിലോ സ്ഥാപനത്തിലോ കേട്ടുകേൾവി പോലുമില്ലാത്ത കൗതുകകരമായ ചില പ്രശ്നങ്ങൾ അവരെ അലട്ടുന്നുമുണ്ട്. പ്രൊമോഷൻ കിട്ടിയാലും വേതനം കൂടാറില്ല. അതു സഹിക്കാം. പ്രൊമോഷന്റെ അനന്തരഫലം വേതനനിരക്കു കുറയുക കൂടിയാണെങ്കിലോ? കണ്ടിൻജൻസി ജീവനക്കാരുടെ കാര്യത്തിൽ വേറൊരു വൈചിത്ര്യം കൂടി കാണാം. മേൽനോട്ടജോലിയിലുള്ള ചിലർക്ക് കീഴ്ജീവനക്കാരെക്കാൾ കുറവാണ് വേതനനിരക്ക്. പെൻഷനോ കുടുംബക്ഷേമപദ്ധതിയോ മററു മേഖലകളിലെ സദൃശവിഭാഗക്കാരുടെ ഡി. എ. നിരക്കോ പഞ്ചായത്തുകളിലെ കണ്ടിൻജൻസിക്കാർക്ക് കിട്ടുന്നുമില്ല. ഇവയ്ക്കെല്ലാം നിരവധി ഉദാഹരണങ്ങൾ പഞ്ചായത്തു ജീവനക്കാരുടെ സമരസമിതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകണമെന്നാണ് ജീവനക്കാർ ആവശ്യപ്പെടുന്നത്. അതു സംബന്ധിച്ച് വ്യക്തമായ ഏതാനും നിർദേശങ്ങൾ അവർ ഉന്നയിച്ചിട്ടുമുണ്ട്. അവയിൽ ചിലത് അംഗീകരിക്കാമെന്ന് ഗവൺമെന്റു തന്നെ മുമ്പ് സമ്മതിച്ചിട്ടുള്ളതാണ്. പഴയ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പാക്കിക്കിട്ടാൻ വേണ്ടി സമരം ചെയ്യേണ്ടിവരുന്നത് സംസ്ഥാനത്തെ വിവിധ വിഭാഗം ജീവനക്കാരുടെ ശിരോലിഖിതമായിട്ടുണ്ട്. ആ ദൗർഭാഗ്യത്തിൽ നിന്ന് പഞ്ചായത്തു ജീവനക്കാരും മുക്തരായിട്ടില്ല.

എല്ലാ പാർട്ടികളിലുമുള്ളവരും ഒരു രാഷ്ട്രീയച്ചായ്വുമില്ലാത്തവരും ഉൾപ്പെടെ മുഴുവൻ പഞ്ചായത്തുജീവനക്കാരും ഒററക്കെട്ടായാണ് പണിമുടക്കുന്നത്. ആദ്യദിവസം മുതലേ പണിമുടക്ക് പരിപൂർണവുമാണ്. സമരം ഇനിയും തുടർന്നാൽ ബുദ്ധിമുട്ടുന്നത് ജനങ്ങളായിരിക്കും. വകുപ്പു മേധാവിതലത്തിൽ നടന്ന ചില ചർച്ചകൾ ഫലവത്തായിട്ടില്ല. മന്ത്രിമാരുടെ നിലവാരത്തിൽ തന്നെ ഇടപെട്ട് സമരവിരാമം സാധ്യമാക്കാനുള്ള ഊർജ്ജിതശ്രമമാണ് ഉടൻ ആവശ്യം. സംസ്ഥാനത്തെ പഞ്ചായത്തു സമിതികൾ ഒന്നടങ്കം ഗവൺമെന്റിനോട് അഭ്യർഥിച്ചിട്ടുള്ളതും അതാണ്. ഗ്രാമപ്രദേശങ്ങളിലെ ജനലക്ഷങ്ങളുടെ വികാരം കൂടിയാണതിലുള്ളത്. മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും അവരുടെ അഭ്യർഥന മാനിക്കുമെന്ന് പ്രതീക്ഷിക്കാം.

പദപരിചയം

പത്രാധിപക്കുറിപ്പ് 'editor's note'

ജീവനക്കാർ = ജോലിക്കാർ 'employees'

പണിമുടക്ക് = സമരം. 'strike' സംവിധാനം = രീതി 'arrangement'

ഘടകം 'factor' സംയോജിതം 'co-ordinated'

ഗ്രാമവികസനം 'village development'
ഗ്രാമതലത്തിൽ 'village level' ദൈനംദിനം 'daily'
ശുചീകരണം 'purification, sanitation'
ആരോഗ്യസംരക്ഷണ നടപടികൾ 'steps to maintain health'
നിർവഹിക്കുക 'bear, do' മുടങ്ങുക 'not work, suspended'
അനിശ്ചിതകാലം 'indefinite period'
പരിണതഫലം 'consequential result'
കൗതുകം 'curiosity, inquisitiveness, interest'
നിവേദനം 'memorandum, representation'
മുഖേന = വഴിയായി 'through' നിരന്തരം 'continuous'
വിഫലം = ഫലമില്ലാത്തതു് പഥം = വഴി, മാർഗം
സമരോദ്യുക്തർ = സമരത്തിനു് ഉദ്യുക്തർ
ഉദ്യുക്തർ = വളരെയധികം താല്പര്യത്തോടെ തയ്യാറെടുത്തവർ
സാഹചര്യം = ചുറ്റുപാടു് തപ്പു് = അളവു് 'measure'
സഹതാപാർഹം 'deserving sympathy'
സേവന-വേതന വ്യവസ്ഥകൾ 'service and salary conditions'
സദൃശവിഭാഗക്കാർ 'people of equal cadre'
ആനുകൂല്യങ്ങൾ 'privileges' വിലക്കു് 'deny'
ലാവണം 'post, designation' മുറവിളി 'shouting'
കേട്ടുകേൾവി 'hearsay' അലട്ടു് 'pester, torment'
അനന്തരഫലം 'resultant effect' വൈചിത്ര്യം 'strangeness'
മേൽനോട്ടം 'supervision' കീഴ്ജീവനക്കാർ 'subordinates'
കുടുംബക്ഷേമപദ്ധതി 'family welfare scheme'
നിരക്കു് 'rate' ചൂണ്ടിക്കാണിക്കുക 'point out'
പരിഹാരം 'solution' നിർദേശങ്ങൾ 'suggestions'
ഉന്നയിക്കുക 'put forward' അംഗീകരിക്കുക 'approve, recognise'
ഒത്തുതീർപ്പു് 'compromise, agreement,'
ശിരോലിഖിതം 'writing on the head—fate'
ദൗർഭാഗ്യം 'illuck' മുക്തർ 'those who are free'
ഒറക്കെട്ടായി 'unitedly'
പരിപൂർണം 'complete' മേധാവി 'head'
ഫലവത്താകുക 'be fruitful' വിരാമം 'stop'

സമിതി	'council'	ഊർജിതം	'vigorous'
ഒന്നടങ്കം	'total'	അഭ്യർഥിക്കുക	'request'
വികാരം	'feeling'	മാനിക്കുക	'honour'

അഭ്യാസം

I വിട്ടുപോയ വാക്കുകൾ ചേർത്തു വാക്യങ്ങൾ പൂരിപ്പിക്കുക.

1. പൊതുജനങ്ങളുമായി അടുത്ത — ആണ് പഞ്ചായത്തുകൾക്കുള്ളത്.
2. ആളുകളുടെ പൊതുവായ പല — അവർക്ക് പഞ്ചായത്തുകാരെ സമീപിക്കണം.
3. പഞ്ചായത്തുകാർ — ഫലമായി പല അത്യാവശ്യകാര്യങ്ങളും മുടങ്ങി —.
4. പഞ്ചായത്തുകാരുടെ ഈ പണിമുടക്ക് — നടക്കേണ്ടതായിരുന്നു.
5. അവരുടെ ജോലിവ്യവസ്ഥകൾ വളരെ — ആണ്.
6. വളരെക്കാലത്തെ — ശേഷം ചെറിയ ചില ആനുകൂല്യങ്ങൾ അവർക്ക് അനുവദിച്ചു കിട്ടി.
7. വിചിത്രമായൊരു സംഗതി മേൽനോട്ടക്കാർക്ക് — വേതനം കുറവാണ് ചിലപ്പോൾ എന്നതാണ്.
8. കണ്ടിൻജൻസി ജീവനക്കാരുടെ — എല്ലാത്തിനേക്കാളും ദയനീയം —.
9. പഴയ — വ്യവസ്ഥകൾ ഇതുവരെ നടപ്പാക്കിക്കിട്ടാത്തത് ഈ സമരത്തിനു വേറൊരു കാരണമാണ്.
10. മുഖ്യമന്ത്രിയും — ഈ കാര്യത്തിൽ ശ്രദ്ധ വയ്ക്കേണ്ടതാണ്.

II താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളുടെ അർഥം സ്വന്തം വാക്യങ്ങളിൽ എഴുതുക.

1. ജനങ്ങളുടെ ദൈനംദിനാവശ്യങ്ങൾ പലതും പഞ്ചായത്തുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു.
2. തക്കതായ കാരണമില്ലാതെയോ വെറുതെ സമരം ചെയ്യാനുള്ള ആശ കൊണ്ടോ അല്ല അവർ സമരത്തിനിറങ്ങിയിരിക്കുന്നത്.
3. എല്ലാ പാർട്ടികളിലുമുള്ളവരും ഒരു രാഷ്ട്രീയച്ചായ്‌വുമില്ലാത്തവരും ഉൾപ്പെടെ മുഴുവൻ പഞ്ചായത്തു ജീവനക്കാരും ഒററക്കെട്ടായാണ് പണിമുടക്കുന്നത്.

4. പ്രൊമോഷന്റെ അനന്തരഫലം വേതനനിരക്ക് കുറയുകയാണെങ്കിൽ അതു സ്വീകാര്യമാവുന്നതല്ലല്ലോ.

5. പഴയ ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പാക്കിക്കിട്ടാൻ വേണ്ടി സമരം ചെയ്യേണ്ടിവരുന്നതു് സംസ്ഥാനത്തെ വിവിധ വിഭാഗം ജീവനക്കാരുടെ ശിരോലിഖിതമായിട്ടുണ്ടു്.

6. ഏറെക്കാലത്തെ മുറവിളിക്കു ശേഷം അനുവദിച്ചു കിട്ടിയ പ്രൊമോഷൻ സൗകര്യങ്ങൾ നാമമാത്രമാണു്.

III ഈ പാഠത്തിലെ സമാസപദങ്ങൾ എഴുതിയെടുത്തു് ഓരോ സമാസപദത്തിന്റേയും അർഥം വിഗ്രഹിച്ചെഴുതുക.

IV സ്വന്തം വാക്യങ്ങളിൽ ഉപയോഗിക്കുക.

(a) 1. ബന്ധപ്പെട്ടു് 2. ഉന്നയിക്കു്
3. ചൂണ്ടിക്കാണിക്കു് 4. നടപ്പാക്കു്
5. മാനിക്കു്.

(b) 1. അടിസ്ഥാനഘടകം 2. പണിമുടക്കു്
3. വൈചിത്ര്യം 4. ഒത്തുതീർപ്പു്
5. ഒറ്റക്കെട്ടായി.

V താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കു് ഉത്തരം നൽകുക.

1. ജനാധിപത്യഭരണരീതിയിൽ പഞ്ചായത്തും ജനങ്ങളും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു ?

2. പഞ്ചായത്തു ജീവനക്കാർ സമരത്തിനൊരുങ്ങിയിരിക്കുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം ?

3. പഞ്ചായത്തു ജീവനക്കാരുടെ സമരത്തെ പത്രാധിപർ അനുകൂലിക്കുകയാണോ കുറ്റപ്പെടുത്തുകയാണോ ? എന്തൊക്കെ വാദമുഖങ്ങളാണു് പത്രാധിപർ ഉന്നയിക്കുന്നതു് ?

VI ഈ പാഠത്തെ അടിസ്ഥാനമാക്കി പഞ്ചായത്തുകാരുടെ പണിമുടക്കിനെപ്പററി രണ്ടു എതിർ രാഷ്ട്രീയകക്ഷിയിൽപ്പെട്ട ആളുകൾ തമ്മിലുള്ള ഒരു സംഭാഷണം രചിക്കുക. അവരിൽ ഒരാൾ സമരത്തെ അനുകൂലിച്ചും, മറ്റൊരാൾ അതിനെ കുറ്റപ്പെടുത്തിയും കൊണ്ടായിരിക്കണം സംഭാഷണം.

VII മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

കുട്ടിഭീമനെ തീററാൻ രാജ്യാന്തര സഹായം

ന്യൂഡെൽഹി, സെപ്റ്റം: 8: പതിനൊന്നു മാസം പ്രായമുള്ള ഒരു കുഞ്ഞിനെ തീററിപ്പോററാൻ അമേരിക്കയിൽനിന്നും പശ്ചിമജർമനിയിൽനിന്നും സഹായം !

കേട്ടാൽ അതിശയം തോന്നാം. എന്നാൽ ഒരു വയസ്സിന് ഇനി ഒരു മാസം കൂടി വേണമെന്നിരിക്കേ, 25 കിലോഗ്രാം ഭാരം തൂങ്ങുന്ന ഈ കൊച്ചുഭീമനെ വളർത്തുവാൻ അവൻെറ മാതാപിതാക്കൾക്ക് ബുദ്ധിമുട്ടുണ്ടായാലോ? ദക്ഷിണാഫ്രിക്കയിലെ സിദ്ധാന്തീവ്'സിമനെയെന്ന പിഞ്ചുകുഞ്ഞാണ് കഥാപാത്രം. ജനിച്ചു വീണപ്പോൾ 10.2 കിലോഗ്രാം ഭാരമുണ്ട് —ഒരു എട്ടു വയസ്സുകാരന്റെ തിനു തുല്യം.

ദക്ഷിണാഫ്രിക്കയിലെ സിഒപററ് ആശുപത്രിയിലാണ് സിദ്ധാന്തീവ് പിറന്നു വീണതു്, പതിനൊന്നു മാസങ്ങൾക്കു മുൻപ്. അന്നു മുതൽ അവൻെറ വിശപ്പ് ഭയങ്കരമാണെന്ന് ആശുപത്രി സൂപ്രണ്ട് ഡോ: ജി. ജെ. മക്കാവോ പറഞ്ഞു. ഒരു ദിവസം പ്രായമായ അന്നു മുതൽ അവൻ അമ്മയുടെ മുലപ്പാൽ കൂടാതെ ദിവസവും 250 ഗ്രാം ടിൻ പാലും 250 ഗ്രാം പോഷകാഹാരവും കഴിച്ചു തുടങ്ങി. ഇപ്പോഴാകട്ടെ സിദ്ധാന്തീവ് ഉരുളക്കിഴങ്ങും പച്ചക്കറികളും ഇറച്ചിയും കഴിക്കും.

ഇതെല്ലാമാണെങ്കിലും അവൻെറ വളർച്ച സാധാരണഗതിയിലാണെന്ന് ഡോ: മക്കാവോ പറഞ്ഞു. മൂന്നു പല്ലുകൾ മാത്രമേ അവനു് ഉള്ളു. നല്ലവണ്ണം ചിരിക്കുന്ന ഈ കൊച്ചുഭീമൻ ഇഴയാൻ തുടങ്ങിയിട്ടേ ഉള്ളു.

ഒരു സാധു കുടുംബത്തിലാണ് സിദ്ധാന്തീവ് ജനിച്ചതു്. നാല് കുഞ്ഞുങ്ങൾ കൂടിയുള്ള മാതാപിതാക്കൾക്ക് അവൻെറ ആവശ്യങ്ങൾ നേടിക്കൊടുക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി ഡോ: മക്കാവേ അറിയിച്ചു. ഇക്കാരണത്താലാണ് സിദ്ധാന്തീവിൻെറ ഭക്ഷണത്തിനും വസ്ത്രത്തിനും വേണ്ട സഹായം തേടി ഡോ: മക്കാവേ അമേരിക്കയേയും പശ്ചിമ ജർമനിയേയും സ്വന്തം ഗവണ്മെന്റിനേയും സമീപിച്ചതു്.

VIII മലയാളത്തിലേക്കു തർജ്ജമ ചെയ്യുക.

Writing children's books is not an easy thing. One needs special skill in using language when he/she wants to write a book for the children. Most of the adults tend to forget their childhood interests

when they start writing books for kids. That is the impression we get on reading the children's books in our languages. Yes-there are a few gifted writers of children's literature. That is not enough. Today in most of the Indian languages books published in this branch of literature are not appreciated by the children. When parents try to read out the books for children we hear the children reacting "mummy, please stop reading, we want to hear the stories from you, you don't read, you just tell. Yan can tell better than the books." This clearly shows that the language of the books meant for children is not appealing to them. They simply don't tell things. If the language of the story mummy read out were to be the way mummy or granny spoke, children would have enjoyed. They just want the stories to be told. They would like books that would tell them stories and adventure and also about new things which can catch their imagination and awaken their curiosity. So the normal narrative style does not work. It has to be very lively and interesting. For that the authors of children's literature should be able to relive their past-recollect their childhood experiences, their ambitions and attractions as a child, their adventure, pleasures and sorrows.

പാഠം 12

മരുന്നല്ലാത്ത മരുന്ന്

ഉഷ്ണമേഖലാകാലാവസ്ഥകളിൽ മാത്രം കണ്ടുവരുന്ന ഒരു രോഗമാണ് ബെറിബെറി. ഭയാനകമാണ് ഈ രോഗബാധയുടെ അനന്തരഫലങ്ങൾ. ജപ്പാൻ, മലയ, ഫിലിപ്പൈൻസ്, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിൽ അനവധി പേർ ഈ രോഗം മൂലം മരിച്ചിരുന്നു. രോഗം ബാധിച്ചവർക്കു ക്ഷീണവും ഉന്മേഷക്കുറവുമാണ് ആദ്യം അനുഭവപ്പെടുക. പാദങ്ങളുടെ മാംസപേശികൾക്ക് ശക്തികുറയുന്നതുമൂലം രോഗികൾക്കു നടക്കുവാനോ എഴുന്നേറ്റു നിൽക്കുവാൻ പോലുമോ കഴിയാതെ വരുന്നു. തളർവാതം, ശ്വാസോച്ഛ്വാസത്തിനു തടസ്സം മുതലായ മരണലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നു. ഹൃദയസ്തംഭനം മൂലം അവസാനം രോഗി മരിക്കും.

മേൽപ്പറഞ്ഞ രാജ്യങ്ങളിലെ ജനങ്ങൾ പ്രധാനമായും അരിയാണ് ഭക്ഷിക്കുന്നത്. നെല്ലിന്റെ ഉമി കളഞ്ഞാൽ തവിടോടുകൂടിയ അരി നമുക്കു കിട്ടുന്നു. നാടൻ രീതിയിൽ നെല്ല് കുത്തുമ്പോൾ ഈ തവിടിൽ ഭൂരിഭാഗവും അരിയിൽ തന്നെ അവശേഷിക്കും. എന്നാൽ ഈ അരി കാണുവാൻ ഭംഗിയില്ലാത്തതാണ്. അതിനെ പോളീഷ് ചെയ്തെടുക്കുന്നതായാൽ നല്ല വെളുത്ത അരി നമുക്കു ലഭിക്കും. അതിൽ തവിടുണ്ടാകുകയില്ല. വളരെ കാലത്തോളം ബെറിബെറി രോഗത്തിന്റെ കാരണം അജ്ഞാതമായിരുന്നു. എന്നാൽ അരിഭക്ഷണവുമായി അതിനു ബന്ധമുണ്ടെന്ന് ക്രമേണ മനസ്സിലായിത്തുടങ്ങി. പ്രത്യേക രീതിയിൽ ക്രമീകരിച്ച ഭക്ഷണം നൽകി ഇതൊന്നു പരീക്ഷിക്കുവാൻ ജപ്പാൻ കപ്പൽപ്പടയിലെ ഒരു ഭിഷഗ്വരൻ തീരുമാനിച്ചു. അദ്ദേഹം ബാർലി, മത്സ്യം, മാംസം മുതലായവ ധാരാളമായി നാവികർക്കു നൽകി. അരിഭക്ഷണം മാത്രം കഴിച്ചു വളർന്നിരുന്ന അവർക്ക് പുതിയ ഭക്ഷണക്രമം അനുവർത്തിച്ചതിന്റെ ഫലമായി ബെറിബെറി രോഗം ബാധിക്കാതെയായി.

ഏകദേശം ഒമ്പതു കൊല്ലങ്ങൾക്കു ശേഷം ക്രിസ്ത്യൻ ഇജക്മാൻ എന്ന ഒരു യുവസൈനിക ഡോക്ടർ പൂർവേൻഡ്യാ ദ്വീപുകളിലൊന്നിൽ ബെറിബെറി രോഗത്തിന്റെ കാരണം പഠിക്കുവാൻ നിയുക്തമായ കമ്മിററിയിൽ അംഗമാകുവാനിടയായി. ബട്ടാവിയയിലെ പുതുതായി സ്ഥാപിച്ചിരുന്ന സൈനികാശുപത്രിയിലാണിദ്ദേഹത്തെ നിയോഗിച്ചത്. ഒരു ദിവസം ആശുപത്രിയിൽ വളർത്തിയിരുന്ന കോഴികൾക്ക് ഒരു പ്രത്യേക രോഗം ബാധിച്ചതായി അദ്ദേഹം കണ്ടു. രോഗലക്ഷണങ്ങൾ ബെറിബെറി രോഗത്തിന്റേതുപോലെ

ത്തന്നെ ആയിരുന്നു. അതുകൊണ്ടു് അദ്ദേഹം ആ കോഴികളെ ശ്രദ്ധിക്കുവാൻ തുടങ്ങി. അത്ഭുതമെന്നേ പറയേണ്ടൂ; പെട്ടെന്നു കോഴികൾക്കുള്ള രോഗം മാറിയതായി അദ്ദേഹം കണ്ടു. പുതുതായി കോഴികൾക്കൊന്നും രോഗം ബാധിച്ചതുമില്ല. അത്ഭുതപരതന്ത്രനായ അദ്ദേഹം ഇതിന്റെ കാരണത്തെക്കുറിച്ചു് വീണ്ടും വീണ്ടും ആലോചിച്ചു. ഭക്ഷണക്രമത്തിൽ വന്ന എന്തെങ്കിലും മാററമായിരിക്കണം ഇതിനു കാരണമെന്ന നിഗമനത്തിലെത്തി. അന്വേഷണത്തിൽ നിന്നു കോഴികൾക്കു് തീററകൊടുത്തിരുന്ന ജോലിക്കാരൻ പോയി പുതിയ ഒരാൾ വന്നതായി കണ്ടു. പഴയ ജോലിക്കാരൻ വെളുപ്പിച്ച അരിയാണു് കോഴികൾക്കു് കൊടുത്തിരുന്നതു്; എന്നാൽ പുതുതായി വന്ന ജോലിക്കാരൻ കോഴികൾക്കു് താണതരം—തവിടുകളയാത്ത—അരിയാണു നൽകിയതു്. ഭക്ഷണക്രമത്തിൽ വന്ന മാററവും രോഗബാധയും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നറിയുവാൻ അദ്ദേഹം കൂടുതൽ അന്വേഷണം നടത്തി. രോഗബാധയ്ക്കു കാരണം ഭക്ഷണക്രമത്തിലുള്ള മാററം തന്നെയെന്ന നിഗമനത്തിലെത്തി.

കൂടുതൽ പരീക്ഷണങ്ങൾ ഈ കാര്യത്തിൽ നടത്തുവാൻ ഇജക്കു്മാൻ തീരുമാനിച്ചു. വെളുപ്പിച്ച അരി നൽകിയ കോഴികൾക്കു് രോഗം വരുന്നതായും രോഗം വന്ന കോഴികൾക്കു് തവിടുള്ള അരി നൽകിയാൽ രോഗം മാറുന്നതായും അദ്ദേഹം കണ്ടു. രോഗവിമുക്തിക്കു് തവിട മാത്രം നൽകിയാലും മതിയെന്നു് അദ്ദേഹം കണ്ടെത്തി. കോഴികളിൽ കണ്ട ഇതേഫലം മനുഷ്യരിലും കാണേണ്ടതാണല്ലോ. അദ്ദേഹത്തിന്റെ നിഗമനങ്ങൾ ശാസ്ത്രലോകം അവജ്ഞയോടെ തള്ളിക്കളഞ്ഞു. എന്നാൽ തെക്കുകിഴക്കേ ഏഷ്യയിൽ യന്ത്രവൽക്കൃത നെല്ലുകുത്തു മില്ലുകൾ സ്ഥാപിക്കുവാൻ തുടങ്ങിയതോടെ കൂടുതൽ വ്യക്തമായ തെളിവുകൾ ലഭിക്കുവാൻ തുടങ്ങി. യന്ത്രവൽക്കൃത മില്ലുകളിൽ നിന്നു പുറത്തുവരുന്ന അരി തവിടു് നീശ്ശേഷം ഇല്ലാത്തതായിരിക്കും. ഈ അരി ഭക്ഷിക്കുവാൻ തുടങ്ങിയതോടെ ബെറിബെറി രോഗികളുടെ എണ്ണം ക്രമാതീതമായി വർധിച്ചു. അരിയിലുള്ള തവിടു് നീക്കം ചെയ്യപ്പെടുന്നതുകൊണ്ടാണു് ഇതു സംഭവിക്കുന്നതെന്നായിരുന്നു അതിനെക്കുറിച്ചു് പഠനം നടത്തിയ ശാസ്ത്രജ്ഞന്റെ റിപ്പോർട്ടു്. പല ശാസ്ത്രജ്ഞന്മാരും ബെറിബെറി രോഗത്തിന്റെ കാരണം ബാക്ടീരിയയാണോ എന്നു പരിശോധിച്ചു. എന്നാൽ പരീക്ഷണഫലങ്ങൾ അങ്ങനെയല്ലെന്നു തെളിയിച്ചു. യാദൃച്ഛികമായി കോഴികളിൽ കണ്ട രോഗബാധ ശാസ്ത്രത്തെ ഇവിടെ കൊണ്ടെത്തിച്ചു. എന്നാൽ കണ്ടുപിടിത്തം മുഴമിക്കാൻ മറെറാരു യാദൃച്ഛിക സംഭവം കൂടി വേണ്ടിവന്നു.

അതിനു ഭാഗ്യമുണ്ടായതു് ഫ്രെഡറിക്കു് ഗൗലണ്ടു് ഹോപ്കിൻസ് എന്ന ശാസ്ത്രജ്ഞനാണു്. ഒരു അവിചാരിത സംഭവമാണു് അദ്ദേഹത്തെ ഭക്ഷണവും രോഗബാധയും സംബന്ധിച്ച പഠനത്തിലേക്കു നയിച്ചതു്. പ്രോട്ടീൻ ഒരു പദാർഥത്തിലുണ്ടോ എന്നു കണ്ടെത്തുവാൻ എങ്ങനെ പരീക്ഷണം നടത്തണമെന്നു പഠിപ്പിക്കുകയായിരുന്നു അദ്ദേഹം. പ്രോട്ടീനുണ്ടോ എന്നു പരീക്ഷിക്കുന്ന

തിന്നു പദാർഥത്തിൽ മററു പല രാസപദാർഥങ്ങളും ചേർക്കേണ്ടതുണ്ട്. ഇങ്ങനെ ചേർക്കുന്ന പദാർഥങ്ങളിൽ ഒന്നാണ് അസിററിക്ക് ആസിഡ്. പരീക്ഷണം തെററാതെ ചെയ്യുകയാണെങ്കിൽ അവസാനം ഒരു വയലററ് വിലയനം ലഭിക്കേണ്ടതാണ്. ജോൺ മെല്ലൻബി എന്ന ഒരു വിദ്യാർഥിക്കൊഴിച്ചു മറെറല്ലാവർക്കും പരീക്ഷണാവസാനം വയലററ് വിലയനം ലഭിച്ചു. ആ വിദ്യാർഥി വിവരം ഹോപ്കിൻസിനെ അറിയിച്ചു. പരീക്ഷണം ചെയ്തു നോക്കിയപ്പോൾ അദ്ദേഹത്തിനും വയലററ് നിറം ലഭിച്ചില്ല. എന്നാൽ മറെറാരു കുപ്പിയിലുള്ള അസിററിക്ക് അമ്ലം എടുത്തു പരീക്ഷണം നടത്തിയപ്പോൾ പരീക്ഷണം വിജയിച്ചതായി അദ്ദേഹം കണ്ടു. ഈ പ്രശ്നത്തെക്കുറിച്ച് കൂടുതൽ പഠിക്കുവാൻ ഹോപ്കിൻസ് തീരുമാനിച്ചു. കേരം എന്ന ഒരു സഹായിയും ഹോപ്കിൻസും കൂടി നടത്തിയ പരീക്ഷണങ്ങളിൽ നിന്ന് മെല്ലെൻബിയുടെ അസിററിക്ക് ആസിഡ് പരിശുദ്ധമായിരുന്നുവെന്നും എന്നാൽ മററു കുപ്പികളിലുള്ള ആസിഡിൽ ഗ്ലയോക്സിലിക്ക് ആസിഡ് എന്ന അശുദ്ധാംശം ഉണ്ടെന്നും ആ അശുദ്ധാംശമായിരുന്നു, അസിററിക്ക് ആസിഡ് അല്ല വയലററു വർണത്തിനു കാരണമെന്നും കണ്ടെത്തി. അസിററിക്ക് ആസിഡ് വായുവുമായി രാസപ്രവർത്തനത്തിൽ ഏർപ്പെടുന്നതു കൊണ്ടാണ് ഗ്ലയോക്സിലിക്ക് ആസിഡ് ഉണ്ടാകുന്നതെന്നായിരുന്നു നിഗമനം.

പ്രോട്ടീനും ഈ അശുദ്ധാംശവും തമ്മിലുള്ള രാസപ്രവർത്തനത്തെക്കുറിച്ചു പഠിക്കുവാനായിരുന്നു ഹോപ്കിൻസിന്റെ അടുത്ത ശ്രമം. അത്ഭുതമെന്നു പറയട്ടെ, പ്രോട്ടീനിൽ വളരെ ചുരുങ്ങിയ തോതിൽ അടങ്ങിയിരിക്കുന്ന—അതുവരെ ശാസ്ത്രം അറിഞ്ഞിട്ടില്ലാത്ത—എന്തോ ഒരു പദാർഥമാണ് രാസപ്രതിപ്രവർത്തനത്തിനു കാരണമെന്ന് അദ്ദേഹം കണ്ടെത്തി. പ്രോട്ടീനിൽ നിന്ന് ഈ അംശത്തെ ഹോപ്കിൻസും സഹപ്രവർത്തകരും കൂടി വേർതിരിച്ചെടുത്തു. ഈ പുതിയ പദാർഥത്തിനു ജീവികളുടെ ഭക്ഷണത്തിൽ പ്രാധാന്യമുണ്ടോ എന്നു പരീക്ഷിക്കുവാൻ ഹോപ്കിൻസ് തീരുമാനിച്ചു.

എലിക്കുട്ടികൾക്ക് ഈ പദാർഥം കൊടുത്തും കൊടുക്കാതെയും വളർത്തുകയായിരുന്നു അദ്ദേഹത്തിന്റെ പരീക്ഷണപദ്ധതി. ഈ പദാർഥം നൽകാതെ വളർത്തിയ എലിക്കുട്ടികൾ വളരെ വേഗത്തിൽ ക്ഷീണിച്ചു. ഉന്മേഷക്കുറവും വളർച്ചയില്ലായ്മയും അവയ്ക്കനുഭവപ്പെട്ടു. മററു ഭക്ഷണപദാർഥങ്ങൾ വേണ്ടത്രെ നൽകിയിരുന്നുവെങ്കിലും അവയുടെ തൂക്കം കുറഞ്ഞുവന്നു. എന്നാൽ ഈ പദാർഥം നൽകി വളർത്തിയിരുന്നവ ആരോഗ്യത്തോടെ ജീവിച്ചു. ഇതിൽനിന്നു ആരോഗ്യത്തോടെയുള്ള ജീവിതത്തിന് ഈ പദാർഥം ആവശ്യമാണെന്നു മനസ്സിലാക്കാമല്ലോ. ഈ ഗ്രൂപ്പിൽപ്പെട്ട പല പദാർഥങ്ങളും പിന്നീടു കണ്ടെത്തി. മമേലിയ വർഗത്തിൽപ്പെട്ട എല്ലാ ജീവികൾക്കും ഈ പ്രത്യേകതരം പദാർഥങ്ങൾ ആവശ്യമാണെന്നു കണ്ടുപിടിക്കപ്പെട്ടു. ഹോപ്കിൻസ് തന്റെ പരീക്ഷണഫലങ്ങളെ 1912-ൽ പ്രസിദ്ധപ്പെടുത്തി. ഫങ്ക് എന്ന മറെറാരു ശാസ്ത്രജ്ഞനും ഭക്ഷ

ണത്തിൽ അത്യന്താപേക്ഷിതങ്ങളായ ചില പദാർഥങ്ങളുണ്ടെന്നു കണ്ടെത്തി. ഈ അത്യന്താപേക്ഷിതങ്ങളായ പദാർഥങ്ങളെയാണ് ആധുനികശാസ്ത്രം വൈററമിൻസ് എന്നു പറയുന്നതു്. ഫങ്ക് എന്ന ശാസ്ത്രജ്ഞൻ അരിയുടെ തവിടിൽ ഒരുതരം വൈററമിൻ ഉണ്ടെന്നും തവിട് കളയുന്നതായാൽ അതു നഷ്ടപ്പെടുമെന്നും കണ്ടുപിടിച്ചു. ബെറിബറി രോഗത്തിന്റെ കാരണവും അങ്ങനെ വ്യക്തമായല്ലോ. ഒരു വിദ്യാർഥിയുടെ പരീക്ഷണത്തിന്നു് യാദൃച്ഛികമായി നേരിട്ട പരാജയം മഹത്തായ ഈ കണ്ടുപിടിത്തത്തിലെത്തിച്ചു.

1929-ൽ ഇജ്ക്ക്മാനും ഹോപ്കിൻസിനും നോബൽ സമ്മാനം പങ്കിട്ടു നൽകപ്പെട്ടു. അവരുടെ യാദൃച്ഛികവിജയങ്ങൾക്കു് കിട്ടിയ ഏററവും വലിയ ബഹുമതിയായിരുന്നു അതു്.

ശാസ്ത്രത്തിലെ യാദൃച്ഛികവിജയങ്ങൾ — വി. എം. ഫ്രാൻസിസ്

പദപരിചയം

ഉഷ്ണമേഖല 'tropical region'
കാലാവസ്ഥ 'climate'
ഭയാനകം = പേടിപ്പിക്കുന്നതു്
ബാധ 'attack'
അനന്തരഫലം 'aftermath'
മൂലം = കാരണം
ബാധിക്കു് 'affect, attack'
ക്ഷീണം 'tiredness'
ഉന്മേഷം 'awakening, smartness'
കുറവു് deficiency'
പാദം = കാലടി
മാംസപേശി muscular tissue'
തളർവാതം 'paralysis'
ശ്വാസോച്ഛ്വാസം 'respiration'
തടസ്സം 'obstacle, hindrance'
ഹൃദയസ്തംഭനം 'heart failure'
ഭക്ഷിക്കു് 'eat'
നെല്ലു് 'paddy'
ഉമി 'husk'
തവിടു് 'brown skin of rice
നെല്ലുകുത്തു് 'pound/mill the paddy' 'belaw the husk'
അവശേഷിക്കു് 'remain'
അജ്ഞാതം 'unknown'
ബന്ധം 'relationship'
പരീക്ഷിക്കു് 'examine'
ക്രമീകരിക്കു് 'systematise, standardise'
കപ്പൽപ്പട 'navy'
ഭിഷഗ്വരൻ = വൈദ്യൻ 'doctor'
നാവികർ 'sailors'
അനുവർത്തിക്കു് 'follow, adopt'
നിയുക്തമായ 'appointed'
അംഗം 'member part'
സൈനികാശുപത്രി 'military hospital'
നിയോഗിക്കു് 'appoint, assign'
അന്വേഷണം 'enquiry'
അത്ഭുതപരതന്ത്രൻ 'he who is wonders truck'

നിഗമനം 'conclusion'

താണതരം 'low quality' ശാസ്ത്രലോകം 'world of science'

രോഗവിമുക്തി 'recovery from the disease'

അവജ്ഞ 'disregard' നീക്കം ചെയ്യ് 'remove'

തള്ളിക്കളയ് 'refuse' ക്രമാതീതം 'exceeding the limit'

വിലയനം 'dissolution' അമ്ലം 'acid'

രാസപ്രതിപ്രവർത്തനം 'chemical reaction'

വേർതിരിക്ക് 'separate' പദാർഥം 'substance'

അത്യന്താപേക്ഷിതം 'indispensable'

യാദൃച്ഛികം 'accidental' മഹത്തായ 'great'

പങ്കിട് 'share' ബഹുമതി 'honour'

അഭ്യാസം

I വിട്ടുപോയ അക്ഷരങ്ങൾ ചേർത്ത് വാക്കുകൾ എടുത്തെഴുതുക.

1. യാദൃ — ികം
2. ഉ — മേഖല
3. തള — വാതം
4. പരി — ണം
5. അ — ിചാരിതം
6. നി — മനം
7. ഭി — ാവരൻ
8. പദാ — ഥം

II മാതൃക അനുസരിച്ച് തന്നിരിക്കുന്ന പദങ്ങൾ തമ്മിലുള്ള ബന്ധം വിശദീകരിക്കുക.

a. രോഗവിമുക്തി = രോഗത്തിൽ നിന്നുള്ള വിമുക്തി

1. ജയിൽ മോചനം
2. മദ്യപാന ശല്യം
3. പാപമോക്ഷം
4. പുത്രീവിയോഗം
5. ദേവീ സഹായം
6. കള്ളക്കടത്തു മുതൽ

b. രോഗകാരണം = രോഗത്തിനുള്ള കാരണം

1. പാദരക്ഷ
2. പണക്കൊതി
3. വീട്ടുകാവൽ
4. മനശ്ശാന്തി
5. ദേഹസുഖം
6. പൂമണം

c. ഭയാനക ദൃശ്യം = ഭയാനകമായ ദൃശ്യം

1. മാരക രോഗം
2. സുന്ദര സ്വപ്നം
3. ജ്ഞാനമൃതം
4. നിത്യസത്യം
5. തകർപ്പൻ മഴ
6. ഭയങ്കര വഴക്ക്

d. അത്ഭുതാനന്ദം = അത്ഭുതവും ആനന്ദവും

1. അസൂയാവിദ്വേഷം
2. സുഖദുഃഖം
3. നന്മതിന്മ
4. ഓട്ടച്ചാട്ടം
5. ഗ്രീഷ്മവസന്തം
6. സന്തോഷസൗഭാഗ്യം

III വിട്ടുപോയ വാക്കുകൾ ചേർത്ത് വാക്യങ്ങൾ പൂരിപ്പിക്കുക.

1. രോഗം ബാധിച്ചവർക്ക് ക്ഷീണം —.
2. നാടൻരീതിയിൽ നെല്ല് — അതിന്റെ തവിട് അധികം നഷ്ടമാകുന്നില്ല.
3. വളരെ കാലത്തോളം ബെറിബെറി രോഗത്തിന്റെ കാരണം — ആയിരുന്നു.
4. പ്രത്യേകരീതിയിൽ — ഭക്ഷണം നൽകി അദ്ദേഹം അതൊന്നു പരീക്ഷിച്ചു.
5. നെല്ലിന്റെ — കളഞ്ഞാൽ തവിടോടു കൂടിയ അരി നമുക്കു കിട്ടുന്നു.
6. സൈനികാശുപത്രിയിലായിരുന്നു അദ്ദേഹത്തെ —.
7. ഭക്ഷണ — വന്ന മാററം ആയിരിക്കണം രോഗത്തിനു കാരണം എന്ന ദ്ദേഹത്തിനു തോന്നി.
8. അദ്ദേഹത്തിന്റെ നിഗമനങ്ങൾ ആദ്യം ശാസ്ത്രലോകം അവജ്ഞയോടെ —.
9. കണ്ടുപിടിത്തം — വേറൊരു സംഭവം കൂടി വേണ്ടിവന്നു.
10. എല്ലാ ജീവികൾക്കും — ആണ് വൈററമിൻസ്.

IV സ്വന്തംവാക്യങ്ങളിൽ ഉപയോഗിക്കുക.

a. 1. ബാധിക്കുക്, 2. പരീക്ഷിക്കുക്, 3. അനുവർത്തിക്കുക്, 4. നിയോഗിക്കുക്, 5. തള്ളിക്കളയുക്, 6. പങ്കിടുക്.

b. 1. അനന്തരഫലം, 2. അജ്ഞാതം, 3. ഭയാനകം, 4. ക്രമാതീതം, 5. യാദൃച്ഛികം, 6. അത്യന്താപേക്ഷിതം.

V തന്നിരിക്കുന്ന ഓരോ വാക്യത്തിന്റെ മാതൃകയിലും ഈ രണ്ടു വാക്യങ്ങൾ വീതം എഴുതുക.

1. അരിഭക്ഷണം മാത്രം കഴിച്ചു വളർന്നിരുന്ന അവർക്ക് പുതിയ ഭക്ഷണം അനുവർത്തിച്ചതിന്റെ ഫലമായി ബെറിബെറി രോഗം ബാധിക്കാതെയായി.
2. അരിയുടെ തവിടിൽ ഒരുതരം വൈററമിൻ ഉണ്ടെന്നും തവിട് കളഞ്ഞാൽ അതു നഷ്ടപ്പെടുമെന്നും അദ്ദേഹം കണ്ടുപിടിച്ചു.
3. പാദങ്ങളുടെ മാംസപേശികൾക്കു ശക്തി കുറയുന്നതു മൂലം രോഗികൾക്കു നടക്കുവാനോ എഴുന്നേററു നിൽക്കുവാനോ കഴിയുന്നില്ല.
4. മനുഷ്യസേവനത്തിനുള്ള ഏററവും വലിയ അംഗീകാരമായി ആ രണ്ടു ശാസ്ത്രജ്ഞന്മാർക്കും നോബൽസമ്മാനം പങ്കിട്ടു നൽകി.
5. ഭക്ഷണക്രമത്തിൽ വരുന്ന മാററം കോഴികളുടെ ആരോഗ്യത്തെ എങ്ങനെ ബാധിക്കും എന്നു പഠിക്കാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം.

VI ചെറിയ വാക്യങ്ങളായി പിരിച്ചെഴുതുക.

1. തവിട് കളഞ്ഞ അരി ഭക്ഷിക്കുന്നതു കൊണ്ടാണ് ആളുകൾക്ക് ബെറിബെറി രോഗം വരുന്നതെന്ന തന്റെ നിഗമനം ശരിയാണോ എന്നു പരീക്ഷിച്ചറിയാൻ അദ്ദേഹം തീരുമാനിച്ചതിന്റെ ഫലമായി നടത്തിയ പരീക്ഷണങ്ങളിൽ നിന്നും ആ സത്യം പുറത്തുവന്നു.
2. സൈനികാശുപത്രിയിൽ നിയമിക്കപ്പെട്ട അദ്ദേഹം ഒരു ദിവസം ആശുപത്രിയിൽ വളർത്തിയിരുന്ന കോഴികൾക്ക് ഒരു പ്രത്യേക രോഗം ബാധിച്ചതായി കാണുകയും ആ രോഗത്തിന്റെ ലക്ഷണം ബെറിബെറി ലക്ഷണങ്ങളുമായി യോജിക്കുകയും ചെയ്തിരുന്നു എന്നു മനസ്സിലാക്കി കോഴികളെ ശ്രദ്ധിക്കാൻ തന്നെ അദ്ദേഹം തീരുമാനിച്ചു.
3. വെളുപ്പിച്ച അരി തിന്നുന്ന കോഴികൾക്കു രോഗം വരുന്നു എന്നും തവിടുള്ള അരി തിന്നാൽ അവയ്ക്കു രോഗം ഇല്ലാതെയാകും എന്നും മനസ്സിലാക്കിയ അദ്ദേഹത്തിനു രോഗത്തിന്റെ കാരണം അന്വേഷിച്ചു മററെവിടെയും പോകേണ്ടിവന്നില്ല.

VII താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കുത്തരം നൽകുക.

1. ബെറിബെറി രോഗം ഭയാനകം എന്നു പറയുവാൻ കാരണമെന്താണ്?
2. ആദ്യമായി ബെറിബെറി രോഗകാരണം ഏതാണെന്നു പരീക്ഷിക്കുവാൻ തീരുമാനിച്ചതാരായിരുന്നു? എങ്ങനെ അദ്ദേഹം തന്റെ തീരുമാനം നടപ്പിലാക്കി?

3. ബെറിബെറി രോഗകാരണം കണ്ടുപിടിക്കുവാൻ ക്രിസ്ത്യൻ ഇജക്ക്മാൻ ചെയ്ത പ്രയത്നം എന്താണ്? എങ്ങനെ അദ്ദേഹം അതിൽ വിജയിച്ചു?

4. ബെറിബെറി രോഗ ഗവേഷണത്തിൽ ഹോപ്കിൻസ് എന്ന ശാസ്ത്രജ്ഞന്റെ സംഭാവന എന്താണ്? സ്വന്തംവാക്കുകളിൽ വിവരിക്കുക.

5. യാദൃച്ഛിക സംഭവങ്ങൾ വലിയ കണ്ടുപിടിത്തത്തിൽ എത്തിച്ചിട്ടുണ്ട് എന്നതു തെളിയിക്കാൻ ബെറിബെറി രോഗ ഗവേഷണത്തെ ആധാരമാക്കി ഒരു കുറിപ്പെഴുതുക.

VIII മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

വലിപ്പത്തിൽ ചെറുതെങ്കിലും ശക്തിയിൽ ഒരു ഭയങ്കരനാണ് എറുമ്പ്. തന്നോളം തന്നെയോ, അതിനെക്കാൾ വലിപ്പം ഉള്ളതോ ആയ ഭക്ഷണസാധനങ്ങൾ കടിച്ചു കൊണ്ടുപോകാൻ എറുമ്പിനു കഴിയും. എന്തെങ്കിലും ഭക്ഷണസാധനങ്ങൾ കണ്ടാൽ, താങ്ങിക്കൂടാൻ വയ്യാത്ത ഭാരമാണെങ്കിൽ അവൻ കൂട്ടുകാരെയെല്ലാം വിവരം അറിയിക്കുന്നു. എല്ലാവരും ചേർന്ന് അതു കൂട്ടിൽ എത്തിക്കുന്നു. ഈ സഹകരണബുദ്ധി മനുഷ്യനുണ്ടായിരുന്നെങ്കിൽ എത്ര നന്നാകുമായിരുന്നു! എറുമ്പു തിന്നാത്ത സാധനങ്ങൾ ഉണ്ടോ എന്നു സംശയമാണ്. ധാന്യങ്ങൾ, ശർക്കര, പഞ്ചസാര, പഴങ്ങൾ തുടങ്ങി മനുഷ്യൻ ഉപയോഗിക്കുന്ന എല്ലാ സാധനങ്ങളും എറുമ്പിന് ഇഷ്ടമാണ്. ചെടികളുടെ കുരുന്നിലകൾ തിന്നു നശിപ്പിക്കുന്ന എറുമ്പുകളും ധാരാളം ഉണ്ട്. ചത്ത പ്രാണികളെ എറുമ്പിനു വലിയ ഇഷ്ടമാണ്. ലോഹമല്ലാത്തതും ജീവനില്ലാത്തതുമായ എന്തിനേയും തിന്നു നശിപ്പിക്കുന്ന ചിതൽ അഥവാ വെള്ളത്തു എറുമ്പുകളും ഈ വർഗത്തിൽപ്പെട്ടതാണല്ലോ. കാഴ്ചയിൽ ചെറിയവനാണെങ്കിലും എണ്ണത്തിൽ വലിയവനാണ് എറുമ്പ്. ലോകത്തിലാകെ നാലായിരത്തോളം വർഗത്തിൽപ്പെട്ട എറുമ്പുകളുണ്ടെന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. ആഫ്രിക്കയിൽ കണ്ടുവരുന്ന ഒരുതരം വേട്ടക്കാരൻ എറുമ്പിനു രണ്ടരയിഞ്ചു നീളം വരെ ഉണ്ടത്രേ. സൈന്യമായി വരുന്ന ഈ ഭയങ്കരന്മാരെ കണ്ടാൽ വലിയ വലിയ ആനക്കൂട്ടങ്ങൾ പോലും പേടിച്ചോടാറുണ്ടു പോലും.

IX മലയാളത്തിലേയ്ക്കു തർജ്ജമ ചെയ്യുക.

Once upon a time there was a king. He had a very sincere and wise minister. But other ministers were very jealous of him. They told so many false stories about him

to the king. Listening to such stories, the foolish king put his faithful minister in jail. The neighbouring kingheard about this. He had earlier knowledge about the wisdom of the minister. So he wanted to invite him to his Court He then sent a messenger to the minister in prison. The minister received the letter brought by the messenger. He read it and gave a reply. Some of the jealaous courtiers came to know about this. They did not know what the reply contained. Still they immediately went and reported to the king that the old minister had sent a reply to the neighbouring king's letter. The king, hearing this, ordered his servants to take both the letters to him. They brought them. The king opened both the letters. His face changed its colour and he angrily turned to his courtiers and said "You jealous fools, listen to my faithful minister's reply— Oh king I am very much indebted to you for honouring me, but I am much more indebted to my own king. Though he has now put me in prison, I have been eating his salt althrough my life. So I will never leave him and go to any one even if they offer me the greatest share. My king has the right to punish me or honour me. I will die in this prison itself if that is my king's desire." The k ng felt very much repented. He ran to the prison room and opened its doors himself and embraced his faithful minister and begged to forgive him. The minister was happy but he was not surprised for he know that his king would one day realize the mistake and correct himself. They both lived happily in perfect friendship for years looking after the welfare of the people.

പാഠം 13

പൂക്കാലം

പൂക്കുന്നിതാമുല്ല; പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം
വാസ്സുന്നു വേലിക്കു വർണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾ പോലെ

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു;
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ

കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവസ്സ്ഥേ-
ന്തോണം വെളുക്കുന്നുഷസ്സേയിതെല്ലാം

പാടങ്ങൾ പൊന്നിൻ നിറം പൂണ്ടു നീളെ-
പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം,
കേടററ നെല്ലിൻ കതിർക്കാമ്പു കൊത്തി-
ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ്, ശീതവും പോ-
യന്തിക്കു പൂങ്കാവിലാളേറെയായി,
സന്തോഷമേറുന്നു ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ—വന്നു വസന്തം !

നാകത്തിൽ നിന്നോമനേ, നിന്നെ വീട്ടി-
ലോകത്തിനാനന്ദമേകുന്നിതീശൻ;
ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ !

ചിന്തിച്ചിളങ്കാററുതൻ നിസ്വനത്താ—
ലെന്തോന്നുരയ്ക്കുന്നു നീ? ഞാനറിഞ്ഞു
''എന്താതനാം ദേവനോതുന്നതേ ഞാ—
നെന്താകിലും ചെയ്യ'' വെന്നല്ലയല്ലീ?

കുമാരനാശാന്റെ പദ്യകൃതികൾ *കുമാരനാശാൻ*

കുമാരനാശാൻ (1873—1924)

മലയാളത്തിലെ ഏററവും മഹാനായ കവി എന്നു തന്നെ ആശാനെ വിശേഷിപ്പിക്കാം. ഇരുപതാം നൂററാണ്ടിന്റെ ആദ്യകാലങ്ങളിലാണ് ഈ കവിപ്രതിഭ കേരളീയരെ അനുഗ്രഹീതരാക്കിയതു്. ആധുനിക കേരളത്തിലെ ആത്മീയാചാര്യന്മാരിൽ ഗണനീയനായ ശ്രീനാരായണഗുരുവിന്റെ ശിഷ്യനായി സാമൂഹ്യസേവനതല്പരനായിട്ടായിരുന്നു അദ്ദേഹം തന്റെ ജീവിതം ചെലവഴിച്ചതു്. ആശയഗാംഭീര്യം നിറഞ്ഞുനിൽക്കുന്നവയാണ് ആശാന്റെ കവിതകൾ. സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പാണ്ഡിത്യം നേടിയ അദ്ദേഹം ആ ഭാഷകളിൽ നിന്നെല്ലാം തള്ളേണ്ടതു തള്ളിയും കൊള്ളേണ്ടതു കൊണ്ടും തന്റെ ശൈലിയുമായി ഇണക്കി മലയാളകവിതയ്ക്കു് പ്രത്യേകമായൊരു വ്യക്തിത്വം നൽകി. ലീല, നളിനി, കരുണ, വീണപൂവ്, ചണ്ഡാലഭിക്ഷുകി എന്നിങ്ങനെ പല ഖണ്ഡകാവ്യങ്ങളും അനേകം ചെറുകവിതകളും അദ്ദേഹം രചിച്ചിട്ടുണ്ടു്. മലയാളത്തിൽ ലിറിക്കു് കവിതാപ്രസ്ഥാനത്തിന്റെ ആദ്യകാലപോഷകന്മാരിൽ പ്രധാനിയാണ് കുമാരനാശാൻ. അദ്ദേഹത്തിന്റെ സ്മരണയെ നിലനിർത്താനും ബഹുമാനിക്കാനുമായി കേരളീയർ പലതും ചെയ്തിട്ടുണ്ടെങ്കിലും, അദ്ദേഹത്തിന്റെ പേരിൽ ഉത്തമസാഹിത്യകൃതിക്കു് ഏർപ്പെടുത്തിയിട്ടുള്ള അന്താരാഷ്ട്രീയ അവാർഡ് പ്രത്യേകം പ്രസ്താവ്യമാണ്.

ആശയഗംഭീരനായ ഈ കവിയുടെ പ്രകൃതിസൗന്ദര്യവർണന നിറഞ്ഞു തുളുമ്പുന്ന ഒരു കവിതയാണ് പൂക്കാലം.

പദപരിചയം

പൂക്കു് = പൂവുണ്ടാകു്

ഇലഞ്ഞി = മണമുള്ള പൂക്കളുള്ള ഒരു മരം

തേന്മാവു് = തേൻ + മാവു് = തേനുപോലെ മധുരമുള്ള മാമ്പഴം കായ്ക്കുന്ന മരവു

വാർക്കു് = വർധിക്കു്, കൂടു്

വേലി 'fence'

അന്തി = വൈകുന്നേരം, സന്ധ്യ

പരത്തു് 'spread'

വർണം = നിറം

ചോക്കു് = ചുമപ്പുനിറം ആകു്

പുഷ്പം = പൂവു്

ഗന്ധം = മണം

ഉല്ലാസം = സന്തോഷം
മെല്ലെ = പതുക്കെ
ഏകു് = നൽകു്
രവം = ശബ്ദം
ഓരാത്ത = ഇല്ലാത്ത
കോകിലം = കുയിൽ
കേടററ = കേടില്ലാത്ത, ചീത്തയാകാത്ത
പാടങ്ങൾ = വയലുകൾ
ഉഷസ്സു് = പ്രഭാതം, രാവിലെ
കതിർക്കാമ്പു് 'core of the corn'
കേടു് 'damage'
കൂടാർന്ന = കൂട്ടു വച്ചിട്ടുള്ള
വാനു് = ആകാശം
ചന്തം = ഭംഗി, സൗന്ദര്യം
ധര = ഭൂമി
ശീതം = തണുപ്പു്
പൂങ്കാവു് = പൂന്തോട്ടം
ഏറെ = കൂടുതൽ
പൊന്തു് = പൊങ്ങു്
ദേവാലയം = അമ്പലം, കോവിൽ, ആരാധനാസ്ഥലം
വാദ്യം 'orchestra'
ആനന്ദം = സന്തോഷം
നാകം = സ്വർഗം
ഈശൻ = ഈശ്വരൻ, ദൈവം
നിസ്വനം = ശബ്ദം
ഉരയ്ക്കു് = പറയു്
എന്താതൻ = എൻ + താതൻ = എന്റെ അച്ഛൻ
എന്നല്ലയല്ലീ = എന്നു തന്നെ അല്ലേ? ഓതു് = പറയു്

അഭ്യാസം

I ചേർത്തെഴുതുക.

1. പൂക്കുന്നു + ഇലഞ്ഞി + എല്ലാം
2. മെല്ലെ + ആണു് + അല്ലോ
3. പോണ + ഏറെ + ഉൽസാഹം + ഉൾക്കൊണ്ടു്
4. രവത്താൽ + എല്ലാർക്കും + ഏകുന്നു
5. തേൻ + ഈച്ച + ആണു് + ഇവ
6. വർണങ്ങൾ + എല്ലാം + ഇവിടെ + തന്നെ

II പിരിച്ചെഴുതുക.

1. പാടിപ്പറന്നെത്തിയീത്തത്തയെല്ലാം
2. പൂങ്കാവിലാളേറെയായി
3. സന്തോഷമേറുന്നിതായിവിടെയെല്ലാം
4. ലോകത്തിനാനന്ദമേകുന്നിതീശൻ
5. എന്തോന്നുരയ്ക്കുന്നു
6. ദേവനോതുന്നതല്ലേ

III തന്നിരിക്കുന്ന ചോദ്യങ്ങൾക്കുത്തരം നൽകുക.

1. മവലിക്കു നിറം കൂടുന്നതെന്തുകൊണ്ടു് ?
2. കാടു് എങ്ങനെ കാണപ്പെടുന്നു ?
3. കോകിലങ്ങൾ എന്താണു നൽകുന്നതു് ?
   എങ്ങനെയാണതു നൽകുന്നതു് ?
4. തേനീച്ച എന്തിനു് കാട്ടിൽ പോകുന്നു ?
   അവ ഏതു മാവത്തോടെയാണു് പോകുന്നതു് ?
5. തത്തകൾ എന്തു ചെയ്യുന്നു ?
6. പൂക്കാലത്തിനോടു് കവി എന്താണു പറയുന്നതു് ?
7. എന്തായിരിക്കും തനിക്കു കിട്ടുന്ന ഉത്തരം എന്നു കവിക്കറിയാമോ ?
   എന്താണതു് ?

IV ഈ പദ്യത്തിൽ നിങ്ങൾക്കിഷ്ടപ്പെട്ട എട്ടു വരികളുടെ അർഥം സ്വന്തം വാക്കുകളിൽ എഴുതുക.

V നിങ്ങളുടെ മാതൃഭാഷയിൽ പ്രകൃതിവർണന നിറഞ്ഞു നിൽക്കുന്ന ഒരു ചെറിയ പദ്യം തെരഞ്ഞെടുത്തു് അതിന്റെ അർഥം മലയാളത്തിലെഴുതുക.

VI മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

ഞങ്ങളുടെ നാട്ടിലിപ്പോൾ പൂക്കാലമാണു്—എവിടെത്തിരിഞ്ഞു നോക്കിയാലും പൂത്തുനിൽക്കുന്ന മരങ്ങളും ചെടികളും ആണു് കാണുക. കൊച്ചു കൊച്ചു പുല്ലുകളിൽപ്പോലും നാനാവർണങ്ങളിലുള്ള പൂക്കൾ—കടുംനീല, ഇളംനീല, വൈലററ്, പല തരം മഞ്ഞ, നാനാവിധങ്ങളിലുള്ള ചുമപ്പ്, വെള്ള, മഴവില്ലിന്റെ എല്ലാ നിറങ്ങളും ഒത്തിണങ്ങിയവ എന്നിങ്ങനെ പേരു പറയാൻ വയ്യാത്തത്ര നിറങ്ങളിലുള്ള പൂക്കൾ കണ്ണിനു കുളിർമ നൽകിക്കൊണ്ടു പൂത്തുമറിയുന്നു. നാടുമുഴുവൻ പച്ചപ്പട്ടണിഞ്ഞിരിക്കുന്നതു ഞാൻ കാണിക്കാതെ തന്നെ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടല്ലോ. പൂവുകളെപ്പററി പറഞ്ഞപ്പോൾ നിങ്ങൾ വിചാരിച്ചോ ഞാൻ പട്ടണവാസികൾ തങ്ങളുടെ വീട്ടുമുമ്പിൽ നിരത്തിയിരിക്കുന്ന പൂച്ചട്ടികളിലെ വസന്തത്തെപ്പററിയാണു സംസാരിക്കുന്നതെന്നു്. എങ്കിൽ നിങ്ങൾക്കു തെററുപററിപ്പോയി. കാട്ടിലും നാട്ടിലും മനുഷ്യരുടെ സംരക്ഷണയില്ലാതെ പ്രകൃതീദേവിയുടെ സ്നേഹശുശ്രൂഷയിൽ തഴച്ചുവളരുന്ന മരങ്ങളിലും ചെടികളിലും നിറഞ്ഞുനിൽക്കുന്ന പൂക്കളെപ്പററിയാണു് എനിക്കു പറയാനുള്ളതു്. നിറങ്ങളുടെ കാര്യത്തിൽ മാത്രമല്ല, ആകൃതിയിലും വലിപ്പത്തിലും എന്തൊരു വൈവിധ്യമാണീ പൂക്കൾക്കു് ! മണമുള്ളവയും മണമില്ലാത്തവയും ഉണ്ടു്. രാവിലെ പൂക്കുന്നവ, സന്ധ്യക്കു പൂക്കുന്നവ, അർധരാത്രി മാത്രം പൂക്കുന്നവ, എന്നും പൂക്കുന്നവ, വർഷത്തിലൊരിക്കൽ മാത്രം പൂക്കുന്നവ, കൊല്ലങ്ങൾ കൂടുമ്പോൾ മാത്രം വന്നുചേരുന്നവ, വെള്ളത്തിലും കരയിലും പൂത്തുല്ലസിക്കുന്നവ എന്നിങ്ങനെ എന്തൊക്കെ തരത്തിലുള്ള പൂക്കളാണെന്നോ എന്റെ ഈ നാട്ടിൽ ?

ജീവിതത്തിൽ ഒരിക്കൽ മാത്രം ഒരു പൂവു നൽകി മരണമടയുന്ന ചെടികളും ഉണ്ടത്രേ! പ്രകൃതീദേവിയുടെ പുഞ്ചിരിയാണു പൂക്കൾ എന്നു പറയുന്നതു വെറും സത്യം മാത്രം. അതിശയോക്തിയുടെ ലേശം പോലും അതിലില്ല. ആ ദേവി സ്വല്പംതെ മററാർക്കിത്ര ഭംഗിയായി പുഞ്ചിരിക്കാൻ കഴിയും? പക്ഷെ ആ പുഞ്ചിരിയെ നശിപ്പിക്കാനുള്ളതു് മനുഷ്യരായ നമ്മൾ മാത്രം. നല്ലതെന്തും ഇല്ലാതെയാക്കാൻ മനുഷ്യനുള്ള വാസന ഒന്നുവേറെ തന്നെയാണു്. ചിലപ്പോൾ പൂക്കളെപ്പററി കവിത പാടും, കഥ പറയും, നാടകം അഭിനയിക്കും; പൂച്ചെടികളെ താലോലിച്ചു വളർത്തുകയും ചെയ്യും. അതുപോലെ പൂമരങ്ങൾ വെട്ടിനശിപ്പിക്കാനും മനുഷ്യർക്കു കഴിയും. പക്ഷെ പൂമരങ്ങൾ ഇവരുടെ തെററ് പല പ്രാവശ്യം ക്ഷമിക്കുന്നു. അതുകൊണ്ടാണല്ലോ വീണ്ടും വീണ്ടും അവ പൂക്കുന്നതു്. എന്നാൽ അവയുടെ ക്ഷമയ്ക്കും ഒരതിരില്ലേ? അറിയാതെ ചെയ്യുന്ന തെററിനു് മനുഷ്യരായ ഇവർക്കു മാപ്പു നൽകണേ എന്നുള്ള പ്രാർഥനയാണു് ഓരോ പൂവിലും, പൂമണം നിറഞ്ഞ കാററിലും. ദൈവം എത്ര നാൾ ആ പ്രാർഥന അംഗീകരിക്കും?

VII മലയാളത്തിലേക്കു തർജ്ജമ ചെയ്യുക.

Rest and exercise are as important as food for the health of human beings. If we continue to work without any rest it will certainly affect our health. Similarly if we go on eating doing no work we will become very fat and all sorts of disease germs attack our body. The energy we need to work comes from the food we take. The food we take gives us energy which if not utilised fully will lead us to ill health. All kinds of work men do, does not give enough exercise for all the organs of our body. People who do physical work appear to be more physically healthy than those who do work sitting in a place without any movement for the body. But systematic exercise is necessary for all persons to maintain perfect health. Brisk walking, swimming, mountaineering, gardening are all good exercises. In addition to these there are special exercises meant for each part of the body. People can try these exercises. regularly. Yogabhyasa is advised in India from times immemorial In between people did not pay much attention to it. But nowadays a new interest is developed in Yogabhyasa by the city folk. It is a good sign. Talking about exercises, one should not think that they just build and refresh our body and not our mind. Exercises do good to the brain also. It ensures the proper blood circulation to all the parts, and there by our thinking process also gets more and more clarified.

പാഠം 14

കഥകളി

കേരളക്കരയിൽ ഉത്ഭവിച്ച് വളർന്ന ഒരു കലാവിശേഷമാണ് കഥകളി. ഭാരതീയ നാടൻകലകളിൽ വിദേശങ്ങളിൽപ്പോലും പരക്കെ അറിയപ്പെടുന്ന ഒന്നാണ് കഥകളി. വാസ്തവത്തിൽ, ശാസ്ത്രീയാടിസ്ഥാനമനുസരിച്ച് നോക്കുകയാണെങ്കിൽ കഥകളി ഒരു നാടൻകലയല്ല, പക്ഷെ ജനപ്രീതി അളവുകോലായി സ്വീകരിക്കുമ്പോൾ കഥകളിയെ നാടൻകലയായിട്ട് തന്നെ കണക്കാക്കാം.

കഥകളിയുടെ ഉത്ഭവത്തെക്കുറിച്ച് ഒരു ഐതിഹ്യമുണ്ട്. കോഴിക്കോട്ട് മാനവേദൻ സാമൂതിരിപ്പാട് ആദ്യം കൃഷ്ണനാട്ടം എന്നൊരു കല ഉണ്ടാക്കി. കൃഷ്ണചരിതം നൃത്തനാടകരൂപത്തിലാക്കി. ജനങ്ങൾക്ക് ആസ്വദിക്കാനാവുന്ന ഒരു കലാരൂപം ആയിരുന്നു കൃഷ്ണനാട്ടം. കൊട്ടാരക്കരത്തമ്പുരാൻ ഈ വിശേഷം അറിഞ്ഞ് കൃഷ്ണനാട്ടസംഘത്തെ ഒന്നയച്ചുകൊടുക്കുന്നതിന് അപേക്ഷിച്ചു. സാമൂതിരി ആ അപേക്ഷ നിരസിച്ചു. കോപാവിഷ്ടനായ കൊട്ടാരക്കര രാജാവ് തദനന്തരം രാമായണകഥയെ ആസ്പദമാക്കി രാമനാട്ടം എന്നൊരു പുതിയ കല ഉണ്ടാക്കി. ഈ രാമനാട്ടമാണ് പില്ക്കാലത്ത് കഥകളി എന്ന പേരിൽ പ്രസിദ്ധമായത് എന്നു പറയപ്പെടുന്നു.

രാമനാട്ടം എന്ന പേരു 'കഥകളി' എന്നു സ്ഥിരമായി മാറിയത് കോട്ടയത്തു രാജാവിന്റെ കാലത്താണ്. തലശ്ശേരിക്ക് അടുത്താണ് കോട്ടയം രാജസ്വരൂപം. ഈ രാജാവിന്റെ പേരു് കേരളവർമ എന്നായിരുന്നുവത്രേ. അദ്ദേഹം നടനകലയിലും കാവ്യകലയിലും അതിനിപുണനായിരുന്നു. കല്യാണസൗഗന്ധികം, ബകവധം, കിർമീരവധം, കാലകേയവധം എന്നു നാലു കഥകൾ കോട്ടയത്തു തമ്പുരാൻ രചിച്ചിട്ടുണ്ട്. ഈ നാലു കൃതികളാണ് കഥകളിക്ക് പ്രത്യേകമായ ഉണർവ് നൽകിയത്.

പണ്ട്, കഥകളിയിൽ, നടന്മാർ തന്നെ ആടുകയും പാടുകയും ഒപ്പം ചെയ്തിരുന്നു. ഇന്നത്തെ വേഷംകെട്ടലിനു പകരം ചായംതേച്ച പാളമുഖങ്ങളും, മരമുഖങ്ങളുമാണ് ഉപയോഗിച്ചുവന്നത്. ഇന്നു നാം കാണുന്ന ശാസ്ത്രീയമായ കൊട്ടോ പാട്ടോ കഥകളിക്കന്ന് ഉണ്ടായിരുന്നില്ല. കാലക്രമേണ പല പരിഷ്കാരങ്ങളും കഥകളിയിൽ വന്നു. അങ്ങനെ, പാട്ടുപാടുന്നതിനു പ്രത്യേകം നടന്മാരുകൾ വേണമെന്നു വന്നു. വേഷക്കാർക്ക് ആട്ടത്തിൽ മാത്രം ശ്രദ്ധിക്കു

വാൻ കഴിഞ്ഞു. പാളമുഖങ്ങളും മററും കളഞ്ഞു് നടന്മാരുടെ മുഖത്തു ചുട്ടി കുത്തി, വിവിധ നിറങ്ങളിലുള്ള ചായങ്ങൾ തേച്ചു തുടങ്ങി, ആട്ടത്തിൽ കൈമുദ്രയ്ക്കു വലിയ സ്ഥാനം ലഭിച്ചു.

കഥകളിയിൽ ആംഗ്യത്തിനാണു പ്രാധാന്യം. പാട്ടുകാർ പിന്നിൽ നിന്നു പാടുമ്പോൾ വേഷക്കാർ മുഖത്തു രസങ്ങളും ഭാവങ്ങളും വരുത്തി, പാട്ടിൻെറ അർഥം മുദ്രകൾ വഴി കാണിച്ചു്, സരസമായി നൃത്തംവയ്ക്കുന്നു. അക്ഷരങ്ങൾ കൊണ്ടു വാക്കും, വാക്കുകൾ കൊണ്ടു വാക്യവും ഉണ്ടാക്കുന്നതുപോലെ ഇരുപത്തി നാലു മുദ്രകൾ കമിഴ്ത്തിയും മലർത്തിയും പൊക്കിയും താഴ്ത്തിയും കാട്ടി കഥകളി നടന്മാർ ആശയപ്രകടനം നടത്തുന്നു. മേല്പറഞ്ഞ കൈമുദ്രകൾ ശാസ്ത്രീയാടിസ്ഥാനത്തിലുള്ള ഒരു ഭാഷയാണു്. കൂടിയാട്ടത്തിൻെറ ആവശ്യത്തിനായി ഭരതൻെറ നാട്യശാസ്ത്രത്തിൽ നിന്നു സംഗ്രഹിച്ചു് പണ്ടേതോ ഒരു കേരളീയൻ രചിച്ച ഹസ്തലക്ഷണദീപികയാണു് കഥകളി കൈമുദ്രകൾക്കു് ആധാരം.

ഒരു സ്ഥലത്തു കഥകളി നടത്തണമെങ്കിൽ അതിനു ചില ചിട്ടകളൊക്കെയുണ്ടു്. കഥകളി രാത്രി മാത്രമേ നടത്താറുള്ളു. കളി നടത്തണമെന്നു നിശ്ചയിച്ചാൽ, സന്ധ്യയാകുമ്പോൾത്തന്നെ രംഗത്തു നിലവിളക്കു കൊളുത്തി ചുററുമുള്ളവർ അറിയുന്നതിനായി ഒരു 'കേളികൊട്ടു' നടത്തുന്നു. അതിനു പ്രത്യേക രീതിയുണ്ടു്. മദ്ദളം, ചേങ്ങില, ഇലത്താളം എന്നിവയാണു് കേളികൊട്ടിനുപയോഗിക്കുന്ന വാദ്യവിശേഷങ്ങൾ. അടുത്തതായി കത്തുന്ന വിളക്കിൻെറ പിന്നിലായി ഒരു തിരശ്ശീലയ്ക്കുള്ളിൽ തോടയം എന്നൊരു ചടങ്ങുണ്ടു്, നടന്മാരുടെ ഈശ്വരപ്രാർഥനയാണതു്. മുണ്ടുടുത്തു നെററിയിൽ ഗോപിക്കുറിയും തലയിൽ വാലിട്ട കെട്ടുമായി ഒരു നടൻ രംഗത്തു വന്നു പാട്ടിന്റെ ശ്രുതിക്കനുസരണമായി നൃത്തം ചവിട്ടുന്നു. മദ്ദളവാദനം മാത്രമാണു് അകമ്പടി. നടന്മാർക്കും പാട്ടുകാർക്കും മേളക്കാർക്കും അരങ്ങിണക്കം വരുത്താനുള്ളതാണു് തോടയനൃത്തം.

തോടയം കഴിഞ്ഞാൽ മറനീക്കി 'പുറപ്പാടാ'യി. ശംഖനാദം മുഴക്കി, ചെണ്ട മദ്ദളമേളങ്ങളോടെ രംഗത്തുവരുന്ന പ്രഥമ വേഷപ്രദർശനമാണു് പുറപ്പാടു്. മനോഹരമായ ഒരു നൃത്തമായിരിക്കും പുറപ്പാടു്. പുറപ്പാടിനു ശേഷമാണു് 'മേളപ്പദം'. പാട്ടുകാർക്കും ചെണ്ടക്കാർക്കും മദ്ദളക്കാർക്കും അവരവരുടെ സാമർഥ്യം പ്രകടിപ്പിക്കുവാനുള്ള ഒരു സ്വാതന്ത്ര്യാവസരമാണു് മേളപ്പദം. ജയദേവൻെറ അഷ്ടപദിയിലെ 'മഞ്ജുതരകുഞ്ജതല' എന്നാരംഭിക്കുന്ന ഗീതമാണു് മേളപ്പദമായി പാടിവരുന്നതു്. അതിനെത്തുടർന്നു ഗംഭീരമേളം മുഴങ്ങുന്നു. പിന്നെ കഥ മുറയ്ക്കു തുടങ്ങുകയായി.

സാഹിത്യം, സംഗീതം, വാദ്യം, നൃത്തം, വേഷം എന്നിവയിൽ ഓരോന്നിലുമോ എല്ലാത്തിലുമോ അഭിരുചിയുള്ളവരെയെല്ലാം രസിപ്പിക്കുന്നതിനു കഥകളിക്കുള്ള കഴിവു് മറെറാരു കലയ്ക്കുമില്ല. വിവിധ വാദ്യങ്ങൾക്കനുസരിച്ചു് നടന്മാർ കയ്യും മെയ്യും ചലിപ്പിച്ചു് കണ്ണും കാലുമിളക്കുന്നതു കണ്ടാൽ ആർക്കും

അത്ഭുതം തോന്നും. വാദ്യക്കാരും അവരവരുടെ വാദ്യവിശേഷങ്ങളിൽ വരുത്താവുന്ന ശബ്ദങ്ങൾ കൊണ്ട് തന്മയത്വം വരുത്തും. കഥകളിയിൽ, സാധാരണയായി, സ്ത്രീ വേഷത്തിന്റെ ആട്ടത്തിനു ചെണ്ട ഉപയോഗിക്കാറില്ല.

കഥകളിയിലെ വേഷങ്ങൾക്ക് പ്രത്യേക പേരുകൾ ഉണ്ട്. പച്ച, കത്തി, താടി, കരി, മിനുക്ക് എന്നിങ്ങനെ അവയെ തരംതിരിക്കാം. വേഷവിധാനത്തിനുള്ള സാധനങ്ങൾ താരതമ്യേന സാധാരണ വസ്തുക്കൾ കൊണ്ടുണ്ടാക്കപ്പെടുന്നവയാണ്.

വേഷക്കാരുടെ മുഖത്തു തേയ്ക്കുന്ന പച്ചനിറത്തിൽ നിന്നാണ് 'പച്ച' എന്ന പ്രത്യേക പേരു വന്നത്. ശ്രീരാമൻ, ശ്രീകൃഷ്ണൻ തുടങ്ങിയ ഉത്തമ കഥാപാത്രങ്ങൾക്കാണു പച്ച. ശ്രീകൃഷ്ണനു പ്രത്യേക തരത്തിലുള്ള മുടിയും ഉണ്ട്. മറ്റുള്ളവർക്കു വട്ടത്തിലുള്ള കിരീടവും. രാവണനെപ്പോലെയുള്ള ദുഷ്ടസ്വഭാവക്കാർക്കാണ് കത്തി. മൂക്കിന്റെ രണ്ടുവശവും കത്തിയുടെ ആകൃതിയിൽ ചുവന്ന അടയാളങ്ങൾ ഉണ്ടായിരിക്കും. താടിവേഷം ചുവന്ന താടി, വെള്ളത്താടി കറുത്ത താടി എന്നിങ്ങനെ മൂന്നു വിധത്തിലുണ്ട്. ഹനുമാനു വെള്ളത്താടിയും കാട്ടാളനു കറുത്ത താടിയും ദുശ്ശാസനൻ തുടങ്ങിയ മഹാദുഷ്ടന്മാർക്കു ചുവന്ന താടിയും. കഥകളിയിലെ ഏററവും ഭയങ്കരവേഷം ചുവന്ന താടിയാണ്. ശാന്തസ്വഭാവക്കാരായ സ്ത്രീകൾക്കും മുനിമാർക്കും മിനുങ്ങുന്ന മഞ്ഞനിറമുള്ള ചായം തേച്ചു മുഖത്തു പൂശുന്ന വേഷത്തിനാണ് മിനുക്ക് എന്നു പറയുന്നത്. കറുത്ത ഉടുപ്പും ഉടുത്തുകെട്ടും ധരിച്ച് മുഖത്തും ശരീരത്തിലും ഒക്കെ കരിവാരിപ്പൂശുന്ന വേഷമാണു കരി. രാക്ഷസന്മാർക്കും ദുഷ്ടസ്ത്രീകൾക്കും നീചവർഗക്കാർക്കും ഒക്കെ കരി വേഷമാണ്.

മലയാളസാഹിത്യത്തിനു നല്ലൊരു മുതൽക്കൂട്ടാണ് കഥകളിസാഹിത്യം. ആട്ടകഥകൾ എന്നറിയപ്പെടുന്ന കഥകളിക്കഥകൾ പ്രത്യേകമായ ഒരു സാഹിത്യപ്രസ്ഥാനത്തിനു പ്പെടുന്നു. മുൻപു പ്രസ്താവിച്ച കോട്ടയത്തു തമ്പുരാനു പുറമെ ആട്ടക്കഥാകർത്താക്കളിൽ പ്രധാനികളായവർ ഉണ്ണായി വാര്യർ, അശ്വതി തിരുനാൾ, വിദ്വാൻ കോയിത്തമ്പുരാൻ, ഇരയിമ്മൻ തമ്പി മുതലായവരാണ്. ഉണ്ണായിവാര്യരുടെ 'നളചരിതം' ഇരയിമ്മൻ തമ്പിയുടെ കീചകവധം, ദക്ഷയാഗം, ഉത്തരാസ്വയംവരം, കേരളവർമ്മത്തമ്പുരാന്റെ കംസവധം തുടങ്ങിയ ആട്ടക്കഥകൾ കേരളത്തിൽ ധാരാളമായി ആടിവരുന്ന കഥകളാണ്.

ആധുനികം, എന്നു പറഞ്ഞാൽ ഇരുപതാം നൂററാണ്ടിൽ, ആട്ടക്കഥാസാഹിത്യം രചിച്ചവരിൽ വി. കൃഷ്ണൻതമ്പിയുടെ പേര് ഓർമ്മിക്കപ്പെടേണ്ടതാണ്. അദ്ദേഹത്തിന്റെ താടകാവധം ജനസമ്മതി നേടിയിട്ടുള്ളൊരു കൃതിയാണ്. അദ്ദേഹത്തിനു ശേഷവും പല കവികളും ആട്ടക്കഥകൾ രചിച്ചിട്ടുണ്ട്. അവരിൽ ചിലർ ഹിന്ദുപുരാണേതര വിഷയങ്ങൾ പോലും ആട്ടക്കഥയിലൂടെ കൈകാര്യം ചെയ്യുവാൻ ശ്രമം നടത്തിയിട്ടുണ്ട്.

കേരളീയ ജനതയെ ആനന്ദത്തിലാറാടിച്ച കലയാണെങ്കിലും കഥകളിക്കും ഇടക്കാലത്തു് ക്ഷയം സംഭവിക്കുകയുണ്ടായി. മഹാകവി വള്ളത്തോൾ നാരായണമേനോന്റെ സ്ഥിരോത്സാഹത്താൽ സ്ഥാപിക്കപ്പെട്ട കലാമണ്ഡലത്തിലാണ് പിന്നെ ഈ കല പുതിയ ശക്തിയോടെ ഉയിർത്തെഴുന്നേററതു്. വള്ളത്തോളിന്റെ നിരന്തരപരിശ്രമം കൊണ്ടാണ് വിശ്വവിഖ്യാതി നേടാൻ കഥകളിക്കു കഴിഞ്ഞതു്. ഇന്നു് കേരളീയരും ഭാരതീയരും മാത്രമല്ല, പാശ്ചാത്യരും പൗരസ്ത്യരുമായ പല വിദ്യാർഥികളും കേരളീയമായ ഈ കല, കലാമണ്ഡലത്തിലും, കേരളത്തിലെ മററു സ്ഥാപനങ്ങളിലും ആയി അഭ്യസിച്ചു വരുന്നുണ്ടു്.

പദപരിചയം

ഉത്ഭവിക്കു് = ഉണ്ടാകു് 'originate'
കലാവിശേഷം 'art speciality'
പരക്കെ widely'
അളവുകോൽ 'measuring rod'
കണക്കാക്കു് 'consider'
ഉത്ഭവം 'source, origin'
ഐതിഹ്യം 'legend'
ആസ്വദിക്കു് 'appreciate'
അഭ്യർത്ഥിക്കു് 'request'
നിരസിക്കു് 'reject, refuse'
കോപാവിഷ്ടൻ = കോപം വന്നവൻ
തദനന്തരം = പിന്നീടു് 'afterwards'
ആസ്പദമാക്കു് 'base, centre'
പില്ക്കാലത്തു് 'later on'
സ്ഥിരമായി 'permanently'
രാജസ്വരൂപം 'royal dynasty'
നടനം 'dancing'
കാവ്യം 'poetry'
നിപുണൻ 'expert'
രചിക്കു് 'compose'
ഉണർവു് 'awakening'
ആടു് 'dance'
ഒപ്പം = ഒരുമിച്ചു്
വേഷം കെട്ടൽ 'make up, dress up'
ചായം 'paint'
തേക്കു് 'apply, rub'
പാള 'araconut leaf sheath'
മരമുഖം 'wooden face (mask)'
കൊട്ടു് 'drumming'
കാലക്രമേണ 'gradually'
പരിഷ്കാരം 'reform, refinement'
ചുട്ടികുത്തു് = ചായം തേച്ചു് വേഷം കെട്ടു്
മുദ്ര 'symbol, sign'
ആംഗ്യം 'gesture'
സരസമായി 'beautifully'
കമിഴ്ത്തു് 'turn over dorsally'
മലർത്തു് 'turn ventrally'
പൊക്കു് 'raise'
താഴ്ത്തു് 'lower'
ആശയപ്രകടനം 'expression of ideas'

മേല്പറഞ്ഞ 'above mentioned'
ആധാരം 'basis'
അകമ്പടി 'accompanyment'
അരങ്ങിണക്കം = അരങ്ങുമായുള്ള പരിചയപ്പെടൽ 'stage acquaintance'
അരങ്ങ് 'stage'
മറ 'curtain'
മുഴക്കു് 'resound'
അഭിരുചി 'talent, interest'
ചലിപ്പിക്കു് = ഇളക്കു് 'move'
തന്മയത്വം 'dissolving in, absorbed in
താടി 'beard'
മിനുക്കു് 'shining'
താരതമ്യേന 'comparatively'
മയിൽപ്പീലി 'pea cock feather'
വട്ടം 'round'
വാരിപ്പൂശു 'apply all over, paint'
കൈകാര്യം ചെയ്യു് 'deal with handle'
ആനന്ദത്തിൽ ആറാടിക്കു് = സന്തോഷിപ്പിക്കു്
ഉയിർത്തെഴുന്നേൽക്കു് 'regain life'
നിരന്തരം 'constant'
വിഖ്യാതി 'fame'
പൗരസ്ത്യർ 'easterners'
സംഗ്രഹിക്കു് 'abridge, collect'
ചിട്ട 'order, system'
മേളക്കാർ 'orchestra experts'
ഇണക്കം = കൂട്ടുകെട്ടു്, യോജിപ്പു്
നീക്കു് 'remove'
പ്രദർശനം 'exhibition'
മെയ്യു് = ശരീരം
കത്തി 'knife'
കരി 'soot'
തരംതിരിക്കു് 'sort out, classify'
അരിമാവു് 'rice flour'
അടയാളം 'mark, sign'
മുതൽക്കൂട്ടു് 'asset'
വിശ്വം 'world'
പാശ്ചാത്യർ 'westerners'
അഭ്യസിക്കു് 'practise'

അഭ്യാസം

I ശരിയായ വാക്കുകൾ എടുത്തെഴുതുക.

1. അലവുകോൽ — അളവുകോൽ
2. ആസ്പദം — ആസ്ഫദം
3. പ്രസിദ്ധം — പ്രസിദ്ദം
4. നിരസിച്ചു — നിറസിച്ചു
5. സംഗ്രഹിച്ചു — സംക്രഹിച്ചു
6. തോടയം — തോഡയം

7. മനോഹരം — മനോഗരം
8. ചെണ്ഡ — ചെണ്ട
9. മിണുക്ക് — മിനുക്ക്
10. മഞ്ചരംപ്പൊടി — മഞ്ഞരംപ്പൊടി

II പിരിച്ചെഴുതുക.

1. കലാവിശേഷങ്ങൾ
2. ഉത്ഭവസ്ഥാനം
3. ശാസ്ത്രീയാടിസ്ഥാനമനുസരിച്ച്
4. പ്രസിദ്ധമായത്
5. നിപുണനായിരുന്നു
6. രണ്ടാളുകളെങ്കിലും
7. ചിട്ടകളൊക്കെയുണ്ട്
8. നടത്തുകയുള്ള
9. ആശയപ്രകടനം
10. പ്രകടനമാണെങ്കിൽത്തന്നെ

III ചേർത്തെഴുതുക.

1. കളി + അരങ്ങ്
2. ആട്ടം + കഥ
3. ആവശ്യത്തിന് + ആയി
4. ഭാവം + രസം
5. കെട്ടി + ആടൽ
6. നോക്കുക + ആണ് + എങ്കിൽ
7. കൊട്ടാരക്കര + തമ്പുരാൻ
8. രാമൻ + ആട്ടം
9. സരസം + ആയിട്ട്
10. രചിച്ചത് + എങ്കിൽ + ഉം

IV ചേരുംപടി ചേർക്കുക.

1. ഭരതൻ	a. കലാമണ്ഡലം
2. രാമനാട്ടം	b. സാമൂതിരിപ്പാട്
3. ബകവധം	c. ഈശ്വരപ്രാർഥന

4	മേളപ്പദം	d.	ദുഷ്ടസ്വഭാവക്കാരൻ
5.	വള്ളത്തോൾ	e.	കോട്ടയത്തു തമ്പുരാൻ
6.	ഹനുമാൻ	f.	ദക്ഷയാഗം
7.	കത്തി	g.	വെള്ളത്താടി
8.	ഇരയിമ്മൻ തമ്പി	h.	കൊട്ടാരക്കര രാജാവ്
9.	തോടയം	i	അഷ്ടപദി
10.	കൃഷ്ണനാട്ടം	j.	നാട്യശാസ്ത്രം

V കുറിപ്പെഴുതുക

1. രാമനാട്ടം
2. കോട്ടയത്തു തമ്പുരാൻ
3. കേളികൊട്ട്
4. കലാമണ്ഡലം
5. തോടയം

VI താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കുത്തരം നൽകുക.

1. കഥകളിയുടെ ഉത്ഭവത്തെക്കുറിച്ചുള്ള ഐതിഹ്യമെന്താണ് ?
2. പണ്ടൊക്കെ കഥകളി എങ്ങനെ ആടിയിരുന്നു ?
3. ഒരിടത്ത് ഒരു കഥകളി നടത്തണമെങ്കിൽ അതിനുള്ള ചിട്ടകൾ എന്തൊക്കെയാണ് ?
4. കഥകളിയിലെ പ്രധാന വേഷങ്ങളെപ്പററി നിങ്ങൾക്കെന്തു മനസ്സിലായി ? വിവരിച്ചെഴുതുക.
5. കഥകളിക്ക് എല്ലാവരേയും രസിപ്പിക്കുവാനുള്ള കഴിവുണ്ട് എന്നു പറയുന്നതിനു കാരണമെന്താണ് ?

VII നിങ്ങളുടെ നാട്ടിലെ ഏററവും പ്രധാനപ്പെട്ട കലാവിശേഷത്തെപ്പററി ഒരു ചെറിയ ലേഖനമെഴുതുക.

VIII മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

രാമു വളരെ ബുദ്ധിയും സാമർത്ഥ്യവുമുള്ള കുട്ടിയായിരുന്നു. സ്കൂളിലെ കൂട്ടുകാരും അധ്യാപകരും എല്ലാം അവനെ ഇഷ്ടപ്പെട്ടിരുന്നു. മിടുക്കനായിരുന്നെങ്കിലും അവൻ മഹാഅക്രമിയായിരുന്നു. ഒരു ദിവസം അവനും അച്ഛനും ഊണു കഴിക്കുകയായിരുന്നു. പെട്ടെന്ന് രാമു അച്ഛനോട് ഒരു ചോദ്യം ''എന്താണച്ഛാ, അച്ഛന്റെ തലമുടിയെല്ലാം വെളുത്തിരിക്കുന്നത് ? ഇത്രവേഗം അച്ഛൻ വയസ്സനാകുന്നത് എനിക്കിഷ്ടമല്ല' . അതിനുത്തരമായി അച്ഛൻ പറഞ്ഞു. ''മോനേ, നീ മഹാഅക്രമിയാണല്ലോ. നീ ഓരോ തെററു ചെയ്യുമ്പോഴും എന്റെ ഓരോ തലമുടി നരയ്ക്കും. ഈ എട്ടു വയസ്സിനുള്ളിൽ നീ പല തെററുകളും

ചെയ്തിട്ടില്ലേ? നീ ഓരോ തെററു ചെയ്യുമ്പോഴും എന്റെ ഓരോ തലമുടി നരയ്ക്കുകയായിരുന്നു.'' ''അങ്ങനെയാണോ അച്ഛാ? എന്നാൽ ഞാനിനി ഒരു തെററും ചെയ്യുകയില്ല. അച്ഛന്റെ തലമുടി നരയ്ക്കുന്നതും അച്ഛൻ വയസ്സനാകുന്നതും എനിക്കിഷ്ടമില്ല. പക്ഷെ ഒരു കാര്യം...'' ''എന്താ മോനേ നീ പകുതിയിലങ്ങു നിർത്തിക്കളഞ്ഞതു്?'' ''ഒന്നുമില്ലച്ഛാ''. ''ഒന്നുമില്ലാതെ വരില്ല, എന്താ മോൻ അച്ഛനോടു പറയൂലേ?'' ''അതല്ലച്ഛാ, എനിക്കൊരു സംശയം.'' ''എന്താണതു്?'' ''അച്ഛാ, കുട്ടിക്കാലത്തു് അച്ഛനും എന്നെപ്പോലെ അക്രമിയായിരുന്നു. അല്ലേ? അതല്ലേ അപ്പൂപ്പന്റെ തലയിൽ ഒരു കറുത്ത തലമുടി പോലും ഇല്ലാത്തതു്?''

IX മലയാളത്തിലേക്കു തർജ്ജമ ചെയ്യുക.

Samyukta was the daughter of the king of Kanuj. She was a very beautiful girl. Prithviraj the ruler of Delhi wanted to marry her. But he was the enemy of samyukta's father. So this marriage was not going to be easy. That did not disappoint Prithviraj. He had decided that samyukta should be his wife. A few days later the king of Kanuj announced the 'Swayamvara' of his daughter. All the young kings and princes from different parts of the country were invited for the occasion. Prithviraj was left out purposely. Prithviraj felt insulted but his love for Samyukta was very deep and so he decided to attend the 'swayamvara'. He went there in the disquise of a musician and went and joined their group. King of Kanuj wanted to insult Prithviraj and so he had placed an ugly statue of Prithviraj at the entrance.

The bride came to the decorated Hall with her garland. She looked at the kings and princes and then quietly went to the gate and garlanded the statue. Prithviraj jumped from his seat, took her in his arms and put her on his horse and rode off as fast as the wind. All the kings and princes including Samyukta's father sat astonished and did not know what to do at that moment. By the time they were ready to chase Prithviraj he was miles away from them.

പാഠം 15

മലയാളം

തമിഴ്, തെലുങ്ക്, കന്നഡ, തുളു, കൊഡഗു, തോഡ, കോത തുടങ്ങി മുപ്പതിലേറെ അംഗങ്ങളുള്ള ദ്രാവിഡഭാഷാകുടുംബത്തിൽപ്പെട്ട ഒരു മുഖ്യഭാഷയാണ് മലയാളം. രണ്ടരക്കോടിയിലധികം ആളുകൾ ഇതു മാതൃഭാഷയായി സംസാരിക്കുന്നുണ്ട്. കേരളത്തിലും, കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപിലും ആണ് മലയാളം പ്രധാനഭാഷയായി സംസാരിക്കപ്പെടുന്നത്. എങ്കിലും ഭാരതത്തിന്റെ ഇതര ഭാഗങ്ങളിലും ലോകത്തിൽ പലയിടങ്ങളിലും മലയാളികളെ കാണാവുന്നതാണ്.

മലയാളം എന്ന പദത്തിന്റെ ഉത്പത്തിയെപ്പററി തന്നെ ഒന്നിലധികം വ്യാഖ്യാനങ്ങളുണ്ട്. മലയോടു ചേർന്നു കിടക്കുന്ന ആളും അഥവാ ദേശം എന്ന അർഥത്തിൽ ഉത്ഭവിച്ച 'മലയളം' പിന്നെ മലയാളമായിത്തീർന്നു എന്നാണ് ഒരു വ്യാഖ്യാനം. മലയും, ആഴവും ചേർന്നുണ്ടായ 'മലയാഴം' പിന്നെ മലയാളമായിത്തീർന്നു എന്നതു് വേറൊന്ന്. 'മലയാളകം' എന്നതു ചുരുങ്ങി മലയാളമായിത്തീർന്നു എന്നു മൂന്നാമതൊരു മതം. ഇവയിൽ ആദ്യത്തെ വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യമായി കരുതപ്പെടുന്നത്. പദത്തിന്റെ ഉത്പത്തിയെപ്പററി ഭിന്നാഭിപ്രായങ്ങളാണുള്ളതെങ്കിലും മലയാളം എന്നതു് ആദ്യം ദേശനാമം ആയിരുന്നുവെന്നും പിന്നെയാണതു് ഭാഷാനാമമായതു് എന്നുമുള്ള കാര്യത്തിൽ ഭാഷാപണ്ഡിതന്മാർക്കും ചരിത്രപണ്ഡിതന്മാർക്കും തമ്മിൽ അഭിപ്രായവ്യത്യാസമില്ല. കേരളഭാഷയായ മലയാളത്തിനു മലയാണ്മ, മലയാന്മ എന്നീ പേരുകൾ ഉണ്ടായിരുന്നുവെന്ന് ചില ചരിത്രരേഖകൾ സൂചിപ്പിക്കുന്നുണ്ട്.

പേരിന്റെ കാര്യത്തിൽ എന്നപോലെതന്നെ ഭാഷയുടെ ഉത്ഭവത്തെപ്പററിയും പണ്ഡിതന്മാർക്കു തമ്മിൽ തർക്കമുണ്ട്. ദ്രാവിഡ ഭാഷാകുടുംബത്തിലെ ഏററവും പ്രാചീനാംഗമെന്നു കരുതപ്പെട്ടുപോരുന്ന തമിഴിന്റെ ഒരു ഉപഭാഷയായിരുന്നു മലയാളം എന്നും പിന്നെയാണതു് വളർന്നു വികസിച്ച് സ്വതന്ത്രഭാഷയായതെന്നും ഒരുകൂട്ടർ വാദിക്കുമ്പോൾ തമിഴ്, കന്നഡ, തെലുങ്ക് എന്നീ ഭാഷകളെപ്പോലെ മൂലദ്രാവിഡഭാഷയിൽ നിന്നും സ്വതന്ത്രമായി വേർതിരിഞ്ഞു രൂപംപ്രാപിച്ച ഭാഷയാണു മലയാളമെന്നു മറെറാരു കൂട്ടർ ഉറപ്പിച്ചു പറയുന്നു. രണ്ടു കൂട്ടരും തങ്ങൾക്കു വേണ്ട തെളിവുകൾ നിരത്തുന്നുമുണ്ട്. മററു ദ്രാവിഡഭാഷകളെ അപേക്ഷിച്ച് കൂടുതലായി മലയാളത്തിനും തമിഴിനും

തമ്മിലുള്ള സാദൃശ്യങ്ങളാണ് ആദ്യത്തെ കൂട്ടരെ തങ്ങളുടെ വാദത്തിനു പ്രേരിപ്പിക്കുന്നതെങ്കിൽ, തമിഴിൽപ്പോലും ഇല്ലാത്തതും എന്നാൽ മൂലദ്രാവിഡത്തിന്റേതെന്നു കരുതപ്പെടാവുന്നതുമായ സ്വഭാവവിശേഷതകൾ പലതും മലയാളം ഇപ്പോഴും നിലനിർത്തുന്നു എന്നതാണ് രണ്ടാമത്തെ കൂട്ടർ തങ്ങളുടെ വാദത്തിനു തക്ക തെളിവായി മുന്നോട്ടുവയ്ക്കുന്നത്. തർക്കം എന്തായാലും തമിഴ്, തെലുങ്ക്, കന്നഡ എന്നീ ഭാഷകളുടെ പഴക്കം മലയാളത്തിന് അവകാശപ്പെടാൻ പററില്ല എന്നാണ് മിക്ക ഭാഷാഗവേഷകരും അഭിപ്രായപ്പെടുന്നത്. പക്ഷെ പ്രായക്കുറവ് സാഹിത്യപുരോഗതിക്കും സാഹിത്യപരീക്ഷണങ്ങൾക്കും തടസ്സമാകുകയില്ല എന്നതിനു ഉത്തമോദാഹരണമാണ് ആധുനിക മലയാളസാഹിത്യം. ഭാഷാപരമായും സാഹിത്യപരമായും ഉള്ള ഏതു പുതുമയേയും വെല്ലുവിളിയേയും സ്വീകരിക്കുവാൻ സദാ സന്നദ്ധമാണ് മലയാളഭാഷ.

മറെറല്ലാ ജീവൽഭാഷകളിലും എന്നപോലെ മലയാളത്തിലും പണ്ടു മുതലേ ഭാഷാഭേദങ്ങൾ കണ്ടുവരുന്നുണ്ട്. പ്രാദേശികവും സമൂഹ്യവും ആയ വ്യത്യാസങ്ങൾക്ക് അനുസരണമായാണ് ഈ ഭാഷാഭേദങ്ങൾ. ദക്ഷിണതിരുവിതാംകൂർ മധ്യതിരുവിതാംകൂർ, ഉത്തരതിരുവിതാംകൂർ, കൊച്ചി, തെക്കെ മലബാർ, വടക്കേ മലബാർ എന്നിങ്ങനെ പ്രാദേശികാടിസ്ഥാനത്തിൽ ഓരോ ഭാഷാഭേദം കൽപിക്കാമെങ്കിലും അവയിലോരോന്നിനും നിശ്ചിത അതിർവരമ്പുകൾ നിർണയിക്കുക എളുപ്പമല്ല. കേരളത്തിലെ പ്രാചീന ജാതിമതവ്യവസ്ഥ അനുസരിച്ച് നമ്പൂതിരിമാർ, ക്ഷത്രിയർ, നായന്മാർ, ഈഴവർ, ക്രിസ്ത്യാനികൾ, മുസൽമാൻമാർ, മററു ജാതിക്കാർ എന്നിങ്ങനെ ഓരോ കൂട്ടത്തിൽ പെട്ടവരും സംസാരിച്ചിരുന്ന മലയാളത്തിനു് അതതിന്റേതായ പ്രത്യേകതകൾ ഉണ്ടായിരുന്നു. കാലക്രമേണ വിദ്യാഭ്യാസം, അച്ചടിയും പുസ്തകപ്രസിദ്ധീകരണവും, പത്രപ്രവർത്തനം, റേഡിയോ, സിനിമ മുതലായവ കാരണം ഈ വിഭിന്നതകൾ ഒരു പരിധിവരെ ഇല്ലാതെയായിട്ടുണ്ടെങ്കിലും ചില പ്രാദേശികഭാഷാഭേദങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

മലയാളഭാഷയ്ക്ക് ഇപ്പോൾ അതിന്റേതു മാത്രമായ ലിപിവ്യവസ്ഥ ഉണ്ട്. മുമ്പ് പ്രചാരത്തിലുണ്ടായിരുന്നത് വട്ടെഴുത്തായിരുന്നു. ചേരപാണ്ഡ്യദേശങ്ങളിലെല്ലാം പ്രചാരത്തിലുണ്ടായിരുന്ന പ്രസ്തുത വട്ടെഴുത്ത് പതിനെട്ടാം നൂററാണ്ടുവരെ കേരളത്തിൽ നിലവിലുണ്ടായിരുന്നു. അക്കാലങ്ങളിലെല്ലാം പ്രമാണങ്ങളും എഴുത്തുകുത്തുകളും ശിലാരേഖകളും ഒക്കെ വട്ടെഴുത്തിലായിരുന്നു. വട്ടെഴുത്തിൽ നിന്നും രൂപം പ്രാപിച്ച കോലെഴുത്തായിരുന്നു കേരളത്തിൽ നിലവിൽ നിന്നിരുന്ന മറെറാരു ലിപിവ്യവസ്ഥ. അതിനു പുറമേ അറബി മലയാള ലിപിയും ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു. വട്ടെഴുത്ത്, കോലെഴുത്ത് മുതലായവ ഗ്രന്ഥലിപിയുടെ സ്വാധീനത്തിൽ വളർന്നു വികസിച്ചതാണ് ഇന്നു നാം കാണുന്ന മലയാളലിപി. ഏകകാലത്തുതന്നെ മേല്പറഞ്ഞ ഒന്നിലധികം ലിപികളിൽ മലയാളം എഴുതപ്പെട്ടിരുന്നു എന്നതിനും ചരിത്രരേഖകൾ ഉണ്ട്.

കേരളത്തിലെ പുരാവസ്തുവിജ്ഞാനപണ്ഡിതന്മാരുടെ അഭിപ്രായപ്രകാരം മലയാളലിപിയിലുള്ള ഏററവും പഴയ രേഖ എ. ഡി. ആയിരത്തി അറുപത്തിയഞ്ചിലുള്ളതാണ്. ഒരു ക്ഷേത്രത്തിൻെറ ആവശ്യത്തിലേയ്ക്കു ഭൂമി ദാനം ചെയ്തതായി കാണിക്കുന്ന ഒരു രേഖയാണത്.

മലയാളം ലിപിയിലുള്ള അച്ചടിയുടെ കഥ നോക്കുകയാണെങ്കിൽ ആരംഗത്ത് വിദേശീയർ ചെയ്ത സേവനം മറക്കാവുന്നതല്ല. കേരളത്തിലെ പലതരം സസ്യങ്ങളെ സംബന്ധിച്ച് ഡച്ചുകാരനായ ഹെൻഡ്രിക് ഏഡ്രിയൻ വാൻറീഡ് കൊച്ചി കോട്ടയിൽ ഗവർണർ ആയിരിക്കവെ രചിച്ച് ആയിരത്തി അറുന്നൂററി എഴുപത്തിയെട്ടിൽ പ്രസിദ്ധീകരിച്ച ഹോർത്തുസ് മലബാറിക്കുസ് എന്ന സചിത്ര പ്രബന്ധമാണ് മലയാളത്തിലുള്ള ആദ്യത്തെ മുദ്രിത ഗ്രന്ഥം. കേരളത്തിൽ ക്രിസ്തുമതം പ്രചരിപ്പിക്കാനായി വന്ന മിഷനറിമാരിൽ പ്രമുഖനായ ജർമൻ മിഷനറി ഹെർമൻ ഗുണ്ടർട്ട് തലശ്ശേരിക്കടുത്തുള്ള ഇല്ലിക്കുന്ന് എന്ന സ്ഥലത്ത് ആയിരത്തിഎണ്ണൂററിനാല്പത്തിഏഴിൽ സ്ഥാപിച്ച പ്രസ്സിൽ നിന്നായിരുന്നു മലയാളത്തിലെ ആദ്യത്തെ വർത്തമാനപ്പത്രമായ രാജ്യസമാചാരം പുറത്തുവന്നത്. മറെറാരു പാതിരിയായ റെവറൻറ് ബെഞ്ചമിൻ ബെയിലിയുടെ നേതൃത്വത്തിൽ ആയിരത്തി എണ്ണൂററി ഇരുപത്തിയൊന്നിൽ കോട്ടയത്തു സ്ഥാപിച്ച ചർച്ചുമിഷൻ സൊസൈററി പ്രസ്സാണ് കേരളത്തിൽ അച്ചടിവ്യവസായത്തിനു അടിസ്ഥാനം ഇട്ടത്. ഇന്നാകട്ടെ അച്ചടിയുടെ കാര്യത്തിൽ ഒരു കലയെന്ന നിലയിലും വ്യവസായം എന്ന നിലയിലും കേരളം വളരെയധികം മുന്നേറിക്കഴിഞ്ഞു.

ഇനി നമുക്ക് മലയാളസാഹിത്യത്തിലേയ്ക്ക് ഒന്ന് എത്തിനോക്കാം. മലയാളസാഹിത്യത്തെപ്പററി പറയുമ്പോൾ ആദ്യം ഓർമിക്കേണ്ടത് പഴക്കം എത്രയെന്നു നിശ്ചയിക്കാൻവയ്യാത്ത നാടൻപാട്ടുകളെയാണ്. തൊട്ടിൽ മുതൽ ചുടല വരെ ജീവിതത്തിൻെറ വിവിധ ദശകളെ തൊട്ടുകൊണ്ടു നീങ്ങുന്ന രസവത്തായ നാടൻപാട്ടുകൾ കേരളഭാഷയായ കൈരളിക്കുണ്ട്. മതം, ആചാരം തുടങ്ങിയ വിഷയങ്ങളെപ്പററിയുള്ള സാരവത്തായ നാടൻപാട്ടുകൾ, ഗാനങ്ങൾ വഞ്ചിപ്പാട്ട്, ഊഞ്ഞാൽപ്പാട്ട് തുടങ്ങിയ വിനോദഗാനങ്ങൾ; വീരപുരുഷന്മാരെയും, വീരാംഗനമാരെയും അവരുടെ വീരകൃത്യങ്ങളെയും ചിത്രീകരിക്കുന്ന വീരഗാഥകൾ ഒക്കെ ആ പാട്ടുകളിലുൾപ്പെടും. ഇതിനു പുറമേ മലയാളത്തിന്റെ തനിമയെ വിളിച്ചറിയിക്കുന്ന കടങ്കഥകളും പഴഞ്ചൊല്ലുകളും കഥകളും ഒക്കെ നാടൻസാഹിത്യത്തിൻെറ മുതൽക്കൂട്ടാണ്.

പന്ത്രണ്ടാം നൂററാണ്ടുവരെ മലയാളത്തിൽ സാഹിത്യകൃതികൾ എഴുതിസൂക്ഷിക്കാൻ തുടങ്ങിയതിനു തക്ക തെളിവുകൾ കിട്ടിയിട്ടില്ല. പന്ത്രണ്ടാം ശതകത്തിനും പതിനാലാം ശതകത്തിനും മധ്യേ എഴുതപ്പെട്ടതെന്നു കരുതപ്പെടുന്ന രാമചരിതം, വൈശികതന്ത്രം, ഭാഷാകൗടലീയം മുതലായവയാണ് ആദ്യകാല

മലയാള സാഹിത്യകൃതികൾ. സാധാരണ സാഹിത്യചരിത്രകാരന്മാർ ചെയ്യുന്നതുപോലെ, മലയാളസാഹിത്യത്തിനു കാലഘട്ടങ്ങൾ നിർദേശിക്കുന്നതു എളുപ്പമുള്ള കാര്യമല്ല. കാരണം ഓരോ കാലഘട്ടത്തിന്റെ സ്വഭാവത്തിനും അനുസരണമല്ലാത്ത ഭാഷാരീതിയിലുള്ള കൃതികളും അതതു കാലങ്ങളിൽ ധാരാളം ഉണ്ടായിട്ടുണ്ട്. എന്നാൽ വിശദീകരണ സൗകര്യത്തെയും തുടർച്ചയേയും പരിഗണിച്ച് പ്രാചീനം, നവീനം, അധുനാതനം എന്നു മൂന്നു ദശകളായി മലയാളസാഹിത്യത്തെ തരംതിരിക്കാം.

മലയാളം മൂലദ്രാവിഡഭാഷയിൽ നിന്നും പിരിഞ്ഞ് ഒരു സ്വതന്ത്രഭാഷയായി സ്വന്തം കാലിൽ നിൽക്കാൻ തുടങ്ങിയതിനു ശേഷം, ആദ്യം തമിഴിന്റെയും പിന്നീടു സംസ്കൃതത്തിന്റെയും സ്വാധീനത്തിൽ ആ ഭാഷാംശങ്ങൾ വേണ്ടുവോളം കടംകൊണ്ട് എഴുതപ്പെട്ട പാട്ടു സാഹിത്യകൃതികളും മണിപ്രവാളസാഹിത്യകൃതികളും പ്രാചീനദശയിൽപ്പെടുന്നു. തമിഴ് മിശ്രിതരീതിയിൽ എഴുതപ്പെട്ട രാമചരിതം രാമകഥപ്പാട്ട് തുടങ്ങിയ കൃതികൾ പാട്ടുസാഹിത്യത്തിനും സന്ദേശകാവ്യങ്ങൾ അനന്തപുരം വർണനം മുതലായവ സംസ്കൃതമിശ്രമണിപ്രവാളകൃതികൾക്കും ഉദാഹരണങ്ങളാണ്. നവീന ദശയുടെ ലക്ഷണങ്ങൾ വ്യക്തമായി കാണാൻ തുടങ്ങിയതു് പതിനാറാം നൂററാണ്ടിന്റെ അവസാനത്തോടുകൂടിയാണ്. തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛനാണ് ഈ പ്രസ്ഥാനത്തിന്റെ ജനയിതാവ്. മലയാളഭാഷയ്ക്ക് അതിന്റേതായ തനിമ നൽകിയതു് എഴുത്തച്ഛനാണ്. അദ്ദേഹത്തിന്റെ ശൈലിയെ അനുകരിച്ചുകൊണ്ട് സാഹിത്യരചന നടത്തുന്നവർ ഇക്കാലത്തും ഉണ്ട്. എഴുത്തച്ഛന്റെ അധ്യാത്മരാമായണവും മഹാഭാരതവും കേരളത്തിലങ്ങോളമിങ്ങോളം എന്നെന്നും വായിച്ചാസ്വദിക്കപ്പെടുന്നവയാണ്.

ഇംഗ്ലീഷുസാഹിത്യത്തിന്റെ സ്വാധീനശക്തി സ്പഷ്ടമായി കണ്ടുതുടങ്ങിയതു മുതൽ അധുനാതനകാലം ആരംഭിച്ചു എന്നു പറയാം. പത്തൊമ്പതാം നൂററാണ്ടിന്റെ അവസാനത്തോടു കൂടിയാണ് ഇതു്. പദ്യത്തിലും ഗദ്യത്തിലും പുതുമയേറിയ പല പ്രസ്ഥാനങ്ങളും മലയാളം സ്വന്തമാക്കിത്തുടങ്ങി. നോവലുകൾ, ഭാവഗീതങ്ങൾ, ചെറുകഥകൾ, ഉപന്യാസം തുടങ്ങി പല പാശ്ചാത്യസാഹിത്യപ്രസ്ഥാനങ്ങളും മലയാളത്തിൽ തഴച്ചു വളർന്നു. ഇന്നാകട്ടെ മലയാളസാഹിത്യത്തിന്റെ സീമ വളരെയധികം വിപുലമായിക്കഴിഞ്ഞു; വിപുലമായിക്കൊണ്ടിരിക്കുന്നു. നോവൽ, ചെറുകഥ, കവിത, നാടകം, പത്രപ്രവർത്തനം, യാത്രാവിവരണം, ബാലസാഹിത്യം, ശാസ്ത്രസാഹിത്യം എന്നീ വിവിധ സാഹിത്യശാഖകളിൽ മലയാളം അസൂയാവഹമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ഇതരഭാരതീയ ഭാഷകളിലും മററു ലോകഭാഷകളിലും നടക്കുന്ന സാഹിത്യപരീക്ഷണങ്ങളിൽ കൊള്ളേണ്ടതു കൊണ്ടും തള്ളേണ്ടതുതള്ളിയും സ്വന്തമായി നൂതന പ്രവണതകൾ സ്ഥാപിച്ചും ഏതു ഭാഷാസാഹിത്യത്തോടും താരതമ്യപ്പെടുത്താവുന്ന നിലയിൽ മലയാളം വളർന്നു കഴിഞ്ഞിരിക്കുന്നു.

പദപരിചയം

കേന്ദ്രഭരണപ്രദേശം 'centrally administred territory'

അളം = ദേശം

ആഴം 'depth'

ഉല്പത്തി = ഉത്ഭവം

ചുരുങ്ങു് 'get shrunk'

സ്വീകാര്യം 'acceptable'

ഭിന്നാഭിപ്രായം 'different opinion'

വ്യത്യാസം 'difference'

ചരിത്രരേഖകൾ 'historical documents'

തർക്കം 'dispute'

ഉപഭാഷ 'dialect'

കൂട്ടർ 'group of people'

വാദിക്കു് 'argue'

മൂലദ്രാവിഡഭാഷ 'Proto Dravidian Language'

സ്വതന്ത്രമായി 'independently'

വേർതിരിയു് 'get separated'

രൂപം പ്രാപിക്കു് 'take shape'

ഉറപ്പിക്കു് 'cofirm'

തെളിവു് 'evidence'

നിരത്തു് 'present, put in a line'

സാദൃശ്യം 'similarity

അപേക്ഷിച്ചു് 'comparatively'

പ്രേരിപ്പിക്കു് 'instigate'

സ്വഭാവവിശേഷതകൾ 'characteristic features'

നിലനിർത്തു് 'maintain, retain'

മുന്നോട്ടുവയ്ക്കു് 'put forward'

പഴക്കം 'ancientness'

അവകാശപ്പെടു് 'claim'

ഗവേഷകർ 'researchers'

പുരോഗതി 'progress'

പ്രായക്കുറവു് 'youthfulness'

ഉത്തമം 'great'

ഉദാഹരണം 'illustration, example'

പുതുമ 'novelty'

വെല്ലുവിളി 'challenge'

സദാ = എപ്പോഴും

സന്നദ്ധം = തയ്യാർ

ജീവൽഭാഷ 'living language'

ഭാഷാഭേദം 'dialect'

അനുസരണം 'accordingly'

കല്പിക്കു് 'decides, determines, order'

അതിർവരമ്പു് 'boundary line'

നിർണയിക്കു് = നിശ്ചയിക്കു്

പ്രാചീനം = പഴക്കമുള്ളതു്

പ്രത്യേകതകൾ 'specialities'

അച്ചടി 'printing'

പത്രപ്രവർത്തനം 'journalism'

വിഭിന്നതകൾ 'dissimilarities'

പരിധി 'limit'

ലിപിവ്യവസ്ഥ 'script system'

നിലനില്ക്കുക 'exist'
നിലവിലുണ്ടാകുക 'to be in practice'
പ്രമാണങ്ങൾ 'documents'
എഴുത്തുകുത്തു 'correspondence'
ശിലാരേഖകൾ 'inscriptions'
സ്വാധീനം 'influence'
പുരാവസ്തുവിജ്ഞാനം 'archaeology'
സസ്യങ്ങൾ 'plants'
കോട്ട 'fort'
സചിത്രപ്രബന്ധം 'illustrated theses'
വർത്തമാനപ്പത്രം 'news paper'
പാതിരി 'priest, paster'
അടിസ്ഥാനം ഇടു 'lay the foundation'
നേതൃത്വം 'leadership'
വ്യവസായം 'industry'
മുന്നേറു = മുമ്പോട്ടു പോകു
തൊട്ടിൽ 'cradle'
ചുടല 'grave'
ദശ 'stage'
നീങ്ങു 'move'
രസവത്തായ 'interesting'
കൈരളി = മലയാളഭാഷ
വഞ്ചിപ്പാട്ടു 'boat song'
ഊഞ്ഞാൽ 'swing'
വീരാംഗന 'brave women'
വിനോദഗാനം 'song for fun/pleasure'
ചിത്രീകരിക്കു 'picturise'
ഉൾപ്പെടു be included'
തനിമ 'orginality'
വിളിച്ചറിയിക്കു 'announce'
കടങ്കഥ 'riddle
പഴഞ്ചൊല്ലു 'proverb'
മുതൽക്കൂട്ടു 'asset'
കാലഘട്ടം 'period'
സാഹിത്യ ചരിത്രകാരന്മാർ 'scholors of history of literature'
നിർദ്ദേശിക്കു 'suggest, assign'
വിശദീകരണം 'explanation'
തുടർച്ച 'continuity'
നവീനം 'modern'
അധുനാതനം 'ultra modern'
തരംതിരിക്കു 'classify, sort out'
സ്വന്തം കാലിൽ നിൽക്കു 'be independent, to stand on one's own leg's
ഭാഷാംശങ്ങൾ 'language features'
കടം കൊള്ളു 'borrow'
മിശ്രിതം 'mixture'
ലക്ഷണങ്ങൾ 'features'
വർണന 'description'
വ്യക്തമായി 'clearly'
അവസാനം 'end'
പ്രസ്ഥാനം 'movement'
ജനയിതാവു 'founder'
ശൈലി 'style'
അനുകരിക്കു 'imitate'
അങ്ങോളമിങ്ങോളം = അവിടം മുതൽ ഇവിടംവരെ, എല്ലായിടത്തും

ആസ്വദിക്കുക് 'apprciate'
സ്വന്തമാക്കുക് 'make one's own'
ചെറുകഥ 'short story'
സീമ = അതിരു് 'border'
വിവിധം 'different'
യാത്രാവിവരണം 'travelogue'
ബാലസാഹിത്യം 'children's literature'.
ശാസ്ത്രസാഹിത്യം 'science literature'
അസൂയാവഹം 'enviable'
കൈവരിക്കുക് 'attain'
കൊള്ളുക് accept, here upon'
നൂതനം 'new'
താരതമ്യപ്പെടുത്തുക് 'compare'

സ്പഷ്ടമായി = വ്യക്തമായി.
ഭാവഗീതം 'lyric'
ഉപന്യാസം 'essay'
വിപുലം 'large'
നാടകം 'drama'
നേട്ടം 'achievement'
ഇതര 'different, other'
തള്ളുക് 'refuse'
പ്രവണത 'trend'
നില 'condition, state'

അഭ്യാസം

I അക്ഷരങ്ങൾ ശരിയായ ക്രമത്തിലാക്കി വാക്കുകൾ എടുത്തെഴുതുക.

1. ഉത്തില്ല
2. ദേമംശനാ
3. ഭന്ദ്രകേരണം
4. കാസ്വീര്യം
5. രേരി ചത്രഖ
6. മാന്ത്രതസ്വയി
7. ഉരദാഹണം
8. കമ്പുരവാം
9. രാസ്തുപ്പവ
10. ത്താസവയര

II ശരിയായ പദങ്ങൾ എടുത്തെഴുതുക

1. പുരോഗതി — പുരോകതി
2. ക്ഷത്രിയർ — ഷത്രിയർ
3. പ്രാജീനമതം — പ്രാചീനമതം
4. വെള്ളവിലി — വെല്ലുവിളി
5. അധിസ്ഥാനം — അടിസ്ഥാനം
6. മുദ്രിതഗ്രന്ഥം — മുദ്രിതഗ്രന്ഥം
7. വീരാംഗന — വീരാങ്കണ
8. ഊഞ്ചാൽ — ഊഞ്ഞാൽ
9. പ്രസ്ഥാനം — പ്രസ്ഥാനം
10. അസ്യയാവഹം — അഷ്യയാവഹം

III പിരിച്ചെഴുതുക.

1. കേന്ദ്രഭരണം
2. വ്യക്തിലക്ഷണം
3. ഭാരതചരിത്രം
4. പത്രപ്രവർത്തനം
5. മലയാളനാട്ട്
6. മുഖ്യഭാഷ
7. വിളിച്ചറിയിച്ചു
8. എഴുതിയിട്ടു
9. ഭാഷാനാമം
10. തെളിവുകളൊക്കെ

IV ചേർത്തെഴുതുക.

1. അർഥം + വ്യത്യാസം
2. പ്രധാനം + ഭാഷ
3. പിന്നെ + ആണ് + ഒ
4. കൊച്ചി + കോട്ടയ്ക്ക് + അകത്ത്
5. മുതൽ + കൂട്ട് + അല്ലാതെ
6. ഭാഷ + സാഹിത്യം
7. തള്ളി + കളഞ്ഞു
8. പത്തുമ + ഏറിയ
9. തടസ്സം + ആകുക
10. ഏറി + പോയി

V ചേരുംപടി ചേർക്കുക

1.	തോഡ	(a)	മിഷനറിമാർ
2.	മണിപ്രവാളം	(b)	നാടൻസാഹിത്യം
3.	നമ്പൂതിരിമാർ	(c)	ആദ്യകൃതി
4.	ഇല്ലിക്കുന്ന് പ്രസ്സ്	(d)	പ്രാദേശികഭാഷാഭേദം
5.	മലയാളം	(e)	സന്ദേശകാവ്യം
6.	തിരുവിതാംകൂർഭാഷ	(f)	എഴുത്തച്ഛൻ
7.	ഊഞ്ഞാൽപ്പാട്ട്	(g)	ദ്രാവിഡഭാഷ
8	അച്ചടി	(h)	രാജ്യസമാചാരം
9.	അധ്യാത്മരാമായണം	(i)	നായന്മാർ
10.	രാമചരിതം	(j)	കൈരളി

VI വിട്ടുപോയ വാക്കുകൾ ചേർത്തു വാക്യങ്ങൾ പൂരിപ്പിക്കുക.

1. പദത്തിന്റെ — ഭിന്നാഭിപ്രായങ്ങൾ ഉണ്ടെങ്കിലും മലയാളം എന്നത് ആദ്യം — ആയിരുന്നു എന്ന കാര്യത്തിൽ തർക്കം ഇല്ല.

2. കേരളഭാഷയായ മലയാളത്തിന് മഹിമയുണ്ട — എന്നീ — ഉണ്ടായിരുന്നു.

3. തമിഴാണ് ദ്രാവിഡഭാഷാകുടുംബത്തിലെ ഏററവും പ്രാചീനാംഗമെന്നു — വരുന്നു.

4 രണ്ടുകൂട്ടരും — വേണ്ട തെളിവുകൾ —.

5. മൂലദ്രാവിഡഭാഷയുടെ പല — മലയാളം ഇപ്പോഴും നിലനിർത്തുന്നുണ്ട്.

6. പ്രായക്കുറവ് സാഹിത്യപുരോഗതിക്ക് തടസ്സം — എന്നതിന് — ആണ് ആധുനികമലയാളഭാഷ.

7. വട്ടെഴുത്ത്, —, അറബിമലയാളലിപി മുതലായവയാണ് കേരളത്തിൽ — ലിപിവ്യവസ്ഥകൾ.

8. വിദേശീയമിഷനറിമാർ മലയാളഭാഷയ്ക്കു നൽകിയ — മറക്കാവുന്നതല്ല.

9. മലയാളത്തിലെ ആദ്യത്തെ — 'രാജ്യസമാചാരം' ആയിരുന്നു.

10 ജീവിതത്തിന്റെ വിവിധഭാഗങ്ങളെ — നീങ്ങുന്ന രസവത്തായ നാടൻപാട്ടുകൾ മലയാളത്തിന് —.

VII കുറിപ്പെഴുതുക.

1. മലയാളം എന്ന പദത്തിന്റെ ഉല്പത്തി
2. കേരളത്തിലെ ലിപികൾ
3. മലയാളത്തിലെ ആദ്യത്തെ അച്ചടിച്ച പുസ്തകം
4. മലയാളസാഹിത്യത്തിന്റെ പ്രാചീനാവസ്ഥ.
5. ഇന്നത്തെ മലയാളസാഹിത്യം

VIII താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

1. മലയാളഭാഷയുടെ ഉത്ഭവത്തെപ്പററി പണ്ഡിതന്മാരുടെ വിവിധ അഭിപ്രായങ്ങൾ എന്തൊക്കെയാണ്? സ്വന്തം വാക്കുകളിൽ വിവരിക്കുക.

2. മലയാളഭാഷയിൽ നിലവിലുള്ള ഭാഷാഭേദങ്ങളെപ്പററി എന്തു മനസ്സിലായി?

3. പ്രായക്കുറവ് ഒരു ഭാഷയുടെ സാഹിത്യപുരോഗതിക്ക് തടസ്സമാകുകയില്ല എന്നതിനു മലയാളസാഹിത്യത്തെ ഉദാഹരണമായെടുക്കാം എന്നു പറയുന്നതെന്തുകൊണ്ട്?

4. ആദ്യകാല മലയാളസാഹിത്യത്തെപ്പററി ഈ പാഠത്തിൽ നിന്നു് നിങ്ങൾക്കെന്തു മനസ്സിലായി ?

5. മലയാളസാഹിത്യത്തിന്റെ വിവിധ ദശകളേതെല്ലാം? വിവരിക്കുക.

IX നിങ്ങളുടെ മാതൃഭാഷയെക്കുറിച്ചു് നാലു പുറങ്ങളിൽ കവിയാതെ ഒരു ലേഖനമെഴുതുക.

X മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

അനേകം ഭാഷകളുടെ നാടാണു് ഭാരതം. ഭാഷാശാസ്ത്രജ്ഞന്മാരുടെ അഭിപ്രായമനുസരിച്ചു് ആയിരത്തി അറുന്നൂറിലധികം ഭാഷകൾ മാതൃഭാഷയായി സംസാരിക്കപ്പെടുന്നുവത്രെ. ഇതൊരു പുതിയ കണ്ടുപിടിത്തമല്ല. അസംഖ്യം ഭാഷകൾ ഒരേസമയം ഒപ്പം നിലനിൽക്കുന്നതു് ഭാരതത്തിൽ ഒരു പുതുമയല്ല. അധികം ഭാഷകൾ ഉള്ളതു് രാജ്യത്തിന്റെ രക്ഷയ്ക്കു് ഒരു വെല്ലുവിളി അല്ല. ഭാഷകൾ ഏതൊക്കെ സംസാരിച്ചാലും പൊതുവായ ഒരു സംസ്കാരം ഭാരതീയർക്കാകെ ഉണ്ടായിരുന്നു. ഭാഷകളുടെ സംഖ്യ ബലഹീനതയായിട്ടല്ല, ശക്തി നൽകുന്ന ഘടകം ആയിട്ടാണു് കരുതേണ്ടതു്. ഒരു ഭാഷ മറെറാരു ഭാഷയിൽ നിന്നും പദങ്ങൾ കടം കൊള്ളുന്നതു് അപമാനകരമല്ല. ഭാഷകൾ പരസ്പരം കടംകൊണ്ടാൽ അവ വളരുകയല്ലാതെ തളരുകയില്ല. പക്ഷെ വിദേശഭാഷയോടു് അന്ധമായ ആരാധനാഭാവം കാണിക്കുന്നതും മാതൃഭാഷയെ മറക്കുന്നതും നല്ലതല്ല. മാതൃഭാഷയിലൂടെ സാധിക്കുന്നതുപോലെ ആശയവിനിമയം നടത്താൻ ഒരു വിദേശഭാഷയിലൂടെയും സാധാരണക്കാർക്കു സാധിക്കില്ല.

ഭാഷകളുടെ ഇടയിൽ വലിപ്പച്ചെറുപ്പത്തിന്റെയോ, പ്രയാസം—എളുപ്പം എന്നതിന്റെയോ കാര്യമില്ല. എല്ലാ ഭാഷകളും എളുപ്പമുള്ളവയാണു്, പ്രയാസമുള്ളവയാണു്. ഭാഷകൾ തമ്മിൽ വ്യത്യാസങ്ങൾ ധാരാളം ഉണ്ടു് എന്നതാണു് സത്യം. വ്യത്യാസം ഒന്നിനെ എളുപ്പമാക്കുകയോ മറെറാന്നിനെ പ്രയാസമുള്ളതാക്കുകയോ, ചെയ്യുന്നില്ല. ഒരു ഭാഷ സംസാരിക്കുന്നവർക്കു് മറെറാരു ഭാഷ പഠിക്കാൻ വലിയ പ്രയാസമൊന്നുമില്ല. ആഗ്രഹവും, സന്നദ്ധതയും ഉണ്ടെങ്കിൽ ഒരു ഭാഷ പഠിക്കുന്നതു് പ്രശ്നമേയല്ല. പുതിയ ഭാഷ പഠിക്കുക എന്നു പറഞ്ഞാൽ മറെറാരു സമൂഹത്തിന്റെ സംസ്കാര സവിശേഷതകൾ മനസ്സിലാക്കാനുള്ള അവസരം കിട്ടുക എന്നതാണു്. ഇതൊക്കെ ഭാരതീയർ പണ്ടേ മനസ്സിലാക്കിയിരുന്ന കാര്യങ്ങളാണു്. എന്നാൽ ഭാഷയെച്ചൊല്ലിയുള്ള സമരങ്ങളും വഴക്കുകളും ഇക്കാലത്തു കാണുന്ന പ്രത്യേകതകളാണു്. ഓരോ സമരവും, ഓരോ വഴക്കും തങ്ങളുടെ ആവശ്യത്തിനു് ഉപകാരപ്പെടുത്തുവാൻ തയ്യാറെടുത്തു നിൽക്കുന്ന കൂട്ടർ എല്ലാ ഭാഷക്കാരുടെ ഇടയിലും ഉണ്ടു്. പ്രസംഗം ഒന്നും പ്രവൃത്തി മറെറാന്നും എന്ന തരത്തിലുള്ളവരാണിവർ. രാഷ്ട്രീയക്കാരും സമൂഹപരിഷ്കർത്താക്കളും ഒക്കെ മാതൃഭാഷാസ്നേഹത്തിന്റെ വേഷം അണിഞ്ഞുനടക്കുന്നതു് പലപ്പോഴും പൊതുജനങ്ങളെ വഞ്ചിക്കാനും മറെറാരു ഭാഷക്കാരുടെ നേരേ ആളുകളെ ഇളക്കിവിടാനും ആണു്. അവരുടെ പിടിയിൽപ്പെടാതെയിരുന്നാലേ സാധാരണക്കാർക്കു രക്ഷയുള്ളു.

പാഠം 16

ശ്രീനാരായണഗുരു

കേരളത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിൽ ഒരു നാഴികക്കല്ലായിരുന്നു ശ്രീനാരായണഗുരു. അതുല്യനായ ഒരു സാമൂഹ്യ പരിഷ്കർത്താവെന്നു് അദ്ദേഹത്തെ വിശേഷിപ്പിക്കാം. നാടുവാഴിത്തത്തിന്റേയും വിദേശാധിപത്യത്തിന്റേയും ദുരിതഫലങ്ങൾ കേരളീയരെ ശ്വാസം മുട്ടിച്ചുകൊണ്ടിരുന്ന കാലത്തായിരുന്നു അദ്ദേഹത്തിന്റെ ജനനവും ജീവിതവും. ജാതിവ്യവസ്ഥയെ ആധാരമാക്കി മനുഷ്യത്വം ഇല്ലാത്ത അനാചാരങ്ങൾ അന്നു കേരളത്തിൽ നിലവിലുണ്ടായിരുന്നു. പിന്നോക്കവിഭാഗങ്ങളിൽപ്പെട്ടവർ അനുഭവിച്ചുകൊണ്ടിരുന്ന കഷ്ടപ്പാടുകൾക്കു കണക്കില്ലായിരുന്നു. അങ്ങനെയൊരു സന്ദർഭത്തിൽ ജനസമൂഹത്തിനു് ആശ്വാസം പകർന്നുനല്കാനും മനുഷ്യത്വത്തിന്റെ പുതിയ സന്ദേശം നാടെങ്ങുക്കു പകരുവാനുമായി നാരായണഗുരു തന്റെ ജീവിതം ചെലവഴിച്ചു.

തിരുവനന്തപുരത്തിനടുത്തുള്ള ചെമ്പഴന്തി എന്ന ഗ്രാമത്തിൽ ആയിരത്തി എണ്ണൂററി അൻപത്തിനാലു് ആഗസ്ററുമാസം ഇരുപതാം തീയതിയാണു് നാരായണഗുരു ജനിച്ചതു്. ഒരു സാധാരണ കർഷകകുടുംബമായിരുന്നു അദ്ദേഹത്തിന്റേതു്. അച്ഛന്റെ പേരു് മാടനാശാൻ എന്നും അമ്മയുടെ പേരു് കുട്ടി എന്നും ആയിരുന്നു. നാണു എന്നാണു് അവർ മകനെ വിളിച്ചിരുന്നതു്. മാടനാശാൻ ഗ്രാമവാസികളെ പുരാണങ്ങൾ വായിച്ചുകേൾപ്പിക്കുകയും അവർക്കു് അവയുടെ അർഥം വിശദീകരിച്ചു കൊടുക്കുകയും ചെയ്യുമായിരുന്നു. അതു കേട്ടുവളർന്ന നാണുവിനു് അത്തരം കാര്യങ്ങളിൽ താല്പര്യം ഉണ്ടായി വന്നതു് സ്വാഭാവികം മാത്രമായിരുന്നു.

അന്നത്തെ നാട്ടുനടപ്പു് അനുസരിച്ചു് നാണു ആദ്യം മലയാളവും പിന്നെ സംസ്കൃതവും പഠിച്ചു. പഠിത്തത്തിൽ നാണുവിനു് അപാരമായ താല്പര്യവും സാമർഥ്യവും ഉണ്ടായിരുന്നു. ആ ബാലന്റെ അന്വേഷണബുദ്ധി എല്ലാററിനേയും നിശിതമായി ചോദ്യം ചെയ്യുന്നതും ഒരു ശാസ്ത്രജ്ഞന്റേതുപോലെ കാര്യകാരണങ്ങളെ അനുഭവത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുന്നതും ആയിരുന്നു. പഠിക്കുന്ന കാലത്തേ ജാതിവ്യവസ്ഥയെ വെല്ലുവിളിക്കാൻ നാണു ഭയപ്പെട്ടിരുന്നില്ല. എല്ലാ ജാതിയിൽപ്പെട്ട കുട്ടികളോടും തുല്യഭാവത്തിൽ അവൻ ഇടപഴകിയിരുന്നു. ജ്യോതിഷം, ആയുർവേദം, വേദശാസ്ത്രപുരാണങ്ങൾ എന്നിവയെല്ലാം നാണുവിനു പ്രിയപ്പെട്ട വിഷയങ്ങളായിരുന്നു,

പ്രായപൂർത്തിയായതോടുകൂടി അച്ഛൻ നടത്തിവന്ന പുരാണപാരായണവും വ്യാഖ്യാനവും നാണു ഏറ്റെടുത്തു. അപ്പോഴേക്കും മലയാളവും കുറെച്ചൊക്കെ തമിഴും, കാവ്യം, നാടകം, വ്യാകരണം എന്നിങ്ങനെയുള്ള സംസ്കൃത പാഠങ്ങളും നാണു പഠിച്ചുകഴിഞ്ഞിരുന്നു എന്നു മാത്രമല്ല, വിദ്യാർഥികളെ പഠിപ്പിക്കാനും തുടങ്ങിയിരുന്നു. ഈ കാലഘട്ടം മുതൽ നാണുവാശാൻ എന്ന പേരിൽ അദ്ദേഹം അറിയപ്പെട്ടുവന്നു. കാലക്രമേണ, നാണുവാശാൻ നാരായണഗുരു ആയിത്തീർന്നു.

താൻ സമ്പാദിച്ച അറിവ് തനിക്കു ചുററും കഷ്ടപ്പെടുന്നവരുടെ പ്രയാസങ്ങൾ ഇല്ലാതെയാക്കാൻ വിനിയോഗിക്കണമെന്ന് നാരായണഗുരു ആഗ്രഹിച്ചു. നാട്ടിനകത്തും പുറത്തും പലയിടങ്ങളിലും കാൽനടയായി സഞ്ചരിച്ച് ജനജീവിതത്തെക്കുറിച്ച് അദ്ദേഹം പലതും മനസ്സിലാക്കി. ജനങ്ങളുടെ കഷ്ടപ്പാട് നീങ്ങിക്കിട്ടണമെങ്കിൽ അവരുടെ വിശ്വാസങ്ങളിൽക്കൂടെത്തന്നെ അവരെ നയിക്കണമെന്നും അങ്ങനെമാത്രമേ അവരെ അറിവുള്ളവരാക്കിത്തീർക്കാൻ സാധിക്കൂ എന്നും വിദ്യാഭ്യാസത്തിൽക്കൂടിയേ ജനതയ്ക്കു വളർച്ചയുള്ളൂ എന്നും അദ്ദേഹത്തിനു ബോധ്യം വരുകയും അതനുസരിച്ച് തന്റെ കർമപരിപാടികൾ നടപ്പിലാക്കിത്തുടങ്ങുകയും ചെയ്തു.

അക്കാലത്ത് ക്ഷേത്രപ്രതിഷ്ഠകളും പൂജകളും ഒക്കെ മേൽജാതിക്കാരുടെ കുത്തക ആയിരുന്നു എന്നു മാത്രമല്ല, താണജാതിക്കാർ എന്നു കരുതപ്പെട്ടിരുന്നവർക്ക് അമ്പലങ്ങൾക്കുള്ളിൽ പ്രവേശനം പോലും നിഷേധിച്ചിരുന്നു. ഈ പ്രശ്നം പരിഹരിക്കാൻ നാരായണഗുരു ധാരാളം ക്ഷേത്രപ്രതിഷ്ഠകൾ നടത്തുകയും എല്ലാ ജാതിക്കാർക്കും പ്രവേശനം നൽകിക്കൊണ്ട് പുതിയ ആരാധനാമന്ദിരങ്ങൾ തുറക്കുകയും ചെയ്തു. അദ്ദേഹം ആദ്യമായി നടത്തിയത് ഒരു ശിവപ്രതിഷ്ഠ ആയിരുന്നു. തിരുവനന്തപുരത്തിനടുത്ത് അരുവിപ്പുറം എന്ന സ്ഥലത്താണ് ആ പ്രതിഷ്ഠ. ബ്രാഹ്മണർക്കല്ലാതെ ഈഴവർക്കു ക്ഷേത്രപ്രതിഷ്ഠ നടത്താൻ അധികാരമുണ്ടോ എന്ന ചോദ്യത്തിനു ഗുരു നൽകിയ മറുപടി "ഞാൻ ഈഴവശിവനെയാണ് പ്രതിഷ്ഠിച്ചത്" എന്നായിരുന്നു. നൂററാണ്ടുകളായി നിലനിന്നിരുന്ന ഒരാചാരത്തെ അദ്ദേഹം അങ്ങനെ സൗമ്യമായി ലംഘിച്ചു. എതിരാളികളെ നിരായുധരാക്കുന്ന ഈ സൗമ്യത ഗുരുവിന്റെ പ്രവർത്തനശൈലിയുടെ പ്രത്യേകതയായിരുന്നു. എതിർക്കപ്പെടേണ്ട എല്ലാത്തിനേയും അദ്ദേഹം എതിർത്തു. എന്നാൽ ഒരിക്കലും ഒരു സംഘട്ടനം ഉണ്ടാക്കാൻ ശ്രമിച്ചിരുന്നില്ല. ജനങ്ങളെ അവരുടെ വിശ്വാസങ്ങളുടെ നിലവാരത്തിൽ നിന്നുകൊണ്ട് സമീപിച്ച് പടിപടിയായി ഉയർത്തി വിപ്ലവപരമായ മാററങ്ങൾ ഉണ്ടാക്കിത്തീർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

ശ്രീനാരായണഗുരുവിന്റെ ക്ഷേത്രപ്രതിഷ്ഠകൾ പലതും ശ്രദ്ധേയങ്ങളാണ്. ആദ്യത്തെ പ്രതിഷ്ഠാമൂർത്തിയായിരുന്ന ശിവൻ ആററിൽ നിന്നെടുത്ത ഒരു പാറക്കല്ലായിരുന്നുവെങ്കിൽ, മുരുക്കുംപുഴ എന്ന സ്ഥലത്ത് ഒരു പ്രഭ മാത്രമാണ്

അദ്ദേഹം പ്രതിഷ്ഠിച്ചത്. അതിൽ സത്യം, ധർമം, ദയ, സ്നേഹം എന്നീ നാലു വാക്കുകൾ എഴുതിവയ്ക്കുകയും ചെയ്തു. ഈ ആദർശങ്ങൾ ജീവിതത്തിൽ പാലിക്കുന്നവരാണ് യഥാർഥ ദൈവഭക്തന്മാർ എന്നാണതിന്റെ അർഥം. ചേർത്തലയ്ക്കടുത്തുള്ള ഒരു സ്ഥലത്ത് വെറും ഒരു കണ്ണാടിയായിരുന്നു അദ്ദേഹത്തിന്റെ പ്രതിഷ്ഠ. നമ്മൾ നമ്മളെത്തന്നെ ശരിക്കു കാണുകയും മനസ്സിലാക്കുകയും ചെയ്യണം എന്നാണതിലൂടെ ഗുരു ഉപദേശിച്ചത്. ശ്രീനാരായണഗുരുവിന്റെ പ്രതിഷ്ഠകളുടെ അർഥം എന്താണെന്നുവച്ചാൽ, മനുഷ്യർ യഥാർഥ മനുഷ്യരായിത്തീരുന്നത് ചില ഉൽക്കൃഷ്ടഗുണങ്ങൾ പ്രകടിപ്പിക്കുമ്പോൾ മാത്രമാണെന്നാണ്. സമസ്തഷ്ടരെ സ്നേഹിക്കാനും അവർക്കുവേണ്ടി ത്യാഗം സഹിക്കാനും മനുഷ്യർ തയ്യാറാകണം എന്നായിരുന്നു അദ്ദേഹം ഉപദേശിച്ചത്.

മനുഷ്യരെല്ലാം അടിസ്ഥാനപരമായ കാര്യങ്ങളിൽ ഒരുപോലെയാണെന്നും വിഭിന്നമതക്കാർ തമ്മിൽ ആചാരങ്ങളുടേയും വിശ്വാസങ്ങളുടേയും വ്യത്യാസം മാത്രമേ ഉള്ളു എന്നും അദ്ദേഹം ജനങ്ങളോടു തുറന്നു പറഞ്ഞു. എല്ലാ മതക്കാരും സ്നേഹിക്കാൻ കഴിവുള്ളവരാണെന്നും സ്നേഹിക്കപ്പെടാൻ ആഗ്രഹിക്കുന്നവരാണെന്നും അവരിലെല്ലാം തന്നെ നന്മതിന്മകൾ ഇടകലർന്നു കാണപ്പെടുന്നു എന്ന് അദ്ദേഹം വിശ്വസിക്കുകയും ആളുകളെ അതു ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. ആ വിശ്വാസത്തിന്മേലാണ് "മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്നു നാരായണഗുരു ഉപദേശിച്ചത്. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന ഗുരുസന്ദേശത്തിനും അർഥം വേറൊന്നല്ല.

സംഘടിതമായി പ്രവർത്തിച്ചു ജീവിച്ചാലേ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കൂ എന്നു ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കാനായി അദ്ദേഹം ഒരു സംഘടന രൂപീകരിച്ചു. ജനസമൂഹങ്ങളുടെ ക്ഷേമത്തിനുവേണ്ടി വിശാലമായ അടിസ്ഥാനത്തിൽ സാമൂഹ്യവും മതപരവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പരിപാടികൾക്കുള്ള ഒരാരംഭമായിരുന്നു അത്. തുടക്കത്തിൽ പത്തിരുപതു പേർ മാത്രമുണ്ടായിരുന്ന സംഘത്തിന്റെ അംഗസംഖ്യ ക്രമേണ അനേകായിരങ്ങളായി. ആ സംഘമാണിന്നു കേരളത്തിന്റെ സാമൂഹ്യ–സാംസ്കാരിക–വിദ്യാഭ്യാസരംഗത്തു പടർന്നു പന്തലിച്ചു നിൽക്കുന്ന എസ്. എൻ. ഡി. പി. അഥവാ ശ്രീനാരായണ ധർമപരിപാലനസംഘം.

ശ്രീനാരായണഗുരു സമാധിയടഞ്ഞത് ആയിരത്തി തൊള്ളായിരത്തി ഇരുപത്തിയെട്ടിൽ ആയിരുന്നു; മരണം വരെ അദ്ദേഹം ജനനന്മക്കായി പ്രവർത്തിക്കുകയും മററുള്ളവരെക്കൊണ്ടു പ്രവർത്തിപ്പിക്കുകയും ചെയ്തു. നാരായണഗുരുവിനു മുൻപും പിൻപും ഭാരതത്തിൽ പല ആചാര്യന്മാരും സാമൂഹ്യപരിഷ്കർത്താക്കളും ഉണ്ടായിട്ടുണ്ട്. അവരിൽ പലരേയും പോലെ ഇദ്ദേഹവും മഹത്തായ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ പ്രവർത്തനശൈലി അവരുടേതിൽ നിന്നെല്ലാം വ്യത്യസ്തമായിരുന്നു. അചഞ്ചലമായ വിശ്വാസത്തോടെ എതിരാളികളെ നേരിടുമ്പോഴും അദ്ദേഹം സൗമ്യത കൈവെടിഞ്ഞിരു

ന്നില്ല. പഴയ ആചാരമര്യാദകളെ വേരോടെ പിഴുതെറിയുമ്പോഴും ശബ്ദകോലാഹലവും സംഘട്ടനവും അദ്ദേഹം ഒഴിവാക്കിയിരുന്നു. പുരുക്കിപ്പറഞ്ഞാൽ ആധ്യാത്മികതയ്ക്കു സാമൂഹ്യതലത്തിലുള്ള പ്രയോജനത്തിനു പ്രത്യക്ഷമായ ഉദാഹരണമാണു ശ്രീനാരായണഗുരുവിന്റെ ജീവിതം.

പദപരിചയം

സാംസ്കാരിക നവോത്ഥാനം 'cultural renaisance'
നാഴികക്കല്ല് 'milestone'
അതുല്യൻ 'incomparable person'
പരിഷ്കർത്താവ് 'reformer'
വിശേഷിപ്പിക്കുക 'qualify'
നാടുവാഴിത്തം 'rule of the king'
വിദേശാധിപത്യം 'foreign supremacy'
ദുരിതഫലം 'ill effect'
ശ്വാസം മുട്ടിക്കുക 'suffocate'
മനുഷ്യത്വം 'humanness'
അനാചാരം 'improper convention'
പിന്നോക്കം 'backward'
ആശ്വാസം 'relief'
സന്ദേശം 'message'
ചെലവഴിക്കുക 'spend'
കർഷക 'agricultural'
വിശദീകരിക്കുക 'explain'
സ്വാഭാവികം 'natural'
നാട്ടുനടപ്പ് 'practice prevalent in the country'
അപാരമായ = വളരെ വലിയ
നിശിതമായി 'sternly, severely'
ചോദ്യം ചെയ്യുക 'question, interrogate'
വിലയിരുത്തുക 'evaluate, assess'
തുല്യഭാവം 'equal consideration'
ഇടപഴകുക 'mingle, mix'
ജ്യോതിഷം 'astrology'
പാരായണം 'reading'
ഏറ്റെടുക്കുക 'take over'
വിനിയോഗിക്കുക = ഉപയോഗിക്കുക
കാൽനടയായി 'on foot'
നയിക്കുക 'lead'
ബോധ്യം വരുക 'get convinced'
കർമപരിപാടികൾ 'programme of activities'
ക്ഷേത്രപ്രതിഷ്ഠ 'installation of idols/images in temples'
പ്രവേശനം 'entrance'
നിഷേധിക്കുക 'deny, refuse'
പരിഹരിക്കുക 'solve'
ആരാധനാമന്ദിരം 'place of worship'
സൗമ്യമായി 'gently'
എതിരാളികൾ 'rivals'
നിരായുധരാക്കുക 'disarm'
ലംഘിക്കുക 'violate'
പ്രവർത്തനശൈലി 'style of operation'

സംഘട്ടനം 'conflict'
നിലവാരം 'standard, level'
സമീപിക്കുക 'approach'
പടിപടിയായി 'step by step'
വിപ്ലവപരം 'revolutionary'
ശ്രദ്ധേയം 'noteworthy'
പാറക്കല്ല് 'rock stone'
പ്രഭ 'light'
കണ്ണാടി 'mirror'
സമസൃഷ്ടർ 'born equal'
ത്യാഗം 'sacrifice'
നന്മതിന്മകൾ 'virtues and vices'
സംഘടിതം 'organized'
ജീവിതസാഹചര്യങ്ങൾ 'living conditions'
മെച്ചപ്പെടുത്തുക 'improve'
രൂപീകരിക്കുക 'form'
സാമ്പത്തികം 'financial'
അംഗം 'member'
സംഖ്യ 'number'
പടരുക 'spread'
പടർന്നു പന്തലിക്കുക 'well established, widely spread out'
വ്യത്യസ്തം 'different'
അചഞ്ചലം 'firm, constant'
കൈവെടിയുക 'leave, abandon'
വേരോടെ പിഴുതെറിയുക 'uproot'
കോലാഹലം 'noise'
ഒഴിവാക്കുക 'exempt, avoid'
ആധ്യാത്മികത 'spirituality'
തലം 'level'
പ്രത്യക്ഷം 'visible'

അഭ്യാസം

I കൊടുത്തിട്ടുള്ള മാതൃക അനുസരിച്ച് പുതിയ വാക്കുകൾ നിർമിക്കുക.

a. സംസ്കാരം > സാംസ്കാരികം

1. മനസ്സ് 2. സമൂഹം 3. സമ്പത്ത്

b. വിദ്യാഭ്യാസം > വിദ്യാഭ്യാസപരം

1. സാഹിത്യം 2. സംഗീതം 3. സമാധാനം

c. ആധാരം > ആധാരമാക്കി

1. ആസ്പദം 2. ഭാരം 3. സത്യം

II കൊടുത്തിട്ടുള്ള മാതൃക അനുസരിച്ച് പദങ്ങൾ പിരിച്ച് അവയുടെ ബന്ധം വിശദീകരിക്കുക.

a. ജനനസമയം = ജനനത്തിന്റെ സമയം

1. സമൂഹസമ്പത്ത് 2. മലയാളമാധുര്യം
3. അഹങ്കാരഫലം 4. സ്ത്രീസാമർഥ്യം
5. ശിശുഭാവം

b. അന്വേഷണബുദ്ധി = അന്വേഷണത്തിനുള്ള ബുദ്ധി

1. ജ്ഞാനദാഹം 2. സ്വഭാവദൃഷ്ടി
3. അർഥസാമ്യം 4. അഭിപ്രായവ്യത്യാസം
5. പ്രവേശനസൗകര്യം

c. ലോകജ്ഞാനം = ലോകത്തെപ്പററിയുള്ള ജ്ഞാനം

1. വിഷയപരിചയം 2. പുസ്തകാഭിപ്രായം
3. ലാഭചിന്ത 4. സത്യഭീതി
5. ചുമതലാബോധം

d. സ്നേഹസന്തോഷം = സ്നേഹവും സന്തോഷവും

1. വേദശാസ്ത്രം 2. അനുഗ്രഹാശീർവാദം
3. അധികാരവകാശം 4. നാശനഷ്ടം
5. ഗുരുശിഷ്യർ

III ചേർത്തെഴുതുക.

1. ക്ഷേത്രം + പ്രവേശനം 2. കുടുംബം + ഈവിധം
3. ലാഭം + കൊതി 4. ശബ്ദം + കോലാഹലം
5. ത്യാഗം + ഭൂമി 6. നീതി + ന്യായം
7. ഉപദേശം + അനുസരണം 8. ജയം + അപജയം
9. ചോദ്യം + ഉത്തരം 10. ഭാഷ + ഉല്പത്തി

IV പിരിച്ചെഴുതുക.

1. ജീവിതമത്സരം 2. താല്പര്യമില്ലായ്മ
3. നടപ്പിലാക്കി 4. അതനുസരിച്ച്
5. ജനതാസ്വഭാവം 6. ഒരാചാരമായി
7. കല്ലായിരുന്നുവെന്ന് 8. നിന്നെടുത്തതാണ്
9. തയ്യാറാണെങ്കിൽത്തന്നെ 10. ആത്മീയജ്ഞാനം

V ചേരുംപടി ചേർക്കുക.

1. ചെമ്പഴന്തി	a. കണ്ണാടിപ്രതിഷ്ഠ
2. പിന്നോക്കവിഭാഗം	b. ദുരിതഫലം
3. മാടനാശാൻ	c. നാരായണഗുരു
4. നാടുവാഴിത്തം	d. ശിവപ്രതിഷ്ഠ
5. ചേർത്തല	e. താണജാതിക്കാർ
6. നാണുവാശാൻ	f. ഗുരുവിന്റെ അച്ഛൻ
7. അരുവിപ്പുറം	g. ഗുരുവിന്റെ ജന്മസ്ഥലം

VI വിട്ടുപോയ പദങ്ങൾ തെരഞ്ഞെടുത്തു വാക്യങ്ങൾ പൂരിപ്പിക്കുക.

1. നാരായണഗുരു — ആയിരുന്നു.

സ്വാതന്ത്ര്യഭടൻ
സാമൂഹ്യപരിഷ്കർത്താവ്
സാമ്പത്തികവിദഗ്ധൻ

2. — അനുസരിച്ചു നാണുവും വിദ്യാഭ്യാസം തുടങ്ങി.

പാഠ്യപദ്ധതി
നാട്ടുനടപ്പ്
സർക്കാരാജ്ഞ

3. — ആധാരമാക്കി പല അനാചാരങ്ങളും അന്നു കേരളത്തിൽ നിലവിലുണ്ടായിരുന്നു.

സ്വഭാവത്തെ
ജാതിവ്യവസ്ഥയെ
പണക്കാര്യങ്ങളെ

4. നാരായണഗുരുവിന്റെ — ആയിരുന്നു മാടനാശാൻ.

ശിഷ്യൻ
അച്ഛൻ
സഹോദരൻ

5. —, ആയുർവേദം തുടങ്ങിയ വിഷയങ്ങൾ നാണു പഠിച്ചു.

കഥകളി
ജ്യോതിഷം
യുദ്ധമുറ

6. — സാമൂഹ്യതലത്തിലുള്ള പ്രയോജനത്തിന് വലിയ ഉദാഹരണമാണു ഗുരുവിന്റെ ജീവിതം.

ആശീർവാദത്തിനു
ആപത്തിനു
ആധ്യാത്മികതയ്ക്ക്

VII കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കുത്തരം നൽകുക.

1. ശ്രീനാരായണഗുരു ആരായിരുന്നു? അദ്ദേഹത്തിന്റെ ജനനകാലത്ത് നാട്ടിലെ അവസ്ഥ എന്തായിരുന്നു?

2. ഗുരുവിന്റെ അച്ഛനമ്മമാർ, ബാല്യകാലം മുതലായവയെപ്പററി എന്തറിയാം? സ്വന്തം വാക്കുകളിൽ വിവരിക്കുക.

3. ഗുരു തൻെറ കർമപരിപാടികൾ നടപ്പിലാക്കിയതെങ്ങനെ?

4. ഗുരു നടത്തിയ ക്ഷേത്രപ്രതിഷ്ഠകൾ ഏതെല്ലാം? അവയുടെ അർഥം എന്താണ്?

5. നാരായണഗുരുവിൻെറ ഉപദേശങ്ങളെന്തൊക്കെ? ജനങ്ങൾക്കുവേണ്ടി അദ്ദേഹം എന്തു ചെയ്തു?

6. മററു മഹാന്മാരിൽ നിന്നും ഗുരുവിൻെറ വ്യക്തിത്വം എങ്ങനെ വേർതിരിഞ്ഞു നിൽക്കുന്നു?

VIII മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

പുകവലി, മദ്യപാനം, മയക്കുമരുന്നുസേവിക്കൽ എന്നിവയാണ് ഈ ആധുനികയുഗത്തിൽ മനുഷ്യൻെറ വലിയ മൂന്നു ശത്രുക്കൾ. സമൂഹം അധഃപതിച്ചു പോകാൻ ഇടയാക്കുന്നവയാണ് മേല്പറഞ്ഞവ. മനുഷ്യബന്ധങ്ങൾക്കു വലിയ വിലയൊന്നും കല്പിക്കാത്ത ഒരു സ്ഥിതിവിശേഷമാണു ഇപ്പോൾ നാം കാണുന്നത്. ഇതിനു കാരണമോ—എല്ലാവർക്കും തിരക്ക്! എപ്പോഴും തിരക്ക്, എല്ലായിടത്തും തിരക്ക്! എവിടെ നോക്കിയാലും മത്സരം! മുമ്പോട്ട്, മുമ്പോട്ട് കുതിച്ചുകയറാനുള്ള മനുഷ്യൻെറ ആശയ്ക്കു ഒരു അതിർവരമ്പു നിശ്ചയിക്കാൻ ആർക്കും ആവില്ല. ആർക്കും, ആരേയും ആശ്വസിപ്പിക്കുവാൻ സമയം ഇല്ല. ചെറുപ്പക്കാർക്കു വയസ്സരോടു ബഹുമാനമില്ല. വയസ്സർക്ക് ചെറുപ്പക്കാരെ മനസ്സിലാക്കാനും പററുന്നില്ല. യുവജനങ്ങളും വൃദ്ധരും തങ്ങളുടെ കഷ്ടപ്പാടുകൾക്കും പരാതികൾക്കുമിടയിൽ കുട്ടികളെ മറന്നുപോകുന്നു. അവർക്കാണെങ്കിൽ കളിക്കാൻ സമയം ഇല്ല. കളിക്കൂട്ടുകാർ ഇല്ല, കഥകൾ പറഞ്ഞുകേൾപ്പിക്കാൻ അച്ഛനമ്മമാരെ കിട്ടുന്നുമില്ല. ആധുനികവിദ്യാഭ്യാസരീതിയുടെ ഭാരം താങ്ങാനാവാതെ അവർ ശ്വാസംമുട്ടിക്കഴിയുന്നു. സ്കൂളുകളിലായാലും കോളേജുകളിലായാലും ഇതുതന്നെ ഗതി. അവരെ സംബന്ധിച്ചിടത്തോളം ദയ എന്ന വികാരം ഭൂമിയിൽ നിന്നവർക്കു ലഭിക്കാൻ പ്രയാസം. അങ്ങനെ കഴിയുമ്പോൾ ആശ്വാസം നൽകാം എന്ന കള്ളവാഗ്ദാനവുമായി വരുന്ന പുകവലിയും, മദ്യപാനവും, മയക്കുമരുന്നും. അവയുടെ വലയിൽപ്പെടാതിരിക്കാൻ വിഷമം, ഒരിക്കൽ പെട്ടുപോയാൽ വെളിയിൽ വരാൻ അതിലും വിഷമം. പക്ഷെ അവ നൽകുന്ന ആശ്വാസം വെറും താൽക്കാലികം—നൈമിഷികം. വരുത്തിവയ്ക്കുന്ന നാശം നീണ്ടുനിൽക്കുന്നതും. ഈ ആപത്തിൽ നിന്നു ഒഴിവാകാനുള്ളതു സ്നേഹം, അന്യോന്യവിശ്വാസം, തമ്മിൽത്തമ്മിൽ സമാധാനിപ്പിക്കാനുള്ള സന്മനസ്സും സമയവും ഉണ്ടാക്കൽ ഒക്കെ കൂടിയേ തീരൂ. അങ്ങനെയായാൽ മാത്രമേ മനുഷ്യൻ ദുരിതത്തിൽ നിന്നു രക്ഷപ്പെടൂ.

IX മലയാളത്തിലേക്കു തർജ്ജമ ചെയ്യുക.

You may or may not believe it. It is just the truth. Perhaps you might have heard about it. Years back Kerala was a place where all kinds of bad practices existed in the name of caste. Unbelievable cruelty was shown to the so called lower caste people. They were not allowed to come an where near the so called upper caste people. They were not only considered untouchable but were also unapproachable. In otherwords the so called lower caste people could not even use the road the others walked. They had to shout and walk so that others could know about their presence and could avoid seeing them. Common places of workship was out of question. Even water fecilities were denied to the low caste people unless the upper caste people granted it as mersy shown to the unfortunate lower caste people. While people belonging to one section of the society enjoyed their lives in every respect, the others lived a life of misery. It was at this time that Swami Vivekananda visited Kerala. Seeing the cruelty of caste system at its worst Swamiji described Kerala as a lunatic asylum. But as the years passed things changed. Things changed drastically in Kerala. Great social reformers like Narayana Guru and some devoted followers of Gandhiji in Kerala could do a lot to awaken the Keralites. The spread of education worked wonders. Literacy made them politically and socially aware. Now the conditions in Kerala are far superior to those in any otherpart of our country.

പാഠം 17

ഓമനേ നീയുറങ്ങ്

ഓമനേ, നീയുറങ്ങെൻ മിഴിവണ്ടിണ-
ത്തുമലർത്തേൻ കുഴമ്പെൻെറ തങ്കം !
ആടിയും, പാടിയും, ചാടിയുമോടിയും
വാടിയും വീടും മുഖരമാക്കി
വാടിവിയർത്തമുഖാംബുജത്തോടെന്നെ-
ത്തേടിനീയന്തിയിൽ വന്നനേരം,
നിൻ കവിൾത്തങ്കത്തകിട്ടിങ്കൽപ്പിഞ്ചുമ്മ-
യെൻ കണ്ണിലുണ്ണി ! ഞാനെത്രവച്ചു !
നെററിപ്പനിമതിപ്പോളമേലങ്ങിങ്ങു
പററിക്കിടന്ന കറുനിരകൾ
കോതിപ്പുറകോട്ടൊതുക്കി വെൺമുത്തൊളി-
സ്സ്വേദബിന്ദുക്കൾ തുടച്ചുമാററി,
ആരോമൽ പൈതലേ ! ഞാനെത്ര നിന്നെയെൻ
മാറോടണച്ചു പുണർന്നു നിന്നു.
അൻപാർന്ന വെള്ളിത്തളികയിൽ ഞാൻ നൽകും
പൈമ്പാൽപ്പൊടിയരിപ്പോറെൻ കുട്ടൻ
പാർവണത്തിങ്കളിൽത്തങ്ങുമമൃതൊരു
ഗീർവാണബാലൻ ഭുജിക്കും പോലെ,
മൃഷ്ടമായ് ഭക്ഷിച്ചുറങ്ങുകയായ് പൂവൽ-
പ്പട്ടുമേലാപ്പണിത്തൊട്ടിലിതിൽ
വാനിൽക്കതിരൊളി വീശിത്തിളങ്ങീടും
തൂനക്ഷത്രത്തിൻ ശരിപ്പകർപ്പേ,
ആണിപ്പൊൻ ചെപ്പിനകത്തു വിലസിടും
മാണിക്യക്കല്ലിനുടപ്പിറപ്പേ !
ഓമനേ, നീയുറങ്ങെൻ മിഴിവണ്ടിണ-
ത്തുമലർത്തേൻ കുഴമ്പെൻെറ തങ്കം !

ഉള്ളൂർ എസ്. പരമേശ്വരയ്യർ (1877-1949)

കുമാരനാശാന്റെയും വള്ളത്തോളിന്റെയും കാലത്തു ജീവിച്ചിരുന്ന മറ്റൊരു മഹാകവി എന്നതിനു പുറമെ മഹാനായ സാഹിത്യചരിത്രകാരൻ എന്നൊരു സ്ഥാനം കൂടി ഇദ്ദേഹത്തിനുണ്ട്. ആദ്യകാലത്തു് ക്ലാസിക്കവിതകളാണ് എഴുതിക്കൊണ്ടിരുന്നതു്. ശബ്ദഭംഗിക്കും അർഥചമൽക്കാരത്തിനും പ്രാധാന്യം നൽകിക്കൊണ്ടായിരുന്നു അന്നത്തെ എഴുത്തു്. പിൽക്കാലത്തെ ഉള്ളൂർക്കവിതകൾ അദ്ദേഹത്തിന്റെ ഭാവനാവിശാലതയേയും ആശയസമ്പന്നതയേയും സൗന്ദര്യബോധത്തേയും ചിത്രീകരിക്കുന്നവയാണ്. സമകാലിക സംഭവങ്ങൾ മനസ്സിൽ ഉണ്ടാക്കിയ പ്രതികരണങ്ങൾ, ജീവിതചിന്തകൾ, ധർമ്മോപദേശം, ചരിത്രപരമായ കഥകൾ എന്നിങ്ങനെ പലതും ഉള്ളൂരിനു കവിതാവിഷയങ്ങളായിരുന്നു. കവിതാസമാഹാരങ്ങൾ, ഖണ്ഡകൃതികൾ, മഹാകാവ്യം എന്നിവ രചിച്ചിട്ടുണ്ട്. അരുണോദയം, താരഹാരം, കിരണാവലി, രത്നമാല, മണിമഞ്ജൂഷ, കർണഭൂഷണം, പിംഗള, ഭക്തിദീപിക കേരളസാഹിത്യചരിത്രം മുതലായവ അദ്ദേഹത്തിന്റെ കൃതികളിൽ പ്രധാനപ്പെട്ടവയാണ്.

കിരണാവലിയിൽ നിന്നും എടുത്തിട്ടുള്ള പ്രസ്തുത പാഠഭാഗം സുന്ദരമായ ഒരു താരാട്ടാണ്. കവിയുടെ സൗന്ദര്യബോധം ഈ കവിത തികച്ചും വ്യക്തമാക്കുന്നുണ്ട്.

പദപരിചയം

മിഴി = കണ്ണ്

വണ്ടിണ = വണ്ടുകളുടെ ഇണ

വണ്ടു് 'bee'

ഇണ 'pair'

ശു 'pure'

മലർ = പൂവ്

തേൻകഴമ്പ് = കഴമ്പുപോലെയുള്ള തേൻ

കഴമ്പ് 'in the form of ointment/paste'

തങ്കം 'pure gold, darling'

വാടി = പൂന്തോട്ടം

മുഖരം = ശബ്ദം നിറഞ്ഞതു്

വാടി 'faded'

വിയർക്കു് 'sweat'

മുഖാംബുജം = മുഖമാകുന്ന അംബുജം

അംബുജം = താമര

കവിൾത്തങ്കത്തകിട് = തങ്കത്തകിടുപോലെയുള്ള കവിൾ

കവിൾ 'cheeks'

തങ്കത്തകിട് 'golden sheet'

തകിട്ടിങ്കൽ = തകിട്ടിൽ

കണ്ണിലുണ്ണി 'pet, darling'

പനിമതി = ചന്ദ്രൻ

കുറുനിര = നെറ്റിയിലേക്കു വീണുകിടക്കുന്ന ചുരുണ്ട മുടി

കോതു് 'comb'
ഒതുക്കു് 'control; supress'
വെൺമുത്തു് = വെളുത്ത മുത്തു്
മുത്തു് 'white bead/pearl'
സ്വേദം = വിയർപ്പു് 'sweat'
ബിന്ദു = തുള്ളി
തുടയ്ക്കു് 'wipe'
ആരോമൽ = പ്രിയപ്പെട്ട
പൈതൽ = കുഞ്ഞു്
മനു് = നെഞ്ചു്
പുണരുക = മാറോടണയ്ക്കുക, കെട്ടിപ്പിടിക്കുക
അൻപു് = ദയവു്, സ്നേഹം
വെള്ളി 'silver'
തളിക = തട്ടം 'plate'
പൈമ്പാൽ = നല്ല പശുവിൻ പാൽ
പൊടിയരി 'broken rice'
പാർവ്വണത്തിങ്കൾ = പൂർണചന്ദ്രൻ 'full moon'
ഗീർവ്വാണബാലൻ = ദേവകുമാരൻ
ഭുജിക്കു് = ഭക്ഷിക്കു്, കഴിക്കു്
മൃഷ്ടമായി = ധാരാളമായി, ഇഷ്ടംപോലെ
പൂവൽപ്പട്ടു് = പൂവുപോലെയുള്ള പട്ടു് 'soft silk'
മേലാപ്പണിത്തൊട്ടിൽ = മേലാപ്പണിഞ്ഞിട്ടുള്ള തൊട്ടിൽ
മേലാപ്പു് = മേൽത്തട്ടി 'top'
വാനു് = ആകാശം
കതിർ = കിരണം 'ray'
ഒളി = ശോഭ
ഒളിവീശു് = ശോഭ കാണിക്കു്
തിളങ്ങു് 'glitter'
പകർപ്പു് 'copy'
ആണിപ്പൊന്നു് = നല്ല സ്വർണം
വിലസു് shine'
മാണിക്കക്കല്ലു് = മാണിക്യം എന്നു പേരുള്ള രത്നം
ഉടപ്പിറപ്പു് = കൂടെ ജനിച്ചതു്, സഹോദരൻ, സഹോദരി

അഭ്യാസം

I പിരിച്ചെഴുതുക.

1. വണ്ടിണത്തുമലർത്തേൻ
2. ചാടിയുമോടിയും
3. പനിമതിപ്പോളമേലങ്ങിങ്ങു
4. പാർവ്വണത്തിങ്കളിൽത്തങ്ങുമമൃതൊരു
5. ഭക്ഷിച്ചുറങ്ങുകയാണല്ലോ
6. പട്ടുമേലാപ്പണിത്തൊട്ടിൽ
7. വാനിൽക്കതിരൊളി
8. ചെപ്പിനകത്തങ്ങു്
9. പൊടിയരിച്ചോറെനിക്കു്
10. നീയുറങ്ങുകെന്മകനേ

II ചേർത്തെഴുതുക.

1. തങ്കം + തകിടു് + ഇങ്കൽ

2. പററി + കിടക്കുന്നു + ഏങ്കിൽ
3. വിയർപ്പ് + ഏറിയ + ഒരു
4. നീ + എന്റേതു് + ആണു് + എന്നാലും
5 തളികയിൽ + തന്നെ + എല്ലാം
6. കണ്ണിൽ + ഉണ്ണി + ആയവൻ
7. പെപ്പിനു് + അകത്തു് + ഇരിക്കുന്നു + അല്ലോ

III കൊടുത്തിട്ടുള്ള വാക്കുകളിൽ നിന്നു് മാതൃക അനുസരിച്ച് പുതിയ വാക്കുകൾ നിർമിക്കുക.

a കുഞ്ഞു് > കുഞ്ഞേ

1 പെണ്ണു് 2 കണ്ണു് 3 കരളു്

b അമ്മ > അമ്മേ

1 കമല 2 ശാരദ 3 സീത

c അപ്പ > അപ്പൂ

1 മധു 2 അനു 3 രഘു

d കുട്ടി > കുട്ടീ

1 സതി 2 രവി 3 ദേവി

e രാമൻ > രാമാ

1 ബാലൻ 2 കുമാരൻ 3 മോഹനൻ

IV താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കു് ഉത്തരം നൽകുക.

1 നിങ്ങളിപ്പോൾ പഠിച്ച ഈ പദ്യത്തിൽ അമ്മ കുഞ്ഞിനെ വിളിക്കാൻ ഉപയോഗിക്കുന്ന പദങ്ങൾ എടുത്തെഴുതുക.

2 അമ്മയുടെ പൈതൽ സന്ധ്യയ്ക്കു വീട്ടിൽ വന്നെത്തുന്നതു് എങ്ങനെയാണു് ?

3 അവൻ എങ്ങനെ ഭക്ഷണം കഴിച്ചാണു കിടന്നുറങ്ങുന്നതു് ?

4 തൊട്ടിലിൽ കിടന്നുറങ്ങുന്ന കുഞ്ഞിനെ അമ്മ എങ്ങനെ വർണിക്കുന്നു ? സ്വന്തം വാക്കുകളിൽ വർണിക്കുക.

5 കുഞ്ഞിന്റെ ശരീരശോഭയെ വർണിക്കുന്ന കവിതാഭാഗങ്ങൾ എടുത്തെഴുതുക.

V 'നീൻ കവിൾ' എന്നു തുടങ്ങി 'പുണർന്നു നിന്നു' എന്നവസാനിക്കുന്ന പദ്യത്തിന്റെ അർഥം സ്വന്തം വാക്കുകളിലെഴുതുക.

VI നിങ്ങളുടെ ഭാഷയിൽ നിന്നു് ഒരു താരാട്ടുപാട്ടു തെരഞ്ഞെടുത്തു് അതിന്റെ അർഥം സ്വന്തം വാക്കുകളിൽ മലയാളത്തിലെഴുതുക.

VII മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

ആധുനിക മലയാളഭാഷയുടെ പിതാവെന്നാണ് എഴുത്തച്ഛനെ വിളിക്കുന്നത്. തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛൻ എന്നാണദ്ദേഹത്തിന്റെ മുഴുവൻ പേരു്. പതിനഞ്ചാം നൂററാണ്ടിനും പതിനാറാം നൂററാണ്ടിനും മധ്യേയാണ് അദ്ദേഹം ജീവിച്ചിരുന്നതെന്നു പറയപ്പെടുന്നു. മലബാറിൽ തിരൂർ റെയിൽവേ സ്റ്റേഷനു സമീപം തൃക്കണ്ടിയൂർ മഹാക്ഷേത്രത്തിനടുത്തായിട്ട് തുഞ്ചത്തു് എന്ന ഭവനത്തിലാണദ്ദേഹം ജനിച്ചതു്. പിതാവിന്റെ ഉപദേശങ്ങളും മാതാവിന്റെ സ്നേഹപൂർണമായ പെരുമാററവും എഴുത്തച്ഛനു ബാല്യകാലത്തു കിട്ടിയിരുന്നു. ബാല്യം മുതൽ തന്നെ ഭക്തി, വിനയം, സ്നേഹം, ദയ എന്നീ ഗുണങ്ങൾ എഴുത്തച്ഛനിൽ കാണാമായിരുന്നു. ബാല്യകാലവിദ്യാഭ്യാസം കഴിഞ്ഞതിനു ശേഷം പതിനാറാമത്തെ വയസ്സു പൂർത്തിയായപ്പോൾ മുതൽ അദ്ദേഹം ചില കുട്ടികളെ പഠിപ്പിക്കാൻ തുടങ്ങിയിരുന്നു. അങ്ങനെയാണ് എഴുത്തച്ഛൻ എന്ന പേരു് അദ്ദേഹത്തിനു കിട്ടിയതത്രേ. പ്രാചീനകാലത്തു് പുറനാടുകളിൽ സഞ്ചരിച്ചു ലോകപരിചയം നേടിയ കവികളിൽ ശ്രേഷ്ഠനായിരുന്നു എഴുത്തച്ഛൻ. പല ഭാഷകളിലും ശാസ്ത്രങ്ങളിലും അദ്ദേഹം പ്രാവീണ്യം നേടിയിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് കേരളീയർ ദൈവചിന്തയില്ലാതെ സുഖസൗകര്യങ്ങളിൽ മുങ്ങിക്കുളിയുകയായിരുന്നു. അവരിൽ ഭക്തി വർധിപ്പിച്ച് അവരുടെ അജ്ഞാനം അകററണമെന്നു് എഴുത്തച്ഛൻ തീരുമാനിച്ചു. അതിന്റെ ഫലമായാണ് അദ്ദേഹം അധ്യാത്മരാമായണം കിളിപ്പാട്ടു രചിച്ചതു്. കിളിയെ വിളിച്ചു ഭക്ഷണവും മററും കൊടുത്തു സന്തോഷിപ്പിച്ചു പുരാണങ്ങൾ പാട്ടായി പറയിക്കുന്ന രീതിയിലാണ് എഴുത്തച്ഛൻ രാമായണം എഴുതിയതു്. പണ്ഡിതന്മാർക്കും പാമരന്മാർക്കും ഒരുപോലെ വായിച്ചാനന്ദിക്കാൻ തക്ക രീതിയിലായിരുന്നു അദ്ദേഹത്തിന്റെ ശൈലി. മലയാളത്തിന്റെ തനിമ വിളിച്ചറിയിക്കുന്നതാണ് അദ്ദേഹത്തിന്റെ ഭാഷ. ഇന്നും എഴുത്തച്ഛന്റെ രാമായണം കേരളത്തിൽ സാധാരണക്കാർ പതിവായി വായിച്ചാസ്വദിക്കുന്നു. രാമായണത്തിനു പുറമേ ദേവീമാഹാത്മ്യം, ഹരിനാമകീർത്തനം, ഭാരതം, ഭാഗവതം എന്നീ കൃതികളും അദ്ദേഹത്തിന്റേതായിട്ടുണ്ട്.

VIII മലയാളത്തിലേക്കു തർജ്ജമ ചെയ്യുക.

Mogal rulers of India were great lovers of art. They contributed a lot to sculpture, anchitecture and painting. Even the other fine arts flourished under them. The fort of Agra is the result of an admixture of the finer points of Buddhist, Hindu and Iranian culture. They evolved a trend

in painting which contained the best of Indian and Persian traditions. Baber's son Humayun was a great patron of all forms of art. During the invasion of Shersha, Humayun fled to Persia and after years when he came back he brought the great Persian artists Sayad Ali and Abdulsamad. These two great artists opened a new path for the Indian artists. After Humayun, Akbar the great came to the throne. He did a great lot to reform the Indian art and architecture. All kinds of artistes and men of talents were given high honours during his rule. Then came Jahangir and his rule was the golden age of mogal arts. Paintings based on different aspects of royal life and the life of people, animals and birds were made during this period. The walls of royal places, houses and forts were painted beautifully. Thus we are a lot to the Mogals for what they did for the development of all fine arts

പാഠം 18

സ്വദേശാഭിമാനി രാമകൃഷ്ണപിള്ള

ജനകീയഭരണത്തിന്റെ ആരോഗ്യകരമായ നിലനില്പിന് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു വിഭാഗമാണ് പത്രപ്രവർത്തകർ. ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഭരണം നടത്തുമ്പോൾ, സാമാന്യജനങ്ങളെ ഭരണത്തിന്റെ വിവിധ വശങ്ങളുമായി പരിചയപ്പെടുത്തുകയും അവയുടെ ശരിതെററുകളെപ്പററി അവരെ അറിവുള്ളവരാക്കിത്തീർക്കുകയും ചെയ്യുന്നത് വർത്തമാനപ്പത്രങ്ങളാണ്. സാംസ്കാരികവും സാമൂഹ്യവും സാഹിത്യപരവുമായ ഭാരിച്ച ചുമതലകൾക്കു പുറമേയാണ് മേല്പറഞ്ഞ കർത്തവ്യം പത്രമാസികകൾ നിർവഹിക്കുന്നത്. ഇതൊക്കെ ധീരതയോടെ നിറവേററിക്കൊണ്ടു പോകാൻ ഇന്നത്തെ പത്രക്കാർക്കു സാധിക്കുന്നത് പ്രജാപ്രഭുത്വം നമുക്കു നൽകിയ അഭിപ്രായപ്രകടനസ്വാതന്ത്ര്യം കൊണ്ടാണ്. എന്നാൽ ഇത്തരം സ്വാതന്ത്ര്യം ഒന്നും ഇല്ലാതിരുന്ന രാജവാഴ്ചക്കാലത്ത് സ്വന്തം നാടിനോടും നാട്ടുകാരോടും ഉള്ള കൂറുകൊണ്ടു മാത്രം സ്വരക്ഷയെപ്പോലും വകവയ്ക്കാതെ അധികാരിവർഗത്തെ വെല്ലുവിളിക്കാനും ജനസാമാന്യത്തെ ഉണർത്തുവാനും ശ്രമിച്ച ആദർശശാലിയാണ് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള.

എ. ഡി. ആയിരത്തി എണ്ണൂററി എഴുപത്തി എട്ട് മുതൽ ആയിരത്തി ഒരുതൊള്ളായിരത്തി പതിനാറു വരെയായിരുന്നു രാമകൃഷ്ണപിള്ളയുടെ സംഭവബഹുലമായ ജീവിതകാലം. തിരുവനന്തപുരം ജില്ലയിൽ നെയ്യാററിൻകര കോട്ടയ്ക്കകത്ത് മുല്ലപ്പള്ളി എന്ന ഒരു വീട്ടിലാണ് അദ്ദേഹം ജനിച്ചത്. അമ്മയുടെ പേര് ചക്കിയമ്മ എന്നായിരുന്നു. അച്ഛൻ നെയ്യാററിൻകര കൃഷ്ണസ്വാമീക്ഷേത്രത്തിലെ ശാന്തിക്കാരനായ നരസിംഹൻ പോററിയായിരുന്നു. കുട്ടിക്കാലത്ത് അമ്മയുടെ പുരാണകഥകൾ കേട്ടുകൊണ്ടാണ് ബാലൻ വളർന്നു വന്നത്. ഹൈസ്കൂൾക്ലാസ്സ് തുടങ്ങുന്നതുവരെയുള്ള വിദ്യാഭ്യാസം നെയ്യാററിൻകരയിൽത്തന്നെ ആയിരുന്നു. പഠനത്തോടൊപ്പം ഓട്ടൻതുള്ളൽ, കഥകളി എന്നീ കലകൾ കണ്ടാസ്വദിക്കാനും അവ അനുകരിച്ച് ആടിപ്പാടാനും രാമായണം, മഹാഭാരതം എന്നീ മഹാകാവ്യങ്ങളിൽ നിന്നു പദ്യഭാഗങ്ങൾ തെരഞ്ഞെടുത്തു കാണാപ്പാഠം പഠിക്കാനും രാമകൃഷ്ണന് താല്പര്യം ഉണ്ടായിരുന്നു. ചുററും നടക്കുന്ന കാര്യങ്ങൾ ചുഴിഞ്ഞറിഞ്ഞു നിരൂപണം ചെയ്യാൻ അന്നേ അയാൾക്കുണ്ടായിരുന്ന സാമർഥ്യം പിൽക്കാലത്തു പത്രാധിപരായി ത്തീർന്നപ്പോൾ ഒരനുഗ്രഹമായി.

ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനു വേണ്ടി തിരുവനന്തപുരത്തു് എത്തിച്ചേർന്നതു് രാമകൃഷ്ണപിള്ളയുടെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. ഇക്കാലത്താണു് വിജ്ഞാനവികാസത്തിനു പററിയ ഗ്രന്ഥങ്ങളും പത്രമാസികകളും വായിക്കുവാൻ വേണ്ടുവോളം അവസരം അദ്ദേഹത്തിനു ലഭിച്ചതു്. മലയാള മനോരമ, വിദ്യാവിനോദിനി, കേരളചന്ദ്രിക മുതലായ പത്രങ്ങളിൽ പേരു വച്ചും വയ്ക്കാതെയും ആ സ്കൂൾവിദ്യാർഥി കൊച്ചു കവിതകളും ലേഖനങ്ങളും വർത്തമാനക്കത്തുകളും എഴുതിത്തുടങ്ങി. അവയിൽ പലതും സഹൃദയരുടെ ശ്രദ്ധ ആകർഷിക്കുകയും ചെയ്തു. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി കലാശാലാജീവിതം ആരംഭിച്ചതോടുകൂടി രാമകൃഷ്ണപിള്ളയ്ക്കു് ഒരു പുതിയ ഉണർവ്വ് തന്നെ കൈവന്നു. മലയാളത്തിലെ എണ്ണപ്പെട്ട കവികളായ ഉള്ളൂർ പരമേശ്വരയ്യർ, ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ തുടങ്ങിയവർ കലാശാലയിൽ അദ്ദേഹത്തിന്റെ സുഹൃത്തുക്കളായിരുന്നു. അവരുമായി ഭാഷാപരമായും സാഹിത്യപരമായും ഉള്ള ചർച്ചകളിൽ രാമകൃഷ്ണപിള്ള ഏർപ്പെട്ടിരുന്നു. മാത്രമല്ല സമകാലീന പത്രമാസികകളിലൂടെ അക്കാലത്തെ സാഹിത്യസല്ലാപങ്ങളിലും സാഹിത്യസമരങ്ങളിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. അക്കാലത്തു് കേരളത്തിൽ ഭാഷാരംഗത്തും സാഹിത്യരംഗത്തും വിശിഷ്ടസ്ഥാനം അലങ്കരിച്ചിരുന്ന കേരളപാണിനി എ. ആർ. രാജരാജവർമയും കേരളകാളിദാസൻ വലിയകോയിത്തമ്പുരാനും രാമകൃഷ്ണപിള്ളയ്ക്കു് വ്യാകരണപരവും സാഹിത്യപരവുമായ കാര്യങ്ങളിൽ മാർഗദർശനം നൽകുകയും ഭാഷാഗവേഷണയത്നങ്ങളിൽ അദ്ദേഹത്തെ പ്രോൽസാഹിപ്പിക്കുകയും ചെയ്തിരുന്നു.

ബിരുദപഠനത്തിനു് തത്വശാസ്ത്രമായിരുന്നു രാമകൃഷ്ണപിള്ളയുടെ ഐച്ഛിക വിഷയം. ചിന്താശീലം വളർത്താനും അടുക്കോടും ചിട്ടയോടും വാദമുഖങ്ങൾ അവതരിപ്പിക്കാനും തത്വശാസ്ത്രപഠനം അദ്ദേഹത്തെ സഹായിച്ചു. ബി. എ. വിദ്യാർഥി ആയിരിക്കുമ്പോൾ അദ്ദേഹം കേരളദർപ്പണം എന്ന പത്രത്തിന്റെ ചുമതല ഏറെറടുത്തു. സാമൂഹ്യ–സാഹിത്യപരിഷ്കാരങ്ങളെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു പ്രസിദ്ധീകരണമായിരുന്നു കേരളദർപ്പണം. എങ്കിലും രാമകൃഷ്ണപിള്ള പത്രാധിപരുടെ ജോലി സ്വീകരിച്ചതു് അദ്ദേഹത്തിന്റെ വീട്ടുകാർക്കിഷ്ടമായില്ല. അതു് ഉപേക്ഷിക്കണമെന്നു് രാമകൃഷ്ണപിള്ളയുടെ അമ്മാവൻ അദ്ദേഹത്തോടു് ആവശ്യപ്പെട്ടു. മരുമകനു് വിദ്യാഭ്യാസത്തിനു വേണ്ട പണസഹായം നൽകിയിരുന്നതു് അദ്ദേഹമായിരുന്നു. അമ്മാവന്റെ ഉപദേശം മരുമകൻ കൈക്കൊണ്ടില്ല. അതിന്റെ ഫലമായി അദ്ദേഹത്തിൽ നിന്നും കിട്ടിവന്നിരുന്ന പണസഹായം നിലച്ചു. എങ്കിലും രാമകൃഷ്ണപിള്ള പഠനവും ജോലിയും തുടർന്നുകൊണ്ടുപോകാൻ തന്നെ ഉറച്ചു.

കലാശാലാവിദ്യാർഥി ആയിരിക്കുമ്പോൾ തന്നെ രാമകൃഷ്ണപിള്ള നാണിക്കുട്ടി അമ്മയെ വിവാഹം കഴിച്ചു. കുടുംബജീവിതത്തിലെന്നപോലെ പത്ര

പ്രവർത്തനത്തിലും അവർ അദ്ദേഹത്തിനു സഹായഹസ്തം നീട്ടിയിരുന്നു. പക്ഷെ ആ വിവാഹജീവിതം അധികനാൾ നീണ്ടുനിന്നില്ല. മൂന്നുവർഷത്തെ വിവാഹ ജീവിതത്തിനു ശേഷം അവർ അകാലചരമം പ്രാപിച്ചു. അവരുടെ മരണത്തിനു ശേഷം കല്യാണിക്കുട്ടി അമ്മയെ അദ്ദേഹം വിവാഹം ചെയ്തു. പ്രഗത്ഭയും സ്നേഹസമ്പന്നയും ആയിരുന്ന കല്യാണിക്കുട്ടിയമ്മ മരണം വരെ രാമകൃഷ്ണ പിള്ളയുടെ സകല ദുഃഖങ്ങളിലും പങ്കാളിയായിരുന്നു. അവരിൽ അദ്ദേഹത്തിനു രണ്ടു കുട്ടികൾ ഉണ്ടായി.

കേരളദർപ്പണത്തിൽ സാഹിത്യ–സാമൂഹ്യപരിഷ്കാരങ്ങൾക്കു പുറമെ രാഷ്ട്രീയത്തിനും കൂടി പ്രാധാന്യം കൊടുക്കാൻ രാമകൃഷ്ണപിള്ള തുനിഞ്ഞതപ്പോൾ പത്രമുടമസ്ഥൻ സമ്മതമായില്ല. അതുകൊണ്ട് അദ്ദേഹം അവിടെ നിന്നു പിരിഞ്ഞു് കേരളപഞ്ചികയുടെ പത്രാധിപസ്ഥാനം ഏറ്റെടുത്തു. ജനസാമാന്യത്തിന്റെ അഭിപ്രായത്തെ സ്വരൂപപ്പെടുത്തി എടുക്കാനായിരുന്നു അദ്ദേഹം അതിലൂടെ ശ്രമിച്ചതു്. പക്ഷെ അധികാരസ്ഥാനത്തിലിരിക്കുന്നവരുമായി ചേർച്ചയുള്ള സ്വരത്തിലായിരിക്കണം പത്രത്തിന്റെ ശബ്ദവും എന്നു പത്രമുടമസ്ഥൻ ശഠിച്ചപ്പോൾ കേരളപഞ്ചിക പത്രാധിപസ്ഥാനവും അദ്ദേഹത്തിനു് ഉപേക്ഷിക്കേണ്ടിവന്നു. അതിനെത്തുടർന്നു മലയാളി, നസ്രാണി ദീപിക തുടങ്ങിയ പത്രങ്ങളിൽ അദ്ദേഹം ലേഖനങ്ങൾ എഴുതിവന്നു. കേരളൻ എന്ന തൂലികാനാമത്തിൽ അദ്ദേഹം എഴുതിയ ലേഖനങ്ങൾ നാട്ടുകാർക്കു ചൂടും വെളിച്ചവും പകർന്നു നൽകി. പ്രാദേശികാവശ്യങ്ങൾ, ഉദ്യോഗസ്ഥപ്രഭുത്വം സാമുദായികാചാരങ്ങൾ, പുസ്തകനിരൂപണങ്ങൾ ഒക്കെ കേരളൻ എഴുതിയ ലേഖനങ്ങൾക്കു വിഷയങ്ങളായിരുന്നു. കേരളന്റെ രാഷ്ട്രീയലേഖനങ്ങൾ ഉദ്യോഗസ്ഥരെ ഞെട്ടിപ്പിക്കുകയും ജനങ്ങളെ ഉണർത്തുകയും ചെയ്തു. ഇതിനിടയിൽത്തന്നെ പല ഉത്തമഗ്രന്ഥങ്ങൾക്കുള്ള വ്യാഖ്യാനങ്ങളും ബാലബോധിനി എന്ന ലഘുവ്യാകരണഗ്രന്ഥവും അദ്ദേഹം രചിച്ചു. കേരളപഞ്ചികയിൽ നിന്നും സ്ഥാനം ഒഴിഞ്ഞ പത്രാധിപർ മലയാളിപത്രത്തിന്റെ ചുമതല ഏറ്റെടുത്തു. മലയാളിയിലൂടെ പുറത്തുവന്ന ലേഖനങ്ങൾ രാമകൃഷ്ണപിള്ളയെ ഭരണാധികാരികളുടെ നോട്ടപ്പുള്ളിയാക്കി. പലതരത്തിലും അദ്ദേഹത്തെ വശീകരിക്കുവാൻ അവർ നടത്തിയ ശ്രമങ്ങൾ വിജയിച്ചില്ല. എന്തെഴുതിയാലും സ്വന്തം കാലിടറാതെ ഉറച്ചുനിൽക്കാനുള്ള ധൈര്യം രാമകൃഷ്ണപിള്ളയ്ക്കുണ്ടായിരുന്നു. പക്ഷേ ആ ചങ്കുറപ്പ് പത്രമുടമയ്ക്കുണ്ടായിരുന്നില്ല. അതു കാരണം മലയാളി പത്രാധിപസ്ഥാനവും അദ്ദേഹം കൈവെടിഞ്ഞു.

മലയാളിപത്രത്തിൽ നിന്നും പിരിഞ്ഞതിനു ശേഷം സാമുദായികവും സാമൂഹ്യവും ആയ അനാചാരങ്ങൾ നീക്കം ചെയ്യേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചും ജനങ്ങളിൽ രാഷ്ട്രീയബോധം ഉണ്ടാകേണ്ടതിനെക്കുറിച്ചും തിരുവിതാംകൂറിൽ അങ്ങോളം ഇങ്ങോളം സഞ്ചരിച്ചു രാമകൃഷ്ണപിള്ള പ്രസംഗപരമ്പരകൾ നടത്തുകയും മഹാന്മാരുടെ ജീവചരിത്രഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തു. ആ സന്ദർഭത്തിലാണു് വക്കം മൗലവി എന്നറിയപ്പെട്ടിരുന്ന എം. അബ്ദുൽഖാദർ

സാഹിബിന്റെ ഉടമസ്ഥതയിൽ നടന്നിരുന്ന സ്വദേശാഭിമാനി എന്ന പത്രത്തിന്റെ പത്രാധിപസ്ഥാനം വഹിക്കുവാനുള്ള ക്ഷണം രാമകൃഷ്ണപിള്ളയ്ക്കു കിട്ടിയതും അദ്ദേഹം അതു സ്വീകരിച്ചതും. ഭരണാധിപരുടെ ദുരാചാരങ്ങളെ എതിർക്കേണ്ടതു സ്വാർഥരഹിതനായ ഒരു പത്രപ്രവർത്തകന്റെ കടമയാണെന്നുള്ള വിശ്വാസം മൗലവിക്കുണ്ടായിരുന്നു. അതുകൊണ്ടദ്ദേഹം സ്വദേശാഭിമാനി പത്രം നടത്തുന്നതിൽ രാമകൃഷ്ണപിള്ളയ്ക്കു പൂർണ സ്വാതന്ത്ര്യം നൽകി.

രാജഭക്തനായിരുന്നു രാമകൃഷ്ണപിള്ള. എങ്കിലും രാജാവിന്റെ അധികാരം ദൈവദത്തമാണെന്നു് അദ്ദേഹം കരുതിയിരുന്നില്ല. ജനങ്ങളുടെ പ്രതിനിധി എന്ന നിലയിലാണു് രാജാവു് രാജ്യം ഭരിക്കേണ്ടതെന്നും ജനശക്തിയാണു രാജാവിനു പിന്തുണയാകേണ്ടതെന്നും അദ്ദേഹം ബലമായി വിശ്വസിച്ചു. സത്യവും നീതിയും എന്തെന്നു നോക്കാതെ രാജാവിനെയും പ്രജകളെയും ഒരുപോലെ വഞ്ചിച്ചു സ്വാർഥതാല്പര്യങ്ങൾ മാത്രം സംരക്ഷിച്ചു ഭരണചക്രം തിരിച്ചിരുന്ന അധികാരികളുടെ നേർക്കു് സ്വദേശാഭിമാനിയിലൂടെ രാമകൃഷ്ണപിള്ള കൂർത്ത അമ്പുകളെയ്തു. ഉദ്യോഗസ്ഥന്മാരുടെ ദുർനടത്തയെ അതികഠിനമായി വിമർശിച്ചുകൊണ്ടുള്ള ലേഖനങ്ങളും കഥകളും സ്വദേശാഭിമാനി പ്രസിദ്ധീകരിച്ചു. പത്രാധിപരെ എങ്ങനെയും നിരായുധനാക്കണമെന്നു അധികാരിവർഗവും തീരുമാനിച്ചു. അതിനുള്ള പോംവഴികളും അവർ ആരാഞ്ഞു തുടങ്ങി. അവസാനം രാമകൃഷ്ണപിള്ളയെ നാടുകടത്തണമെന്ന തീരുമാനം മഹാരാജാവിനെക്കൊണ്ടു എടുപ്പിക്കാനും അവർക്കു കഴിഞ്ഞു. അങ്ങനെ 1910 സെപ്തംബർ മാസം 26-ാം തീയതി രാമകൃഷ്ണപിള്ളയെ നാടുകടത്തി. തിരുവിതാംകൂർ അതിർത്തിക്കുള്ളിൽ അദ്ദേഹത്തിനു പ്രവേശനം നിരോധിച്ചു. സ്വദേശാഭിമാനി പ്രസ്സും സർക്കാർ കണ്ടുകെട്ടി. സ്വതന്ത്രചിന്തയ്ക്കും രാജ്യസ്നേഹത്തിനും അധികാരസ്ഥാനത്തു നിന്നും അദ്ദേഹത്തിനു കിട്ടിയ സമ്മാനമായിരുന്നു അതു്!

ജന്മദേശം വിട്ടുപോകുന്നതു് സങ്കടകരമായിരുന്നുവെങ്കിലും ഭരണാധികാരികളോടു് മാപ്പു ചോദിക്കാൻ അദ്ദേഹം തയ്യാറായിരുന്നില്ല. അധികാരികളോടുള്ള സന്ധിയില്ലാസമരം അദ്ദേഹത്തിന്റെ ശാരീരികാരോഗ്യം മാത്രമാണു് തകർത്തതു്. സ്വതന്ത്രചിന്തയും അഭിപ്രായപ്രകടനധീരതയും മരണംവരെ അദ്ദേഹം കൈവെടിഞ്ഞിരുന്നില്ല. നാടുകടത്തലിനു ശേഷമുള്ള ആറുവർഷങ്ങൾ മദ്രാസിലും മലബാറിലെ പാലക്കാട്ടും കണ്ണൂരുമായാണു് അദ്ദേഹം ചെലവഴിച്ചതു്. ആയിരത്തി തൊള്ളായിരത്തി പതിനാറു് മാർച്ചു മാസം പതിനെട്ടാം തീയതിയാണു് അദ്ദേഹം മരണമടഞ്ഞതു്. മരിക്കുന്നതു വരെ സാഹിത്യ സാമൂഹ്യ പരിഷ്കാരങ്ങളെ ലക്ഷ്യമാക്കിക്കൊണ്ടുള്ള പല ലേഖനങ്ങളും പുസ്തകങ്ങളും അദ്ദേഹം എഴുതിയിരുന്നു. നാടുകടത്തലിനു ശേഷം, മംഗളോദയം, വിദ്യാവിനോദിനി തുടങ്ങിയ മാസികകളിലൂടെ അദ്ദേഹം പ്രസിദ്ധീകരിച്ച പല ലേഖനങ്ങളും സഹൃദയലോകത്തു വലിയ കോളിളക്കങ്ങൾ സൃഷ്ടിച്ചു. കേരളത്തിലെ പ്രശസ്ത ഗദ്യകാരന്മാരുടെ ഇടയിൽ ഒരു ബഹുമാന്യപദവി അപ്പോഴേക്കും അദ്ദേഹം കരസ്ഥമാക്കിയിരുന്നു.

നാനാവിഷയങ്ങളെക്കുറിച്ച് എണ്ണമററ ലേഖനങ്ങളും കാറൽമാർക്സ്, കേരള ഭാഷോൽപ്പത്തി, തിരുവിതാംകൂർ നാടുകടത്തൽ, ദില്ലി ദർബാർ, നരകത്തിൽ നിന്നു്, നായന്മാരുടെ സ്ഥിതി, പൗരവിദ്യാഭ്യാസം, ബഞ്ചമിൻ ഫ്രാങ്ക്ളിൻ, മന്നൻെറ കന്നത്വം, മോഹൻദാസ് ഗാന്ധി, വാമനൻ, സോക്രട്ടീസ് എന്നിങ്ങനെ പല ഗ്രന്ഥങ്ങളും രാമകൃഷ്ണപിള്ള രചിച്ചിട്ടുണ്ടെങ്കിലും വൃത്താന്ത പത്രപ്രവർത്തനം എന്ന അദ്ദേഹത്തിൻെറ ഒരൊററ പുസ്തകം മതി അദ്ദേഹത്തെ അനശ്വരനാക്കുവാൻ. പത്രധർമം എന്താണെന്നും പത്രപ്രവർത്തനത്തിൻെറ നാനാവശങ്ങളെക്കുറിച്ചും ചർച്ചചെയ്യുന്ന ആ ഗ്രന്ഥം മലയാളഭാഷയ്ക്കാരു മുതൽക്കൂട്ടും ആ രംഗത്തു പ്രവർത്തിക്കുന്നവർക്കൊരു വഴികാട്ടിയുമാണ്.

പദപരിചയം

ജനകീയഭരണം 'democratic rule' ആരോഗ്യകരം 'healthy'
നിലനിൽപ്പ് 'existence' ഒഴിച്ചുകൂട് 'avoid'
പത്രപ്രവർത്തകർ 'journalists'
ജനപ്രതിനിധികൾ 'people's representatives'
സാമാന്യം 'common വശങ്ങൾ 'aspects, sides'
പരിചയപ്പെടുത്തു് 'familiarize' ശരിതെററ് 'right and wrong'
ഭാരിച്ച 'heavy' ചുമതല 'responsibility'
മാസിക 'magazine' ധീരത 'courage'
നിറവേററ് 'fulfill' പ്രജാപ്രഭുത്വം democracy'
അഭിപ്രായപ്രകടന സ്വാതന്ത്ര്യം 'freedom of expression'
രാജവാഴ്ച 'royal rule' കൂറ് = സ്നേഹം
സ്വരക്ഷ 'protection of self' വകവയ്ക്കു് 'mind, take care of'
അധികാരിവർഗം 'burocrats' ഉണർത്തു് 'awaken'
ആദർശശാലി 'one who is principled'
ശാന്തിക്കാരൻ 'temple priest of the Hindus'
പഠനം 'studies' അനുകരിക്കു് 'imitate'
കാണാപ്പാഠം പഠിക്കു് 'learn by heart'
നിരൂപണം 'criticism' സാമർത്ഥ്യം 'skill'
പിൽക്കാലത്തു് 'later on' വഴിത്തിരിവ് 'turning point'
വിജ്ഞാനവികാസം 'expansion of knowledge'
പററിയ = യോജിച്ച വർത്തമാനക്കത്തു് 'news letter'
സഹൃദയർ 'those who can appreciate'

പൂർത്തിയാക്കുക് 'complete'
ആകർഷിക്കുക് 'attract'
കലാശാല college
ആരംഭിക്കുക് = തുടങ്ങുക്
ഉണർവ് 'awakening'
കൈവരുക് 'attain'
എണ്ണപ്പെട്ട 'important'
എണ്ണുക് 'count'
സുഹൃത്ത് = കൂട്ടുകാരൻ
ചർച്ച 'discussion'
ഏർപ്പെടുക് 'engaged in'
സമകാലീനം 'contemporary'
സാഹിത്യസല്ലാപം 'literary dialogue in good company'
സാഹിത്യസമരം 'literary war/dispute'
വ്യക്തിമുദ്ര 'individual stamp'
വിശിഷ്ടം 'great'
വ്യാകരണപരം 'grammatical'
മാർഗദർശനം 'guidance'
യത്നം 'effort'
തത്വശാസ്ത്രം 'philosophy'
ഐച്ഛികം 'optional'
ചിന്താശീലം 'habit of thinking of over'
അടുക്കുക് 'arrangement'
ചിട്ട 'system'
വാദമുഖം 'point'
അവതരിപ്പിക്കുക് 'present'
ഏറ്റെടുക്കുക് 'shoulder the responsibility'
ഉപേക്ഷിക്കുക് = കൈവിടുക്
കൈക്കൊള്ളുക് = സ്വീകരിക്കുക് 'accept'
തുടരുക് 'continue'
സഹായഹസ്തം 'helping hand'
പങ്കാളി 'partner, share holder'
അകാലചരമം 'untimely death'
രാഷ്ട്രീയം 'politics'
തുനിയുക് = തയ്യാറാകുക്
ഉടമ = ഉടമസ്ഥൻ
സ്വരൂപപ്പെടുത്തുക് 'formulate'
ചേർച്ച = യോജിപ്പ്
ശഠിക്കുക് 'be firm, obstinate'
തൂലികാനാമം 'pen name'
പ്രാദേശികാവശ്യങ്ങൾ 'regional needs'
സാമുദായികാചാരങ്ങൾ 'social customs and practices'
ഞെട്ടിപ്പിക്കുക് 'startle'
ഉണർത്തുക് 'awaken'
സ്ഥാനമൊഴിയുക് 'vacate the post, resign'
നോട്ടപ്പുള്ളി 'person whose whereabouts and actions are watched'
വശീകരിക്കുക് 'bring under control'
വിജയിക്കുക് 'succeed'
കാലിടറുക് 'stagger'
ഉറച്ചുനിൽക്കുക് 'stand firmly'
ചങ്കുറപ്പ് 'courage'
കൈവെടിയുക് = ഉപേക്ഷിക്കുക്, നീക്കംചെയ്യുക് 'remove'

പ്രസംഗപരമ്പര 'lecture series' വഹിക്കുക 'bear'
ക്ഷണം 'invitation' ദുരാചാരം 'bad practice'
സ്വാർഥരഹിതൻ 'selfless person' കടമ 'duty'
ദൈവദത്തം 'god given' കരുതുക 'consider'
പിന്തുണ = സഹായം ബലമായി 'strongly'
വഞ്ചിക്കുക 'cheat' സ്വാർഥതാല്പര്യം 'selfish interests'
സംരക്ഷിക്കുക 'protect'
ഭരണചക്രം 'wheel of administration'
കൂർത്ത 'sharp' അമ്പ് 'arrow'
ദുർനടത്ത 'bad conduct' അതികഠിനമായി 'harshly'
വിമർശിക്കുക 'criticize' പോംവഴി 'alternative'
ആരായുക 'search' നടുകടത്തുക 'send into exite'
അതിർത്തി 'border' കണ്ടുകെട്ടുക 'confiscate, attach'
സന്ധി 'compromise' തകർക്കുക 'distroy'
കോളിളക്കം 'big storm, noisy reaction'
സൃഷ്ടിക്കുക 'create' ബഹുമാന്യം 'respectable'
പദവി 'status, title' കരസ്ഥമാക്കുക 'attain'
അനശ്വരൻ 'immortal' എണ്ണമററ 'countless'
പത്രധർമം 'duty of the newspaper' മുതൽക്കൂട്ട് 'asset'
വഴികാട്ടി 'guide'

I മാതൃക അനുസരിച്ചു പിരിച്ചെഴുതുക

(a) ജനപ്രതിനിധി = ജനങ്ങളുടെ പ്രതിനിധി

1. രാജവാഴ്ച 2. പത്രമുടമ
3. പുസ്തകനിരൂപണം 4. വിദ്യാഭ്യാസരീതി
5. മനുഷ്യധർമം

(b) പത്രമാസിക = പത്രവും മാസികയും

1. സ്നേഹവാത്സല്യം 2. ചോദ്യോത്തരം
3. വധൂവരൻ 4. ശബ്ദകോലാഹലം
5. ആഭരണാലങ്കാരം

(c) ആഹാരക്ഷാമം = ആഹാരത്തിനുള്ള ക്ഷാമം

1. പത്രസ്വാതന്ത്ര്യം 2. വിനോദസൗകര്യം
3. ജോലിക്കരുത്തു് 4. യുദ്ധക്കൊതി
5. പേരുദോഷം

(d) കടലാസുപുലി = കടലാസുകൊണ്ടുള്ള പുലി

1. മൺകടം 2. ഉള്ളിസാമ്പാർ
3. സ്വർണമോതിരം 4. കൽപ്രതിമ
5. തടിക്കട്ടിൽ

II വിട്ടുപോയ വാക്കുകൾ ചേർത്തു വാക്യങ്ങൾ പൂരിപ്പിക്കുക

1. നാട്ടിനും നാട്ടുകാരോടും ഉള്ള—അദ്ദേഹത്തിനു വേണ്ട ധൈര്യം നല്കി.
2. അധികാരിവർഗത്തെ—അദ്ദേഹത്തിനു ഒരു മടിയും ഉണ്ടായിരുന്നില്ല.
3. അവർ മരണംവരെ അദ്ദേഹത്തിന്റെ സുഖദുഃഖങ്ങളിൽ—
4. കാര്യങ്ങൾ ചുഴിഞ്ഞറിയാൻ കുട്ടിക്കാലത്തു് അദ്ദേഹത്തിനുണ്ടായിരുന്ന—പില്ക്കാലത്തു് പത്രാധിപരായപ്പോൾ ഒരു—ആയിത്തീർന്നു.
5. കലാശാലാജീവിതം അദ്ദേഹത്തിനു് ഒരു പുതിയ—നൽകി.
6. ദോഷാന്വേഷണയത്നത്തിൽ അദ്ദേഹത്തെ പലരും—
7. ജനസാമാന്യത്തിന്റെ അഭിപ്രായം—പത്രാധിപർ ആഗ്രഹിച്ചതു്.
8. കേരളന്റെ ലേഖനങ്ങൾ ഉദ്യോഗസ്ഥരെ—ജനങ്ങളെ ഉണർത്തുകയും—
9. രാഷ്ട്രീയലേഖനങ്ങൾ രാമകൃഷ്ണപിള്ളയെ ഭരണാധികാരികളുടെ—ആക്കി.
10. പത്രാധിപരെ—ആക്കാൻ അധികാരിവർഗം തീരുമാനിച്ചു.

III കൊടുത്തിട്ടുള്ള വാക്യങ്ങളുടെ മാതൃകയിൽ ഈരണ്ടു വാക്യങ്ങൾ വീതം എഴുതുക.

1. സ്വരക്ഷയെപ്പോലും വകവയ്ക്കാതെ അധികാരിവർഗത്തെ വെല്ലുവിളിക്കാനും ജനസാമാന്യത്തെ ഉണർത്തുവാനും ശ്രമിച്ച ആദർശശാലിയാണു് രാമകൃഷ്ണപിള്ള.
2. സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കി കലാശാലാജീവിതം ആരംഭിച്ചതോടുകൂടി അദ്ദേഹത്തിന്റെ ജീവിതത്തിനു് ഒരു പുതിയ ഉണർവ്വ് കൈവന്നു.

3. എന്തെഴുതിയാലും സ്വന്തം കാലിടറാതെ ഉറച്ചു നിൽക്കാനുള്ള ധൈര്യം അദ്ദേഹത്തിനുണ്ടായിരുന്നു.

4. ജനങ്ങളുടെ പ്രതിനിധി എന്ന നിലയിലാണ് രാജാവ് രാജ്യം ഭരിക്കേണ്ടതെന്നും ജനശക്തിയാണ് രാജാവിനു പിന്തുണയാകേണ്ടതെന്നും അദ്ദേഹം ബലമായി വിശ്വസിച്ചു.

5. ജന്മദേശം വിട്ടുപോകുന്നതു് സങ്കടകരമായിരുന്നുവെങ്കിലും ഭരണാധികാരികളോടു മാപ്പുചോദിക്കാൻ അദ്ദേഹം തയ്യാറായിരുന്നില്ല.

IV ചെറിയ വാക്യങ്ങളായി പിരിച്ചെഴുതുക.

1. അമ്മാവനോടും മററു ബന്ധുക്കളോടും അദ്ദേഹത്തിന് അപാരമായ സ്നേഹം ഉണ്ടായിരുന്നുവെങ്കിലും പത്രപ്രവർത്തനം തൻെറ കടമയാണെന്നു വിശ്വസിച്ചിരുന്നതു കൊണ്ടു് അതിൽ നിന്നു വിട്ടു നിൽക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

2. ഗ്രന്ഥങ്ങൾ വായിക്കുകയും ലേഖനങ്ങൾ എഴുതുകയും പതിവാക്കിയിരുന്ന ഇക്കാലത്തു് പല സുഹൃത്തുക്കളുമായും ഇടപഴകാൻ അവസരം ലഭിച്ചതു വലിയ ഒരനുഗ്രഹമായി അദ്ദേഹത്തിന് അനുഭവപ്പെട്ടു.

3. പത്രപ്രവർത്തനത്തിൽ മുഴുകിയാൽ സർക്കാരുമായി ഒരു സന്ധിയില്ലാസമരത്തിൽ ഏർപ്പെടുമ്പോൾ തൻെറ ആത്മാഭിമാനത്തിനു കുറവുവരുന്ന ഒരു കാര്യവും ചെയ്യുകയില്ല എന്നദ്ദേഹം തുടക്കത്തിലേ തീരുമാനിച്ചിരുന്നു.

4. അദ്ദേഹത്തിന്റെ ഭാര്യ സുഖത്തിലും ദുഃഖത്തിലും ഒരേപോലെ പങ്കാളിയാകാൻ സന്മനസ്സുണ്ടായിരുന്ന ഒരു സ്ത്രീ ആയിരുന്നതുകൊണ്ടു് സർക്കാരിനോടു് സമരം ചെയ്യേണ്ടിവന്നിട്ടും അദ്ദേഹം വളരുകയല്ലാതെ തളർന്നില്ല.

5. നാടുകടത്തപ്പെട്ടതിനു ശേഷവും അദ്ദേഹം സ്വന്തം അഭിമാനം സംരക്ഷിച്ചുകൊണ്ടു് സാമൂഹ്യ സാഹിത്യ പരിഷ്കാരങ്ങളിൽ അപാരമായ താല്പര്യം കാണിച്ചുകൊണ്ടു് തൻെറ ജീവിതകാലം അർഥപൂർണമായി ചെലവഴിച്ചു.

V മാതൃക അനുസരിച്ചു വാക്യങ്ങൾ മാററിയെഴുതുക.

കുടുംബജീവിതത്തിൽ എന്ന പോലെ പത്രപ്രവർത്തനത്തിലും അവർ അദ്ദേഹത്തിനു സഹായഹസ്തം നീട്ടിയിരുന്നു.

കുടുംബജീവിതത്തിലും പത്രപ്രവർത്തനത്തിലും അവർ അദ്ദേഹത്തെ സഹായിച്ചു.

1. പഠനത്തിൽ എന്നപോലെ സംഗീത സാഹിത്യത്തിലും അവർ ശ്രദ്ധ കാണിച്ചിരുന്നു.

2. മക്കളുടെ കല്യാണക്കാര്യത്തിൽ എന്നപോലെ ജോലിക്കാര്യത്തിലും അച്ഛനമ്മമാർ സ്വാധീനം ചെലുത്തി.

3. പ്രസിദ്ധിയിൽ എന്നപോലെ പണത്തിലും അവൻ നോട്ടം ഇട്ടിരുന്നു.

4 കച്ചവടത്തിലൂടെ എന്നപോലെ കള്ളക്കടത്തിലൂടെയും അവർ ധാരാളം സമ്പാദ്യം ഉണ്ടാക്കിയിരുന്നു.

5. ഭരണത്തിൽ എന്നപോലെ അഭിനയത്തിലും ശോഭിക്കുവാൻ അദ്ദേഹം പ്രയത്നം നടത്തി.

VI സ്വന്തം വാക്യങ്ങളിൽ പ്രയോഗിക്കുക.

(a) 1. ഒഴിച്ചുകൂട്ട് 2. അവതരിപ്പിക്കുക്
3. പ്രോത്സാഹിപ്പിക്കുക് 4. ഞെട്ടിപ്പിക്കുക്
5. ഉണർത്തുക് 6. നാടുകടത്തുക്
7. കണ്ടുകെട്ടുക് 8. കരസ്ഥമാക്കുക്
9. കൈക്കൊള്ളുക് 10. വകവയ്ക്കുക്

(b) 1. കൂറ് 2. വ്യക്തിമുദ്ര
3. മാർഗദർശനം 4. പങ്കാളി
5. പിന്തുണ 6. സന്ധിയില്ലാസമരം
7. എണ്ണമറ്റ 8. അനശ്വരൻ
9. വഴികാട്ടി 10. കേരളിളക്കം

VII താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കു് ഉത്തരം നൽകുക.

1. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള ആരായിരുന്നു.

2. അദ്ദേഹത്തിന്റെ ബാല്യകാലത്തെപ്പററി ഈ ലേഖനത്തിൽ നിന്നു് നിങ്ങൾക്കെന്തു മനസ്സിലായി.

3. രാമകൃഷ്ണപിള്ളയുടെ കലാശാലാ വിദ്യാഭ്യാസത്തെപ്പററി ഒരു കുറിപ്പെഴുതുക.

4. രാമകൃഷ്ണപിള്ള പത്രപ്രവർത്തനത്തിൽ ഏർപ്പെട്ടു തുടങ്ങിയതെങ്ങനെ? എങ്ങനെ ആയിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തന രീതിയും അനുഭവവും?

5. 'സ്വദേശാഭിമാനി പത്രാധിപർ എന്ന നിലയിൽ അദ്ദേഹം എങ്ങനെ പ്രവർത്തിച്ചു ? അതിന്റെ അവസാനമെന്തായിരുന്നു ?

6. നാടുകടത്തലിനു ശേഷം മരണം വരെയുള്ള കാലഘട്ടം അദ്ദേഹം എങ്ങനെ ചെലവഴിച്ചു.

7. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള കേരളീയർക്ക് എന്നെന്നും ആദരണീയനായിരിക്കും എന്നതിന് അദ്ദേഹത്തിന്റെ വ്യക്തിത്വ വിശേഷതകൾ കാണിക്കുന്ന ഒരു വിവരണം നൽകുക.

VIII മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

ജപ്പാൻകാരെ വെല്ലുവിളിക്കാൻ പത്രലോകത്തും പടിഞ്ഞാറൻ ശക്തികൾക്കു കഴിഞ്ഞിട്ടില്ല. ഇതിന് ഏററവും വലിയ ഉദാഹരണമാണ് ജപ്പാനിലെ 'യോമിയൂറി ഷിംബ്കൻ' എന്ന പത്രം. ലോകത്ത് ഏററവും അധികം പ്രചാരമുള്ള പത്രം ഇതാണ്. പ്രതിദിനം ഇതിന്റെ നൂററിമുപ്പത്തിയാറു ലക്ഷം പ്രതികൾ ചെലവാകുന്നു—പ്രഭാതപ്പതിപ്പും സായാഹ്നപ്പതിപ്പും കൂടി. ജാപ്പനീസ് ഭാഷയിലെ ഈ പത്രത്തിന് ഒരു ഇംഗ്ലീഷ് പതിപ്പും കൂടിയുണ്ട്. അതിന്റെ സർക്കുലേഷൻ ഒരു ദിവസം മുപ്പതിനായിരം കോപ്പികൾ ആണ്. യോമിയൂറിപ്പത്രത്തിന് ജപ്പാനിൽത്തന്നെ നാനൂററിമുപ്പത്തിയാറു റിപ്പോർട്ടിംഗ് ബ്യൂറോകളുണ്ട്. മററു രാജ്യങ്ങളിലായി ഇരുപത്തിയെട്ടു ബ്യൂറോകളും.' മൂവായിരത്തിലധികം ആളുകൾ പത്രാധിപസമിതിയിൽത്തന്നെ ഉണ്ട്. ഒരു ദിവസത്തെ പത്രത്തിനു ഇരുപത്തിനാലു മുതൽ മുപ്പത്തിരണ്ടുവരെ പേജുകൾ കാണും. ജപ്പാനിലെ മുപ്പത്തിഎട്ടു ശതമാനം ആളുകൾ ഈ പത്രം വായിക്കുന്നവരാണ്. മാസവരി പതിനൊന്നു ഡോളറാണ്. വളരെയധികം അന്തസ്സുള്ള ഒരു പ്രസ്ഥാനമാണ് ഈ പത്രം. വളരെദൂരെ പോയി വാർത്തകൾ കണ്ടുപിടിച്ചു റിപ്പോർട്ടു ചെയ്യണമെങ്കിൽ റിപ്പോർട്ടർമാർക്കു ഹെലികോപ്ററർ സൗകര്യങ്ങൾ വരെ ഉണ്ട്. സ്വന്തമായി മൂന്നു വിമാനങ്ങളും നാലു ഹെലികോപ്ററുകളും ഈ പത്രത്തിനുണ്ട്. കാറുകൾക്കെണ്ണമേയില്ല. യോമിയൂറിയുടെ കൊടിവെച്ച കാറുകളെ ട്രാഫിക്ക് പോലീസുകാർ പോലും ആദരവോടെയാണു കാണുന്നതത്രേ.

ഈ പത്രത്തിന്റെ പ്രവർത്തകർ വെറും പത്രക്കാരല്ല. പൊതുജീവിതത്തിന്റെ വിവിധ മേഖലകളിൽ വിലപ്പെട്ട സേവനം അവർ ചെയ്യുന്നുണ്ട്. പത്രത്തിന്റെ ഉടമസ്ഥത വ്യക്തിക്കല്ല ഒരു ട്രസ്ററിനാണ്. അതിൽ ഭൂരിപക്ഷവും പത്രജീവനക്കാർക്കാണ് പങ്ക്. പ്രത്യേകിച്ചൊരു രാഷ്ട്രീയചായ്‌വും പക്ഷപാതവും ഈ പത്രം കാണിക്കാറില്ല. രാഷ്ട്രീയക്കാരോടോ വ്യവസായികളോടോ ഇവർക്കു പ്രത്യേകിച്ചു ഇഷ്ടവും അനിഷ്ടവും ഇല്ല. എല്ലാം നിഷ്പക്ഷതയോടെ നോക്കിക്കണ്ട്

സത്യസന്ധമായ റിപ്പോർട്ടുകൾ നൽകുന്നു. ശരിയായ അർഥത്തിൽ ജനങ്ങളെ നയിക്കുന്ന ഒരു പത്രം. വായനക്കാരുടെ പ്രീതി നേടാൻ കഴിഞ്ഞാൽ ഒരു പത്രത്തിന് എത്രത്തോളം ഉയരാം എന്നതിന് മഹോദാഹരണമാണ് യോമിയൂറിഷിംബ്കൻ എന്ന ജാപ്പനീസ് പത്രം.

IX മലയാളത്തിലേക്കു തർജ്ജമ ചെയ്യുക.

Once upon a time there was a very rich man. He married late and had only one child. Soon after the birth of his son the rich man's wife died. He brought up his son with all his affection for five years. By that time he was quite old. He realized that he would die soon. He was very much worried about his son and the property. He wanted that his son should rightfully enjoy what he had earned and was leaving behind. He did not trust any of his relatives. So he called one of his trusted friends and made him the guardian of his son. He had told his friend at that time that he should look after his son very well and that out of the property, he should give his son what he (the friend himself) likes. The friend readily agreed to the condition and promised accordingly. A few days later the rich man died and as per the promise the friend took care of his son. Years passed and the son grew. He felt that it was time that he tried to manage the property himself. So he asked the guardian his share. He took the three fourth of the property and gave the boy only one fourth. The boy felt very sad. Few people advised him to go to the court. So he went. In the court the guardian told the judge: "Your honour, as per the promise to this boy's father I have looked after him and have now given him what I like". The judge thought for a while and then replied: "You have not fulfilled the conditions of the promise. As per your promise you should give him what you like. I understand from your action that what you like is not the one fourth but the three fourth. So give that to him and take the one fourth. That is your share."

പാഠം 19

മടക്കുകട്ടിൽ

കുഞ്ചുപിള്ളയെ തിരുവനന്തപുരത്തേക്കു സ്ഥലംമാററി. പതിനഞ്ചു കൊല്ലമായി ചങ്ങനാശ്ശേരി മുൻസീഫ് കോടതിയിൽ 'കാപ്പിസ്റ്റ്' ആയി ജോലി നോക്കി ആ കോടതിയിലെ തൂണിനോടും തുരുമ്പിനോടും സാമ്യം പ്രാപിച്ചവനാണ് കുഞ്ചുപിള്ള. ഈ ഇളക്കിപ്രതിഷ്ഠ കുഞ്ചുപിള്ളയ്ക്കു തീരെ ഇഷ്ടപ്പെട്ടില്ല. അതിന്റെ പ്രതിഷേധമായി കുഞ്ചുപിള്ള ഒരു മാസത്തെ അവധിയെടുത്തു. വീട്ടിലിരുന്നിട്ടു നേരം പോകുന്നില്ല. ഭാര്യയുമായി വഴക്കു വർധിക്കുന്നു. ചിലപ്പോൾ ഒക്കെ കോടതിയിൽ പോകും. സ്ഥലംമാററം ഭേദഗതി ചെയ്തു ഉത്തരവു വന്നിട്ടുണ്ടോ എന്ന് അന്വേഷിക്കും. ഒന്നുമില്ല. സ്ഥലംമാററത്തിനു 'മ്യൂച്ചൽ പെററിഷൻ' കൊടുക്കാനുള്ള ആലോചനയായി പിന്നീട്. തിരുവനന്തപുരത്തേക്കു പോകാൻ ആർക്കും ഇഷ്ടമില്ല.

ഒരു മാസത്തെ അവധി തീർന്നു. ഇനി അവധിയെടുക്കാൻ തരമില്ല. കുഞ്ചുപിള്ള തിരുവനന്തപുരത്തേക്കു തിരിക്കാൻ നിശ്ചയിച്ചു. അയാൾ ആദ്യമായി തിരുവനന്തപുരത്തു പോവുകയാണ്. ചങ്ങനാശ്ശേരിയിലെ ഒരു രാഷ്ട്രീയ പ്രവർത്തകനിൽ നിന്നും അയാൾ ഒരു ശുപാർശക്കത്തും കൈക്കലാക്കി ശമ്പളം വാങ്ങിയതിൽ പതിനഞ്ചുരൂപ വീട്ടിൽ ഏല്പിച്ചു. ഒരു മാസത്തിനകം ചങ്ങനാശ്ശേരിക്കു സ്ഥലംമാററം വാങ്ങിക്കൊണ്ടുവരുമെന്നുള്ള പ്രതീക്ഷയിൽ അയാൾ വണ്ടി കയറി.

കുഞ്ചുപിള്ള തിരുവനന്തപുരത്തു ചെന്നു വളരെ കഷ്ടപ്പെട്ടു ഹോട്ടലിലെ ആഹാരം പിടിക്കുന്നില്ല. കുളി ശരിയാകുന്നില്ല. കുഞ്ഞുങ്ങളെ കാണാഞ്ഞിട്ട് ഒരു വല്ലായ്മ. തിരുവനന്തപുരത്തെ സംഭാഷണശൈലി കേൾക്കുമ്പോൾ ഒരസുഖം. കൂടെക്കൂടെ ഭാര്യയുടെ എഴുത്തുകൾ വരും: "വളരെ വിഷമിക്കുന്നു. മൂത്തകുഞ്ഞിനു ശൂലയാണ്. ഗോതമ്പിട്ടു വച്ചിരുന്ന ഓട്ടുപാത്രത്തിന്റെ വക്കു പൊട്ടി. എടുത്തപ്പോൾ കൈ തെററിപ്പോയതാണ്. ഞാൻ കുത്തിരി കരഞ്ഞു. എന്റെ ഒരു കണ്ണിൽ വെളുത്ത പാട വന്നു മൂടുന്നു. നന്ത്യാർവട്ടത്തിന്റെ മൊട്ടു കുത്തിപ്പിഴിഞ്ഞു് മുലപ്പാലിൽക്കൂട്ടി ഒഴിക്കുന്നുണ്ട്. എങ്ങനെയെങ്കിലും വരട്ടെ. എനിക്ക് എപ്പോഴും വിചാരമാണ്. എന്നു വരും? ഈ എഴുത്തു കിട്ടിയാലുടൻ മറുപടി അയയ്ക്കണേ—" എന്നിങ്ങനെ.

മാസം ഒന്നു കഴിഞ്ഞു. സ്ഥലമാററത്തിനുള്ള ശുപാർശക്കത്തു പ്രയോജനപ്പെട്ടില്ല. കുറെ ദിവസം വെയിലു കൊണ്ടു നടന്നതു മാത്രം മിച്ചം. 'ഇനി

എന്തു മാർഗം' എന്നായി കുഞ്ചുപിള്ള. ഒരു മാർഗവുമില്ല. ഭാര്യയും കുട്ടികളും ചങ്ങനാശ്ശേരിയിൽ — ഭർത്താവ് തിരുവനന്തപുരത്ത്. ഹോട്ടലിലെ ഊണും താമസച്ചെലവും കഴിഞ്ഞാൽ മിച്ചമൊന്നുമില്ല. ഊണ് ഒരുനേരമാക്കി എന്നിട്ടും വലിയ മിച്ചമില്ല. കുഞ്ഞുങ്ങളെ ഒന്നു കാണണം. വീട്ടിലേക്കു പോയാൽ യാത്രച്ചെലവ് ഒരു നല്ല തുകയാകും. വഴിച്ചെലവിനു ചെലവാകുന്ന പണം വീട്ടിലേക്ക് അയച്ചുകൊടുത്താൽ അത് അവർക്കൊരാശ്വാസമാകും. ഒരു രാത്രി കുഞ്ചുപിള്ള സ്വപ്നം കണ്ടു; കുഞ്ഞുങ്ങൾ അച്ഛനെ കാണണമെന്നു പറഞ്ഞു നിലവിളിക്കുന്നു. അയാൾക്ക് ഇരിക്കപ്പൊറുതിയില്ലാതായി. ഭാര്യയേയും കുട്ടികളേയും കൊണ്ടുവരണം തന്മൂലമായി വീടന്വേഷണം തുടങ്ങി. എല്ലാ സൗകര്യങ്ങളും വേണം; വാടക ചുരുങ്ങിയിരിക്കണം. പല വീടുകളും നോക്കി; പല വീടുകളും ഇഷ്ടപ്പെട്ടു. വാടക വളരെ കൂടുതൽ. കോടതിയിൽ വച്ച് ഒരു വക്കീൽഗുമസ്ഥൻ പറഞ്ഞു ഒരു വീട്ടിന്റെ കാര്യം. ഒരു മുറിയും അടുക്കളയുമുണ്ട്. ആ വീട്ടിൽ അങ്ങനെ പലർ താമസിക്കുന്നുണ്ട്. എലക്ട്രിക് ലൈററില്ല. പൈപ്പ് തൊട്ടടുത്തു റോഡിലുണ്ട്. പതിനഞ്ചു രൂപയാണു വാടക ചോദിക്കുന്നത്. ചോദിയാൽ പന്ത്രണ്ടുരൂപയ്ക്കു സമ്മതിക്കും. അവിടെ താമസിക്കുന്നതിൽ ഒരു വിഷമമേയുള്ളൂ. വീട്ടുടമസ്ഥയുടെ ഒരു മകന് വാവു തോറും തലയ്ക്കു സ്ഥിരമില്ലാതാകും. അന്നു കതകടച്ചില്ലെങ്കിൽ അവൻ മുറിയിൽ കടന്നു സ്ത്രീകളെ തല്ലുകയും കുഞ്ഞുങ്ങളെ എടുത്തെറിയുകയും പാത്രങ്ങൾ ഉടയ്ക്കുകയും ചെയ്യും. കാര്യം വളരെ ഭയപ്പെടേണ്ടതാണ്. കുഞ്ചുപിള്ളയ്ക്കു സംശയമായി. വീടു കൊള്ളാം. അത്രയും സ്ഥലം മതി. വാടകയും കുറവ്. എന്നാലും ഇതൊരു ശല്യമാണ്.

വക്കീൽഗുമസ്ഥൻ ചിരിച്ചുകൊണ്ടു പറഞ്ഞു. "ഒന്നുമില്ലന്നേ. ഒരു പഞ്ചാംഗം വാങ്ങിച്ചാൽ മതി. വാവ് എന്നാണെന്നു നോക്കി അന്നു കതകടച്ചിട്ടേക്കണം. ഞാനും അവിടെയാണു താമസിക്കുന്നത്. ഞാൻ പറയുന്നതുപോലെ ചെയ്താൽ മതി."

കുഞ്ചുപിള്ള സമ്മതിച്ചു. വീടു പോയി നോക്കി. പന്ത്രണ്ടുരൂപാ വാടകച്ചീട്ടെഴുതി ഒരു മാസത്തെ വാടക മുൻകൂർ കൊടുത്തു. ആ വീട്ടിൽ ആകെ അഞ്ചു കൂട്ടരുണ്ട്; വക്കീൽഗുമസ്ഥൻ, കാപ്പിയും പലഹാരവും നടന്നു വില്ക്കുന്ന ഒരാൾ, ഊളമ്പാറ ആശുപത്രിയിലെ ഒരു വാച്ചർ, ചാലയിൽ പുക്കച്ചവടം ചെയ്യുന്ന ഒരു തടിയനണ്ണാച്ചി, പ്രകാശ് പ്രിന്റിംഗ് ഹൗസിലെ ഒരു അച്ചുനിരത്തുകാരൻ. വീട്ടുടമസ്ഥയും മകനും ആ പുരയിടത്തിൽത്തന്നെ മറെറാരു കൊച്ചുവീട്ടിൽ പാർക്കുകയാണ്. കുഞ്ഞുങ്ങൾക്കു തീവണ്ടി പോകുന്നതു കാണാം. പത്മനാഭസ്വാമികോവിലും, ശ്രീകണ്ഠേശ്വരവും വളരെയടുത്താണ്. ചെട്ടികുളങ്ങര കുളത്തിൽ കുളിക്കാം. കുഞ്ചുപിള്ളയ്ക്കു സ്ഥലം വളരെ ഇഷ്ടമായി. ആ പഴയ വീടിന്റെ ഒരു ഭാഗം അയാളുടെ പാർപ്പിടമായി നിശ്ചയിക്കപ്പെട്ടു. ഒരു കനമുള്ള ഇരുമ്പുതാക്കോൽ പോക്കററിലിട്ടുകൊണ്ട് അയാൾ ഹോട്ടലിലേക്കു നടന്നു. ഹാവൂ! അയാൾക്കാശ്വാസമായി.

ഒരു ദിവസം കുഞ്ചുപിള്ളയുടെ ഭാര്യയ്ക്ക് ഒരെഴുത്തുകിട്ടി, സ്ഥലമെടുത്തിട്ടിരിക്കുന്നു എന്നും തിരുവനന്തപുരത്തേക്കു പോരാൻ തയ്യാറായിരുന്നുകൊള്ളണമെന്നും എഴുത്തു കിട്ടിയ അന്ന്, അവർ ആ വീട്ടിൽ ഇരുന്നിട്ടില്ല. അവർ അയൽവീടുകളിലെല്ലാം നടന്നു പറഞ്ഞു.

''ഞങ്ങളു തിരുവനന്തപുരത്തിനു പോവ്വാ.''

''എന്നു പോകും?''

''പിള്ളേരടച്ചൻ വരും. എന്നിട്ടങ്ങു പോകും.'' ഇളയകുഞ്ഞിനെ മടിയിൽ എടുത്തുവച്ചുകൊണ്ട് അവർ പറഞ്ഞു.

''അച്ചൻ വന്നം ഞങ്ങളു തിന്തേത്തു പോകും.''

ആ ഗൃഹനായികയ്ക്കു വളരെ ഒരുങ്ങാനുണ്ട്. കടങ്ങൾ പലതും വീട്ടാനുണ്ട്. പിരിക്കാനുണ്ട്. വടക്കേതിലെ ലക്ഷ്മിക്കുട്ടി നാഴിയരിയും, അഞ്ചു മുളകും തരാനുണ്ട്. കാഞ്ഞുപ്പറമ്പിലെ മീനാക്ഷിക്ക് ഒരു തംബ്ലർ പഞ്ചസാരയും ഒരു മുറി തേങ്ങായും കൊടുക്കണം. കിഴക്കേമഠത്തിലെ പട്ടത്തിയോടു കമ്മൽ പണയം വച്ചു മൂന്നു രൂപാ വാങ്ങിച്ചിട്ടുണ്ട്. രൂപായ്ക്ക് ഒരു ചക്രം പലിശയാണ്. മുതലും പലിശയും കൂടെ മൂന്നു രൂപാ ഒൻപതു ചക്രമായി. അതെല്ലാം 'പിള്ളേരടച്ചൻ വന്നിട്ട്.' കലവും ചട്ടിയുമെല്ലാം പെറുക്കിക്കെട്ടാൻ ഒരു ചാക്കു വേണം. മറിയാമ്മ ഒരു ചാക്കു തരാമെന്നു പറഞ്ഞിട്ടുണ്ട്. അതിനു പകരം ഇടങ്ങഴി ഗോതമ്പു കൊടുത്താൽ മതി.

കുഞ്ചുപിള്ള വന്നു. അയാൾ പടിയിൽ നിന്നുകൊണ്ടുതന്നെ കുഞ്ഞുങ്ങളെ വിളിച്ചു. ഭാര്യ വിളി കേട്ടു. അവർ ഓടിയിറങ്ങി വന്നു. ആകപ്പാടെ ആഹ്ലാദവും വെപ്രാളവുമാണവർക്ക്. ''നിങ്ങളു പോയേപ്പിന്നെ ഈ വീട് ഉറങ്ങിപ്പോയി—വല്ലാതെ ക്ഷീണിച്ചിരിക്കുന്നു—എന്നെയും പിള്ളേരെയും ഓർക്കാറുണ്ടായിരുന്നോ? എന്നും മററും സാധാരണ ഭാര്യമാർ പറയാറുള്ളതൊക്കെ കുഞ്ചുപിള്ളയുടെ ഭാര്യയും പറഞ്ഞു.

അവർ അടുത്തദിവസം യാത്ര നിശ്ചയിച്ചു. മറിയാമ്മ ചാക്കു കൊടുത്തു. അതല്പം കീറിയതായിരുന്നു. സാരമില്ല, എന്നാലും അതു് ഉപയോഗിക്കാം. കൽച്ചട്ടി മുതൽ ജീരകത്തുകരം വരെ ചാക്കിലാക്കി. ചിരവയുമെടുത്തു വച്ചു. ചിരവനാക്കു കൊണ്ട് ചാക്കു കീറാതിരിക്കാൻ കീറിയ ഭാഗത്തുകൂടെ നാക്കു വെളിയിലേക്കിട്ടു. സാധനങ്ങൾ പെറുക്കിക്കെട്ടുന്നതിനിടയ്ക്ക് അവർ ഭർത്താവിനോടു ചോദിച്ചു.

''അവിടെ അരകല്ലൊണ്ടോ?''

''പിന്നെ, അരകല്ലു കാണുകേലേ ഒരു വീടായാല്?''

''ഇല്ലെങ്കിൽ ഇവിടെക്കിടക്കുന്നതു കൊണ്ടുപോകണം. അത്തുകൊണ്ടു ചോദിച്ചതാ.''

അവരെല്ലാം ഒരുങ്ങി. വഴിക്ക് ആഹാരത്തിനു ഒരു ചെറിയ പൊതി തയ്യാറാക്കി.

''ഈ മടക്കുകട്ടിൽ എന്തുചെയ്യും?'' കുഞ്ഞുപിള്ള ചോദിച്ചു.

''എന്തുപററി?''

''ഇതു് എങ്ങനെയാ കൊണ്ടുപോകുന്നതു്? ആർക്കെങ്കിലും കൊടുത്തേച്ചു പോകാം.

''ഉം. കുറെ ചേതമുണ്ടു്. നല്ലോരു മടക്കുകട്ടില്ല്. വല്ലോർക്കും കൊടുക്കാൻ, ആകപ്പാടെ അതൊരെണ്ണമേയുള്ളു.''

''അതു് കൊണ്ടുപോകുന്ന പ്രയാസമോർത്തിട്ടാ.''

''എന്തിനാ പ്രയാസപ്പെടുന്നതു്? നമ്മളു വണ്ടിയേലല്ലേ പോകുന്നതു്?''

''എനിക്കു വയ്യാ നിന്നോടു പറഞ്ഞോളാൻ!''

''ഒന്നാമതു്, വാതത്തിൻെറ സുഖക്കേടുള്ളതാ. അവിടെച്ചെന്നു നിലത്തു കിടക്കാൻ ഞാൻ സമ്മതിക്കുല.''

വളരെ വാദപ്രതിവാദത്തിനുശേഷം മടക്കുകട്ടിൽ കൊണ്ടുപോകണമെന്നു നിശ്ചയിച്ചു. ഒരു ചാക്കുകെട്ട്, ഒരു തകരപ്പെട്ടി, ഒരു മടക്കുകട്ടിൽ, രണ്ടു കുട്ടികൾ എന്നിങ്ങനെയുള്ള ജംഗമസാമഗ്രികൾ ഏൺപത്തിനാലു മൈൽ അകലെയുള്ള മറെറരു പാർപ്പിടത്തിലേയ്ക്കു നീങ്ങാൻ തയ്യാറായിക്കഴിഞ്ഞു. കുഞ്ഞുപിള്ള ചാക്കുകെട്ടിലേക്കു നോക്കി അങ്ങുമിങ്ങും മുട്ടും മുഴക്കളുമായി ചിരവനാക്കു പുറത്തേക്കിട്ടിരിക്കുന്ന ആ ഭാണ്ഡത്തിനു പിൻകാലിൽ കുത്തിയിരിക്കുന്ന ഒരു കുററൻപട്ടിയുടെ പ്രതീതിയുണ്ടായിരുന്നു.

''അതെന്താ അതു്?'' കുഞ്ഞുപിള്ള ചോദിച്ചു.

''ചിരവ. അതും കളഞ്ഞേച്ചു പോകണമെന്നായിരിക്കും. ഒരു വീടായാൽ ഇതെല്ലാം കൂടാതെ പററുമോ?''

''നിൻെറ ഇഷ്ടം പോലെ ആയിക്കോ—ഞാനൊന്നും പറയുന്നില്ല.'' കുഞ്ഞുപിള്ള അടങ്ങി.

കുഞ്ഞുപിള്ളയുടെ ഭാര്യ എല്ലാവരോടും യാത്ര പറഞ്ഞു:

''ഞങ്ങളു പോയേച്ചുവരട്ടേ?—ഇനി എന്നാ കാണുന്നതു്?—തിരുവനന്തപുരം വലിയ പട്ടണമാ—എഴുത്തയക്കാം—മാലതി പ്രസവിക്കുമ്പം അറിയിക്കണം—'' എന്നൊക്കെ പലരോടും പലതരത്തിൽ.

സാമാനങ്ങൾ റോഡുവരെ ചുമന്നുകൊണ്ടു പോകാൻ ഒരാൾ വേണം. മറിയാമ്മയുടെ മകൻ മത്തിയായിരുന്നു. അവനു മുണ്ടിനീരാണു്. നാണു ഒരിടത്തു

കൂലിവേലയ്ക്കു പോയി. കൃഷ്ണൻകുട്ടിയോടു ചോദിച്ചു. അവനു രണ്ടുരൂപയിൽ കുറഞ്ഞാൽ ഒക്കുകില്ല.

''ആരും വേണ്ട, ഞാനെടുത്തോളാം'' എന്നു പറഞ്ഞു കുഞ്ഞുപിള്ള ചാക്കു കെട്ടെടുത്തു തലയിൽ വച്ചു. മടക്കുകട്ടിൽ തോളിലെടുത്തു. കുഞ്ഞിയമ്മ തകരപ്പെട്ടി തൂക്കിപ്പിടിച്ചു. മൂല കുടിക്കുന്ന കുഞ്ഞിനെ എളിയിലെടുത്തു. ചോററുപൊതി മടിയിൽ വച്ചു. ആ കുടുംബം യാത്ര തിരിച്ചു. ''ശകുനം നോക്കിയിറങ്ങണേ'' കുഞ്ഞിയമ്മ പറഞ്ഞു.

''ഓ, ശകുനം നീ നടന്നു വാ.''

മൂത്തമകൻ കുട്ടപ്പനു കാലു നോവുന്നു. അവനെ എടുക്കണം. അവൻ കരഞ്ഞു തുടങ്ങി. കുഞ്ഞിയമ്മയ്ക്കു കൈ കഴയ്ക്കുന്നു. ചോററുപൊതി മടിയിൽ നിന്നു താഴെപ്പോകാറായി.

അതിനിടയിൽ ഭാര്യ: ''അയ്യോ! കുട്ടപ്പനെന്ത്യേ?'' അവർ തിരിഞ്ഞുനിന്നു. മടക്കുകട്ടിലും ചാക്കുചുമടും കൊണ്ടു കുഞ്ഞുപിള്ള തിരിഞ്ഞു അവൻ വരുന്നുണ്ട്.

അവർ പിന്നെയും നടന്നു. റോഡടുക്കാറായി. കുഞ്ഞുപിള്ള ഭാരം കൊണ്ടു കുഴഞ്ഞു. കുഞ്ഞുപിള്ള: ''ഇതൊരു ശിക്ഷയാ,''

ഭാര്യ: "ദേ, വണ്ടീടെ ശബ്ദം കേൾക്കുന്നു. വേഗം നടന്നാട്ടെ.''

റോഡിൽ വന്നു. ചുമട് താഴെയിറക്കി. എല്ലാവരും ഓരോ പാത്രം ചായ കുടിക്കാൻ തീർച്ചപ്പെടുത്തി. വണ്ടി വരുന്നതുവരെ ചായക്കടയിൽ വെയിലു കൊള്ളാതെ ഇരിക്കുകയും ചെയ്യാമല്ലോ.

ഒരു വണ്ടി ദൂരെ നിന്നുവരുന്നു. കുഞ്ഞുപിള്ളയുടെ ഭാര്യ എഴുന്നേററു. കുഞ്ഞുപിള്ള റോഡിലേക്കിറങ്ങി നിന്നുകൊണ്ട് കൈകാട്ടി.

''അതു് എക്സ്പ്രസ്സാ; നിർത്തുകേല.'' ചായക്കടയിലിരുന്ന ഒരു തൊഴിലില്ലാത്തവൻ പറഞ്ഞു.

ആ പച്ചവണ്ടി കടന്നുപോയി. നേരം കുറെ കഴിഞ്ഞു. വെയിലു മൂത്തു. അതാ ഒരു വണ്ടി വരുന്നു:

''അതു് സപ്ലോർട്ടാ, നിർത്തും'' വീണ്ടും തൊഴിലില്ലാത്തവൻ പറഞ്ഞു.

കുഞ്ഞുപിള്ള കൈകാട്ടി. വണ്ടി നിർത്തി ''വേഗം കേറ്'' കണ്ടക്ടർ പറഞ്ഞു. കുഞ്ഞുപിള്ള ഭാര്യയേയും കുഞ്ഞുങ്ങളേയും വണ്ടിയിൽ കയററിയിരുത്തി.

''ആ ചാക്കുകെട്ട് അകത്തോട്ടു വച്ചേക്കു.'' കുഞ്ഞുപിള്ളയുടെ ഭാര്യ പറഞ്ഞു.

''അതൊക്കുകേല; എല്ലാം വണ്ടിയുടെ മുകളിൽ വയ്ക്കു്.''

''ഇതൊന്നു പൊക്കിത്തരാമോ?'' കുഞ്ചുപിള്ള തൊഴിലില്ലാത്തവനോടു ചോദിച്ചു.

അവരുടെ പരിശ്രമഫലമായി ചാക്കുകെട്ടു 'ധടിൻ' എന്നൊരു ശബ്ദത്തോടെ വണ്ടിയുടെ മുകളിലായി.

''അയ്യോ, പതുക്കെ!'' കുഞ്ചുപിള്ളയുടെ ഭാര്യയ്ക്കു് ഇരിപ്പുറയ്ക്കുന്നില്ല.

''അതു കേററാനൊക്കുകേല'' കുഞ്ചുപിള്ള മടക്കുകട്ടിലു കൊണ്ടുവന്നപ്പോൾ കണ്ടക്ടർ തടഞ്ഞു.

''ഇതിനു കാണുന്നതുപോലെ കനമില്ല'' എന്നു കുഞ്ചുപിള്ള പറഞ്ഞുനോക്കി.

''ലഗേജ് രണ്ടുരൂപയാകും. സമ്മതമുണ്ടെങ്കിൽ കേററിക്കോ! എന്നായി കണ്ടക്ടർ.

''നേരം പോകുന്നു?'' എന്നു പറഞ്ഞു് ഡ്രൈവർ എൻജിൻ എരപ്പിച്ചു.

''എന്നാൽ അതവിടെക്കിടക്കട്ടെ?'' എന്നു പറഞ്ഞു കുഞ്ചുപിള്ള കട്ടിൽ ചായക്കടയിലെ തിണ്ണയിൽ കൊണ്ടു കയററി.

''അതു് അവിടെയിട്ടേച്ചു പോകാനൊക്കുകേല. അങ്ങനെയാണെങ്കിൽ ഞാൻ വരുന്നില്ലേ, വാടാ ചെറുക്കാ'' എന്നും പറഞ്ഞു് കുഞ്ചുപിള്ളയുടെ ഭാര്യ ബഹളം കൂട്ടിത്തുടങ്ങി.

''ഇതൊരു മിനക്കേടായല്ലോ'' യാത്രക്കാർ പരസ്പരം പറഞ്ഞു തുടങ്ങി. തുകയിൽ ആകെയുണ്ടായിരുന്ന രണ്ടു രൂപാ ലഗേജ് കൊടുത്തു മടക്കുകട്ടിലും വണ്ടിയുടെ പുറത്തു കയററി.

''ഒരു നാരങ്ങാ മേടിച്ചില്ലല്ലോ! വണ്ടിയിൽ കേറിയാൽ ഞാൻ ഛർദിക്കുമെന്നറിയാൻമേലേ?'' കുഞ്ചുപിള്ളയുടെ ഭാര്യ പരാതിപ്പെട്ടു.

''മിണ്ടാതെ അവിടെയെങ്ങാനും ഇരുന്നോണം; ഞാൻ പറഞ്ഞേക്കാം.!'' കുഞ്ചുപിള്ളയ്ക്കു ദേഷ്യം വന്നു.

വണ്ടി തുള്ളിയും കുലുങ്ങിയും നീങ്ങുകയാണു്. അതിനനുസരിച്ചു ചാക്കുകെട്ടും മടക്കുകട്ടിലും മുകളിൽക്കിടന്നു താളം പിടിക്കുന്നുണ്ടു്. വണ്ടി ഒരു വലിയ ''ഗട്ടറി''ൽ വീണു് ഒരു വലിയ ശബ്ദം കേട്ടു.

''എന്റെ ദൈവമേ! അതെല്ലാം പൊട്ടിക്കാണും!'' കുഞ്ചുപിള്ളയുടെ ഭാര്യയ്ക്കു പരിഭ്രമമായി. കുഞ്ചുപിള്ളയുടെ പോക്കററിൽ ഒററക്കാശില്ല. ബീഡിയും തീർന്നു. വണ്ടി പന്തളത്തു നിർത്തിയപ്പോൾ എല്ലാവരും ബീഡി വലിച്ചു. അയാൾ ആരോടും ചോദിച്ചില്ല. അപ്പോഴാണു ഭാര്യ പറയുന്നതു്:

''ഒരു ചെറുനാരങ്ങാ വാങ്ങിച്ചേ ''

അയാൾക്കു കുചി വന്നു. കുഞ്ചുപിള്ള അവരെ ഒരു നോട്ടം നോക്കി.

കൊട്ടാരക്കരയടുത്തപ്പോൾ കുഞ്ഞുപിള്ളയുടെ ഭാര്യ ചോററുപൊതി അഴിച്ചു. കുഞ്ഞുപിള്ള വേണ്ടെന്നു പറഞ്ഞു. കുട്ടപ്പനും അവരുടെ കൂടെ ഊണു കഴിച്ചു.

വീണ്ടും വണ്ടി നീങ്ങി. കിളിമാനൂരടുത്തപ്പോൾ കുഞ്ഞുപിള്ളയുടെ ഭാര്യ ഛർദ്ദി തുടങ്ങി. വണ്ടിയിൽ നിന്നു തല വെളിയിലിട്ടുകൊണ്ടു വലിയ ശബ്ദത്തോടെ ഓക്കാനിച്ചു.

വല്ലപാടും ആറരമണിയായപ്പോൾ വണ്ടി തിരുവനന്തപുരത്തെത്തി. തമ്പാനൂർ മുക്കിൽനിന്നു് ചാക്കുകെട്ടും മററും കണ്ടുകൊണ്ടു് കൂലിക്കാർ ബസ്സിന്റെ മുകളിൽ ചാടിക്കയറി.

''ആരുമെടുക്കണ്ട; ഞാനെടുത്തോളാം'' കുഞ്ഞുപിള്ള താഴെ നിന്നുകൊണ്ടു് കൂലിക്കാരെ വിലക്കി. അവർ അതു വകവച്ചില്ല. ഒരുത്തൻ മടക്കുകട്ടിൽ പൊക്കി. മറെറാരുത്തൻ വണ്ടിയുടെ പുറകിലത്തെ ഏണിയിൽ നിന്നുകൊണ്ടു് കട്ടിൽ കീഴോട്ടു വലിച്ചു. 'ർർർർ' എന്നൊരു ശബ്ദം. കട്ടിലിന്റെ ചാക്കു കീറി. ''ഭഗവാനേ! അതു കീറിക്കളഞ്ഞോ?'' കുഞ്ഞുപിള്ളയുടെ ഭാര്യ നിലവിളിച്ചു.

''അല്ലെങ്കിലെന്തിനാ ഈ ഒടിഞ്ഞതു്?'' കൂലിക്കാരൻ ചോദിച്ചു. കുഞ്ഞുപിള്ളയ്ക്കു കോപവും സങ്കടവും സഹിക്കവയ്യാതായി.

''ഞാൻ അപ്പഴേ പറഞ്ഞതാ ഈ മരണത്തിനോടു് അതു് അവിടെയെങ്ങാനും ഇട്ടേച്ചു പോരാമെന്നു്'' അയാൾ ആക്രോശിച്ചു.

"കൂലി തന്നാട്ടെ സാറെ!'' കൂലിക്കാരൻ അവകാശപ്പെട്ടു.

''നീന്നോടാരു പറഞ്ഞു അതെടുത്തു കീറാൻ? ഞാൻ പറഞ്ഞില്ലേ എടുക്കരുതെന്നു്?''

''എനിക്കു രണ്ടണ തന്നാൽ സാറു മുടിഞ്ഞുപോകുകേം മററുമില്ല!'' എന്നു പറഞ്ഞു കൂലിക്കാരൻ ചെവിക്കിടയിൽ നിന്നു് ഒരു ബീഡിയെടുത്തു കത്തിച്ചു വലിച്ചു. കുഞ്ഞുപിള്ള ചാക്കുകെട്ടും ചുമന്നു മടക്കുകട്ടിലും തോളത്തു വച്ചുകൊണ്ടു നടന്നു. ഭാര്യ ഛർദ്ദിച്ചു തളർന്നിരുന്നു:

വീട്ടിന്റെ പടി അടുത്തപ്പോൾ ഭാര്യ പറഞ്ഞു: ''ആ ചാക്കു കെട്ടഴിച്ചു പിച്ചാത്തിയിങ്ങെടുത്തേ.''

''എന്തിനാ?''

''ഒരു വീട്ടിലേക്കു കേറ്റമ്പം ഇരുമ്പും കൊണ്ടുവേണം കേറാൻ.''

''നിന്റെ മനസ്സുപോലത്തെ ഇരുമ്പു് ഈ ലോകത്തു കിട്ടുമോ?''

''ഇതെന്താ ഇങ്ങനെ പറയുന്നതു്?''

''അല്ലെങ്കിൽ നീ എന്നെ ഈ പാടുപെടുത്തുമോ?''

ഏതായാലും കുഞ്ഞുപിള്ളയുടെ ഭാര്യ ഇരുമ്പും കൊണ്ടുതന്നെ വീട്ടിൽ കയറി.

അടുത്തദിവസം കോടതിയിൽ ചെന്നപ്പോൾ കുഞ്ഞുപിള്ളയ്ക്കു സ്ഥലംമാററ ഉത്തരവു കിട്ടി; വീണ്ടും ചങ്ങനാശ്ശേരിക്കു്!

അന്നു വൈകിട്ടു് കുഞ്ഞുപിള്ള വീട്ടിൽ വന്നപ്പോൾ ഭാര്യയെ ഈ സന്തോഷ വാർത്ത അറിയിച്ചു. അവർക്കു് അതു തീരെ രസിച്ചില്ല. തിരുവനന്തപുരം ഒന്നു ചുററിക്കാണാൻ സാധിക്കാത്ത നിരാശയാണു് മുന്തിനിന്നതു്.

''വെറുതെ ഒരു മടക്കുകട്ടിലൊടിക്കാനുള്ള സ്ഥലംമാററമായിരുന്നു ഇതു്!'' എന്നു് അവർ ഉച്ചത്തിൽ പറഞ്ഞുകൊണ്ടു്, അടുത്തുനിന്നു മോങ്ങുന്ന കുട്ടപ്പന്റെ തുടയ്ക്കു രണ്ടടിയും കൊടുത്തു.

ചിരിയും പുഞ്ചിരിയും *ആനന്ദക്കുട്ടൻ*

പദപരിചയം

മടക്കുകട്ടിൽ 'folding cot' തൂണു് 'pillar'
തുരുമ്പു് 'rust'
തൂണും തുരുമ്പും 'every aspect of something'
ഇളക്കിപ്രതിഷ്ഠ 'removing the installation of the idol and reinstalling'
ഭേദഗതി 'amendment' പ്രതിഷേധം 'resentment'
തരം 'chance, context' ശുപാർശ 'recommendation'
കത്തു് 'letter' കൈക്കലാക്കു് 'obtain'
പിടിക്കു് = ഇഷ്ടപ്പെടു് ഗോതമ്പു് ''wheat'
കൈ തെററു് 'slip' ഒത്തിരി = ധാരാളം
നന്ത്യാർവട്ടം 'a white sweet smelling flower'
കുത്തിപ്പിഴിയു് 'squeeze' മിച്ചം 'saving'
തുക 'sum' വഴിച്ചെലവു് 'expenditure'
ഇരിക്കപ്പൊറുതിയില്ലാതാകു് 'be restless'
തൃതിയായി 'hurrily' പേശു് 'bargain'
തലയ്ക്കു സ്ഥിരമില്ലാതാകു് 'lose mental balance'
പഞ്ചാംഗം 'almanac' മുൻകൂർ 'advance'
അച്ചുനിരത്തുകാരൻ 'compositor' പാർക്കു് = താമസിക്കു്
പാർപ്പിടം = താമസസ്ഥലം കനം 'weight'

വമ്പം = വരുമ്പോൾ തിരുന്തോത്തു് = തിരുവനന്തപുരത്തു്
കടം പിരിക്കു് 'take back the loan'
പണയം വയ്ക്കു് 'pawn' കലം 'big mud pot'
ചട്ടി 'small mud pot'
പെറുക്കിക്കെട്ടു് 'collect everything and pack off'
കമ്മൽ 'stud' പലിശ 'interest'
ചാക്കു് 'sac/gunny bag' കൽച്ചട്ടി 'pot made of stone'
ജീരകം 'cumin seed' ചിരവ 'grating knife'
നാക്കു് 'tongue, blade of the grating knife'
അരകല്ലു് 'crushing stone' ഒരുങ്ങു് 'get ready'
പൊതി 'packet' ചേതം = നഷ്ടം
വാതം 'rheumatism'
വാദപ്രതിവാദം 'argument and counter argument'
ജംഗമസാമഗ്രികൾ 'movable articles'
മുട്ടു് 'node' മുഴ 'bulge, swelling'
അടങ്ങു് 'get controlled, subside' തോൾ 'shoulder'
ചുമക്കു് 'bear' മുണ്ടിനീരു് 'mums'
തൂക്കിപ്പിടിക്കു് 'hold in hand in a hanging manner'
ശകുനം 'omen' കഴയ്ക്കു് 'ache, pain'
ചോററുപൊതി 'rice packet' നടന്നാട്ടെ = നടന്നുകൊള്ളട്ടെ
ചുമടു് 'load' താഴെയിറക്കു് 'bring down'
കൈ കൊട്ടു് 'clap' തിണ്ണ 'varanda'
വെയിലു മൂക്കു് 'sun getting stronger'
എരപ്പിക്കു് 'resound' മിനക്കേടു് 'time consuming labour
ബഹളം കൂട്ടു് 'make noise' നാരങ്ങ 'lemon'
തുള്ളു് 'jump' കുടങ്ങു് 'get shaken'
താളം പിടിക്കു് 'give the rhythm' പൊട്ടു് 'break'
പരിഭ്രമം 'nervousness'
അഴിക്കു് 'untie, unpack, remove, erase'
ഓക്കാനിക്കു് = ഛർദിക്കു് വിലക്കു് 'prohibit, prevent'
പൊക്കു് 'raise' ഏണി 'ladder'

മാരണം 'nuisance' ആക്രോശിക്കുക 'shout aloud'
മുടിയുക 'get distroyed' ഇരുമ്പ് 'iron'
പാടുപെടുത്തുക 'put into difficulties, cause sufferings, distress'
രസിക്കുക 'enjoy, relish' നിരാശ 'frustration'
മുന്തിനിൽക്കുക 'be in front, be prominent'
മോങ്ങുക 'howl'

അഭ്യാസം

I വിട്ടുപോയ വാക്കുകൾ ചേർത്തു വാക്യങ്ങൾ പൂരിപ്പിക്കുക.

1. ഒരു രാഷ്ട്രീയപ്രവർത്തകനിൽ നിന്നു ശുപാർശക്കത്തു — അയാൾ തിരുവനന്തപുരത്തേക്കു —
2. ഊണും, താമസച്ചെലവും — മിച്ചം ഒന്നുമില്ല.
3. വഴിച്ചെലവിനു — പണം വീട്ടിലേക്കയച്ചാൽ നല്ലതു്.
4. അയാൾ കുട്ടികളെ തല്ലുകയും പാത്രങ്ങൾ — ചെയ്തു.
5. ആ വീട്ടിന്റെ ഒരു ഭാഗം അയാൾ തന്റെ — ആയി നിശ്ചയിച്ചു.
6. സാധനങ്ങൾ ഒക്കെ — കെട്ടാൻ ഒരു ചാക്കു വേണമല്ലോ.
7. മടക്കുകട്ടിൽ കൊണ്ടുപോകുന്ന — ഓർത്താൽ വേണ്ട എന്നു —
8. ഒരു വീടായാൽ ഇതൊക്കെ — പററുമോ?
9. ഇത്ര വലിയ ചുമടു് ആരെക്കൊണ്ടു് — പററും?
10. തൊഴിലില്ലാത്തവന്റെ — കൊണ്ടു് അവസാനം ആ ചുമടു് മുകളിലായി.
11. ചോററുപൊതി — അവർ ഉണ്ണാൻ —
12. എന്നെ — അല്ലേ നീ ഈ വലിയ ചുമടൊക്കെ കെട്ടിവച്ചതു്.

II മടക്കുകട്ടിൽ, സ്ഥലംമാററം, മുലപ്പാൽ എന്നിങ്ങനെ രണ്ടു പദങ്ങൾ ചേർന്നുണ്ടാകുന്ന സമാസപദങ്ങൾ ഈ കഥയിൽ നിന്നു തന്നെ എടുത്തെഴുതുക.

III സ്വന്തം വാക്യങ്ങളിൽ ഉപയോഗിക്കുക.

1. വിഷമിക്കുക് 2. ഭയപ്പെട്ട്
3. ഇരിക്കപ്പൊറുതിയില്ലാതാകു്
4. ചുമക്കു് 5. പണയംവയ്ക്കു്
6. പെറുക്കിക്കെട്ടു് 7. പാർക്കു്

IV താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ ഈ കഥയിൽ ആരു്, ആരോടു് എപ്പോൾ പറഞ്ഞു?

1. എനിക്കു് എപ്പോഴും വിചാരമാണു്. എന്നു വരും?
2. ഒന്നുമില്ലന്നേ, ഒരു പഞ്ചാംഗം വാങ്ങിയാൽ മതി.
3. എന്നെയും, പിള്ളേരേയും ഓർക്കാറുണ്ടായിരുന്നോ?
4. ഇതു് എങ്ങനെയാ കൊണ്ടുപോകുന്നതു്? ആർക്കെങ്കിലും കൊടുത്തേച്ചുപോകാം.
5. അതു് എക്സ്പ്രസ്സാ ... നിർത്തുകേല.
6. എന്നാൽ അതവിടെ കിടക്കട്ടെ!
7. ഒരു ചെറുനാരങ്ങാ വാങ്ങിച്ചേ.
8. എനിക്കു രണ്ടണ തന്നാൽ സാറു മുടിഞ്ഞുപോകുകേം മററുമില്ല.

V താഴെ കൊടുത്തിരിക്കുന്ന ചെറിയ വാക്യങ്ങൾ ചേർത്തു് ഓരോ വാക്യം വീതം എഴുതുക.

1. കുഞ്ചുപിള്ള ഒരു മാസത്തെ അവധിയെടുത്തു. പക്ഷെ വീട്ടിലിരുന്നിട്ടു നേരം പോകുന്നില്ല. ഭാര്യയുമായി വഴക്കു വർധിക്കുന്നു. കുട്ടികളെ വഴക്കു പറയുന്നു. അവസാനം തലവേദനയായി കിടക്കേണ്ടിവരുന്നു.
2. അയാൾ തിരുവനന്തപുരത്തെത്തി. കൂട്ടുകാരുടെ സഹായത്തോടെ വീടന്വേഷണം തുടങ്ങി. പല വീടുകളും കണ്ടു. അവയിൽ ചില തൊക്കെ അയാൾ ഇഷ്ടപ്പെട്ടു. പക്ഷെ ഉടമസ്ഥരുടെ വാടകനിരക്കു് അയാൾക്കു താങ്ങാൻ വയ്യായിരുന്നു. അവസാനം ഒരു വക്കീൽ ഗൃഹസ്ഥന്റെ സഹായത്തോടെ ഒരു വീട്ടിന്റെ പകുതിയിലൊരു ഭാഗം അയാൾക്കു കിട്ടി.
3. കുഞ്ചിയമ്മ വിചാരിച്ചു. വീടു കിട്ടി. ഇനി തിരുവനന്തപുരത്തേക്കു പോകണം. ഇവിടത്തെ കടമൊക്കെ വീട്ടണം. കൊടുക്കാനുള്ളവർക്കൊക്കെ കൊടുക്കണം. വാങ്ങാനുള്ളതു വാങ്ങണം. എല്ലാമൊന്നൊതുക്കിവേണം പോകേണ്ടതു്.
4. മാസം ഒന്നു കഴിഞ്ഞു. അവധി തീരാറായി. ഫലം ഒന്നും ഉണ്ടായില്ല. തിരുവനന്തപുരത്തോട്ടു പോകാൻ ആർക്കും ഇഷ്ടമില്ല. അവിടത്തെ ജീവിതച്ചെലവു് ആർക്കു താങ്ങാൻ പററും? നിരാശയോടെ കുഞ്ചുപിള്ള ഓർത്തു.
5. കുഞ്ചുപിള്ള വന്നു. പടിയിൽ നിന്നുകൊണ്ടു കുഞ്ഞുങ്ങളെ വിളിച്ചു. അവർ വിളി കേട്ടു. ഓടിയിറങ്ങി വന്നു. അച്ഛന്റെ കൈ പിടിച്ചു. ഭാര്യ ഇതൊക്കെ സ്നേഹത്തോടെ കണ്ടും കേട്ടുമിരുന്നു.

VI ചെറിയ വാക്യങ്ങളായി പിരിച്ചെഴുതുക.

1. ബസ്സു കാത്തു നിന്നു നിന്നു കാലുകൾ വേദനിക്കുകയും ശരീരം തളരുകയും ചെയ്യുപ്പോൾ കുഞ്ചിയമ്മ പതുക്കെ തന്റെ കയ്യിലിരുന്ന കുഞ്ഞിനെ ഭർത്താവിന്റെ കയ്യിൽ കൊടുത്തിട്ടു അടുത്തുള്ള കടത്തിണ്ണയിൽ കയറി അവിടെ ഉണ്ടായിരുന്ന ഒരു ബഞ്ചിൽ ഇരുന്നു ക്ഷീണം തീർക്കാൻ തുടങ്ങി.

2. കുഞ്ചുപിള്ള താഴെ നിന്നുകൊണ്ടു് കൂലിക്കാരെ വിലക്കിയിട്ടും അവർ അയാളുടെ വാക്കു കേട്ടിട്ടും കേൾക്കാത്തമട്ടിൽ ബസ്സിന്റെ പുറകിലുണ്ടായിരുന്ന ഏണിയിൽ കൂടി മുകളിലോട്ടു ചാടിക്കയറി അയാളുടെ സാമാനമൊക്കെ വലിച്ചു താഴെ കൊണ്ടുവരുകയും അവയിൽ പല സാധനങ്ങൾ ഉടയ്ക്കുകയും ചെയ്തതു കണ്ടപ്പോൾ കുഞ്ചിയമ്മയുടെ ബോധം പകുതി നശിച്ചു.

3. ബസ്സു വന്നു കടയുടെ മുൻപിൽ നിന്നു നിമിഷം ഒരുത്സവത്തിനു വേണ്ട ആളുകൾ ഒരുമിച്ചു മുമ്പോട്ടു വന്നു് ഉന്തും തള്ളും തുടങ്ങുകയും സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും സ്ഥലം കൊടുക്കാതിരിക്കുകയും ചെയ്യുപ്പോൾ കണ്ടക്ടർ ഡബിൾബെൽ അടിച്ചു് ബസ്സ് മുമ്പോട്ടു കുതിച്ചു പോയി നിർത്തി.

4. മുത്തകുട്ടി ഭയങ്കര കാലുവേദന കാരണം ഒട്ടും നടക്കാൻ വയ്യാതെ ദയയ്ക്കുവേണ്ടി അമ്മയുടെ മുഖത്തു നോക്കി അപേക്ഷിച്ചപ്പോൾ അവരുടെ കയ്യിൽ ഇളയകുഞ്ഞുണ്ടായിരുന്നതുകൊണ്ടു് അച്ഛന്റെ അങ്ങോട്ടു പോകാൻ അവർ അവനോടു പറഞ്ഞു.

5. സാധനങ്ങൾ റോഡുവരെ ചുമന്നുകൊണ്ടുപോകാൻ ആരേയും കിട്ടാത്തതുകൊണ്ടു് കുഞ്ചുപിള്ള തന്നെ അതൊക്കെ കൂടി പെറുക്കിക്കെട്ടി ഒരു ചാക്കിലാക്കി ആ ചാക്കു തോളത്തു വച്ചു മൂത്തമകന്റെ കൈ പിടിച്ചു സാവധാനം നടന്നു തുടങ്ങി.

VII മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

എഴുത്തുകാരുടെ ആത്മാഭിമാനം ഉയർത്തിപ്പിടിച്ചിരുന്ന ഒരു മലയാള സാഹിത്യകാരനാണു് കേശവദേവു്. ഒരു കാലഘട്ടത്തിന്റെ വക്താവായിരുന്നു; ശക്തിയായിരുന്നു, ശബ്ദമായിരുന്നു കേശവദേവു്. തന്റെ തലമുറക്കാരായ തകഴിയും ബഷീറും സൗമ്യതയിലൂടെയും പിരിയിലൂടെയും വായനക്കാരെ ഉണർത്താൻ ശ്രമിച്ചപ്പോൾ ശബ്ദകോലാഹലമായിരുന്നു ദേവിന്റെ ആയുധം. പറയേണ്ടതു ധൈര്യമായി തന്റേടത്തോടെ പറയാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. എതിർക്കേണ്ടതു് എതിർക്കാൻ ഒരിക്കലും മടി കാണിച്ചിരുന്നില്ല. എന്നു മാത്രമല്ല എതിർപ്പിന്റെ ഒരു

ഘോഷയാത്ര തന്നെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം എന്നു പറയാം. ആയിരത്തി തൊള്ളായിരത്തി നാല്പതുകളിൽ അദ്ദേഹം എഴുതിയ 'ഓടയിൽ നിന്നു്' എന്ന നോവൽ ഇന്നും വായനക്കാർക്കിഷ്ടമുള്ള ഒരു കൃതിയാണു്. കാലത്തെ അതിജീവിക്കാൻ ആ കൃതിക്കു കഴിഞ്ഞിട്ടുണ്ടു്. അങ്ങനെ ഒരുത്തമസാഹിത്യകൃതിയുടെ സ്ഥാനം അതു കൈവരിച്ചിരിക്കുന്നു. കാലത്തെ അതിജീവിക്കാൻ കഴിയുന്നതാണല്ലോ ഒരു സാഹിത്യകൃതിയുടെ വിജയം. താൻ ജീവിതം കണ്ടുകൊണ്ടു നിൽക്കുന്നവനല്ല, ജീവിതത്തിലുൾപ്പെട്ടു നിൽക്കുന്നവനാണെന്നു പല സന്ദർഭങ്ങളിലും കേശവദേവു് വെളിപ്പെടുത്തിയിട്ടുണ്ടു്. ജീവിതാവകാശങ്ങൾ ഇല്ലാതിരുന്ന ആൾക്കാരുടെ ജീവിതത്തിൽ ഉൾപ്പെട്ടു നിന്നുകൊണ്ടാണു് അദ്ദേഹം കഥകളും നോവലുകളും എഴുതിയതു്. അവർക്കുവേണ്ടി സ്പന്ദിക്കുന്ന ഒരു ഹൃദയം അദ്ദേഹത്തിന്റെ കൃതികളിലൊക്കെ കാണാം. ദേവിന്റെ ശക്തി ദേവിന്റെ ഒരു ദൗർബല്യമായിരുന്നു എന്നും ചില നിരൂപകർക്കഭിപ്രായമുണ്ടു്. അമിതമായ ആത്മവിശ്വാസത്തോടെയാണത്രേ അദ്ദേഹം എഴുതുന്നതു് എന്നാണു് അവർ പറയുന്നതു്. രചനാസമയത്തു വിനീതമായിട്ടായിരിക്കണം എഴുത്തുകാരന്റെ ഭാവം എന്നാണവരുടെ നിർദേശം. പക്ഷെ കേശവദേവിനു് 'ആ ഭാവം' ഉണ്ടായിരുന്നില്ലെങ്കിലും സാഹിത്യകാരനെന്ന നിലയ്ക്കു് അദ്ദേഹം മലയാളത്തിനു് ഒരു നേട്ടം തന്നെയായിരുന്നു എന്നാണു് ഭൂരിപക്ഷമതം.

പാഠം 20

മെഴുകുതിരി

"രൂപ! ഞാനയയ്ക്കുന്നു
നന്ദിനീ, നിന്നോമനേ-
രൂപത്തിനോരായിര-
മുമ്മയും പൊന്നോമനേ!
ആഴിമേഖല കട-
ന്നിപ്പൊഴങ്ങെത്തിച്ചേരാ-
നായിട്ടും ചിറകെനി-
ക്കീശൻ തന്നിരുന്നെങ്കിൽ
അറബിച്ചൂടിൽ നിന്നു-
മെൻമനം പറന്നോണ-
നറുവെണ്ണിലാവിൻെറ-
യലയിൽ കുളിയ്ക്കുമ്പോൾ
എന്തൊരു കുളിർമ; ഞാൻ
ശപിപ്പൂ ദൂരത്തിൻെറ
ബന്ധനങ്ങളെ; പ്രിയേ,
ബന്ധു സങ്കല്പം മാത്രം!

2

അത്തമാകവേ ഹരി-
ക്കുട്ടനും കൊച്ചുണ്ണിയുൻെറ
പുത്രരുമോണപ്പൂക്കൾ-
ക്കോടുന്നോരോട്ടം കാണാൻ
എൻെറ കണ്ണിനു യോഗ-
മുണ്ടു തങ്കമേ, നിൻെറ
രണ്ടു കണ്ണുകൾ നാലു
കൺകളായ് വിടരുമ്പോൾ
പൂവിതളിറുത്തിറു-
ത്തെൻെറ ബിന്ദുമോൾ പീടിൻ
പൂമുഖത്തൊരു പുത്തൻ
പൂക്കളം നിർമ്മിയ്ക്കുമ്പോൾ

ത്രയിൽ മുടിയൂർന്നു
വീഴ്വതിൽ ശകാരിയ്ക്കാൻ
മടയിപ്പെണ്ണോ നീയെൻ
നന്ദിനീ, പോ മിണ്ടാതെ !
അത്താഴം കൊടുത്തല്ലം
കൊഞ്ചിയ്ക്കാൻ തുടങ്ങുമ്പോൾ
ഭിത്തിമേൽ വച്ചിട്ടുള്ളോ—
രെൻെറ ചിത്രവും ചൂണ്ടി—
'അച്ഛനെ'ന്നിപ്പോൾ ശരി—
യ്ക്കുച്ചരിയ്ക്കുമോ മിനി—
ക്കൊച്ചുമോൾ, രണ്ടാമോണ—
മുണ്ണുന്ന കുഞ്ഞിക്കള്ളി ?

3

സങ്കല്പമെല്ലാമെത്ര
യർഥശൂന്യം; തൽക്കാല—
സങ്കടം പോക്കാൻ ചിത്തം
തുന്നുന്ന കപ്പായങ്ങൾ
നേരിടാം യാഥാർഥ്യത്തെ
നന്ദിനീ, നമുക്കു കൺ—
നീരിനാൽ നനയ്ക്കാതെ
രാവിനെപ്പകലിനെ
തീ പിടിയ്ക്കുന്ന വില
നാട്ടിലെന്നല്ലോ കത്തിൽ
നീ പറഞ്ഞു, തക്കാര്യം
കാര്യമാക്കേണ്ടാ നിങ്ങൾ.
കാശിനല്ലയോ വന്നീ
മരുഭൂമിതന്നുഷ്ണം
ശ്വാസകോശത്തിന്നേകി
ജീവിതം ദ്രവിപ്പിപ്പൂ !
ലോഭമില്ലാതേ വേണ
മേണമോമനേ, കണ്ണൻ—
വാഴതൻ നെടും തൂശ—
നില വാങ്ങണം കേട്ടോ
ഉപ്പേരി മുതലെല്ലാം
നിരന്നാ, ലാനച്ചോടൻ

പപ്പടം കണ്ടാൽ, പാവം
മാവേലി കൊതിയ്ക്കുണം
പഞ്ചസാരതൻ വില
നോക്കേണ്ട, നൽകേണം പാൽ—
പായസം സമൃദ്ധിയായ്
നാലോണം മുടിഞ്ഞാലും
നന്ദിനീ, നിനക്കില—
യിടുമ്പോളതിന്നൊപ്പ—
മൊന്നുടെ നിരത്താൻ നീ—
യെത്രമേലാശിപ്പീല !

4

കോടി വാങ്ങിയോ മക്കൾ—
ക്കൊക്കെയും ? വിചാരം പോൽ
മോടിയായിരിയ്ക്കുന്നോ ?
വരുമ്പോൾ കാണാമെല്ലാം.
അച്ഛനുമമ്മയ്ക്കും ഞാൻ
ചൊന്നപോലോണക്കോടി—
യെത്തിച്ചിടേണം, നേരിൽ
കൊണ്ടുപോയ്ക്കൊടുക്കണം
അമ്മ വല്ലതും ചൂടാ—
വള്ളി ചൊല്ലിയാൽ നിൻെറ
വിമ്മിട്ടമുള്ളിന്നുള്ളി—
ലൊതുക്കിപ്പിടിയ്ക്കണം
ഓണമുണ്ണുവാൻ വിളി—
ച്ചീടണം, ദൈവത്തെ യോർ—
ത്തേതുമൊരേടാക്കൂടം
കൂടാതെ മടക്കണം

5

ഇടയ്ക്കു ചോദിച്ചോട്ടേ;
പൊട്ടാത്ത ചൈലോൺ കയർ
പിരിച്ചു തന്നല്ലല്ലീ
മുററത്തിലൂഞ്ഞാൽ കെട്ടി ?
വൈകിട്ടു ബീച്ചിൽ പോകാൻ
കുട്ടികൾ നിർബന്ധിച്ചാൽ

വൈമുഖ്യമെട്ടും വേണ്ടാ,
ഡ്രൈവറെ വിളിയ്ക്കണം
കള്ളി, ഞാൻ ചോദിച്ചീല;
ഞാനയച്ചൊരു ഫോറിൻ–
പുള്ളിസാരിയിൽ നീയെ–
ത്തർവശിപ്പെണ്ണാളാ–ണോ?
ഓണരാത്രിയിൽ കൊച്ചു
കുളിരു കോരുമ്പൊഴെ–
ന്നോമനേ, മേനിച്ചൂടു
പകരാൻ പരസ്പരം
നിൻ കിടപ്പറയിൽ ഞാ–
നില്ല; നീ ദൈവത്തിന്റെ
കൺകളിൽ പിഴയ്ക്കാത്തൊ–
രെൻ പുണ്യപ്പിറപ്പല്ലീ ?

6

കത്തു ഞാൻ ചുരുക്കുന്നു
പൊന്നു നന്ദിനീ, ലീലാ –
ലെത്തിടുന്നേരം കൊണ്ടു–
വന്നിടാം, പറഞ്ഞേയ്ക്കുക,
വല്യമാമൻ ചോദിച്ചു
പാട്ടുപെട്ടിയും ഷർട്ടും,
നെല്ലിമുററത്തെച്ചാണ്ടി–
സാറിന്നു വാച്ചും സ്കോച്ചും
ഹരിമോനുടെ ട്യൂഷൻ
മിസ്ട്രസ്സിനേകാൻ നീ ചൊ–
ന്നൊരു സാരിയും; പിന്നെ
നിനക്കെൻ സർവസ്വവും

7

'പണമേ, നീയില്ലാതെ
പുലരാൻ പ്രയാസം, നിൻ
തുണയും നേടിക്കൊണ്ടു
നാട്ടിൽ ഞാൻ ചെന്നെത്തുമ്പോൾ
യൗവനം വാർന്നുപോയ
ഭാര്യയും, പിതാവിന്റെ

കൈവശമെത്തുങ്ങാത്ത
മക്കളും.....' തേടിപ്പോയോ
കഷ്ടമെൻ ഹൃദന്തത്തി-
ന്നെരിച്ചിലല്ലം ? പ്രിയ-
പ്പെട്ട നന്ദിനീ കാതു-
പൊത്തുക, കേൾക്കേണ്ടാ നീ
ശ്രുപഞ്ചാനയയ്ക്കുന്നു,
പൊന്നോണക്കണക്കിൽ നിൻ
ശ്രുപത്തിനോരായിര-
മുമ്മയുമെ-ന്നോമനേ !''

ദാഹജലം ചെമ്മനം ചാക്കോ

ചെമ്മനം ചാക്കോ

ഇക്കാലത്തെ മലയാളകവികളിൽ ശ്രദ്ധേയനായൊരു കവിയാണ് ചെമ്മനം ചാക്കോ. ജീവിതവിമർശങ്ങളായ കവിതകൾ നർമ്മരസത്തോടെ എഴുതി ഫലിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് ഒന്നു വേറെ തന്നെ. സമകാലീന ജീവിതത്തിന്റെ എല്ലാ വശങ്ങളേയും തൊട്ടുനിൽക്കുന്നവയാണ് അദ്ദേഹത്തിന്റെ കവിതകൾ. സമൂഹത്തിന്റെ നോവും വേവും അറിഞ്ഞ് അതിനു കാരണമായിട്ടുള്ള ചുററുപാടുകളുടെ നേർക്കാണ് അദ്ദേഹം കൂരമ്പുകൾ എയ്യുന്നത്. അദ്ദേഹത്തിന്റെ മിക്ക കവിതകളേയും ആക്ഷേപഹാസ്യത്തിന്റെ കൂട്ടത്തിൽ ആണ് ഉൾപ്പെടുത്താറുള്ളത് എങ്കിലും മനുഷ്യസ്നേഹിയായ ഒരു കവിയെ ആണ് അദ്ദേഹം എഴുതിയിട്ടുള്ള എല്ലാ കവിതകളിലും നമുക്കു കാണാൻ സാധിക്കുന്നത്. ചിരിപ്പിക്കുകയും കണ്ണീരൊഴുക്കിക്കുകയും ചെയ്യുന്നവയാണ് അദ്ദേഹത്തിന്റെ കവിതകൾ.

ദാഹജലം, ആവനാഴി, അസ്ത്രം, ആഗ്നേയാസ്ത്രം, ദു:ഖത്തിന്റെ ചിരി, പുത്തരി, ഇന്ന്, നെല്ല്, കനകാക്ഷരങ്ങൾ തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ.

സ്വന്തം കുടുംബത്തിനു വേണ്ടി ഗൾഫുനാട്ടിലെ മണൽക്കാടുകളിൽ അത്യധ്വാനം ചെയ്തു ജീവിക്കുന്ന ഒരു ഗൾഫുമലയാളിയുടെ സ്വപ്നങ്ങളും നോവുകളും ആണ് മെഴുകുതിരി എന്ന ഈ കവിതയിലൂടെ കവി നമുക്കു അനുഭവപ്പെടുത്തിത്തരുന്നത്. ''വെളിച്ചം നൽകാൻ സ്വന്തം ശരീരം ഉരുകിത്തീരുന്ന ത്യാഗത്തിന്റെ പ്രതീകമാണ് മെഴുകുതിരി'' എന്നതുപോലെ കുടുംബത്തിന്റെ സുഖസൗഭാഗ്യങ്ങൾക്കായി സ്വയം കഷ്ടപ്പെടുന്നവനാണു ഗൾഫുമലയാളി.

പദപരിചയം

മെഴുകുതിരി 'candle'
ആഴി = കടൽ
ചേരനായിടം = ചേരാനായി
ഈശൻ = ഈശ്വരൻ
നറ = നല്ല
വെൺ = വെളുത്ത
ശപിപ്പം = ശപിക്കുന്ന
സങ്കല്പം 'imagination'
വിടരു് 'blossom'
ഇറുക്കു് 'pluck, separate'
പൂമുഖം 'front courtyard of the house'
നിർമിയ്ക്കു് = തയ്യാറാക്കു്
മടയി 'foolish girl'
ചൂണ്ടു് 'point'
ഓണം ഉണ്ണു് 'have Onam feast pass an year'
അർഥശൂന്യം 'meaningless'
ചിത്തം = മനസ്സു്
കപ്പായങ്ങൾ = ഉടുപ്പുകൾ
തീ പിടിക്കുന്ന വില 'very high price'
കാര്യമാക്കു് 'take seriously'
ഉഷ്ണം 'climatic heat'
ദ്രവിപ്പിക്കു് 'decompose, degenerate'
ലോഭം = കുറവു്
നെടുനീളനില 'big banana leaf with the midrib'
നിരക്കു് 'be in line, fall in line'
ആനച്ചോടൻ പപ്പടം Papads with the size of elephant's sole'
കൊതിക്കു് = ആഗ്രഹിക്കു്
കോടി 'new clothes'
ചൂടാവള്ളി = ചൂടാൻ പററാത്ത വള്ളി
ചൂടാവള്ളി ചൊല്ലിയാൽ = സ്വീകരിക്കാൻ / സഹിക്കാൻ പററാത്ത വാക്കു പറഞ്ഞാൽ

ഓരായിരം = ഒരായിരം
മേഖല 'region'
ചിറകു് 'wing'
പറക്കു് fly'
വെണ്ണിലാവു് = വെൺ നിലാവു്
അല 'wave'
ബന്ധനം 'bandage'
യോഗം = ഭാഗ്യം
ഇതൾ 'petal'
ഊർന്നു വീഴു് 'fall off'
ഭിത്തി = ചുമരു് 'wall'
ഉച്ചരിക്കു് 'pronounce'
തൽക്കാലം 'temporary'
തുന്നു് = തയ്ക്കു്
യാഥാർഥ്യം = സത്യം
മരുഭൂമി 'desert'
ശ്വാസകോശം = lungs
ആശിപ്പീല = ആശിക്കുന്നില്ല
ചൊന്നപോലെ = പറഞ്ഞതുപോലെ

വിമ്മിട്ടം = വിമ്മിഷം 'uneasiness'

ഏടാകൂടം 'difficult situation, tight corner'

മടക്ക് 'return, send back'

തന്നല്ലല്ലീ = തന്നെയല്ലേ

വൈമുഖ്യം 'indifference'

പെണ്ണാൾ = പെണ്ണ്

മേനി = ശരീരം

കിടപ്പറ 'bedroom'

പുണ്യപ്പിറപ്പ് 'holy soul'

പുലരാൻ 'dawn, spend the days'

വാർന്നു പോക് 'shed off'

കൈവശം ഒതുങ്ങ് 'come under control'

ഹൃദന്തത്തിൽ = ഹൃദയത്തിനുള്ളിൽ

എരിച്ചിൽ 'burning sensation'

കയർ പിരിക്ക് 'make the coir'

മുററം 'courtyard'

പുള്ളി സാരി 'printed sari'

കുളിരു കോരു് = തണുപ്പു തോന്നു്

പരസ്പരം 'mutually'

പിഴയ്ക്ക് 'go astroy'

സർവസ്വം = എല്ലാം

തുണ = സഹായം

പൊത്തു് 'cover'

അഭ്യാസം

I പിരിച്ചെഴുതുക.

1. കടന്നിപ്പൊഴങ്ങെത്തിച്ചേരാനായിടും
2. പുത്രരുമോണപ്പൂക്കൾക്കോടുന്നോരോട്ടം
3. നീനക്കിലയിടുമ്പോളതിന്നൊപ്പമൊന്നുടെ
4. വിമ്മിട്ടമുള്ളിന്നുള്ളിലൊതുക്കി
5. മുററത്തിലൂഞ്ഞാൽ
6. കൈവശമൊതുങ്ങാത്ത
7. രൂപത്തിനോരായിരമുമ്മയുമെന്നോമനേ
8. പൂവിതളിറുത്തിറുത്തെന്റെ

II പൂരിപ്പിക്കുക.

1. അത്താഴം കൊടുത്തല്ലം — തുടങ്ങുമ്പോൾ എന്റെ ചിത്രം — അച്ഛനെന്നു് അവളിപ്പോൾ — ?
2. കണ്ണൻ വാഴയുടെ — വാങ്ങി ഉപ്പേരി മുതലെല്ലാം നിരത്തണം.
3. കാശിനു വേണ്ടി വന്ന മരുഭൂമിയുടെ — ശ്വാസകോശത്തിന്നു — ജീവിതം ദ്രവിപ്പിക്കുന്നു.

4. അച്ഛനും അമ്മയ്ക്കും ഞാൻ പറഞ്ഞപോലെ ഓണക്കോടി — മറക്കരുത്.

5. പറയാൻ വയ്യാത്തത് എന്തെങ്കിലും അമ്മ — അതു വിചാരിച്ചു നീ —

6. — നൈലോൺ കയർ — നീ ഊഞ്ഞാൽ കുട്ടികൾക്കു കെട്ടിക്കൊടുക്കണം.

7. ഇത്രയും എഴുതി ഞാൻ ഈ കത്തു — .

8. പണമേ! നീയില്ലാതെ — പ്രയാസമായതുകൊണ്ട് ഞാനിവിടിങ്ങനെ കഴിയുന്നു.

9. എന്റെ ഹൃദയത്തിന്റെ — ഞാനറിയാതെ തേട്ടിപ്പോയതു നീ —

10. ഓണം — ഞാനയക്കുന്ന രൂപ നീ ലോഭം — ചെലവാക്കണം.

III സന്ദർഭം വിവരിച്ച് സ്വന്തം വാക്കുകളിൽ ആശയം വിശദീകരിക്കുക.

1. സങ്കല്പമെല്ലാമെത്ര-
യർഥശൂന്യം; തൽക്കാലെ
സങ്കടം പോക്കാൻ ചിത്തം
തുന്നുന്ന കുപ്പായങ്ങൾ!

2. കാശിനല്ലയോ ചന്നീ
മരുഭൂമി തന്നുഷ്ണം
ശ്വാസകോശത്തിലന്നേകി
ജീവിതം ദ്രവിപ്പിപ്പൂ.

3 കഷ്ടമെൻ ഹൃദന്തത്തി-
ന്നെരിച്ചിലല്ലം? പ്രിയ-
പ്പെട്ട നന്ദിനീ കാത്തു-
പൊത്തുക, ദേഹംകേണ്ടോ നീ.

IV ഈ പദ്യത്തിൽ കാണുന്ന സമാസപദങ്ങൾ എടുത്തെഴുതുക.

V താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

1. ആരു്, ആർക്കു്, എവിടെ നിന്നു്, ഏതു സന്ദർഭത്തിൽ ഈ കത്തെഴുതുന്നു?

2. എഴുത്തെഴുതുന്ന ആൾ തന്റെ കുഞ്ഞുങ്ങളെ ഓർമിക്കുന്ന പദ്യങ്ങളുടെ അർഥം സ്വന്തം വാക്കുകളിലെടുത്തെഴുതുക.

3. ഓണം എങ്ങനെയൊക്കെയാണ് ആഘോഷിക്കേണ്ടതു് എന്നയാൾ പറയുന്നു?

4. ബന്ധുക്കളെയും പരിചയക്കാരേയും ഒക്കെ അയാൾ ഓർമ്മിക്കുന്നുണ്ട് ആ വിദൂര നാട്ടിലും എന്നു തെളിയിക്കുന്ന പദ്യങ്ങൾ എടുത്തെഴുതി അർഥം വിശദമാക്കുക.

5. ഈ പദ്യത്തിനു ചെഴുകുതിരി എന്ന തലക്കെട്ട് എന്തുമാത്രം യോജിക്കുന്നു എന്നതിനു് ഒരു കുറിപ്പെഴുതുക.

V മാതൃഭാഷയിലേക്കോ ഇംഗ്ലീഷിലേക്കോ തർജ്ജമ ചെയ്യുക.

ഇവിടെ വരുന്നതിനു മുൻപ് ആയിരമായിരം സ്വപ്നങ്ങൾ ഉണ്ടായിരുന്നു എനിക്ക്. ആ സ്വപ്നങ്ങൾ നിറവേററാൻ സാധിക്കും എന്ന ആശയോടെയാണ് കപ്പൽ കയറിയതു്. ഇവിടത്തെ ചൂടിനെപ്പററിയോ കഷ്ടപ്പാടിനെപ്പററിയോ അറിയാത്തതുകൊണ്ടല്ല ഇതിനെപ്പററി സ്വപ്നങ്ങൾ നെയ്തെടുത്തതു്. അറിഞ്ഞുകൊണ്ടു തന്നെ. നാട്ടിൽ തന്നെ ആശ്രയിച്ചു കഴിയുന്ന രണ്ടനിയത്തിമാരും ഒരനിയനും അവരുടെ ഭാവിയും കുടുംബഭാരത്താൽ തളർന്ന അച്ഛനമ്മമാരും എന്നെ ഇവിടെ എത്തിച്ചു. എനിക്കു വിദ്യാഭ്യാസം നൽകിയതോടെ അച്ഛന്റെ ധനശേഷി മാത്രമല്ല ശരീരശേഷിയും നശിച്ചു. ശക്തി ഇല്ലാതായ ആ ശരീരത്തിൽ് എന്റെ തോളാണ് ഒരു താങ്ങ്. താമസിക്കുന്ന ചെറിയ വീടുപോലും പണയപ്പെടുത്തിയിട്ടാണ് എനിക്ക് ഇങ്ങോട്ടേക്കു വരാനുള്ള പണം അച്ഛൻ ഉണ്ടാക്കിയതു്. ഞാനൊരുത്തൻ നന്നായാൽ കുടുംബം കരകയറും എന്നച്ഛനു വിശ്വാസമുണ്ട്. ആ വിശ്വാസം സത്യമാക്കേണ്ട ചുമതലയും എനിക്കുണ്ട്. എം. എ. ഒന്നാം സ്ഥാനത്തോടെ പാസ്സായ എനിക്ക് പെട്രോൾ കമ്പനിയിൽ ഗുമസ്തന്റെ പണിയാണ് കിട്ടിയിരിക്കുന്നതെന്ന് അച്ഛനറിഞ്ഞുകൂടാ. അറിയിക്കാത്തതും മനപ്പൂർവം തന്നെ. ഗുമസ്തപ്പണിക്കാണെങ്കിൽ നാട്ടിൽത്തന്നെ കിടന്നാൽ മതിയായിരുന്നല്ലോ എന്നായിരിക്കും ഇതറിഞ്ഞാൽ അച്ഛന്റെ പാവം. പക്ഷെ ഇവിടെ ഈ ഗുമസ്തപ്പണിയിൽ നിന്നു കിട്ടുന്നതു കൊണ്ട് നാട്ടിൽ സഹോദരങ്ങളുടെ പഠിപ്പുചെലവും, എല്ലാരുടെ വീട്ടുചെലവും നടത്താനുള്ള സൗകര്യം ഉണ്ട്. നാട്ടിലായിരുന്നെങ്കിലോ? ഒരു പത്തു പതിനഞ്ചു കൊല്ലം ഇവിടെക്കഴിഞ്ഞാൽ അനിയന്മാരുടേയും അനിയത്തിമാരുടേയും വിദ്യാഭ്യാസവും വിവാഹവും ഒക്കെ നടത്തിക്കാം, അച്ഛനമ്മമാരുടെ നഷ്ടപ്പെട്ട ആരോഗ്യം വീണ്ടെടുക്കാം. പക്ഷെ എന്റെ നന്മയ്ക്കുവേണ്ടി കാണുന്ന അമ്പലത്തിലൊക്കെ പ്രാർഥിച്ചു കഴിയുന്ന പാവപ്പെട്ട ഒരു പെൺകുട്ടിയും നാട്ടിലുണ്ട്. കുടുംബചുമതലകളൊക്കെ നിറവേററി അവളെ സ്വന്തമാക്കാൻ ഞാൻ തയ്യാറാകുന്നതു വരെ അവൾ കാത്തിരുന്നാലും അവളുടെ യൗവ്വനം കാത്തിരിക്കില്ലല്ലോ എന്ന കാര്യം വേദനയോടെയേ ഓർക്കാൻ പററൂ ആ വേദന സ്വൊരാശ്വാസം കുളിർമ പകരുന്നു, സ്നേഹംനിറഞ്ഞ അവളുടെ കത്തുകൾ മാത്രമാണ്. വീട്ടുകാരോടുള്ള ചുമതലാബോധത്തിനു പുറമേ അവളുടെ

സ്നേഹത്തിന്റെ ശക്തി കൂടിയാണ് എനിക്ക് ഈ മരുഭൂമിയിൽ ജീവിക്കാൻ കരുത്തുതരുന്നത്.

VII മലയാളത്തിലേക്കു തർജ്ജമ ചെയ്യുക.

If we want to see India we have to go to her villages. Villages form the backbone of our country. The father of our nation had delcared decades back that the development of our country depends on the development of her villages.

Once upon a time, the Indian villages were overflowing with prosperity. Though there were emperors and kings each village was a self government in itself. It had its own system. There was perfect understandiug amoung the residents of a village. There was ideal division of labour. Caste system was not as decayed as it became later. It was a system for the division of labour. People belonged to different professions. The village existed as a whole for the sake of the individuals. The individuals understood and liked each other. Some people cultivated the food crops, some made the clothes, some others made house hold things, some took charge of education. All the villages felt it as their duty to protect the property of the village as a whole and the things of the individuals. There were times of cource, when they also had difference of opinion. But there were people who could sort out there differences. The people in those days respected the elders, loved the children and cared for the animals and plants. They celebrated and enjoyed festivals when they had leisure and resources. Village fairs were conducted when the whole village was involved in it one way or another. Then come the modern civilization and along with it the city culture. People fled from the villages to the cities. Agriculture came to be neglected. Villagers fled from their place to the city in search of easy money. Neglect of agriculture led to poverty. This flow from the villages to the city still continues. Until and unless we check this and make the villages self sufficient we cannot attain progress.

സ്നേഹത്തിന്റെ ശക്തി കൂടിയതാണ് എനിക്ക് ഈ മരുഭൂമിയിൽ ജീവിക്കാൻ കരുത്തുതരുന്നത്.

VII മലയാളത്തിലേക്കു തർജ്ജമ ചെയ്യുക.

If we want to see India we have to go to her villages. Villages form the backbone of our country. The father of our nation had delcared decades back that the development of our country depends on the development of her villages.

Once upon a time, the Indian villages were overflowing with prosperity. Though there were emperors and kings each village was a self government in itself. It had its own system. There was perfect understanding amoung the residents of a village. There was ideal division of labour. Caste system was not as decayed as it became later. It was a system for the division of labour. People belonged to different professions. The village existed as a whole for the sake of the individuals. The individuals understood and liked each other. Some people cultivated the food crops, some made the clothes, some others made house hold things, some took charge of education. All the villages felt it as their duty to protect the property of the village as a whole and the things of the individuals. There were times of cource, when they also had difference of opinion. But there were people who could sort out there differences. The people in those days respected the elders, loved the children and cared for the animals and plants. They celebrated and enjoyed festivals when they had leisure and resources. Village fairs were conducted when the whole village was involved in it one way or another. Then come the modern civilization and along with it the city culture. People fled from the villages to the cities. Agriculture came to be neglected. Villagers fled from their place to the city in search of easy money. Neglect of agriculture led to poverty. This flow from the villages to the city still continues. Until and unless we check this and make the villages self sufficient we cannot attain progress.